# പരാശക്തി

# പരാശക്തി

എന്നിൽ കുണ്ഡലിനിയെ ഉണർത്താനുള്ള
പരിശീലനത്തിനിടയിൽ എനിക്കുണ്ടായ
അനുഭവങ്ങൾ

**ലെഫ്. കേണൽ ടി. ശ്രീനിവാസലു**

# ഉള്ളടക്കം


ഗ്രന്ഥകാരനിൽ നിന്നുള്ള അഭിവാദ്യങ്ങൾ vii

സമർപ്പണം viii

നന്ദി ix

പൂജനീയ സ്വാമി സഹജാനന്ദ തീർത്ഥപാദരുടെ ആശിസുകൾ x

മുഖവുര xvii

യോഗ-സംക്ഷിപ്തമായി 1

സിദ്ധ മഹായോഗ 13

അതിശ്രേഷ്ഠമായ യോഗ സമ്പ്രദായത്തിലേക്കുള്ള നാല് വഴികൾ 20

കുണ്ഡലിനി 31

ശക്തിപഥ് 40

ശക്തിപഥ് എന്ന നിഗൂഢ സംഘത്തിന്റെ സംക്ഷിപ്ത ചരിത്രം 48

ക്രിയ 54

ഊർജത്തിന്റെ വിന്യസിക്കപ്പെട്ട ആവിഷ്കാരം 63

കുണ്ഡലിനിയുടെ ഉണർവ് 75

ക്രിയയുടെ ആവിഷ്ക്കാരം 86

സെറിബ്രോസ്പൈനൽ സിസ്റ്റത്തിലൂടെയുള്ള ഊർജത്തിന്റെ ആരോഹണം 97

ഊർജത്തിന്റെ ബലതന്ത്രം 103

സെറിബ്രോസ്പൈനൽ സിസ്റ്റത്തിലെ പ്രത്യേക
പ്രതിപ്രവർത്തനങ്ങൾ 110

ഊർജത്തിനും പ്രയോക്താവിനും ഇടയ്ക്കുള്ള
പൊതുപ്രതലം 118

ജീവിതം 'ക്രിയ'യായി 134

മനസ്സിന്റെ രൂപാന്തരീകരണം 141

യോഗ അനുശീലനത്തിനിടയിൽ
ഗുരുവിൽനിന്നുള്ള മാർഗ്ഗനിർദ്ദേശം 149

അവസാനവാക്ക് 156

ശബ്ദസംഗ്രഹം 159

ശക്തിപഥ് സന്ന്യാസിമാരുടെ ആശ്രമങ്ങൾ 165
(Traceable & Autonomous)

ശക്തിപഥ് സന്ന്യാസിസഭയിലെ സന്ന്യാസികൾ 168

# ഗ്രന്ഥകർത്താവിൽനിന്നുള്ള അഭിവാദ്യങ്ങൾ

ഈ ഊർജ്ജം എന്റെ വ്യാമോഹമാകുന്നു!
എന്റെ മേധാശക്തി ഈ ഊർജമാകുന്നു!
എന്റെ ഈഗോയിസം ഈ ഊർജമാകുന്നു!
എന്റെ മനസ്സ് ഈ ഊർജമാകുന്നു!
എന്റെ ശരീരം ഈ ഊർജമാകുന്നു!
എന്റെ സ്നേഹം ഈ ഊർജമാകുന്നു!
എന്റെ ക്രോധം ഈ ഊർജമാകുന്നു!
എന്റെ അഭിമാനം ഈ ഊർജമാകുന്നു!
എന്റെ കാമം ഈ ഊർജമാകുന്നു!
എന്റെ ആർത്തി ഈ ഊർജമാകുന്നു!
എന്റെ ശ്വാസം ഈ ഊർജമാകുന്നു!
എന്റെ ജീവശക്തി ഈ ഊർജമാകുന്നു!
എന്റെ ജീവൻ ഈ ഊർജമാകുന്നു!
എന്റെ സ്വപ്നം ഈ ഊർജമാകുന്നു!
എന്റെ നിദ്ര ഈ ഊർജമാകുന്നു!
എന്റെ എളിമ ഈ ഊർജമാകുന്നു!
ഈ ഊർജം ആകാശമാകുന്നു!
ഈ ഊർജം കാലമാകുന്നു!
ഈ ഊർജത്തിന് എന്റെ അഭിവാദ്യങ്ങൾ!
പരമസത്യമാകുന്നു ഈ ഊർജം!
പരമമായ ബോധമാകുന്നു ഈ ഊർജം!
ഈ ഊർജമാണ് പരമാനന്ദം!
നിഗൂഢമാണ് ഈ ഊർജം!
അവസാനമില്ലാത്തതാണ് ഈ ഊർജം!
ഇതാണ് കുണ്ഡലിനി!
ഈശ്വരനു പോലും അജ്ഞാതമായ ശക്തി!

# സമർപ്പണം

എഴുന്നൂറ് വർഷങ്ങൾക്ക് മുമ്പ് ഇന്ത്യയുടെ കശ്മീർ താഴ്വാരത്തിൽ അർദ്ധനഗ്നയായി അലഞ്ഞുനടന്ന ആ മഹതിയ്ക്ക് അഭിവാദ്യങ്ങൾ! ശൈവിസത്തിന്റെ പ്രാചീന താഴ്വാര ജന്മം കൊടുത്ത എക്കാലത്തേയും മഹാനായ ജീനിയസ്സിന് അഭിവാദ്യങ്ങൾ! മതപരമായ കാരണങ്ങളാൽ മൃതശരീരത്തിന്റെ അവകാശത്തിനായി ഏറ്റുമുട്ടലുകൾ ഉണ്ടായതിനാൽ ഒരിക്കലും മരണാനന്തരക്രിയകൾ നടത്തപ്പെടാനാകാതെ മറഞ്ഞുപോയ ആ പരിവ്രാജകന് അഭിവാദ്യങ്ങൾ! സ്ത്രീത്വത്തിന്റെ മകുടോദാരത്തിന് അഭിവാദ്യങ്ങൾ! മഹിമയേറിയ ആ യോഗിനി, ലല്ലേശ്വരിയ്ക്ക്, ലാൽദേദ് അല്ലെങ്കിൽ ലല്ലയ്ക്ക്, പ്രണാമം!

# നന്ദി

എന്റെ ബാലകാല സുഹൃത്തായ ഡോ. വി.വി.എസ്.എസ്. ചന്ദ്രശേഖരനോടും അദ്ദേഹത്തിന്റെ ഭാര്യയോടും ഞാൻ എന്നെന്നും കടപ്പെട്ടവനാണ്, അവരുടെ വീട്ടിൽവെച്ചായിരുന്നുവല്ലൊ ഈ യോഗ സമ്പ്രദായത്തിലേയ്ക്ക് ഞാൻ ആദ്യമായി നയിക്കപ്പെട്ടത്!

ഈ പുസ്തകത്തിന്റെ ആദ്യ ഡ്രാഫ്റ്റ് എഡിറ്റ് ചെയ്തതിനും, യോഗകാഴ്ചപ്പാടിലൂടെ ഇതിന്റെ അവലോകനം നടത്തിയതിനും എന്റെ സഹപ്രയോക്താക്കളായ ശ്രീ. കമൽകുമാർ, ശ്രീ. രവികുമാർ കൗശിക്, ശ്രീ. അജയ് ഹംസാഗർ എന്നിവരോട് എനിക്കുള്ള നന്ദി രേഖപ്പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്റെ ഗുരു, പൂജ്യനീയ സ്വാമി സഹജാനന്ദയുടെ അനുഗ്രഹാശിസ്സുകൾ ഇല്ലായിരുന്നുവെങ്കിൽ ഈ പുസ്തകം എഴുതാൻ എനിക്ക് ഒരിക്കലും കഴിയുമായിരുന്നില്ല! യോഗ കാഴ്ചപ്പാടിൽനിന്നും ഞാൻ വഴിതെറ്റിപ്പോകാതിരിക്കാനായി തുടർച്ചയായി എനിക്ക് മാർഗ്ഗനിർദ്ദേശം നൽകിക്കൊണ്ടു പുസ്തകരചനയുടെ തുടക്കം മുതൽ തന്നെ അദ്ദേഹം എന്നോടൊപ്പം ഉണ്ടായിരുന്നു.

ഈ പുസ്തകത്തിന്റെ സമഗ്രമായ എഡിറ്റിങ്ങ്, ഫോർമാറ്റിങ്ങ്, പുറംചട്ടയുടെ ഡിസൈനിങ്ങ്, പ്രിന്റിങ്ങ് എന്നിവയിൽ വളരെ ഉയർന്ന നിലവാരം ഉറപ്പാക്കിയ ഇതിന്റെ പ്രസാധകരോടും ഞാൻ നന്ദിയുള്ളവനാണ്!

ഈ പുസ്തകം പ്രസിദ്ധീകരിക്കാൻ ആവശ്യമായ ക്ലിയറൻസ് നല്കിയ ഡയറക്ടേറ്റ് ഓഫ് മിലിറ്ററി ഇന്റലിജൻസി (ഇന്ത്യൻ ആർമി) നോടും എനിക്കുള്ള അകൈതവമായ നന്ദി ഞാനിവിടെ രേഖപ്പെടുത്തുന്നു.

ഈ പുസ്തകം ഇംഗ്ലീഷിൽനിന്ന് മലയാളത്തിലേക്ക് വിവർത്തനം ചെയ്തുതന്ന ശ്രീമതി സിസിലിയ്ക്കും ഞാൻ നന്ദി രേഖപ്പെടുത്തുന്നു.

## പൂജനീയ സ്വാമി സഹജാനന്ദ തീർഥപാദരുടെ ആശിസുകൾ

ഒരു വ്യക്തി സൃഷ്ടാവിനെ കണ്ടെത്താൻ തിരഞ്ഞെടുക്കുന്ന വഴി എപ്പോഴും അനന്യമായിരിക്കും. വഴി ഏതുമായിക്കൊള്ളട്ടെ, പരമ ദൈവീകതയുടെ അനുഗ്രഹം എപ്പോഴും അയാളിൽ ഉണ്ടായിരിക്കുകയും ചെയ്യും.

ലോകത്തെ സംബന്ധിച്ച് ഓരോ വ്യക്തിക്കും ഉള്ള അറിവിന്റെ സ്വഭാവം വ്യത്യസ്തമാകുന്നതു പോലെ, ദൈവീകതയെന്ന ആശയം ഓരോ വ്യക്തിയെ സംബന്ധിച്ചും അനന്യവും വ്യത്യസ്തവുമാണ്. ഈ ആശയം കൂടുതൽ വ്യക്തമാക്കുന്നതിനായി ഞാൻ ചില ഉദാഹരണങ്ങൾ കാണിക്കാം. ഭൂമിയിലെ മനുഷ്യബന്ധങ്ങളുടെ സ്വഭാവ സവിശേഷതകൾ അനുസരിച്ച് ഒരു വ്യക്തി പരമദൈവീകതയെ കാമുകനായോ, ചങ്ങാതിയായോ, അല്ലെങ്കിൽ അച്ഛനായോ, അമ്മയായോ, അതുമല്ലെങ്കിൽ മകനായോ മകളായോ ആരാധിച്ചേക്കാം.

മറ്റു തരത്തിലുള്ള മനുഷ്യബന്ധങ്ങളിലേക്കും ഈ ആശയം നീട്ടാം. ഉദാഹരണത്തിന് യുദ്ധഭൂമിയിൽ വെച്ച് നേരിട്ട് തോൽപ്പിച്ച ഒരു ശത്രുവായി ദൈവീകതയെ അല്ലെങ്കിൽ ഈശ്വരനെ ഒരാൾ മനസ്സിൽ ആവിഷ്ക്കരിച്ചേക്കാം. അല്ലെങ്കിൽ ഏതൊരു ശത്രുവിനേയും നിസ്സാരമായി തോൽപ്പിക്കാൻ ശേഷിയുള്ള ഒരു സൈന്യാധിപനായി കണ്ടേക്കാം. അതുപോലെ പരമമായ ജ്ഞാനം പകർന്നു നൽകാൻ കഴിവുള്ള ഒരു സമ്പൂർണ്ണനായ ആചാര്യനായി കണ്ടേക്കാം. അതുമാത്രമല്ല, രൂപമില്ലാത്തവനായും, അത്യന്തം സുമുഖനായ യുവാവായോ, ശക്തനായ ഒരു പുരുഷനായോ, സഹോദരനായോ, പല രൂപഭാവങ്ങളിൽ ദൈവീകതയെ മനസ്സിൽ വിഭാവന ചെയ്തേക്കാം. അന്തമില്ലാത്തതാണ് ഈ ഭാവനകൾ.

അനേകം കോടി മനുഷ്യർ വസിക്കുന്നുണ്ട്, ഇന്നീ ഭൂമിയിൽ. അനേകം കോടി മനുഷ്യർ മരണമടഞ്ഞിരിക്കുന്നു. അനേകം കോടി ഇനി പിറന്നു വീഴും. ഈ അനേക ലക്ഷം കോടി മനുഷ്യർക്കിട യിൽ ദൈവീകതയെ കുറിച്ചുള്ള ഓരോ വ്യക്തിയുടേയും ആശയം അനന്യമാണ്. ഓരോ വ്യക്തിയുടെയും മനോവികാരം അല്ലെങ്കിൽ ചിത്തവൃത്തിക്കനുസൃതമായിരിക്കും പരമദൈവികത അല്ലെങ്കിൽ ഈശ്വരൻ അവരെ അനുഗ്രഹിക്കുക. അപ്രകാരം ഓരോരുത്തരും അവനവന്റെ ആത്മത്തിൽ പൂർണമായും സംതൃപ്തനാവുകയും അവ രുടെ മനസ്സ് പൂർണ്ണമായ പ്രശാന്തി കൈവരിക്കുകയും ചെയ്യുന്നു. മനസ്സ് പ്രശാന്തമായിക്കൊണ്ടിരിക്കുമ്പോൾ ആത്മത്തിൽ വസിക്കുന്ന ചൈതന്യത്തിന് മനസ്സിന്റെ നിശ്ചലമായ ഉപരിതലത്തിൽ അതിന്റെ തന്നെ ദൈവീക പ്രകൃതിയുടെ മിന്നൊളി കാണാൻ സാധ്യമാകും. ഇതാണ് എല്ലാ യോഗ സമ്പ്രദായങ്ങളുടേയും ആത്യന്തിക ലക്ഷ്യം. ഇതിനുശേഷം ആത്മസാക്ഷാത്ക്കാരത്തിലേക്കുള്ള അവസാന യാത്രയാണ്, ഇതിൽ പരമ ദൈവീകതയുമായി സാകല്യം പ്രാപി ക്കേണ്ടിയിരിക്കുന്നു. യോഗഗ്രന്ഥങ്ങളുടെ അടിസ്ഥാനത്തിൽ ഒരു മനുഷ്യൻ ആ ആത്യന്തിക മോചനം നേടുന്നത് പരമദൈവീകത യുടെ കാരുണ്യത്തിലാണ്. കാരണം പിന്നീട് മനുഷ്യന് പിന്തുടരാ നായി യോഗവിദ്യകളൊന്നും ശേഷിക്കുന്നില്ല. അതിനാൽ പൂർണ മായി ഈശ്വരന് സ്വയം സമർപ്പിക്കുക മാത്രമാണ് ഏക വഴി.

ഒരാൾ തിരഞ്ഞെടുക്കുന്ന പാത ആ ലക്ഷ്യത്തിലേക്കുള്ള മാർഗ്ഗം മാത്രമാണ്. ലക്ഷ്യം ഈശ്വരനാണ്. ഒരു വ്യക്തി തിരഞ്ഞെടുക്കുന്ന മാർഗ്ഗം അനന്യമായതിനാൽ ഈ മാർഗ്ഗത്തിൽ അയാൾക്ക് നേരി ടേണ്ടി വരുന്ന അനുഭവങ്ങളും അനന്യമായിരിക്കും.

എങ്കിലും, മൊത്തം സ്വഭാവത്തിൽ ഓരോ വ്യക്തിയും അനന്യ നാണെങ്കിലും പൊതുവായ ചില ലക്ഷണങ്ങൾ സഹജീവികളുമായി പങ്കിടുന്നുണ്ട്. അതിന്റെ ഫലമായി അമരത്വത്തിലേക്കുള്ള പാതയിലെ ചില അനുഭവങ്ങൾ സമാനമായി കാണപ്പെടുന്നു.

ഇത്തരത്തിൽ സ്വഭാവവിശേഷതകളനുസരിച്ച് വ്യത്യസ്ത തര ത്തിൽ പെടുന്ന ആളുകൾക്ക് യോജിച്ച വിധത്തിലുള്ള വ്യത്യസ്ത ങ്ങളായ യോഗ സമ്പ്രദായങ്ങളും തത്വചിന്തകളും വികസിപ്പിച്ചത് അതുകൊണ്ടാണ്. ഒരു യോഗ സമ്പ്രദായം, അല്ലെങ്കിൽ ഒരു തത്വ

ചിന്ത, അല്ലെങ്കിൽ വേറെ എന്തുമായിക്കൊള്ളട്ടെ, ഈശ്വരനെന്ന് അറിയപ്പെടുന്ന ലക്ഷ്യത്തിലേക്കുള്ള ഒരു മാർഗ്ഗം മാത്രമാണ്.

മനുഷ്യാസ്തിത്വത്തിന്റെ ഏകലക്ഷ്യം വ്യക്തിചൈതന്യത്തെ അഥവാ ആത്മാവിനെ പ്രപഞ്ചചൈതന്യം അല്ലെങ്കിൽ ഈശ്വരനുമായി ലയിപ്പിക്കുകയാണ്. യോഗവിധിപ്രകാരം ഇതിനാവശ്യമായ വിശിഷ്ടമായ കോസ്മിക് മെക്കാനിസം മനുഷ്യശരീരത്തിൽ മാത്രമാണ് നൽകപ്പെട്ടിട്ടുള്ളത്.

ഒരു മനുഷ്യ ശരീരത്തിന് ചുറ്റുമായുള്ള പ്രപഞ്ചത്തിന്റെ അല്ലെങ്കിൽ ലോകത്തിന്റെ നിലനിൽപ്പ് പ്രകൃത്യാൽതന്നെ മായികമാണ്. ഒരു തിരശ്ശീലയിൽ പ്രക്ഷേപിക്കപ്പെടുന്ന സിനിമ പോലെ. നീണ്ട കാലത്തെ യോഗ അനുശീലനം കൊണ്ടും ആത്മസാക്ഷാത്ക്കാരം നേടിയ ആരാധ്യനായ ഒരു ആചാര്യൻ അഥവാ ഗുരുവിന്റെ അനുഗ്രഹം കൊണ്ടും ഒരു മനുഷ്യനിൽ കുറെശ്ശെയായി അവബോധം ഉണ്ടാകുന്നു. ആത്മസാക്ഷാത്ക്കാരത്തിന്റെ ഈ പ്രക്രിയ മനുഷ്യമനസ്സിൽ സംഭവിക്കാം. ഒരിക്കൽ ഈ ആത്മസാക്ഷാത്ക്കാരം സംഭവിച്ചു കഴിഞ്ഞാൽ ഒരു വ്യക്തിയുടെ അന്തരാത്മാവിൽ വസിക്കുന്ന ചൈതന്യം അതിന്റെ ദൈവീക പ്രകൃതി തിരിച്ചറിയുന്നു.

ചുരുക്കത്തിൽ പ്രപഞ്ചത്തിലെ ഭൗതീകവും മാനസികവുമായ ശക്തികളുടെ മേൽ അമാനുഷിക നിയന്ത്രണം പ്രയോഗിക്കാൻ ഒരു മനുഷ്യൻ പ്രാപ്തനാകുന്നു. അവരത് ആഗ്രഹിക്കുമെങ്കിലും അസ്തിത്വത്തിന്റെ പ്രകൃതി തന്നെ മായികമായതിനാൽ ഇത് അനിവാര്യമാകുന്നില്ല. അതിലുപരിയായി ആത്മബോധം ലഭിച്ച ഒരു വ്യക്തി പരമാത്മാവ് അല്ലെങ്കിൽ ഈശ്വരനിൽ നിന്ന് വേറിട്ടൊരു അസ്തിത്വം തനിക്കുള്ളതായി മനസ്സിൽ കാണുന്നില്ല.

ആത്മസാക്ഷാത്ക്കാരത്തിനായി പരിശ്രമിക്കുക എന്നല്ലാതെ ഒരു മനുഷ്യജീവിയ്ക്ക് ഈ ലോകത്ത് അർത്ഥവത്തായി മറ്റൊന്നും ചെയ്യാനില്ല. ഒരു മനുഷ്യന് ജീവിതത്തെ കുറിച്ച് മറ്റെന്തെങ്കിലും ആശയമുണ്ടെങ്കിൽ അത് അജ്ഞത കൊണ്ടു മാത്രമാണ്. അതിനാൽ ഒരാൾ നേടേണ്ടതായ സ്വാഭാവികമായ ഒരേയൊരു സംഗതി എന്ന അർത്ഥത്തിൽ ആത്മസാക്ഷാത്കാരം എന്ന പ്രക്രിയ അനന്യമാണ്. ദൈവീകത അല്ലെങ്കിൽ പരാശക്തി ഒരു മനുഷ്യശരീരത്തിനുള്ളിൽ ആവശ്യമായ ജീവശാസ്ത്രപരമായ മെക്കാനിസം നൽകിക്കൊണ്ട്

യാഥാർത്ഥ്യത്തിന്റെ മായിക പ്രകൃതിയിൽ നിന്നും രക്ഷ നേടുന്ന തിനായുള്ള വഴി ഉറപ്പാക്കിയിരിക്കുന്നു. അതിനെ നമുക്ക് കോസ്മിക് മെക്കാനിസമെന്നോ, ദൈവീകമായ ഇച്ഛയെന്നോ വിളിക്കാം.

എങ്കിലും ഒരാളുടെ ജീവിതത്തിൽ ലൗകീക പ്രശ്നങ്ങളുടെ രൂപ ത്തിൽ തട്ടലുകളും മുട്ടലുകളും സംഭവിക്കുമ്പോൾ മാത്രമാണ് ആന്ത രീകജീവിതത്തിലേക്കുള്ള ഈ കേന്ദ്രീകരണം ഉണ്ടാവുന്നത്. വാസ്ത വത്തിൽ, ആന്തരിക ജീവിതത്തിലേക്കുള്ള ഈ കേന്ദ്രീകരണം സാധ്യ മാക്കുന്നതിനായി ഈ ലോകം തന്നെ ഒരു വ്യക്തിയുടെ ഭൂതകാല പ്രവർത്തികളെ അടിസ്ഥാനമാക്കി ഭൗതീക പ്രശ്നങ്ങൾ സൃഷ്ടിച്ചു കൊണ്ട് വ്യക്തിയെ അനുഗ്രഹിക്കുകയാണ് അഥവാ ഗൂഢാലോചന നടത്തുകയാണ് ചെയ്യുന്നത്.

ജീവിതത്തിൽ ആത്മീയപാത പിന്തുടരുക എന്ന മഹത്തായ ആശയം സ്വപ്നം കാണുന്ന ഏതൊരു വ്യക്തിക്കും അവരുടെ സാധാ രണ ജീവിതത്തിൽ ചില തട്ടലുകളും മുട്ടലുകളും നേരിടേണ്ടതുണ്ട്. ഈ അസുഖകരമായ ആശയം ഒരാളും ഇഷ്ടപ്പെടുകയില്ല. ജീവിത ത്തിൽ സുഖകരവും സന്തോഷകരവുമായ ഒരു അന്തരീക്ഷത്തിൽ ആത്മസാക്ഷാത്കാരമെന്ന അവസ്ഥ നേടാനാണ് എല്ലാവർക്കും താത്പര്യം. ജീവിതം അത്രയേറെ സുഖകരവും ആനന്ദകരവുമാണെ ങ്കിൽ, ആ അവസ്ഥ വിട്ട് അജ്ഞാതമായ എന്തിനെയോ തേടിപ്പോ കാൻ ആരാണ് ആഗ്രഹിക്കുക? ഒരുവന്റെയോ ഒരുവളുടെയോ ദൃഷ്ടി ഈ ബാഹ്യജീവിതത്തിൽ നിന്നും മാറി ആന്തരീക ജീവിതത്തിലേക്ക് കേന്ദ്രീകരിക്കണമെങ്കിൽ അങ്ങനെ ചെയ്യാൻ അവരെ പ്രേരിപ്പിക്കുന്ന വിധത്തിൽ അവരുടെ സാധാരണമായ ബാഹ്യജീവിതത്തിൽ എന്തെ ങ്കിലും സംഭവിക്കണം. പരമാത്മാവുമായി ഐക്യപ്പെടാനുള്ള ഈ പ്രക്രിയ തുടങ്ങുന്നതിനു മുൻപ് ഏതൊരു വ്യക്തിയും കയ്പുരസ മുള്ള ഈ ഗുളിക വിഴുങ്ങിയേ മതിയാവൂ.

കയ്പുരസമുള്ള ഗുളികയെന്ന് തോന്നിക്കുന്ന ഈ അമൃതബിന്ദു വിഴുങ്ങുന്ന ആത്മാക്കൾ തീർച്ചയായും അനുഗ്രഹിക്കപ്പെട്ടവരാണ്. ഭൗതീക ജീവിതത്തിന്റെ കാഴ്ചപ്പാടിൽ ഒരു വ്യക്തി ജീവിതത്തിൽ പരാജയപ്പെടുമ്പോൾ - സാമ്പത്തികമായോ, തൊഴിൽപരമായോ, മറ്റേതെങ്കിലും തരത്തിലോ - ആ വ്യക്തിയെ പരാജിതനായി സമൂഹം വിലയിരുത്തുന്നു. വാസ്തവത്തിൽ, 'പരാജയപ്പെട്ട' ജീവിതം കാരണം

ആ വ്യക്തി പോലും ആത്മവിശ്വാസം നഷ്ടപ്പെട്ടവനായി തീരുന്നു. അതു കൂടാതെ, അടുത്തവരും സ്നേഹിക്കുന്നവരും നഷ്ടപ്പെടുക, സമ്പത്ത് നഷ്ടമാവുക, തുടങ്ങിയ മറ്റനേകം പ്രശ്നങ്ങളും ഒരാൾക്ക് നേരിടേണ്ടി വന്നേക്കാം. ഇത്തരത്തിൽ ഒരാളുടെ ജീവിതതത്തിൽ ഉണ്ടാകുന്ന ഏതൊരു അപ്രിയ സംഭവത്തേയും ഈ കയ്പുരസ മുള്ള ഗുളികയുടെ വർഗ്ഗത്തിൽപ്പെടുത്താം.

എങ്കിലും, ഈ നിർണായകഘട്ടത്തിൽ ഒരു വ്യക്തി ഫോക്കസ് ഉള്ളിലേക്ക് തിരിക്കുകയാണെങ്കിൽ ആ വ്യക്തി ശരിയായ വഴിത്തി രിവിലെത്തിയെന്ന് പറയാൻ കഴിയും. എന്നാൽ ഈ ബാഹ്യമായ മായാലോകത്ത് വ്യക്തിക്കുണ്ടായ തെറ്റുകൾ തിരുത്തി സാമ്പത്തി കമായും തൊഴിൽപരമായും വിജയിക്കാനുള്ള ശ്രമം വീണ്ടും തുട രുകയാണെന്ന് ഇതുകൊണ്ട് അർത്ഥമാക്കുന്നില്ല. അതാണ് നടക്കു ന്നതെങ്കിൽ ഫോക്കസ് മാറിയിട്ടില്ലെന്നു തന്നെയാണർത്ഥം! ആന്ത രാത്മാവിൽ കുടികൊള്ളുന്ന ദൈവീകത്വത്തിലേക്ക് ഫോക്കസ് തിരി യണം. ഒരിക്കൽ ഒരു വ്യക്തിയ്ക്ക് ആത്മസാക്ഷാത്കാരം കൈവരി ക്കാൻ കഴിഞ്ഞാൽ മായികമായ ഈ ബാഹ്യലോകത്തിൽ നില നിൽക്കുന്ന ഭൗതീകവും മാനസികവുമായ എല്ലാ പ്രതിഭാസങ്ങളു ടെയും മേൽ പൂർണ നിയന്ത്രണമുള്ള ശക്തി ആ വ്യക്തിയിൽ ഉണ്ടാ കും. അതിന്റെ ഫലമായി ഒരിക്കൽ കയ്പുരസമുള്ള ഗുളികകളായി കരുതിയിരുന്ന നിസാരമായ ഭൗതിക പ്രശ്നങ്ങൾ അവനെ അല്ലെ ങ്കിൽ അവളെ സ്പർശിക്കാതെയാകും. വാസ്തവത്തിൽ കൂടുതൽ അസാധാരണമായ ചിലത് നേടിയെടുക്കാൻ ഇതേ കയ്പുഗുളിക കൾ കാരണമായെന്ന് അവർക്ക് കാണാൻ കഴിയും! അതിനാൽ പരാ ജയത്തെ ജീവിതത്തിലെ മഹനീയങ്ങളിൽ മഹനീയമായ വിജയമാക്കി മാറ്റാൻ കഴിഞ്ഞ ആ വ്യക്തി തീർച്ചയായും അനുഗ്രഹിക്കപ്പെട്ടവ നാണ്!

രോഗബാധിതനായ തന്റെ കുഞ്ഞിന് മരുന്ന് നൽകുന്ന ഓരോ അമ്മയും ഈ പ്രശ്നം നേരിടുന്നുണ്ട്. ഗുളിക പഞ്ചസാരയിൽ പൊതി യേണ്ടിയിരിക്കുന്നു. അല്ലെങ്കിൽ കുഞ്ഞ് അത് കഴിക്കാതിരിക്കാനായി കരഞ്ഞു കൊണ്ടിരിക്കും. പഞ്ചസാരയിൽ പൊതിഞ്ഞ ഗുളിക കഴി ക്കുന്ന കുട്ടി അതെന്താണെന്നു പോലും അറിയുന്നില്ല. രോഗത്തിന് ശാന്തി ലഭിക്കുന്നതിനോടൊപ്പം കുഞ്ഞ് സന്തോഷവാനായിരിക്കു കയും ചെയ്യും. അതുപോലെ ഓരോ വ്യക്തിയുടെയും ചൈതന്യം

അല്ലെങ്കിൽ ആത്മാവ് സ്വന്തം ദൈവികതയെക്കുറിച്ചുള്ള അജ്ഞത എന്നറിയപ്പെടുന്ന രോഗത്താൽ ബാധിതനാണ്. എങ്കിലും പരാശക്തിക്ക് അല്ലെങ്കിൽ ദൈവീകതയ്ക്ക്, ഈശ്വരന് അല്ലെങ്കിൽ സർവ്വശക്തന് മാത്രമേ ഓരോ വ്യക്തിക്കും വേണ്ട മാത്രയിൽ മരുന്ന് എങ്ങനെ പ്രയോഗിക്കണമെന്ന് അറിയുകയുള്ളൂ.

കുണ്ഡലിനിയുടെ ഉണർവ്വ് മനസ്സിൽ ഗാഢമായ പ്രഭാവം സൃഷ്ടിക്കുന്നു. യോഗ പരിശീലിക്കുന്ന ഒരാളിൽ മനസ്സിന്റെ സമതുലിതാവസ്ഥ വളരെ ഉയർന്ന അളവിൽ വർദ്ധിക്കാൻ ഇത് ഇടയാക്കുന്നു. അതുകൂടാതെ, വളരെ സമഗ്രമായ രീതിയിൽ മനസ്സിന്റെ അവബോധം വർദ്ധിപ്പിക്കുകുയം ചെയ്യുന്നു.

യോഗ പരിശീലിക്കുന്ന ഒരാളിൽ കുണ്ഡലിനി ഉണർന്നു കഴിഞ്ഞാൽ എന്തു സംഭവിക്കുമെന്ന് ഗ്രന്ഥകാരൻ വളരെ വ്യക്തമായി വിശദീകരിക്കുന്നു. ഇത് വളരെ സങ്കീർണ്ണമായ ഒരു പ്രക്രിയ ആണെങ്കിൽ പോലും ശരീരത്തിലും മനസ്സിലും ബാഹ്യമായ നിത്യജീവിതത്തിലും ഇതുണ്ടാക്കുന്ന പ്രതികരണങ്ങളെ സംബന്ധിച്ച ആശയങ്ങൾ ഫലപ്രദമായി അവതരിപ്പിക്കുന്നതിൽ ഗ്രന്ഥകാരൻ വിജയിച്ചിട്ടുണ്ട്. ഈ ആശയങ്ങൾ വെറും തിയറിയായി മാത്രമല്ല, നേരിട്ടുള്ള സ്വന്തം അനുഭവം കൊണ്ട് അദ്ദേഹം സമർത്ഥിക്കുന്നുമുണ്ട്.

വേദാന്തം, തത്ത്വചിന്ത, സിദ്ധാന്തങ്ങൾ എന്നിവയെക്കാൾ അനുഭവത്തെയാണ് കൂടുതലായും അടിസ്ഥാനമാക്കിയിട്ടുള്ളത്. എങ്കിലും, ഏതെങ്കിലും പ്രകാരത്തിൽ മനുഷ്യവർഗ്ഗം അഭിമുഖീകരിക്കുന്ന ഗഹനങ്ങളായ ചില ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ കണ്ടെത്തുന്നതിൽ ഗ്രന്ഥകാരൻ വിജയിക്കുന്നുണ്ട്.

വ്യക്തിപരമായ അനുഭവങ്ങൾ വിവരിക്കുക വഴി യോഗപാരമ്പര്യം ലംഘിക്കുകയുണ്ടായോ എന്നത് തികച്ചും സ്വകാര്യമായ കാര്യമാണ്. കുറഞ്ഞപക്ഷം അത് മനുഷ്യവർഗത്തിനുമേൽ വിരുദ്ധമായ പ്രഭാവം ഉണ്ടാക്കുന്നില്ല. അതിനാൽ, ആ ഒരു കാരണം കൊണ്ട്, ഇതിനെ വിമർശിക്കേണ്ടതില്ല. തികച്ചും പരക്ഷേമകാംക്ഷയോടെയാണ് ഈ പുസ്തകം എഴുതപ്പെട്ടിട്ടുള്ളത്.

സിദ്ധാന്തത്തിന്റെ യുക്തി, അനുഭവങ്ങളുടെ പ്രാമാണ്യം ഇവയെക്കുറിച്ചുള്ള സഹജമായ ഭയം കാരണം ഗ്രന്ഥകാരൻ പലപ്പോഴും കൈയെഴുത്തുപ്രതി എന്നെ കാണിക്കുകയുണ്ടായി. ഇവിടെ ഒന്നു

മാത്രമാണ് എനിക്ക് പറയാനുള്ളത്. പ്രപഞ്ചത്തിൽ ഉണ്ടാകുന്ന ഓരോ സ്പന്ദനവും ആദിപരാശക്തി അറിയുന്നുണ്ട്. കാരണം അതു തന്നെയാണ് ആ സ്പന്ദനം.

ഒരിക്കൽ കൂടി പറയട്ടെ, ബുദ്ധിവിഷകമായ വിനോദത്തിന് വേണ്ടി യുള്ളതല്ല ഈ പുസ്തകം. ആദിപരാശക്തിയുടെ സ്പന്ദനം തന്നെ യാണിത്. ഒരാശയം സ്പഷ്ടമാക്കാനുള്ള അല്ലെങ്കിൽ പ്രകടമാക്കാ നുള്ള ഒരു മാധ്യമം മാത്രമായിട്ടാണ് ഗ്രന്ഥകാരൻ പ്രവർത്തിച്ചിട്ടു ള്ളത്.

അതിനാൽ തന്നെ, ഈ പുസ്തകത്തിൽ ഗ്രന്ഥകാരൻ പുതിയ തായി ഒന്നും കുറിച്ചിട്ടില്ല. എങ്കിലും, കാലാകാലങ്ങളായുള്ള സത്യ ങ്ങളെ ഗ്രന്ഥകാരൻ അവതരിപ്പിച്ച രീതിയാണ് ഇതിനെ ഹൃദയഹാ രിയാക്കുന്നത്.

പ്രചോദനമുണ്ടായ വേളകളിലാണ് ഗ്രന്ഥകാരൻ ഇതെഴുതിയി ട്ടുള്ളതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്! ഇതെഴുതിയത് അത്തരം വേളകളിലായതിനാൽ ഗ്രന്ഥകാരനാലല്ല ഈ പുസ്തകം എഴുത പ്പെട്ടിട്ടുള്ളത്. അതിലുപരി ആദിപരാശക്തിയുടെ പ്രത്യക്ഷീകരണ ങ്ങൾ തന്നെയാണ് ഇതിലെ വാക്കുകൾ.

ഒരു യോഗ അനുശീലകനിൽ നിലനിൽക്കുന്ന ആസക്തിയുടെ കെട്ടുപാടുകളെയും, അജ്ഞാനത്തിന്റെ ബ്രഹ്മാണ്ഡാകാരത്തിലുള്ള മാറാപ്പിനെയും ഈ പുസ്തകം വെട്ടിമുറിക്കട്ടെ.

ഈ പുസ്തകം ഒരു സാധാരണ വായനക്കാരന്റെ ആകാംക്ഷ നിറഞ്ഞ മനസ്സിലേക്ക് വെളിച്ചത്തിന്റെ ആദ്യകിരണം കൊണ്ടു വരി കയും പ്രതീക്ഷയുടെ നാളമായി അവശേഷിക്കുകയും ചെയ്യട്ടെ!

**സ്വാമി സഹജാനന്ദ തീർത്ഥ**

# മുഖവുര

കഴിഞ്ഞ രണ്ടായിരത്തി അഞ്ഞൂറ് വർഷങ്ങൾക്കിടയിൽ മനുഷ്യവർഗ്ഗം മഹത്വപൂർണ്ണമായ പല മാറ്റങ്ങളിലൂടെയും കടന്നുപോയിട്ടുണ്ട്. ഇവിടെ സാമൂഹ്യ സാമ്പത്തിക മാറ്റങ്ങളുമായി ബന്ധപ്പെട്ട ചരിത്രപരമായി സംഭവങ്ങളെ കുറിച്ചല്ല ഞാൻ പറയുന്നത്. മറിച്ച് മനുഷ്യവർഗ്ഗം കടന്നു പോയ വ്യത്യസ്തങ്ങളായ യാഥാർത്ഥ്യങ്ങളെ കുറിച്ചാണ്.

ഇന്ന് വ്യവഹാരത്തിലുള്ള ചില മതങ്ങൾ ക്രിസ്തുവർഷത്തിന്റെ ആദ്യാഗമനത്തിന് മുമ്പ് വ്യവഹാരത്തിൽ ഉണ്ടായിരുന്നില്ലെന്ന് വായനക്കാർക്ക് അറിവുണ്ടാകും. അതുപേലെ പല പുതിയ മതങ്ങളും ക്രിസ്തുവർഷത്തിന്റെ ആരംഭത്തിനു ശേഷമാണ് നിലവിൽ വന്നിട്ടുള്ളത്. അതിനാൽ ലോകത്തിന്റെ ചില ഭാഗങ്ങളിൽ മനുഷ്യവർഗ്ഗത്തിന്റെ മതപരമായ വീക്ഷണത്തിൽ വലിയ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. കൂടാതെ പ്രപഞ്ചത്തിന്റെ കേന്ദ്രം ഭൂമിയാണ് എന്ന ആശയമായിരുന്നു അരിസ്റ്റോട്ടിലിന്റെയും പ്ലേറ്റോയുടെയും കാലത്ത് പ്രചാരത്തിൽ ഉണ്ടായിരുന്നത്. പിന്നീട് കോപ്പർനിക്കസ്സിന്റെയും ഗലീലിയോവിന്റെയും കാലത്ത് ഈ ആശയങ്ങൾക്ക് മാറ്റം വന്നു. ഒരു പുതിയ അവബോധം നിലവിൽ വന്നു. ഭൂമിയല്ല പ്രപഞ്ചത്തിന്റെ കേന്ദ്രമെന്നും എല്ലാ ഗ്രഹങ്ങളും സൂര്യനെ കറങ്ങിക്കൊണ്ടിരിക്കുകയാണെന്നുമുള്ള അറിവ് ജനങ്ങളിൽ ഉണ്ടായി. അതിനു പുറമെ ന്യൂട്ടന്റെ കാലത്ത് ഭൂമി ഒരു മെക്കാനിക്കൽ മോഡലായി രൂപകൽപ്പന ചെയ്യപ്പെട്ടു. ന്യൂട്ടോനിയൻ കാലഘട്ടത്തിലെ യാന്ത്രിക മോഡലിൽ തുടങ്ങി എൻസ്റ്റീനിന്റെ തിയറികളും ക്വാണ്ടം മെക്കാനിക്കൽ തിയറിയും അടിസ്ഥാനമാക്കി പ്രപഞ്ചത്തെക്കുറിച്ചുള്ള യാഥാർത്ഥ്യത്തിന് ഗണിതശാസ്ത്രപരമായ സ്വഭാവം കൈവന്നു. അതിനാൽ നമ്മുടെ പ്രപഞ്ചത്തെ കുറിച്ചുള്ള ആശയങ്ങൾ അല്ലെങ്കിൽ മനുഷ്യാസ്തി

ത്വത്തിന്റെ മതവിശ്വാസങ്ങൾ, തത്ത്വചിന്താപരമായ ആഭിമുഖ്യങ്ങൾ, ശാസ്ത്രീയമായ കണ്ടെത്തലുകൾ, അവസാനമായി ശാന്തിയ്ക്ക് വേണ്ടിയുള്ള അന്വേഷണങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട ചില വിഷയങ്ങളാണ് സംബോധന ചെയ്യപ്പെട്ടിട്ടുള്ളത്.

ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ വായനക്കാരനെന്ന നിലയിൽ കഴിഞ്ഞ ആയിരത്തി അഞ്ഞൂറ് വർഷങ്ങൾക്കിടയിൽ നിലവിൽ വന്ന പല മതങ്ങളും നിങ്ങൾക്ക് പരിചിതമാകും. ഇന്ന് ലോകത്തിൽ നില വിലുള്ള ഒട്ടുമിക്ക മതങ്ങളും ഈ കാലഘട്ടത്തിൽ ഉത്ഭവിച്ചവയാ ണ്. ഒരു പക്ഷെ ഈ വിഷയത്തിൽ ഏക അപവാദം ഹിന്ദുയിസം മാത്രമായിരിക്കും. രേഖപ്പെടുത്തിയിട്ടുള്ള ചരിത്രപരമായ തെളിവിന്റെ അഭാവം മൂലം അതിന്റെ ഉത്ഭവം എന്നാണെന്ന് പറയുക വയ്യ. എന്നാണ് ഹിന്ദുയിസത്തിന്റെ പഴക്കം തുടങ്ങിയതെന്ന് ഊഹിക്കാൻ പോലും സാധ്യമല്ല.

പടിഞ്ഞാറും കിഴക്കും വികസിച്ചു വന്ന നാനാതരത്തിലുള്ള തത്ത്വ ചിന്താ സമ്പ്രദായങ്ങളെക്കുറിച്ചും ഇതു തന്നെ പറയാം. രേഖപ്പെടു ത്തിയ ചരിത്രരേഖകളുടെ അഭാവം മൂലം മറ്റു ചില ഇന്ത്യൻ സമ്പ്ര ദായങ്ങളും എപ്പോൾ ഉത്ഭവിച്ചുവെന്ന് പറയാനാവില്ല.

രണ്ടായിരത്തി അഞ്ഞൂറ് വർഷങ്ങൾക്കും എത്രയോ മുമ്പുതന്നെ മനുഷ്യർ ഈ ഭൂമിയിലുണ്ട്. ഈ കാലഘട്ടത്തിന്ന് മുമ്പുള്ള സഹ സ്രാബ്ദങ്ങളെ കുറിച്ച് നമുക്ക് കൂടുതലായൊന്നും അറിയില്ലെങ്കിലും എല്ലാ കാലവും ഭൂമിയുടെ പല ഭാഗങ്ങളായി നാനാതരം സംസ്കാ രങ്ങൾ നിലനിന്നിരുന്നതായി കരുതാം. ഒരു പക്ഷെ ഈ നാഗരിക തകൾ മതസമ്പ്രദായത്തെ പിന്തുടർന്നിരിക്കാം അല്ലെങ്കിൽ, അറിയ പ്പെടാത്ത തത്വജ്ഞാനപരമായ ഏതെങ്കിലും വിശ്വാസത്തെ അടി സ്ഥാനമാക്കിയുള്ളതായിരുന്നരിക്കാം.

രേഖപ്പെടുത്തിയ ചരിത്രത്തിന് ഏതാണ്ട് രണ്ടായിരത്തി അഞ്ഞൂറ് വർഷത്തെ പഴക്കം മാത്രമേയുള്ളൂ എന്നതിനാൽ സാമാന്യമായ സോദാഹരണ വിവരണത്തിന് ഈ കാലയളവിനെ മാത്രമാണ് ഞാൻ ഉപയോഗിച്ചിട്ടുള്ളത്.

നാനാതരം മതസമ്പ്രദായങ്ങൾക്കും തത്ത്വശാസ്ത്രങ്ങൾക്കും പുറമെ ആധുനികശാസ്ത്രത്തിന്റെ അന്വേഷണങ്ങളും ഈ കാലയ ളവിൽതന്നെയാണ് തുടങ്ങിയത്. അരിസ്റ്റോട്ടിൽ, കോപ്പർനിക്കസ്,

ഗലീലിയോ, ന്യൂട്ടൻ, ഐൻസ്റ്റീൻ തുടങ്ങിയവരുടെ വിഭിന്നങ്ങളായ ആശയങ്ങളും, എല്ലാം തന്നെ ഈ കാലയളവിലാണ് വികാസം പ്രാപിച്ചത്. അവസാനമായി അടിസ്ഥാന ആവശ്യകതയായ സമാധാനത്തെക്കുറിച്ച് നമുക്ക് സംസാരിക്കാം. കഴിഞ്ഞ ആയിരത്തി അഞ്ഞൂറു കൊല്ലത്തിനിടയിൽ ചൊരിഞ്ഞ മനുഷ്യരക്തത്തിന്റെ കണക്കെടുത്താൽ ഇതിനെ കുറിച്ച് ഞാനധികം പറയേണ്ടതില്ല.

നിലനിൽക്കുന്ന ശാന്തിയും സന്തോഷവും കൊണ്ടുവരാൻ കഴിഞ്ഞില്ലെങ്കിൽ ഒരു മതം അല്ലെങ്കിലൊരു തത്ത്വചിന്ത, അതെത്ര തന്നെ മഹത്തരമാണെങ്കിലും ഒരു മനുഷ്യന് അതുകൊണ്ടെന്താണ് ഗുണം? അതിനാൽ എല്ലാ മതവും, തത്ത്വചിന്തയും അതുപോലെ ശാസ്ത്രവും സമാധാനത്തിനു വേണ്ടിയുള്ള മനുഷ്യന്റെ അന്വേഷണത്തിൽ നിന്നും വികസിച്ചതാണെന്ന അനുമാനം യുക്തസഹജമാണ്. അതാണ് മനുഷ്യന്റെ ശരിയായ പ്രകൃതി അല്ലെങ്കിൽ ചൈതന്യം. മതം, തത്ത്വചിന്ത, ശാസ്ത്രം ഇവ തമ്മിലുള്ള വ്യത്യാസം മതങ്ങൾ തമ്മിൽ മനുഷ്യരുണ്ടാക്കിയ വ്യത്യാസങ്ങൾ പോലെ തന്നെ ഉപരിപ്ലവമാണ്.

മതപരമായ സമ്പ്രദായങ്ങൾ, സംസ്കാരങ്ങൾ, തത്ത്വചിന്തകൾ, ശാസ്ത്രീയമായ ആശയങ്ങൾ എന്നിവ വരുന്നു, പോകുന്നു. എന്നാൽ ആത്യന്തികമായ സമാധാനം മനുഷ്യന്റെ അടിസ്ഥാനപരമായ അവകാശമാണ്. ഈ പുസ്തകം ഫോക്കസ് ചെയ്യുന്നത് ഈ വിഷയത്തിൽ മാത്രമാണ്.

എല്ലാവരും ഏതെങ്കിലും പ്രകാരത്തിൽ, സ്ഥായിയായ ഈ ശാന്തിയിലേക്ക് വഴുതി വീഴാനും, എല്ലാവരും ആത്യന്തിക സ്ഥാനമായ അമരത്വത്തിലേക്ക് നീങ്ങാനുമാണ് ലക്ഷ്യമാക്കേണ്ടത്.

ഇതാണ് യോഗ! അതങ്ങനെ പ്രാപ്യമാകുന്നു എന്നുള്ളതിനെകുറിച്ചാണ് ഈ പുസ്തകം. ഇനി ഞാനെന്റെ വിഷയത്തിലേക്ക് കടക്കട്ടെ.

ഊർജ്ജം ഈ പ്രപഞ്ചം മുഴുവൻ വ്യാപിച്ചിരിക്കുന്നു. ആധുനിക ശാസ്ത്രം പോലും ഇതിനെ അംഗീകരിക്കുന്നു. എങ്കിലും മനുഷ്യർ ബുദ്ധിയുടെ ഇടുങ്ങിയ പരിധിക്കുള്ളിൽ നിന്നു കൊണ്ടും, ഈ ഭൂമിയുടെ പരിമിതമായ അക്ഷരജ്ഞാനത്തിൽ നിന്നുകൊണ്ടുമാണ് ഊർജത്തിന്റെ നിർവചനം ഗ്രഹിച്ചിട്ടുള്ളത്. എല്ലാത്തിലും വ്യാപിച്ചു കിടക്കുന്ന ഈ ഊർജത്തിൽ നിന്നും അകന്ന് ഒറ്റപ്പെട്ടുള്ള ഒരു നില

നിൽപ്പ്, ഈ ലൗകീക വീക്ഷണത്തിൽപ്പോലും മനുഷ്യസാധ്യമല്ല. എന്നാൽ മനുഷ്യരുടെ ഈഗോ ഈ വസ്തുതയുമായി പൊരുത്ത പ്പെട്ടുപോകാൻ ആരെയും അനുവദിക്കുന്നില്ല. ഞാൻ ഇതിനെകുറിച്ച് ഒരദ്ധ്യായത്തിൽ വിശദമാക്കിയിട്ടുണ്ട്.

എല്ലായിടത്തും വ്യാപിച്ചിരിക്കുന്ന ഈ ഊർജത്തിന്റെ ഒരു ഭാഗം തന്നെയാണ് മനുഷ്യന്റെ ബുദ്ധിശക്തിയും. ഈ സുപ്രധാനമായ വശത്തെ ശാസ്ത്രം വിട്ടുകളഞ്ഞ് അതിനെ കുറിച്ചുള്ള പരിചിന്ത തത്ത്വചിന്തയ്ക്കും മതത്തിനും വിട്ടുകൊടുത്തിരിക്കുകയാണ്. ശാസ്ത്രം മനശാസ്ത്രത്തെ അതിന്റെ പരിധിക്കകത്ത് കൊണ്ടു വരു ന്നതിനെ കുറിച്ച് പരിഗണിക്കുന്നുപോലുമില്ല. എങ്കിലും മഹത്തായ ഒരു ഏകീകൃത തിയറിക്കുവേണ്ടിയുള്ള അതിന്റെ അന്വേഷണം അതിന്റെ സമീപനത്തിന് കടകവിരുദ്ധമാണ്. സത്ത അല്ലെങ്കിൽ വ്യക്തി ഈ ലോകത്തിന്റെ ഒരു അവിഭാജ്യ ഘടകമാവുമ്പോൾ ഒരു വ്യക്തിക്ക് ഈ വസ്തുനിഷ്ഠ ലോകത്തെക്കുറിച്ച് ഒറ്റപ്പെട്ടു നിൽക്കുന്ന ഒരു ഏകീകൃത തിയറി ഉണ്ടാക്കാൻ കഴിയുന്നതെങ്ങനെ?

അടിസ്ഥാനപരമായ പിഴവ് സംഭവിച്ചത് ഇവിടെയാണ്. ശാസ്ത്രം വ്യത്യസ്തമായ ഒരു പാതയിലേക്ക് ഒഴുകിപ്പോയിരിക്കുന്നു. ശൂന്യാ കാശത്തിന്റെയും സമയത്തിന്റെയും അജ്ഞാതമായ ആഴങ്ങളിലേ ക്ക്. അത് അതിന്റെ ബ്ലാക്ക് ഹോൾ തിയറിയിലും പോയന്റ് ഓഫ് സിൻഗുലാരിറ്റിയിലും ഭ്രമിച്ചുവശായിരിക്കുന്നു.

പ്രപഞ്ചത്തിന്റെ ഉത്ഭവത്തെക്കുറിച്ചും അതിന്റെ ആത്യന്തികമായ വിധിയെക്കുറിച്ചും ശാസ്ത്രം കണ്ടെത്തിയിരിക്കുന്നത് പൊതുവെ പ്രാചീന യോഗ ഗ്രന്ഥങ്ങളിൽ പ്രസ്താവിച്ചിട്ടുള്ള കാര്യങ്ങൾ തന്നെ യാണ്.

ഞാൻ അതിനെ കുറിച്ച് സംക്ഷിപ്തമായി പറയാൻ ശ്രമിക്കാം.

ദൈവമെന്നോ അല്ലെങ്കിൽ ദൈവീകത എന്നോ അറിയപ്പെടുന്ന അജ്ഞാത സത്തയിൽ നിന്ന് ഉത്ഭവിച്ച ആ ആദിമ പരാശക്തി പ്രപ ഞ്ചമായി വെളിപ്പെടുന്നു. ഈ ഉത്ഭവത്തെ മഹാസ്ഫോടനം (Big Bang) എന്നോ, സൃഷ്ടിയുടെ ആരംഭമെന്നോ അല്ലെങ്കിൽ ഒരാൾക്ക് ഇഷ്ടമുള്ള ഏതൊരു പദമുപയോഗിച്ചും പറയാം. പ്രാപഞ്ചികമായ പദാവലിയിൽ വൈദഗ്ദ്ധ്യം നേടി അതുപയോഗിച്ച് തർക്കിക്കാൻ കഴിയുന്ന ഒരു താർക്കികനല്ല ഞാൻ. അതു പോലെ ഗണിതപര

മായ സൂക്ഷ്മജ്ഞാനം നേടിയ, പോയിന്റ് ഓഫ് സിൻഗുലാരിറ്റിയെ വിശദമാക്കാൻ കഴിവുള്ള ഒരു ശാസ്ത്രജ്ഞനുമില്ല. ആധുനിക തിയററ്റിക്കൽ ഭൗതികശാസ്ത്രത്തിന്റെ ഊന്നുകൾ പോലും അചപലമല്ലെന്ന് ബ്ലാക്ക് ഹോളിന്റെയും റിലേറ്റിവിറ്റിയുടെയും കാലഘട്ടത്തിൽ ജീവിക്കുന്ന എല്ലാവർക്കുമറിയാം. ആധുനിക ശാസ്ത്രത്തിൽ എനിക്കുള്ള ചെറിയ അറിവു വെച്ചു നോക്കുമ്പോൾ റിലേറ്റിവിറ്റി തിയറിയും ക്വാണ്ടം മെക്കാനിക്സും പരസ്പരവിരുദ്ധമായിരിക്കുന്നു. അതിനാൽ ഈ പുസ്തകത്തിൽ പ്രപഞ്ചത്തിന്റെ അതിമനോഹരങ്ങളായ തത്ത്വചിന്താപരവും യുക്തിപരവുമായ എടുപ്പുകളൊന്നും തന്നെ പൊളിച്ചു കളയാനുള്ള ശ്രമങ്ങളൊന്നും നടത്തിയിട്ടില്ല. അതുകൊണ്ട് എന്റെ പുസ്തകം ഏതെങ്കിലും തരത്തിൽ നിഷേധാത്മകമായി കാണപ്പെടുന്നെങ്കിൽ തത്ത്വചിന്തകരോടും തിയററ്റിക്കൽ ഫിസിക്സിന്റെ ഉപജ്ഞാതാക്കളോടും ഞാൻ മാപ്പു ചോദിക്കുന്നു.

ഏങ്ങനെയായാലും എന്റെ വായനക്കാരോട് മനുഷ്യരും അവരുടെ മേധാശക്തിയും ഉൾക്കൊള്ളുന്നതാണ് ഈ പ്രപഞ്ചശക്തി അല്ലെങ്കിൽ പ്രപഞ്ചം എന്നു പറയാൻ മാത്രമാണ് ഞാൻ ആഗ്രഹിക്കുന്നത്. പ്രപഞ്ചശക്തിയിൽ നിന്ന് വേറിട്ടല്ല മനുഷ്യന്റെ അസ്തിത്വം.

അതിനാൽ പരാശക്തിയുടെ സ്ഥൂലരൂപത്തിലുള്ള ആവിഷ്ക്കരമായ മനുഷ്യമേധാശക്തിയ്ക്ക് ഈ ഊർജ്ജത്തിന്റെ സൂക്ഷ്മരൂപങ്ങളെ എങ്ങിനെയാണ് ഗ്രഹിക്കാൻ സാധിക്കുക? ഈ പുസ്തകത്തിൽ ഞാൻ പിന്നീട് വിശദമാക്കിയിട്ടുള്ളതുപോലെ ഈ ഊർജം അതിന്റെ ആദിമരൂപത്തിൽ സമ്പൂർണ്ണമായ പ്രജ്ഞ മാത്രമാണ്. പരമദൈവീകതയെപ്പോലെ ഈശ്വരനാണത് അല്ലെങ്കിൽ ഒരു വ്യക്തിയുടെ സത്ത. ഇതിനെക്കുറിച്ച് ഞാൻ പിന്നീട് വിശദീകരിക്കുന്നുണ്ട്.

എന്നാൽ ആദിമശക്തിയുടെ സത്വരവും തൊട്ടടുത്തുള്ളതുമായ സ്ഥൂലരൂപമായ മനുഷ്യമേധാശക്തി അഹംബുദ്ധിയാൽ അല്ലെങ്കിൽ 'ഞാൻ' എന്ന തത്വത്താൽ നിറം പിടിച്ചിരിക്കുകയാണ്. ഈ അഹംബുദ്ധിയിൽ നിന്നാണ് മനുഷ്യഗണത്തിൽ നിന്നും ഈശ്വരൻ അല്ലെങ്കിൽ ദൈവീകതയിൽ നിന്നും വേറിട്ടൊരു അസ്തിത്വം എന്ന ആശയം ഉണ്ടാകുന്നത്. മനുഷ്യശരീരത്തിൽ സ്ഥിതി കൊള്ളുന്ന ചൈതന്യം ഈ പ്രപഞ്ചമായയുടെ സൃഷ്ടിക്ക് കാരണഭൂതമായ പരമപ്രപഞ്ചശക്തിയാൽ തന്നെ ഈ മായാവലയത്തിൽ അകപ്പെടുകയും ഇതിൽ വിശ്വസിച്ചു തുടങ്ങുകയും ചെയ്യുന്നു. ഇതിനെ കുറിച്ച് മറ്റൊ

രദ്ധ്യായത്തിൽ ഞാൻ വിശദീകരിക്കുന്നുണ്ട്. ഈ മായാലോകത്ത് ആദ്യ സൃഷ്ടി അല്ലെങ്കിൽ സൃഷ്ടിക്കപ്പെട്ട ആദ്യ വസ്തുവായി മനുഷ്യ മേധാശക്തിയെ തരംതിരിക്കാം. അതിനാൽ ഒരളവുവരെ പ്രപഞ്ചത്തെ കുറിച്ചുള്ള എല്ലാ കാര്യങ്ങളും അതിന് ഗ്രഹിക്കാൻ കഴിയും. അതുകൊണ്ടു തന്നെ, യോഗാ ഗ്രന്ഥങ്ങളിൽ ആദിപരാശക്തിയുടെ ഈ സ്ഥൂലരൂപത്തിന് മതിയായ ആദരവ് നൽകിയിരിക്കുന്നു. വാസ്തവത്തിൽ ആദിപരാശക്തിയുടെ സർഗശക്തിയാണിത്. എങ്കിലും ഇത് ഈശ്വരനല്ല, സർവശക്തനല്ല!

അതിനാൽ ഈ ഊർജം അടുത്ത സ്ഥൂലരൂപമെടുക്കുന്നു, മനസ്സായും അഞ്ച് ഇന്ദ്രിയങ്ങളായും ഇവിടെ സ്വതന്ത്രഇച്ഛാശക്തിയുടെ പ്രയോഗവും ഉണ്ടാകുന്നു.

മനസ്സിൽ നിന്ന് ഊർജം ബഹുവിധമായ ജീവൽ ശക്തികളുടെ അനേകം സൂക്ഷ്മരൂപങ്ങൾ കൈകൊള്ളുന്നു. ഒടുവിൽ ഈ ജീവൽശക്തികൾ തന്നെയാണ് മാംസം, രക്തം, അസ്ഥികൾ എന്നിവയുൾക്കൊള്ളുന്ന സ്ഥൂലമായ മനുഷ്യശരീരമായി തീരുന്നത്. ഊർജം മനുഷ്യശരീരത്തിൽ ഘടനാപരമായ സാക്ഷാത്ക്കാരം പ്രാപിക്കുന്നതിനെ കുറിച്ച് ഞാൻ വിശദമാക്കിയിട്ടുണ്ട്.

ഒരു വ്യക്തിയിലുള്ള ഊർജം വാസ്തവത്തിൽ ഈ പ്രപഞ്ചത്തിന്റെ മിനിയേച്ചർ മോഡലാണ്.

മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ഈ ഊർജത്തിന്റെ യഥാർത്ഥ പ്രകൃതം ഗ്രഹിക്കണമെങ്കിൽ ഒരു വ്യക്തി സ്വന്തം സത്തയെ മനസ്സിലാക്കേണ്ടിയിരിക്കുന്നു. ആത്മസത്തയും ഊർജവും ഒന്നു തന്നെയാണ്.

അതിനാൽ പ്രപഞ്ചത്തിന്റെ ഉൽപത്തിയെ കുറിച്ചറിയാൻ പുറത്തേക്ക്, അത്യഗാധമായ സ്പേസിലേക്ക് ശ്രദ്ധ കേന്ദ്രീകരിക്കണമെന്നില്ല. പ്രപഞ്ചത്തിൽ സ്ഥിതി ചെയ്യുന്ന എല്ലാ ശക്തികളും ഒരു വ്യക്തിയുടെ ആത്മാവിൽ നിലകൊള്ളുന്നുണ്ട്! എന്നാൽ ആത്മസാക്ഷാത്ക്കാരത്തിന്റെ ഈ പ്രക്രിയ നടക്കണമെങ്കിൽ മനസ്സ് നിരീക്ഷകനായിരിക്കണം, നിരീക്ഷിക്കപ്പെടുന്ന വസ്തു ആയിരിക്കണം, കൂടാതെ പരീക്ഷണശാലയും.

എന്നു മാത്രമല്ല ആദിപരാശക്തിയെന്ന അതി സൂക്ഷ്മ രൂപത്തെ അറിയുകയെന്ന പ്രവൃത്തി സാങ്കേതികമായി മനുഷ്യധിഷണയ്ക്ക്

സാധ്യമല്ലാത്തതിനാൽ യോഗ പരിശീലനം വളരെയേറെ മുന്നേറി ക്കഴിയുമ്പോൾ ആദിപരാശക്തി തന്നെ അതിന്റെ യഥാർത്ഥസ്വരൂപം ആ വ്യക്തിക്ക് വെളിപ്പെടുത്തേണ്ടിയിരിക്കുന്നു. മനുഷ്യ ധിഷണ ഒരു തരത്തിലുള്ള ഊർജമല്ലാത മറ്റൊന്നുമല്ല. മനുഷ്യരൂപമായി അവ തരിക്കാൻ തുടങ്ങുന്നതിനോടൊപ്പം ഒരു മായാലോകം സൃഷ്ടിക്കു കയും ചെയ്യുന്ന ആദിപരാശക്തിയുടെ അടുത്ത സ്ഥൂല അവസ്ഥ യാണത്. അതിനാൽ മനുഷ്യ ധിഷണയ്ക്ക് സ്വന്തം പരിശ്രമം കൊണ്ട് ആദിപരാശക്തിയുടെ യഥാർത്ഥപ്രകൃതം ഗ്രഹിക്കാൻ സാധ്യമല്ല. യാതൊരു ചലനങ്ങളുമില്ലാതെ മനസ്സ് പ്രശാന്തമായ അവസ്ഥയിൽ ആയിരിക്കുമ്പോൾ ധിഷണയും അതിന്റെ സ്വാഭാവിക പ്രകൃതിയായ ഭേദഭാവങ്ങളൊന്നും കൂടാതെ സമർപ്പണം ചെയ്യുന്നു. അതുവരെ അജ്ഞാനം എന്ന അവസ്ഥയിൽ ഇരുന്നിരുന്ന, എന്നാൽ വ്യക്തി യുടെ ആത്മത്തിൽ പ്രതിഷ്ഠിതമായതുമായ, ദൈവീകത അല്ലെങ്കിൽ പരാശക്തി, അതിന്റെ യഥാർത്ഥരൂപം വെളിപ്പെടുത്തുന്നു. അഴുക്ക് മാറ്റിക്കഴിയുമ്പോൾ സ്വയം പ്രകാശിക്കുന്ന രത്നം പോലെയാണത്.

ആത്മസാക്ഷാത്ക്കാരം നേടുന്ന ഈ പ്രക്രിയയാണ് യോഗ. ഇത്ത രത്തിലുള്ള ഒരു ദൈവീക പ്രക്രിയ തുടങ്ങണമെങ്കിൽ സ്വയം പ്രബോ ധിതനായ, ഒരു വന്ദ്യ ആചാര്യൻ അല്ലെങ്കിൽ ഒരു ഗുരു, ആ മനുഷ്യ നിൽ നിലകൊള്ളുന്ന പരാശക്തിയെ കൈകാര്യം ചെയ്തു കൊണ്ട് ആ വ്യക്തിയെ സഹായിക്കേണ്ടിയിരിക്കുന്നു. ഇങ്ങനെ ചെയ്തു കൊണ്ട് ഗുരു ആ ശക്തിയെ റിവേഴ്സ് രീതിയിലാക്കുകയും അഹം ബോധത്തിന്റെ വിനാശത്തിന് തുടക്കമിടുകയും അത് വ്യക്തിയുടെ ആത്മസാക്ഷാത്കാരത്തിലേക്ക് നയിക്കുകയും ചെയ്യുന്നു.

സംഹാരരൂപത്തിലുള്ള പരാശക്തി ഒരു വ്യക്തിയുടെ അഹം ബോധത്തെ അതിന്റെ എല്ലാ വികാരങ്ങളോടും അപ്പാടെ തുടച്ചു മാറ്റുന്നു. അത് അതിന്റെ യഥാർത്ഥ പ്രകൃതം വെളിപ്പെടുത്തുകയും ചെയ്യുന്നു! ഈ വിഷയത്തിന്റെ സങ്കീർണതകൾ ഈ പുസ്തക ത്തിന്റെ വ്യാപ്തിക്കുള്ളിൽ ഒതുങ്ങുന്നതല്ല എന്നതിനാൽ, ഊർജ ത്തിന്റെ മനുഷ്യരൂപത്തിലുള്ള അവതരണത്തെ കുറിച്ച് മറ്റൊരു അദ്ധ്യായത്തിൽ ഞാൻ ചുരുക്കത്തിൽ പ്രതിപാദിക്കുന്നുണ്ട്.

ഒരു വ്യക്തിയിൽ പരമജ്ഞാനത്തിന്റെ ആദ്യ കിരണം ഉദിച്ചു തുടങ്ങുമ്പോൾ മതം, തത്ത്വചിന്ത, ശാസ്ത്രം തുടങ്ങിയവ തമ്മി ലുള്ള വ്യത്യാസം മങ്ങാൻ തുടങ്ങുന്നു. ഭൗതികശാസ്ത്രത്തിന്റെ നിയ

മങ്ങൾ തകരുന്നു (അല്ലെങ്കിൽ ബാധകമല്ലാതെ വരുന്നു), പോയിന്റ് ഓഫ് സിൻഗുലാരിറ്റിയിൽ ബ്ലാക്ക് ഹോളിലെന്ന പോലെ. അതിനർത്ഥം ഈ സ്ഥൂല ഭൗതിക പ്രപഞ്ചത്തെ ഭരിക്കുന്ന എല്ലാ നിയമങ്ങൾക്കും-ആത്മത്തിൽ കുടികൊള്ളുന്ന അനന്തമായ ചൈതന്യം അതൊരു മനുഷ്യജീവിയാണെന്ന് ചിന്തിക്കുന്നത് അതുകൊണ്ടാണ്-കൂട്ടിപ്പിടുത്തം നഷ്ടപ്പെട്ടു തുടങ്ങുന്നു. ആധുനിക ശാസ്ത്രത്തെകുറിച്ചുള്ള എന്റെ അൽപജ്ഞാനം വെച്ച് പറയാമെങ്കിൽ ഇതേ പ്രതിഭാസം തന്നെയാണ് ബ്ലാക്ക് ഹോളിലും സംഭവിക്കുന്നത്. ഒരു നക്ഷത്രം അല്ലെങ്കിൽ താരമണ്ഡലം ബ്ലാക്ക് ഹോളിലെ ഒരു പോയിന്റ് ഓഫ് സിൻഗുലാരിറ്റിയിൽ തകർന്നു വീഴുമ്പോഴും പ്രപഞ്ചത്തെ ഭരിക്കുന്ന പല തരത്തിലുള്ള ശാസ്ത്രനിയമങ്ങളും ബാധകമല്ലാതെ വരുന്നു. ശാസ്ത്രനിയമങ്ങളുടെ തകർന്നുവീഴൽ എന്ന പൊതുഘടകമുള്ളതിനാലാണ് ഈ താരതമ്യം ഉപയോഗിച്ചത്. അതിനാൽ പരമജ്ഞാനം ഉദിക്കണമെങ്കിൽ യോഗയുടെ നിയമങ്ങൾ പോലും തകരണം. ആത്മീയതയുടെ വളരെ ഉയർന്ന തലമാണിത്. ഇവിടെ പ്രകൃത്യാതീതമായ ശക്തികൾ പോലും ഒരു യോഗിയിൽ പ്രത്യക്ഷീകരിക്കുന്നില്ല. ഞാനീ കടലാസു കഷണത്തത്തിലേക്ക് എന്റെ ഹൃദയം പകരുകയാണ്, എന്നെ വിശ്വസിക്കൂ, യോഗയുടെ നിയമങ്ങൾ തകരുന്നതെപ്പോഴാണെന്ന് മനുഷ്യവർഗ്ഗത്തിന് തിയററ്റിക്കലായി ഒരിക്കലും അറിയാൻ സാധ്യമല്ല. ഈ തകർച്ച സംഭവിക്കുമ്പോഴാണ് ആത്മസാക്ഷാത്കാരം ഉണ്ടാകുന്നത്. ആത്മസാക്ഷാത്കാരം ഉണ്ടാകുക പരമദൈവികതയുടെ ഇച്ഛാശക്തി കൊണ്ടു മാത്രമാണ്. പ്രാചീന സംസ്കൃത ഗ്രന്ഥങ്ങൾ പ്രകാരം ഇത്രയും ഉയർന്ന ആത്മീയ നിലയിൽനിന്നുപോലും പ്രകൃത്യാതീത ശക്തികളുടെ അനുചിതമായ ഉപയോഗം മൂലം യോഗിയ്ക്ക് വീഴ്ച പറ്റുന്ന പല സന്ദർഭങ്ങളും ഉണ്ടായിട്ടുണ്ട്.

മാറ്റങ്ങളൊന്നുമില്ലാതെ മനസ്സ് പ്രശാന്തമായ അവസ്ഥയിൽ സ്ഥിതി കൊള്ളുവാൻ മനസ്സ് അനന്തമായി ഉള്ളിലേക്ക് തകർന്നിടിയുന്നതായ അനുഭവം വ്യക്തിയ്ക്ക് ഉണ്ടാവുന്നു. ഒരു നക്ഷത്രം അല്ലെങ്കിൽ താരമണ്ഡലം ബ്ലാക്ക് ഹോളിൽ ഒരു പോയിന്റ് ഓഫ് സിൻഗുലാരിറ്റിയിൽ തകർന്നു വീണേക്കാമെന്ന് മുകളിൽ സൂചിപ്പിച്ചതുപോലെ.

ഈ രണ്ടു കാര്യത്തിലും ഒരു പൊതു ഘടകമുണ്ട്. ഭാതീക പ്രപഞ്ചത്തെ നിയന്ത്രിക്കുന്ന ശാസ്ത്രനിയമങ്ങളൊന്നും രണ്ടിനും ബാധ

കമാകുന്നില്ല. ഈ കാരണം കൊണ്ടാണ് ഒരു യോഗി ശാസ്ത്രനിയമങ്ങളാൽ ബന്ധിതനാകാത്തത്!

ഒരു വ്യക്തിയുടെ സെറിബ്രോസ്പൈനൽ സിസ്റ്റത്തിൽ കോസ്മിക് എനർജിയുടെ അകത്തേക്കുള്ള മടക്കം എന്ന പ്രക്രിയ നടക്കുമ്പോൾ ആ വ്യക്തി പല തരത്തിലുള്ള റിയാക്ഷനുകളും അനുഭവിക്കുന്നുണ്ട്. ഈ റിയാക്ഷനുകൾ ഭൗതികവും ബാഹ്യവുമായ ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ടതാണ്. അതിനാൽ ഒരു വെറും തിയറി മാത്രമല്ല ഈ പുസ്തകത്തിൽ ചർച്ച ചെയ്യപ്പെട്ടിരിക്കുന്നത്.

മറിച്ച് തിയറിയോടൊപ്പം നേരിട്ടുള്ള വ്യക്തിപരമായ അനുഭവമാണ് ചർച്ച ചെയ്യപ്പെട്ടിരിക്കുന്നത്.

ഈ പുസ്തകത്തിന്റെ തലക്കെട്ട് കൃത്യമായും അതെന്താണോ അർത്ഥമാക്കുന്നത്, അതിനാൽ തന്നെയാണ് തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത്. അനേകം സംസ്കൃത ഗ്രന്ഥങ്ങളിൽ ചിത്രീകരിച്ചിട്ടുള്ളതുപോലെ, ആത്യന്തികമായി മോക്ഷത്തിന് വിണ്ണിൽ വസിക്കുന്നവർക്കും, ദൈവങ്ങൾക്കു പോലും, മനുഷ്യജന്മം എടുക്കേണ്ടതുണ്ട്.

ഈ പുസ്തകത്തിൽ ഉപയോഗിച്ച വിധത്തിലുള്ള വിവരണം അപൂർവമാണ്. യോഗപാരമ്പര്യമനുസരിച്ച് കുണ്ഡലിനി അല്ലെങ്കിൽ കോസ്മിക് എനർജിയുടെ ഉണർവിന്റെ സമയത്തുണ്ടാകുന്ന വ്യക്തിപരമായ അനുഭവങ്ങൾ സാമാന്യജനങ്ങൾക്കിടയിൽ വെളിപ്പെടുത്താൻ പാടില്ലാത്തതും ആത്മീയകാഴ്ചപ്പാടിൽ ഇത് പ്രയോക്താവിന് ഹാനികരവുമാണ്.

എങ്കിലും, പരക്ഷേമകാംക്ഷ ഒന്നു കൊണ്ടു മാത്രമാണ് ഈ പാരമ്പര്യം ലംഘിച്ചിരിക്കുന്നത്. യോഗ പരിശീലിച്ചു കൊണ്ടിരിക്കെ വിശദീകരിക്കാനാവാത്തതും അയുക്തികവുമായ പ്രതികരണങ്ങൾ ശരീരത്തിലും മനസ്സിലും ദൈനംദിന ജീവിതത്തിലും ഉണ്ടായി വരുമ്പോൾ പ്രയോക്താക്കൾ സംഭ്രമിക്കാതിരിക്കാനാണ് ഇത്തരത്തിലുള്ളൊരു ശ്രമം നടത്തിയിട്ടുള്ളത്.

മാത്രവുമല്ല, വിശദീകരിക്കാനാവാത്തതും അയുക്തികവുമായ അനുഭവങ്ങൾ (ആധുനിക ശാസ്ത്രത്തിന്റെ പശ്ചാത്തലത്തിൽ) പരമാർത്ഥത്തിൽ തന്നെ സംഭവിക്കുന്നവയാണ്. അവ പ്രാമാണിക ഗ്രന്ഥങ്ങളിലും, ഊഹാപോഹങ്ങളിലും അക്കാദമിക ചർച്ചകളിലും

മാത്രം ഒതുങ്ങുന്നവയല്ല.

സിദ്ധ മഹായോഗ എന്ന നിഗൂഢമായ ശക്തിപഥ് യോഗമുറ ആചരിച്ചുകൊണ്ടിരിക്കുന്ന ഒരു യോഗ സമ്പ്രദായം അനുശീലിക്കുന്നവരുടെ ഗുണത്തിനാണ് പ്രാഥമികമായും ഈ പുസ്തകം എഴുതപ്പെട്ടിട്ടുള്ളത്. എന്നാൽ, കുണ്ഡലിനിയെ ഉണർത്തുകയെന്നത് എല്ലാ യോഗ സമ്പ്രദായങ്ങൾക്കും പൊതുവായ ഒന്നായതിനാൽ മറ്റു യോഗ സമ്പ്രദായങ്ങൾ അനുശീലിക്കുന്നവർക്കും ഇത് സഹായകമാകും.

അതിനാൽ ഈ പുസ്തകം ഏതൊരു യോഗ സമ്പ്രദായം അനുശീലിക്കുന്നവർക്കും വായിക്കാവുന്നതാണ്. ഒരു തരം പ്രായോഗിക ഗൈഡായി ഇത് ഉപകരിക്കും. പൊതുവെ യോഗയുമായി ബന്ധപ്പെട്ട ഒട്ടനേകം ചോദ്യങ്ങൾക്കും ഉത്തരം ലഭിക്കാൻ സഹായിച്ചേക്കാം.

അതുപോലെ, ഇതിൽ ചർച്ച ചെയ്യപ്പെട്ടിട്ടുള്ള വിഷയം ജീവിതത്തിന്റെ തന്നെ സത്തയാകയാൽ ഏതൊരു സാമാന്യ വായനക്കാരനും ഇത് വായിക്കാവുന്നതാണ്.

ഒരു സാധാരണ വായനക്കാരന് വിഷയം പൂർണമായും ഗ്രഹിക്കാൻ സാധിച്ചില്ലെന്ന് വന്നേക്കാം. ഒരു പക്ഷേ ഇത് അയാളിൽ താത്പര്യം ഉണർത്തിയേക്കാം. ശരിയായ ദിശയിലേക്ക് പ്രചോദനം നൽകിയേക്കാം. എന്റെ സ്വന്തം അനുഭവങ്ങൾ വിവരിച്ചു പറയുന്നതിന് മുമ്പ് സാധാരണ വായനക്കാരന് വേണ്ടി ഈ വിഷയത്തിൽ ഏതാനും ചില അദ്ധ്യായങ്ങൾ ഞാൻ ചേർത്തിട്ടുണ്ട്.

ഒരേയൊരു വായനക്കാരൻ മാത്രമാണ് ശരിയായ ദിശയിലേക്കുള്ള പ്രചോദനം നേടിയിട്ടുള്ളതെങ്കിൽ കൂടി ഞാൻ കൃതാർത്ഥനാകും. എന്റെ പ്രയത്നം വൃഥാവിലായില്ലെന്ന് കരുതും.

എന്റെ ഗുരു, പൂജ്യശ്രീ സ്വാമി സഹജാനന്ദ തീർത്ഥരവർകൾക്ക് പ്രണാമം അർപ്പിച്ചുകൊണ്ട് ഞാൻ വായനക്കാരന് ഈശ്വാരാന്വേഷണത്തിനൽ സർവ്വ പ്രചോദനവും നേരുന്നു.

*–ഗ്രന്ഥകർത്താവ്*

# യോഗ – സംക്ഷിപ്തമായി

ഈ പ്രപഞ്ചത്തിൽ സന്നിഹിതമായിരിക്കുന്ന കേവല സത്യവും (Absolute Truth) അല്ലെങ്കിൽ ഈ ദൃശ്യപ്രപഞ്ചവും അതിനപ്പുറവുമാണ് പരമമായ ദൈവീകത്വം.

നാഗരീകതയുടെ ആവിർഭാവം മുതൽ എല്ലാ മതങ്ങളും ഈ മഹത്തായ സത്യം ആവർത്തിച്ച് പറഞ്ഞുകൊണ്ടിരിക്കുകയാണ്. എല്ലാ മതങ്ങളുടെയും അടിസ്ഥാനം ഒരേ ദൈവീകതയാണെങ്കിലും പ്രാപഞ്ചികമായ എല്ലാ മതങ്ങളും വ്യത്യസ്ത രീതികളിലാണ് ഈ മഹത്തായ സത്യത്തെ വ്യാഖ്യാനിക്കുന്നതെന്ന് കാണാൻ കഴിയും. വ്യത്യസ്ത വംശപരമ്പരകളിൽ പെട്ടവരാണെങ്കിലും ജീവശാസ്ത്രപരമായി മനുഷ്യരെല്ലാം ഒരു പോലെയാണ്. അതേപോലെ അനുഭവം സത്യമാണെങ്കിൽ ആത്മാവിന്റെ ദൈവികതയെ സംബന്ധിക്കുന്ന തത്വചിന്ത, ആശയം, അല്ലെങ്കിൽ സിദ്ധാന്തം എന്നിവ ഒരാളുടേതിൽ നിന്നും വളരെയൊന്നും വ്യത്യസ്തമാകുന്നില്ല, മറ്റൊരാളുടേത്. വ്യക്തികൾ യാഥാർത്ഥ്യത്തെ അല്ലെങ്കിൽ ദൈവികതയെ എങ്ങനെ മനസ്സിലാക്കുന്നു എന്നതിന്റെ പശ്ചാത്തലത്തിൽ ഓരോ മനുഷ്യന്റെയും അവബോധം വ്യത്യസ്തമായി കാണപ്പെടുമെങ്കിലും അടിസ്ഥാനപരമായ എല്ലാ അനുഭവത്തിലും അന്തർലീനമായി ആവർത്തിക്കുന്ന ഒരു ഏകത്വമുണ്ട്.

പരസ്പരം ആശയ വിനിമയം നടത്താനായി മനുഷ്യർ ഉണ്ടാക്കിയ ഭാഷകളിൽ പോലും അധികമൊന്നും പൊതുവായി കാണാനില്ല. മതത്തെ മനസ്സിലാക്കുന്നതിൽ മനുഷ്യവർഗ്ഗം യാതൊരു വിധ പൊരുത്തവും പ്രദർശിപ്പിക്കുന്നില്ല എന്നതിൽ അത്ഭുതമൊന്നുമില്ല.

ഒരു പക്ഷെ മതങ്ങൾ തമ്മിലുള്ള സംഘട്ടനങ്ങളുടെ ഉത്പത്തി തന്നെ ഭാഷകളുടെ വൈവിദ്ധ്യത്തിലായിരിക്കും സ്ഥിതി ചെയ്യുന്നത്.

ഈ പ്രപഞ്ചത്തെ മനസ്സിലാക്കുന്നതു സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള അഭിപ്രായസമന്വയം കൊണ്ടു വന്നതിനുള്ള ക്രെഡിറ്റ് ആധുനിക ശാസ്ത്രത്തിന് നൽകാവുന്നതാണ്. എങ്കിലും ഭൂമിയിൽ ശാന്തിയും ഐക്യവും ഉറപ്പാക്കുന്നതിന് ഈ ശാസ്ത്രീയമായ ബോധം മാത്രം മതിയാവുന്നില്ലെന്ന് കാണാം. മതങ്ങളുടെ പേരിൽ പരസ്പരം പോരടിക്കുന്നതിന്റെ വ്യർത്ഥത മനസ്സിലാക്കുന്നതിന് മനുഷ്യവർഗ്ഗം ഇപ്പോഴും പരാജയപ്പെട്ടു കൊണ്ടിരിക്കുന്നു, അതിനാൽ തന്നെ സംഘട്ടനങ്ങൾ തുടരുകയും ചെയ്യുന്നു.

ലോകമതങ്ങൾ, തത്ത്വചിന്തകൾ, സിദ്ധാന്തങ്ങൾ, പ്രമാണങ്ങൾ, കൂടാതെ ശാസ്ത്രവും തമ്മിലുള്ള സംയോജനം (Fusion) ശാശ്വതമായ ശാന്തിക്കും സന്തോഷത്തിനും ആവശ്യമായ മുൻ വ്യവസ്ഥയായിരിക്കണമെന്നില്ല.

എന്നാൽ പിന്നെ എന്താണ് പരിഹാരം?

ഭൂമിയിൽ ദൈവീകത്വത്തിന്റെ നേരിട്ടുള്ള അവതാരമെടുക്കൽ ഈ ഭൂമിയിൽ ശാന്തിയും ഐക്യവും കൊണ്ടുവരുമെന്ന് ഉറപ്പിക്കാമോ?

രാമൻ, കൃഷ്ണൻ, ബുദ്ധൻ, യേശു, അള്ളാ തുടങ്ങി ദൈവീകമായ പല രൂപത്തിൽ ഭൂമിയുടെ വ്യത്യസ്ത ഭാഗങ്ങളിൽ വീണ്ടും വീണ്ടും ദൈവീകത്വം അവതരിച്ചിട്ടുള്ളതല്ലേ?

ആ അവതാരങ്ങളുടെ ഫലമായി എന്തു സംഭവിച്ചു?

ഈ ദൈവീകമായ അവതാരങ്ങളുടെ നേരിട്ടുള്ള സാന്നിദ്ധ്യമുണ്ടായപ്പോഴും മനുഷ്യവർഗ്ഗം മുമ്പത്തേക്കാൾ കൂടുതൽ സന്തോഷിച്ചിരുന്നോ? ഇല്ല എന്നു തന്നെയാണ് ഉത്തരം. വാസ്തവത്തിൽ കൂടുതൽ അസന്തുഷ്ടരായി തീരുകയാണുണ്ടായത്.

മനുഷ്യർ മതങ്ങളുടെ പേരിൽ പരമമായ ദൈവീകതയെ പല പേരുകളിലും രൂപങ്ങളിലുമായി ചിതറിക്കുകയാണ് ചെയ്തിട്ടുള്ളത്. മനുഷ്യശരീരത്തിൽ കുടികൊള്ളുന്ന അനന്തമായ ചൈതന്യവും ഈ പ്രപഞ്ചത്തിൽ വ്യാപിച്ചിരിക്കുന്ന ചൈതന്യവും ഒന്നു തന്നെയാണെന്ന് ഓർത്തിരിക്കേണ്ടത് പ്രധാനമാണ്. ദൈവീകതയെ പിളർത്താൻ കഴിയുകയില്ല.

ഇന്ന് ലോകത്തുള്ള വ്യത്യസ്ത മതസംസ്ഥാപനങ്ങൾ (Religious System) ഒരേ മലമുകളിലേക്കുള്ള അതായത് പരമ ദൈവീകത്വത്തി

ലേക്കുള്ള വ്യത്യസ്തമാർഗ്ഗങ്ങളെയാണ് സൃഷ്ടിക്കുന്നത്. അതു കൊണ്ട് തന്നെ ഒരു പ്രത്യേക മത സമ്പ്രദായം പരമമാണെന്നും മുകളിലേക്കുള്ള സത്യമായ ഒരേയൊരു പാതയാണെന്നും പറയാം. അല്ലെങ്കിൽ ഒരേ ലക്ഷ്യത്തിലേക്കു നയിക്കുന്ന വ്യത്യസ്ത പാതക ളാണ് എല്ലാവിധ മതസമ്പ്രദായങ്ങളെന്ന് പറയാം.

ഈ രണ്ട് കാഴ്ചപ്പാടുകളും ശരിയാണെന്നും ഇവ തമ്മിൽ യാതൊരു വ്യത്യാസവും ഇല്ലെന്നും ഒരാൾക്ക് വാദിക്കാം. അതാ യത് രണ്ടും അർത്ഥമാക്കുന്നത് ഒരേ സംഗതിയാണെന്ന വാദം.

ഇവിടെ വായനക്കാർ ഒരു ചോദ്യമുയർത്തിയേക്കാം. ഒരു പ്രത്യേക മതസംസ്ഥാപനത്തെ പിന്തുടരുന്ന ഒരു വ്യക്തിക്ക് ആ വ്യക്തിയുടെ വഴിയാണ് സത്യമായ വഴിയെന്ന് എങ്ങനെ അവകാശപ്പെടാം?

താഴെ പറയുന്ന സാധർമ്മ്യം (Analogy) ഉപയോഗിച്ച് ഇതിനു ത്തരം പറയാം.

ഒരു പർവ്വതാരോഹകന് ഏറ്റവും മുഖ്യമായ സംഗതി മുകളിൽ എത്തുക എന്നതാണ്. അതായത് ലക്ഷ്യമാണ് പ്രധാനമെന്നതിനാൽ (മുകളിൽ എത്തുക എന്നത്) അവിടെ എത്താൻ ഉപയോഗിക്കുന്ന വഴികൾ അല്ലെങ്കിൽ അതിനായി തിരഞ്ഞെടുക്കുന്ന വഴി കൃത്യ മായും ആ വ്യക്തിയെ മലമുകളിലേക്ക് നയിച്ചു എന്ന വസ്തുത കൊണ്ടു മാത്രം ശരിയായതാണെന്ന് വരുന്നു. അതിനാൽ തന്റെ പാത ഏറ്റവും മികച്ചത് അല്ലെങ്കിൽ സത്യമായ ഒരേയൊരു പാത യാണെന്ന് ആ വ്യക്തിക്ക് അവകാശപ്പെടാം. ഈ അവകാശപ്പെട ലിൽ തെറ്റൊന്നുമില്ല. വ്യത്യസ്ത പാതകളിലൂടെ മലമുകളിലെത്തുന്ന മറ്റുള്ളവരെ സംബന്ധിച്ചും ഈ യുക്തി ഇതേ പോലെ പ്രവർത്തി ക്കുന്നു.

മലമുകളിൽ നിൽക്കുന്ന എല്ലാവർക്കും അവർ വന്ന പാതയാണ് ശരിയായതെന്ന് അവകാശപ്പെടാം. മഹത്തായ ആ ഉയരത്തിൽ നിൽക്കുന്ന ഏതൊരാൾക്കും പ്രഖ്യാപിക്കാവുന്ന ഒരു വലിയ സത്യം തന്നെയാണത്. ഇക്കാര്യത്തിൽ ഒരാൾ മറ്റൊരാളെ ചോദ്യം ചെയ്യാൻ മാത്രം പ്രാപ്തനാകുന്നില്ല.

എങ്കിലും ആത്മസാക്ഷാത്കാരം (Self realization) എന്ന അവസ്ഥ യിലെത്തിച്ചേരാതെ തങ്ങളുടെ മാർഗ്ഗമാണ് ശരി എന്ന ആളുകൾ പറയാൻ തുടങ്ങുമ്പോൾ അത് മറ്റൊന്നാണ്. അതേ മല കയറാനുള്ള

ശ്രമം നടന്നു കൊണ്ടിരിക്കെ കൊടുമുടിയെകുറിച്ച് നേരിട്ടുള്ള ജ്ഞാനം നേടിക്കഴിഞ്ഞിട്ടില്ലാത്തതിനാൽ അത്തരത്തിൽ അവർക്ക് അവകാശപ്പെടാനാവില്ല. അവരുടെ ജ്ഞാനമെല്ലാം ധർമ്മശാസ്ത്ര ഗ്രന്ഥങ്ങളിൽ നിന്നുള്ളവയാണ്. താന്താങ്ങളുടെ മതസംസ്ഥാപന ങ്ങൾ വഴി കൈമാറിക്കിട്ടിയവയെ ആധാരമാക്കിയവ (മലമുകളിൽ മുന്നേ എത്തിയവരാൽ ഉൽഘോഷിക്കപ്പെട്ടവ).

ഒരു പ്രത്യേക മതം പിന്തുടരുന്നു കൊണ്ടു മാത്രം ആ പ്രത്യേക മതസംസ്ഥാപനത്തിൽപ്പെട്ട വ്യക്തിയാണെന്ന് ലോകത്തൊരാൾക്കും യഥാർത്ഥത്തിൽ അവകാശപ്പെടാനാവില്ല. അങ്ങനെ നോക്കുകയാ ണെങ്കിൽ ഒരു മതപരിവർത്തനത്തിന് വേണ്ട ബാഹ്യ ആചാര നട പടിക്ക് വിധേയമാകുന്നുതുകൊണ്ടു മാത്രം ഒരു പുതിയ മതസം സ്ഥാപനത്തിന്റെ വസ്ത്രം ധരിക്കാൻ ആർക്കും സാധ്യമാകും. അതു പോലെ ഒരു വ്യക്തിയുടെ മാതാപിതാക്കൾ ഒരു പ്രത്യേക മതസം സ്ഥാപനം പിന്തുടരന്നതു കൊണ്ടു മാത്രം ആ വ്യക്തിയും അതേ മതത്തിൽ ഉൾപ്പെട്ടവനാണെന്ന് യഥാർത്ഥത്തിൽ അവകാശപ്പെടാൻ കഴിയുന്നതല്ല. വ്യത്യസ്ഥ മതസംസ്ഥാപനങ്ങളിൽ ഉൾപ്പെട്ട രണ്ടു പേർ തമ്മിൽ വിവാഹിതരായാൽ കുട്ടികൾ ഏതു മതത്തിൽ വളര ണമെന്ന് അവർ തീരുമാനമെടുക്കുന്നതെങ്ങിനെ? തങ്ങൾ സ്വയം തിരഞ്ഞെടുക്കുന്ന പ്രത്യേക മതസംസ്ഥാപനത്തെ പിന്തുടരാനുള്ള സ്വതന്ത്രമായ മൗലികാവകാശം കുട്ടികൾക്കില്ലെ?

അതിനാൽ ജന്മം കൊണ്ട് അല്ലെങ്കിൽ മതപരമായ അനുശീലനം കൊണ്ട് ഒരു മതത്തിന്റെ മുദ്ര ഏതെങ്കിലുമൊരു വ്യക്തിയിൽ ചാർത്താൻ സാധ്യമല്ല.

ഒരു വ്യക്തി അയാളുടേതല്ലാത്ത മറ്റൊരു മതം പിന്തുടരുന്ന വ്യക്തിയെ വിവാഹം ചെയ്യരുതെന്നോ അല്ലെങ്കിൽ മറ്റൊരു മത ത്തിലേക്ക് പരിവർത്തനം ചെയ്യരുതെന്നോ പറയാനല്ല ഞാൻ ശ്രമി ക്കുന്നത്. സ്വയം തിരഞ്ഞെടുത്ത വഴിയിലൂടെ ആത്മസാക്ഷാത് ക്കാരം നേടിയ ശേഷം മാത്രമേ ഒരു വ്യക്തി ഏതെങ്കിലുമൊരു പ്രത്യേക മതസംസ്ഥാപനത്തിൽ അവകാശസ്ഥാപനം നടത്താൻ പാടുള്ളൂ എന്നാണ് ഞാൻ പറയാൻ ഉദ്ദേശിച്ചത്.

അവസാന ലക്ഷ്യത്തിലേക്ക് ഫോക്കസ് ചെയ്യുക എന്നതാണ് പ്രധാനം. പ്രയോജനപ്പെടുത്തുന്ന മാർഗ്ഗങ്ങളുടെ ശ്രേഷ്ഠതയെ

കുറിച്ച് പടവെട്ടുകയല്ല വേണ്ടത്.

ആത്മസാക്ഷാത്ക്കരണത്തിലേക്കുള്ള ആദ്യഘട്ടം പൂർത്തിയാക്കുന്നതിന് വളരെ മുമ്പു തന്നെ മതത്തിന്റെ പേരിലുള്ള പോരാട്ടത്തിന്റെ വ്യർത്ഥത വായനക്കാരന് ഗ്രഹിക്കാനാകുമെന്ന് ഞാൻ ഉറപ്പു നൽകുന്നു.

അനേകം മതങ്ങളുടെ പേരിൽ ദൈവീകത വിഭജിക്കപ്പെടുന്നത് ദൈവീകത്വത്തിന്റെ തന്നെ ബോധപൂർവ്വമായ ഒരു പ്രവർത്തനമാണെന്ന് കാണപ്പെടുന്നു. ഒരു പക്ഷെ മനുഷ്യവർഗ്ഗത്തിലെ വ്യത്യസ്ത കൂട്ടങ്ങളുടെ (വ്യത്യസ്തമായ സാമൂഹ്യ പരിതസ്ഥിതികളെ അടിസ്ഥാനമാക്കിയ ഇതും ദൈവീകത്വത്തിന്റെ തന്നെ സൃഷ്ടിയാണ്) ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ഭൂമിയുടെ വ്യത്യസ്ഥ മേഖലകളിൽ കാലാകാലങ്ങളിൽ ദൈവികത അവതരിച്ചതാകാം.

എങ്കിലും ഓരോ മതത്തിലും പെട്ട ആളുകൾ മറ്റുള്ളവരുടെ മേൽ തങ്ങളുടെ ആധിപത്യം തെളിയിക്കാൻ ശ്രമിച്ചു കൊണ്ടേയിരിക്കുന്നു. അതിനാൽ മതത്തിന്റെ പേരിൽ അനേകം സംഘർഷങ്ങൾ നടക്കുന്നത് നാം കാണേണ്ടി വരുന്നു.

ഒരു പക്ഷേ മനുഷ്യവർഗ്ഗത്തിലെ ചില വിഭാഗങ്ങൾ തങ്ങൾ സന്തുഷ്ടരാണെന്നും അതിനാൽ ദൈവീകത്വത്തെ സംബന്ധിച്ച് കൂടുതൽ പുതിയ ആശയങ്ങളുടെ ആവശ്യമില്ലെന്നും അവകാശപ്പെട്ടേക്കാം. അത്തരം അവകാശങ്ങളിൽ സത്യത്തിന്റെ എന്തെങ്കിലും അംശമുണ്ടെങ്കിൽ അവർ തീർച്ചയായും അനുഗ്രഹീതരാണ്.

ആധുനിക ലോകത്ത് ഈശ്വരൻ അല്ലെങ്കിൽ പരമമായ ദൈവീകത വിൽപ്പന ചരക്കാണ്. ദൈവീകതയുടെ നേരിട്ടുള്ള അനുഭവം ഉണ്ടെന്നുള്ള ചിലരുടെ അവകാശവാദങ്ങളിൽ സത്യമുണ്ടോ എന്നതല്ല വിഷയം. സൃഷ്ടി പ്രകൃത്യാൽ തന്നെ മിഥ്യയാണെന്നതിനാൽ അതേ രീതിയിൽ തന്നെയാണ് ദൈവീകത്വവും മനസ്സിലാക്കപ്പെടുന്നത്.

യോഗയുടെ മഹത്തായ പാരമ്പര്യത്തിന് ഇത്തരത്തിൽ വലിയ തോതിലുള്ള അപചയം സംഭവിച്ചിട്ടുണ്ട്.

എന്താണ് പ്രതിവിധി?

മനുഷ്യ മനസ്സിലാണ് പ്രതിവിധി കുടികൊള്ളുന്നത്. അന്തരാത്മാ

വിനുള്ളിൽ ദൈവീകത്വം സാക്ഷാത്ക്കരിക്കപ്പെടുക എന്നതാണത്.

ഇതിനെ നിങ്ങൾക്ക് ആത്മസാക്ഷാത്ക്കരണമെന്നോ ദൈവീകത്വത്തിന്റെ നേരിട്ടുള്ള അനുഭവമെന്നോ ദൈവനുഗ്രഹമെന്നോ എന്തു വേണമെങ്കിലും വിളിക്കാം. എന്തു തന്നെയായാലും അത് തികച്ചും വ്യക്തിപരമായ സംഗതിയാണ്.

ഒരു വ്യക്തിയുടെ ആദ്ധ്യാത്മിക ചൈതന്യം മനുഷ്യവർഗ്ഗത്തെ ഒട്ടാകെ സ്വാധീനിക്കുന്നുണ്ടെങ്കിലും (പരിമിതമായ തോതിൽ) ആത്മസാക്ഷാത്ക്കരണത്തിന്റെ ഗുണം തികച്ചും വ്യക്തിപരമാണ്.

എങ്കിലും ഒരു വിളക്കുപയോഗിച്ചു കൊണ്ട് അതിന്റെ മൗലീകമായ പ്രകാശത്തിന് കുറവൊന്നും വരാതെ തന്നെ ലക്ഷക്കണക്കിന് വിളക്കുകളെ ജ്വലിപ്പിക്കാനാകുമെന്നതു പോലെ, പ്രബോധോദയം ഉണ്ടായ ഒരു മനസ്സിന് അനേകം മനസ്സുകളെ ജ്വലിപ്പിക്കാനാകും. എന്നാൽ ഒരു വ്യക്തിക്ക് അത്യന്തികമായ രക്ഷ നേടുന്നതിന് ആത്മത്തിൽ തന്നെ ദൈവികത്വം സാക്ഷാത്ക്കരിക്കേണ്ടിയിരിക്കുന്നു.

അന്തരാത്മാവിൽ ദൈവീകത്വത്തെ സാക്ഷാത്ക്കരിക്കുന്ന മെക്കാനിസത്തെയാണ് യോഗ എന്നു വിളിക്കുന്നത്.

ഒരു മനുഷ്യന്റെ ആന്തരാത്മാവിൽ ദൈവികത്വം ഒരിക്കൽ സാക്ഷാത്ക്കരിച്ചു കഴിഞ്ഞാൽ ഈശ്വരൻ അല്ലെങ്കിൽ ദൈവീകത്വവുമായുള്ള ലയനം ഒപ്പം സംഭവിക്കുന്നു. വ്യക്തി ദൈവീകത്വത്തിൽ നിന്നും വേറിട്ടുള്ളതല്ല എന്ന ആത്മസാക്ഷാത്കാരമാണ് ഈ അന്തിമമായ അവസ്ഥയിൽ സംഭവിക്കുന്നത്. കൂടാതെ എല്ലാ മനുഷ്യരും അടിസ്ഥാനപരമായി ദൈവീകത്വത്തിന്റെ അല്ലെങ്കിൽ ഈശ്വരന്റെ ഒരു സൂക്ഷ്മരൂപമാണെന്ന വസ്തുതയിലാണ് എല്ലാ യോഗഗ്രന്ഥങ്ങളും ഫോക്കസ് ചെയ്യുന്നത്. ദൈവീകത്വമാണ് മനുഷ്യരുടെ യഥാർത്ഥ പ്രകൃതിയെന്ന് ആത്മസാക്ഷാത്ക്കാരം വെളിപ്പെടുത്തുന്നതിനാൽ അതുമാത്രമാണ് വ്യക്തിക്ക് നിതാന്തമായ ശാന്തിയും സന്തോഷവും നൽകുന്നത്.

സ്വയം പ്രബോധിതരായ വ്യക്തികൾക്ക് മാത്രമേ ഏതെങ്കിലും തരത്തിൽ മനുഷ്യവർഗ്ഗത്തെ സഹായിക്കാനാകൂ. സ്വയം പ്രബോധിതനായ ഒരു വ്യക്തിക്ക് ഒരു മനസ്സിനെ മാത്രമാണ് ജ്വലിപ്പിക്കാനായത് അല്ലെങ്കിൽ ഒരു മില്യൻ മനസ്സുകളെ ജ്വലിപ്പിക്കാനായി എന്നുകരുതുക. ഇതിൽ രണ്ടിലേതായാലും മനുഷ്യനിലൂടെ മാത്ര

മാണ് നിത്യമായ ശാന്തിയും സന്തോഷവും അത് ഏതളവിലാണെങ്കിലും മനുഷ്യവർഗത്തിലേക്ക് കടത്തിവിടാൻ കഴിയുക. അത്തരത്തിലുള്ളൊരു വ്യക്തിയെ വിശുദ്ധനെന്നോ, മഹർഷിയെന്നോ, ഗുരുവെന്നോ, ആരാധ്യനായ ടീച്ചറെന്നോ വിളിക്കാം. ഒരാൾ ആഗ്രഹിക്കുന്ന ഏതു പേരിലും സംബോധന ചെയ്യാം. പേരിലല്ല കാര്യം. വ്യക്തി സ്വയം പ്രകാശിതനാകേണ്ടതുണ്ട് എന്നതാണാവശ്യം.

ഒരു വ്യക്തിയിൽ ഒരു സ്ഫുലിംഗം കൊളുത്തിക്കഴിഞ്ഞാൽ പിന്നീട് ആ വ്യക്തി ബാഹ്യസഹായം ഒന്നും കൂടാതെ സ്വന്തമായി വേണം ആന്തരാത്മാവിൽ ദൈവീകത്വത്തെ പ്രകാശിപ്പിക്കേണ്ടത്. ഓരോ മനുഷ്യന്റെയും അന്തരാത്മാവിൽ ദൈവീകത്വം കുടികൊള്ളുന്നതിനാൽ ബാഹ്യമായ സഹായത്തിന്റെ ആവശ്യം വരുന്നില്ല. ആദ്യ ജ്വലനം മാത്രമാണാവശ്യം. തീർച്ചയായും, ഒരു പരിധി വരെ നേരിട്ടുള്ള മേൽ നോട്ടം വേണം. ചക്രവണ്ടിയില്ലാതെ ഒരു കുഞ്ഞ് നടക്കാൻ പഠിക്കുന്നതു വരെ.

ഈ കുഞ്ഞ് – ചക്രവണ്ടി ആശയത്തെ തുടർന്നു വരുന്ന അദ്ധ്യയങ്ങളിൽ ഞാൻ വിശദീകരിക്കുന്നതാണ്.

ഈശ്വരന്റെ ആദിമ ഊർജ്ജത്തിന്റെ മൂർത്തമായ പ്രത്യക്ഷീകരണമാണ് ഈ കോസ്മോസ് (മനുഷ്യജീവികളും ഉൾപ്പെടുന്നു). ദൈവീകത്വം പ്രപഞ്ചമായി അവതരിക്കുന്നു. അല്ലെങ്കിൽ ഈ ദൃശ്യ പ്രപഞ്ചവും അതിനപ്പുറവുമായി പ്രത്യക്ഷീഭവിക്കുന്നു. അതോടൊപ്പം അതിൽ വ്യാപിക്കുകയും ചെയ്യുന്നു.

മനുഷ്യനെ സംബന്ധിച്ചിടത്തോളം അന്തരാത്മാവിൽ കുടികൊള്ളുന്ന അതേ ദൈവീകത്വം തന്നെയാണ് മനുഷ്യശരീരമായി പ്രത്യക്ഷീകരിക്കുന്നത്. ഇതിന്റെ ഫലമായി സമാന്തരമായ രണ്ട് സൃഷ്ടി നടക്കുന്നതായ തോന്നലുണ്ടാകുന്നു. ഒന്ന് മനുഷ്യവർഗ്ഗമെന്ന സമഷ്ടിതലത്തിലും മറ്റൊന്ന് വ്യക്തിഗതതലത്തിലും.

ദൈവീകത്വം അല്ലെങ്കിൽ പരമമായ പ്രപഞ്ചശക്തി ഒന്നു മാത്രമാണ് സ്ഥിതി ചെയ്യുന്നത്. മറ്റൊന്നുമല്ല. അതിനാൽ പരമമായ ദൈവീകത്വത്തോടുള്ള ആത്മസമർപ്പണം അല്ലെങ്കിൽ അന്തരാത്മാവിൽ ദൈവീകത്വത്തിന്റെ പ്രത്യക്ഷീകരണം എന്ന ആശയമാണ്, ഇതു രണ്ടും ഒന്നു തന്നെ, ഇതാണ് ഈ പുസ്തകത്തിന്റെ പ്രാഥമിക ഫോക്കസ്.

ഈ ഊർജം തന്നെയാണ് പരമമായ ദൈവീകത്വം, ഈ ഊർജ മാണ് ഈശ്വരൻ.

പരമമായ ഊർജം ദൃശ്യപ്രപഞ്ചവും അതിലപ്പുറവുമായും മനുഷ്യ വർഗ്ഗത്തിന്റെ സമഷ്ടി ബോധമായും പ്രത്യക്ഷീകരിക്കുന്നു.

എങ്കിലും ഈ ഊർജം (മനുഷ്യവർഗ്ഗത്തിന്റെ സൃഷ്ടിക്കുശേഷം അല്ലെങ്കിൽ മനുഷ്യരൂപത്തിലുള്ള ദൈവീക പ്രത്യക്ഷീകരണത്തി നുശേഷം) ബൃഹത്തും അനന്തവുമായ പ്രപഞ്ചത്തിന്റെ അഗാധത യിലെവിടെയോ നിദ്രാവസ്ഥയിൽ സ്ഥിതി ചെയ്യുന്നു. പ്രപഞ്ചത്തിൽ ഇതിന്റെ സ്ഥാനം എവിടെയാണെന്ന് കൃത്യമായി നിർണ്ണയിക്കുക സൈദ്ധാന്തികമായി സാധ്യമല്ലാതിരിക്കെ ഇത് സ്വയം വെളിപ്പെടു ത്തേണ്ടിയിരിക്കുന്നു. മനുഷ്യബുദ്ധിയ്ക്ക് ദുർഗ്രഹമായ രൂപത്തിലാണ് ഇതു നില കൊള്ളുന്നത്. എങ്കിലും യോഗ അനുശീലനത്തിൽ ഏറെ മുന്നേറിയിട്ടുള്ള ഒരു യോഗിക്ക് ഈ ഊർജത്തെ ഗ്രഹിക്കാനാകും. അജ്ഞാതമായി സ്ഥിതി ചെയ്യുന്ന ഈ ഊർജം മനുഷ്യവർഗ്ഗത്തിന്റെ സമഷ്ടി ചേതനയുമായി ബന്ധപ്പെട്ട ഒരു മിഥ്യാലോകത്തെ ആവിഷ്ക്കരിക്കുകയും നിലനിർത്തുകയും ചെയ്തു കൊണ്ടിരി ക്കുന്നു.

വ്യക്തി തലത്തിൽ മനുഷ്യശരീരമായി പ്രത്യക്ഷീകരിച്ച ശേഷം ഈശ്വരന്റെ ഈ ആദിമ ഊർജം നിദ്രാവസ്ഥയിൽ ഇരിക്കുന്നു. ഇത് മനുഷ്യന്റെ സെറിബ്രോസ്പൈനൽ വ്യവസ്ഥ (Cerebrospinal System)യുടെ മൂലസ്ഥാനത്തിൽ ഗുദത്തിനും ലൈംഗികാവയവസ്ഥാ നത്തിനും ഇടയിൽ സ്ഥിതി ചെയ്യുന്നു. വ്യക്തിയുടെ അന്തരാത്മാ വിൽ ഒരു മിഥ്യാലോകം ആവിഷ്ക്കരിക്കുകയും നിലനിർത്തുകയും ചെയ്യുന്നു.

ഈ ഊർജ്ജം (മനുഷ്യ ശരീരത്തിന്റെ രൂപത്തിൽ പ്രത്യക്ഷീക രിച്ചിട്ടുള്ളത്) സ്വയം പ്രകാശിതനായ, ആരാധ്യനായ ഒരു ഗുരുവി നാൽ സ്പർശിക്കപ്പെടുമ്പോൾ, റിവേഴ്സ് രീതിയിലേക്ക് തിരിയു ന്നു. മനസ്സ് വിഘടിതമാകുന്നു, അല്ലെങ്കിൽ ഉൾവലിയുന്നു. വ്യക്തി തലത്തിലുള്ള സൃഷ്ടി ശിഥിലമാകുകയും വ്യക്തി സ്വയം പ്രകാശി തമായി ദൈവീകത്വമായി ലയിക്കുകയും ചെയ്യുന്നു.

ഒരേ കാലത്തിൽ മനുഷ്യവർഗ്ഗത്തിനൊന്നാകെ ആത്മസാ ക്ഷാത്ക്കാരം നേടാനാവുക താത്വികമായി സാധ്യമാണോ എന്ന്

വായനക്കാരൻ സംശയിച്ചേക്കാം. പ്രാചീന സംസ്കൃത ഗ്രന്ഥങ്ങൾ പ്രകാരം സൃഷ്ടി ഓരോ യുഗാവസാനത്തിലും (സമഷ്ടിതലത്തിൽ) ഈശ്വരനാൽ തന്നെ ശിഥിലമാക്കപ്പെടുന്നുണ്ട്. ഇവിടെ സൃഷ്ടിയുടെ ചാക്രിക പ്രകൃതവുമായി വായനക്കാരനെ പരിചയപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. പ്രാചീന സംസ്കൃത ഗ്രന്ഥങ്ങൾ പ്രകാരം കാലാകാലങ്ങളിൽ മനുഷ്യവർഗ്ഗത്തിന്റെ സമഷ്ടിതലത്തിലുള്ള സൃഷ്ടിക്ക് സർവ്വേശ്വരൻ തന്നെ പ്രേരണ നൽകുന്നു.

ഈ വിഷയത്തെക്കുറിച്ച് ഞാനിനി പറയുന്നത് തികച്ചും എന്റെ വ്യക്തിപരമായ അഭിപ്രായമാണ്. ഇത്രയും മഹത്തായ ഒരു വിഷയത്തെക്കുറിച്ച് വ്യാഖ്യാനിക്കാൻ മാത്രം അറിവുള്ളവനല്ല ഞാൻ.

ഒരു വ്യക്തിയുടെ കാര്യത്തിൽ സൃഷ്ടി അഴിയുമ്പോൾ (വളരെ നിയന്ത്രിതമായ രീതിയിൽ) ആത്മസാക്ഷാത്കരണം നടക്കുന്നു, യോഗപരിശീലനവും ഗുരുവിന്റെ അനുഗ്രഹവും ഒത്തുചേരുന്നതുകൊണ്ടാണ് അന്തിമമായ ഈ അവസ്ഥയുണ്ടാവുന്നത്. വ്യക്തിതലത്തിൽ സൃഷ്ടി അഴിഞ്ഞു പോകുന്നതെങ്ങനെയെന്ന് തുടർന്നു വരുന്ന അദ്ധ്യായങ്ങളൊന്നിൽ വിശദമാക്കാം.

എങ്കിലും ബ്രഹ്മാണ്ഡതലത്തിൽ സൃഷ്ടി ഈശ്വരനാൽ ശിഥിലമാക്കപ്പെടുമ്പോൾ മനുഷ്യവർഗ്ഗത്തിന്റെ മൊത്തത്തിലുള്ള ആത്മസാക്ഷാത്ക്കരണമെന്ന പ്രതിഭാസം സംഭവിക്കണമെന്നില്ല.

കാരണം വളരെ ലളിതമാണ്.

ഒന്നാമതായി, കോസ്മിക് പ്രളയകാലത്ത് ശാസ്ത്രനിയമങ്ങളുടെ തകർച്ചയെ പിന്തുടർന്നുകൊണ്ട് യോഗയുടെ നിയമങ്ങളുടെ തകർച്ച അനുഭവിക്കാൻ മൊത്തം മനുഷ്യരാശിയ്ക്ക് മതിയായ സമയം ഉണ്ടാകണമെന്നില്ല. (ശാസ്ത്രത്തിന്റേയും യോഗയുടേയും നിയമങ്ങളുടെ തകർച്ച (ശിഥിലീകരണം) സംഭവിക്കുന്നതെങ്ങനെയെന്ന് തുടർന്ന വരുന്ന അദ്ധ്യായങ്ങളിൽ ഞാൻ വിശദമാക്കുന്നുണ്ട്.

രണ്ടാമതായി, ദൈവീക നിശ്ചയം കൊണ്ടു മാത്രമാണ് ആത്മസാക്ഷാത്കാരം സംഭവിക്കുക. പരമദൈവികത പ്രകൃത്യാൽതന്നെ നിഗൂഢമാണെന്ന വസ്തുത നല്ലവണ്ണം അറിയപ്പെടുന്ന കാര്യവുമാണ്. ഈ വിഷയത്തിൽ ഇതിൽ കൂടുതൽ പറയാൻ ഞാൻ പ്രാപ്തനല്ല.

വ്യക്തിയെ സംബന്ധിച്ചാണെങ്കിൽ, അവൻ/അവൾ ദൈവീകത്വം തന്നെയാണെന്ന ആത്മപ്രകാശം അല്ലെങ്കിൽ ആത്മസാക്ഷാത്ക്കാരം ലഭിക്കുന്നതിലൂടെ പരമോർജ്ജത്തിന്റെ സ്വഭാവത്തെക്കുറിച്ചു നേരിട്ടുള്ള ജ്ഞാനത്തിലേക്ക് എത്തപ്പെടുന്നു; കാരണം പരമമായ ഊർജ്ജം തന്നെയാണ് വ്യക്തിയിലെ അന്തരാത്മാവ്.

അതിനാൽ, ഒരു വ്യക്തിയ്ക്ക് പരമമായ ആദിമോർജ്ജത്തിന്റെ സ്രോതസ്സിനായി ഈ ബ്രഹ്മാണ്ഡത്തിൽ വേറെയെവിടെയെങ്കിലും അന്വേഷിക്കേണ്ടി വരുന്നില്ല. വ്യക്തിയുടെ 'ആത്മ'ത്തിൽ ഇത് നില കൊള്ളുന്നു... 'ആത്മ' (Self) തന്നെയാണിത്.

നട്ടെല്ലിന്റെ മൂലഭാഗത്തു സ്ഥിതി ചെയ്യുന്ന ഈ ആദിമോർജ്ജം (ജ്വലനാനന്തരം) സെറിബ്രോസ്പൈനൽ സിസ്റ്റത്തിലൂടെ മുകളിലേക്ക് കയറിത്തുടങ്ങുന്നു. മസ്തിഷ്കത്തിലേക്ക് ഈ ഊർജ്ജം പ്രവേശിക്കുമ്പോൾ ഈ ഊർജ്ജത്തിന്റെ ചലനം അയാൾക്ക് സ്വന്തം ശരീരത്തിൽ നേരിട്ട് അനുഭവിക്കാനാകും.

ഈ പ്രക്രിയയെക്കുറിച്ച് ആധുനിക ശാസ്ത്രത്തിന് യുക്തിഭദ്രമായ ഒരു വിശദീകരണം നൽകാൻ കഴിയുന്നില്ല. നേരിട്ടുള്ള അനുഭവം തന്നെയാണ് ഇതിൽ വിശ്വാസം വരാനുള്ള ഏകമാർഗ്ഗം. കൂടാതെ ശരീരത്തിനകത്തുള്ള ഊർജത്തിന്റെ ചലനം മാത്രമല്ല ഇവിടെ നടക്കുന്നത്. തുടക്കത്തിൽ ഈ ഊർജം ഞരമ്പുകളിൽ അപ്രതീക്ഷിതമായ കുഴപ്പം ഇളക്കി വിടുന്നു. അതിന്നു ശേഷം വ്യക്തിയുടെ ഭാഗത്തുനിന്നും സ്വമേധയാലുള്ള സഹായമൊന്നും കൂടാതെ തന്നെ മനുഷ്യമനസ്സിലുള്ള ഇന്ദ്രിയവിഷയകരമായ എല്ലാ അടയാളങ്ങളേയും എടുത്തു കളയുന്നു. മനസ്സിനും കോസ്മിക് ഊർജത്തിനും ഇടയിൽ ദൈവീകമായ ഒരു പൊതുപ്രതലം (Interface) നിർമ്മിക്കപ്പെടുന്നു.

മസ്തിഷ്കത്തിലേക്ക് ഈ ഊർജം പ്രവേശിക്കുമ്പോൾ മനസ്സ് ഉയർന്നതട്ടിലേക്ക് ഉയർത്തപ്പെടുന്നു. കേവല ജ്ഞാനത്തിന്റെ ആദ്യ കിരണം ഒരു വ്യക്തിയിൽ ഉദയം കൊള്ളുമ്പോൾ, അന്തരാത്മാവിൽ അനുഭവവേദ്യമാകുന്ന പരമാനന്ദം വിശദീകരണങ്ങൾക്കപ്പുറമാണ്. ഈ ഭൂമിയുടെ ഭാഷകളൊന്നും തന്നെ അതിന് പ്രാപ്തവുമല്ല.

യാതൊരു ശാസ്ത്രീയ വിജ്ഞാനത്തിനും-പ്രാചീനമോ ആധുനികമോ ആയ-ഈ വിസ്ഫോടകമായ പ്രതിഭാസത്തിന് യുക്തി

ഭദ്രമായ വിശദീകരണം നൽകാൻ സാധ്യമല്ല.

കുണ്ഡലിനി ഊർജം അല്ലെങ്കിൽ കോസ്മിക് ഊർജം ഒരു വ്യക്തിയിൽ ഉണരുമ്പോൾ ഇതാണ് സംഭവിക്കുന്നത്..

ഇതാണ് യോഗ–പരമദൈവീകത്വവുമായി ലയിക്കുന്ന കോസ്മിക് മെക്കാനിസം. കുണ്ഡാലിനി ഊർജം ഉണർത്തുന്നതുമായി ബന്ധപ്പെട്ട എന്റെ വ്യക്തിപരമായ അനുഭവങ്ങളാണ് ഈ പുസ്തകത്തിൽ. ഒന്നും തന്നെ ഒളിച്ചുവയ്ക്കാതെ, എന്റെ അനുഭവങ്ങളെ പൂർണ്ണമായും പകർത്താൻ ഞാൻ ശ്രമിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള അനുഭവ–ആഖ്യാനങ്ങൾ യോഗപാരമ്പര്യത്തെ ലംഘിക്കുന്നതാണെങ്കിലും, തികച്ചും നിസ്വാർത്ഥമായ ലക്ഷ്യത്തോടുകൂടിയാണ് ഞാനിത് ചെയ്തിരിക്കുന്നത്. യോഗ എന്നു പറയുമ്പോൾ പൊതുവായനക്കാരിൽ ചില ആസനങ്ങളും ശ്വസനപ്രക്രിയകളുമാണെന്ന ധാരണകയാണുണ്ടാകുന്നത്. ഈ ടെക്നിക്കുകളെല്ലാം തന്നെ കോസ്മിക് ഊർജത്തെ ഉണർത്താനുള്ള വഴികളാണ്. എന്നാൽ ഈ ടെക്നിക്, അതു മാത്രമായി, യോഗ ആകുന്നില്ല. എങ്കിലും എല്ലാ ആസനങ്ങളും ശ്വസനപ്രക്രിയകളും കൂടി ചേരുമ്പോൾ ഒരു സ്വതന്ത്ര യോഗ സിസ്റ്റം ഉണ്ടാകുന്നുണ്ട്. കുണ്ഡലിനി അല്ലെങ്കിൽ കോസ്മിക് ഊർജം ഉണർന്നു കഴിയുന്നതോടുകൂടി ഇതിന്റെ ലക്ഷ്യം നിറവേറ്റപ്പെടുന്നു.

ഇതുപോലെ നിദ്രാവസ്ഥയിലുള്ള കോസ്മിക് ഊർജത്തെ സക്രിയമാക്കുന്നതിന് ഉപയോഗിക്കുന്ന ഒരു വിദ്യയാണ് ധ്യാനം. ഊർജം ഉണരുന്നതോടുകൂടി ഇതിന്റെയും ലക്ഷ്യം പൂർത്തീകരിക്കപ്പെടുന്നു. ഈശ്വരഭക്തി, ഫലേച്ഛ കൂടാതെയുള്ള കർമ്മം ചെയ്യൽ, തുടങ്ങിയ മറ്റു വിദ്യകളും ഉപയോഗിക്കാം.

ഓരോ യോഗസമ്പ്രദായത്തിലും കോസ്മിക് ഊർജത്തെ സക്രിയമാക്കുന്നതിനുള്ള പ്രത്യേക വിദ്യകളുണ്ട്. എല്ലാ താന്ത്രിക് അനുശീലനങ്ങളിലും ഇത് പ്രയോഗയോഗ്യമാണ്. ഈ വിദ്യ ഒരു മാർഗ്ഗം മാത്രമാണ്. ഒരു വ്യക്തിയിൽ കോസ്മിക് ഊർജം ഉണർന്നതിന് ശേഷമാണ് 'യോഗ' അത്തരത്തിൽ ആരംഭിക്കുന്നത്. 'ഒരു മടക്കയാത്ര'യ്ക്ക് തുല്യമാണ് ഈ പ്രക്രിയ, ഒരു വ്യക്തി പിൻതിരിഞ്ഞ് നടക്കാൻ തുടങ്ങുമ്പോഴാണ് ഇതാരംഭിക്കുന്നത്.

വ്യക്തി അല്ലെങ്കിൽ ജീവാത്മാവ് ഈശ്വരനെന്ന് വിളിക്കുന്ന പരമാത്മാവുമായി കൂടിച്ചേരുന്നതാണ് യോഗ. എന്നാൽ ഈഗോ, ബുദ്ധി,

മനസ്സ്, പഞ്ചേന്ദ്രിയങ്ങൾ എന്നിവയിലൂടെ കോസ്മിക് ഊർജ്ജം ഒരു മിഥ്യാലോകത്തെ ആവിഷ്കരിക്കുന്ന കാലത്തോളം ഈ പ്രക്രിയ തുടങ്ങുക സാധ്യമല്ല.

ആദ്യം തന്നിലേക്ക് തന്നെ നോക്കണം. ഒരു വ്യക്തിയ്ക്ക് ഈ പ്രവർത്തനം സ്വയം സാധിക്കുന്നതല്ല.

കോസ്മിക് ഊർജ്ജം സക്രിയമായാൽ മടക്കയാത്ര അല്ലെങ്കിൽ മനസ്സിന്റെ (psyche) വിഘടനം അല്ലെങ്കിൽ ഉൾവലിയൽ ആരംഭിക്കുന്നു. വ്യക്തിഗത തലത്തിൽ സൃഷ്ടിയുണ്ടായതെവിടെനിന്നോ ആ സ്രോതസ്സിലേക്ക് ലയിക്കുന്നു. ഈ സ്രോതസ്സിനെ ഒരു വ്യക്തിയുടെ അന്തരാത്മാവ് അല്ലെങ്കിൽ സത്ത എന്നു വിളിക്കുന്നു. ഈശ്വരന്റെ പ്രകൃതി തന്നെയാണിതിനും. തീയിലെ നാളം പോലെ.

അതുകൊണ്ട് വ്യത്യസ്തങ്ങളായ സ്വതന്ത്രയോഗ സമ്പ്രദായങ്ങളിലൂടെ, പലതരം ടെക്നിക്കുകൾ ഉപയോഗിച്ചുകൊണ്ട് ഈ കോസ്മിക് ഊർജത്തെ ഉണർത്തുന്നു. കുണ്ഡലിനി അല്ലെങ്കിൽ കോസ്മിക് ഊർജ്ജം ഉണർന്നതിനുശേഷം എല്ലാം സ്വതന്ത്രയോഗാസമ്പ്രദായങ്ങളും ഒരൊറ്റ മഹത്തായ പാതയിൽ ലയിക്കുന്നു.

# സിദ്ധ മഹായോഗ

ഇതാണ് മഹത്തായ മാർഗ്ഗം, അഥവാ മഹത്തായ യോഗ സമ്പ്രദായം - കുണ്ഡലിനി ഉണർന്നതിന് ശേഷമാണ് ഇത് ആരംഭിക്കുന്നത് - ഇതാണ് സിദ്ധ മഹായോഗ എന്നറിയപ്പെടുന്ന യോഗമുറ. ഇന്നു നിലവിലുള്ള എല്ലാ യോഗ മുറകളും താന്ത്രിക് പരിശീലനങ്ങൾ, മതപരമായ പരിശീലനങ്ങൾ, ശാസ്ത്രങ്ങൾ, സിദ്ധാന്തങ്ങൾ, തത്ത്വങ്ങൾ, എന്നിവയെല്ലാം അടിസ്ഥാനപരമായി മനുഷ്യശരീരത്തിനുള്ളിൽ നിഗൂഢമായി സ്ഥിതി ചെയ്യുന്ന പ്രപഞ്ചശക്തിയെ ഉണർത്താനുള്ളവയാണ്. ഇത് നേരിട്ട് ചെയ്യാവുന്നതാണ്, അല്ലെങ്കിൽ പരോക്ഷമായി, അതിന്റെ റിവേഴ്സ് രീതിയിലുള്ള നാശം അല്ലെങ്കിൽ ഉള്ളിലേക്കുള്ള തിരിച്ച് പോക്കിനെ എങ്ങനെയെങ്കിലും പ്രവർത്തനനിരതമാക്കുന്ന വിവിധ തരത്തിലുള്ള ടെക്നിക്കുകൾ ഉപയോഗിച്ചു കൊണ്ടാവാം. പ്രപഞ്ചശക്തിയെ ഉണർത്താൻ സാധാരണയായി ഉപയോഗിച്ചു വരുന്ന പലതരത്തിലുള്ള സമ്പ്രദായങ്ങളെ കുറിച്ച് ഇതിനുമുമ്പൊരു അദ്ധ്യായത്തിൽ ഞാൻ വിവരിച്ചിട്ടുണ്ട്.

ആത്മസാക്ഷാത്കാരത്തിനു വേണ്ടി മനുഷ്യശരീരത്തിനുള്ളിലുള്ള പ്രാമാണികമായ കോസ്മിക് മെക്കാനിസമാണിത്. സാങ്കേതികമായി മറ്റു യാതൊരു വിധത്തിലും ആത്മസാക്ഷാത്ക്കാരം സംഭവിക്കുക സാധ്യമല്ല. സത്യത്തിൽ പരമദൈവീകത്വത്തിൽ നിന്ന് മനുഷ്യവംശത്തിന് ലഭിച്ച സമ്മാനമാണിത്. പ്രപഞ്ചശക്തിയുടെ ഈ ഉണരൽ ഒരു മനുഷ്യന് അവന്റെ ശരീരത്തിൽ അനുഭവിക്കാൻ സാധിക്കും. ഈ സിദ്ധാന്തത്തിന്റെ പ്രാമാണ്യത്തെ കുറിച്ച് ഇപ്പോഴും ഏതെങ്കിലും തരത്തിലുള്ള സംശയം കൊണ്ടു നടക്കുന്ന ഒരു വ്യക്തിയ്ക്ക് ഇതിൽ കൂടുതൽ എന്ത് തെളിവാണ് വേണ്ടത്?

സംഹാരം അല്ലെങ്കിൽ ഉൾവാങ്ങലിന്റെ ആവശ്യമെന്താണ്?

ഓരോ മനുഷ്യന്റെയും സത്തയുടെ അധിഷ്ഠാനം അല്ലെങ്കിൽ

അവനിൽ കുടികൊള്ളുന്ന ദൈവികത വെളിപ്പെടണമെങ്കിൽ മനുഷ്യന്റെ സൃഷ്ടി അല്ലെങ്കിൽ പരിണാമം അതേ പ്രപഞ്ചോർജ്ജത്താൽ അഴിക്കപ്പെടേണ്ടിയിരിക്കുന്നു. അതിനാൽ സംഹാരം അല്ലെങ്കിൽ ഉൾവാങ്ങൽ ആവശ്യമായി വരുന്നു. ഇതു തന്നെയാണ് ആത്മസാക്ഷാത്ക്കാരം അല്ലെങ്കിൽ പരിത്രാണം. ഒരു വ്യക്തിയിൽ ഉൾവാങ്ങൽ അല്ലെങ്കിൽ സൂക്ഷ്മശരീരത്തിന്റെ നാശം എന്ന ഈ പ്രക്രിയ എങ്ങനെ സംഭവിക്കുന്നുവെന്നതിനെക്കുറിച്ച് ഞാൻ തുടർന്ന് വിശദമാക്കുന്നുണ്ട്.

ഈ ആദിപരാശക്തി മനുഷ്യനായി പ്രകടമായശേഷം (പ്രപഞ്ചത്തിന്റെ ലഘുരൂപം) സെറിബ്രോസ്പൈനൽ സിസ്റ്റത്തിന്റെ മൂലത്തിൽ നിഷ്ക്രിയമായി സ്ഥിതി ചെയ്യുന്നു. സൃഷ്ടിയുടെ ഘട്ടം കഴിഞ്ഞു എന്ന വസ്തുതയെ എടുത്തു കാണിക്കുന്നതിനാണ് നിഷ്ക്രിയമായി എന്ന് വാക്ക് ഉപയോഗിച്ചിരിക്കുന്നത്. എന്നാൽ, ഈ പരമ ശക്തി യഥാർത്ഥത്തിൽ നിഷ്ക്രിയമല്ല. ഈ ശക്തി മനുഷ്യന്റെ ആത്മാവിൽ തുടർന്നും ബുദ്ധി, അഹംബോധം, മസ്സ്, പഞ്ചേന്ദ്രിയങ്ങൾ എന്നിവയിലൂടെ ഒരു മായാലോകം നിലനിർത്തുന്നു.

സമർത്ഥനായ ഒരു ഗുരുവിനാൽ ഈ ഊർജ്ജം ഉണർത്തപ്പെട്ടു കഴിഞ്ഞാൽ, പിന്നീടത് റിവേഴ്സ് രീതിയിലാകുകയും യോഗ പരിശീലിക്കുന്ന വ്യക്തിയുടെ ആത്മബോധത്തെ ഇല്ലാതാക്കുകയും ചെയ്യും. ഒടുവിൽ ഊർജം അതിന്റെ ഉറവിടത്തിലേക്ക് നയിക്കുന്നു. മനുഷ്യമനസ്സിനെ പരമമായ ജ്ഞാനം കൊണ്ടു നിറയ്ക്കുന്നു. ആത്മഭാവം അഥവാ ദൈവീകത വെളിപ്പെടുന്നു. അതിനാൽ മനുഷ്യജീവികളെ സൃഷ്ടിച്ച അതേ ആദിപരാശക്തിയ്ക്ക് അതേ വിധത്തിലും റിവേഴ്സ് ക്രമത്തിലും സൃഷ്ടിയെ അഴിക്കേണ്ടതായും വരുന്നു.

പ്രാചീനകാലം മുതൽ ലോകത്തെമ്പാടും വ്യത്യസ്ത രീതികളിൽ വ്യാഖ്യാനിക്കപ്പെട്ടു വരുന്ന 'ജീവിതത്തിന്റെ' സത്ത ഇതാണ്. അതിനാൽ മനുഷ്യന് ദൈവീകമായ കൃപയില്ലാതെ സ്വന്തം പ്രയത്നം കൊണ്ടുമാത്രം ആത്മസാക്ഷാത്കാരം എന്ന അവസ്ഥയിൽ എത്തിച്ചേരാൻ സാധ്യമല്ല.

ഒരു വ്യക്തി ലോകമെമ്പാടും അന്വേഷിച്ചു കൊണ്ടു നടന്നേക്കാം, മതപരമായി ഏറ്റവും ഉയർന്ന നിലയിലുള്ള കർക്കശമായ പ്രവൃത്തികൾ ചെയ്തേക്കാം. എന്തും ചെയ്തേക്കാം, എല്ലാം ചെയ്തേക്കാം,

എന്നാലും അവയെല്ലാം നിഷ്ഫലമാകും. അതിനാൽ ആദ്യമായി ആത്മസാക്ഷാത്കാരം നേടിയ ആരാധ്യനായ ഒരു ആചാര്യൻ അല്ലെങ്കിൽ ഒരു ഗുരുവിന്റെ സഹായത്താൽ ഈ ഊർജം വ്യക്തിയിൽ ഉണർത്തപ്പെടേണ്ടിയിരിക്കുന്നു. അതുവരെ പ്രയോക്താവിന് താത്ക്കാലികമായി മനസ്സമാധാനം കിട്ടുമെന്നല്ലാതെ ഈ പ്രയത്നങ്ങൾ കൊണ്ടൊന്നും മറ്റു യാതൊരു ഗുണവും ഉണ്ടാകുന്നില്ല.

അതിനാലാണ് പൊതുവെ ഈ ലോകത്തെ എല്ലാ മതസമ്പ്രദായങ്ങളും ദൈവത്തിലുള്ള പരിപൂർണ്ണമായ ആത്മസമർപ്പണത്തിന് ഊന്നൽ നൽകുന്നത്. ആത്മസാക്ഷാത്കാരത്തിനുള്ള ഏക മാർഗ്ഗം ഇതുമാത്രമാണ്.

ഒരു മനുഷ്യനിൽ ഒരിക്കൽ ഈ പ്രപഞ്ചശക്തി ഉണർന്നു തുടങ്ങിയാൽ എല്ലാ പാതകളും ഈശ്വരൻ എന്ന മഹത്തായ ഏക ആശ്രയത്തിലേക്ക് കൂടിചേരുകയും അത്യന്തികമായ പരിത്രാണത്തിലേക്ക്, അതായത് ആ വ്യക്തിയുടെ ആത്മസാക്ഷാത്കാരത്തിലേക്ക് നയിക്കുകയും ചെയ്യും. ഒരു വ്യക്തിയിൽ കുണ്ഡലിനി ഉണർന്നു കഴിഞ്ഞാൽ ദൈവീകതയെ കുറിച്ച് അതേവരെ അയാൾക്കുണ്ടായിരുന്ന എല്ലാ ആശയങ്ങൾക്കും വലിയ മാറ്റം സംഭവിക്കും. മതങ്ങൾ തമ്മിലുള്ള വ്യത്യാസം പിന്നീടൊരിക്കലും മനസ്സിൽ നിലനിൽക്കുകയും ഇല്ല.

ഇതിനെ നിങ്ങൾക്ക് ഒരു 'മഹത്തായ' മതമെന്നോ, യോഗ സമ്പ്രദായമെന്നോ അല്ലെങ്കിൽ ഒരു ഏകീകൃത സിദ്ധാന്തമെന്നോ വിളിക്കാം.

ബുദ്ധിശക്തികൊണ്ട് ഗ്രഹിക്കാൻ കഴിയാത്ത ഒരു സംഗതിയെ വർണ്ണിക്കുന്ന കാര്യത്തിൽ ഈ ലോകത്തെ എല്ലാ ഭാഷകൾക്കും-ഇവയുടെ ഉത്ഭവം മനുഷ്യ മനസ്സാണല്ലോ-അവയുടേതായ പരിമിതിയുണ്ട്.

അതിനാൽ ഒരു വ്യക്തിയിൽ നിഷ്ക്രിയമായി കിടക്കുന്ന ഈ ഊർജത്തെ സക്രിയമാക്കുന്നതിലേക്ക് നയിക്കുന്ന വ്യത്യസ്തമായ വഴികൾ അല്ലെങ്കിൽ പ്രവർത്തനരീതികൾ നൽകാൻ മാത്രമേ വ്യത്യസ്ത മതങ്ങൾക്കും ഫിലോസഫികൾക്കും, സിദ്ധാന്തങ്ങൾക്കും യോഗ സമ്പ്രദായങ്ങൾക്കും മറ്റും സാധ്യമാകൂ. ഇവിടം മുതൽ എല്ലാവരിലും ഈശ്വരനെ കുറിച്ചുള്ള പ്രത്യക്ഷബോധം ഒരു

മഹത്തായ ആശയത്തിലേക്ക് കൂടിച്ചേരുന്നു! ഇവിടം മുതൽ മനസ്സിന്റെ ഘടനയ്ക്ക് തന്നെ വളരെ വലിയ മാറ്റങ്ങൾ ഉണ്ടാകുമെന്ന് ഉറപ്പിച്ച് പറയാൻ എനിക്ക് കഴിയും. ദൈവീകത എന്ന ആശയം തന്നെ ഗാഢമായ മാറ്റത്തിന് വിധേയമാകും. ഒരദ്ധ്യായത്തിൽ ഞാനിതിനെ കുറിച്ച് വിശദമായി പറഞ്ഞിട്ടുണ്ട്. സ്പഷ്ടമായി പറഞ്ഞാൽ ഒരു യോഗ പ്രയോക്താവിന് പോലും തനിക്ക് സംഭവിച്ചത് എന്താണെന്ന് മനസ്സിലാകുകയില്ല. മിന്നൽപ്പിണർ പോലെയാണ് മനസ്സിന് വേണ്ട രൂപപരിണാമം സംഭവിക്കുന്നത്. പിന്നീട് ഈ ആദിപരാശക്തി വ്യക്തിയിൽ നിന്ന് സ്വമേധയാലുള്ള പരിശ്രമം ഒന്നും കൂടാതെ തന്നെ ആത്മസാക്ഷാത്കാരത്തിലേക്ക് അയാളെ നയിക്കുന്നു.

സിദ്ധ മഹാ യോഗ പ്രയോക്താക്കളുടെ കാര്യത്തിൽ ഇതിനകം തന്നെ മനുഷ്യവംശത്തിന്റെ നന്മയ്ക്കായി ആദിപരാശക്തിയുടെ ഒരു മാധ്യമമായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന, ഗുരുവിന്റെ അല്ലെങ്കിൽ ആരാധ്യനായ ഒരു ആചാര്യന്റെ അനുഗ്രഹം കൊണ്ടാണ് ഈ പ്രപഞ്ചശക്തി സക്രിയമാകുന്നത്. ശക്തിപഥ് അല്ലെങ്കിൽ 'ഊർജത്തിന്റെ കീഴോട്ടുള്ള ഇറക്കം' എന്ന വിദ്യ ഉപയോഗിച്ചു കൊണ്ട് ഗുരു ഈ ശക്തിയെ കൈകാര്യം ചെയ്യുന്നു.

ഈ പുസ്തകത്തിൽ തന്നെ ഞാനാ വിദ്യയെ കുറിച്ച് വിശദമാക്കുന്നുണ്ട്.

അതിനാൽ, ഈ യോഗ സമ്പ്രദായം സ്വതന്ത്രമായ ഒന്നല്ല, മറ്റു യോഗമുറകളെപോലെ നിഷ്ക്രിയമായിരിക്കുന്ന കുണ്ഡലിനിയെ ഉണർത്താൻ വിവിധ യോഗമുറകളും വ്യത്യസ്തങ്ങളായ മാർഗ്ഗങ്ങളും ടെക്നിക്കുകളും ഉപയോഗിക്കുന്നുവെന്നു മാത്രം. എങ്കിലും ആത്യന്തികമായി എല്ലാ വഴികളും ഒരേ ദൈവീകത്വത്തിലേക്കാണ് നയിക്കുന്നതെന്ന അവബോധം ഉണ്ടാകുന്നതോടുകൂടി വിവിധങ്ങളായ അനുശീലനങ്ങളുടെ എല്ലാ വഴികളും മഹത്തായ ഒരേയൊരു പാതയായി പ്രത്യക്ഷീകരിക്കുന്നു.

നാനാതരത്തിലുള്ള വിശുദ്ധ ഗ്രന്ഥങ്ങൾ, മതങ്ങൾ, ഫിലോസഫികൾ, സിദ്ധാന്തങ്ങൾ, യോഗമുറകൾ, താന്ത്രിക രീതികൾ, മുതലായവയുടെ സഹായത്തോടെ മനുഷ്യവർഗ്ഗം തേടുന്ന അതേ പ്ലാറ്റ്ഫോം സിദ്ധമഹായോഗയുടെ പ്രയോക്താവിന് മുമ്പേ തന്നെ ലഭിച്ചു കഴിഞ്ഞിട്ടുണ്ട്. അതിനാലാണ് അതിനെ മഹത്തായ യോഗ

എന്നു വിളിക്കുന്നത്.

എങ്കിലും, ഒരു ഗുരുവിന്റെ ദിവ്യാനുഗ്രഹവർഷം കൊണ്ട് സിദ്ധ മഹായോഗയുടെ പ്രയോക്താവിന് നേരിട്ട് ലഭിക്കുന്ന ഈ ഉന്നത മായ ആത്മീയ തലം ഒരു രാത്രി കൊണ്ടോ, ഏതാനും വർഷം കൊണ്ടോ ഒരു വ്യക്തിയെ ആത്മസാക്ഷാത്ക്കാരത്തിലേക്ക് എത്തി ക്കുന്നില്ല. കുണ്ഡലിനിയെ ഉണർത്തുന്നതിൽ മാത്രമാണ് ശക്തിപഥ് ഉപകാരപ്പെടുന്നത്.

ഈ ഊർജത്തിന്റെ ഉണർവ്വ് ഒരു പ്രയോക്താവിനെ സാധാരണ ജീവിതത്തിലേക്കുള്ള തിരിച്ചുപോക്കിനെ തടയുന്ന ഒരു പാതയി ലേക്ക് എത്തിക്കുന്നു. ഒരു പക്ഷേ, ഈ ഘട്ടത്തിലാകും പല പൂർവ്വ ജന്മങ്ങളുടെയും സ്വപ്നം സഫലീകൃതമാകുന്നത്. ഒരു വ്യക്തിയിൽ കുണ്ഡലിനിയുടെ ഉണർച്ച വളരെ അപൂർവ്വമായ പ്രതിഭാസമാണ്. യഥാർത്ഥത്തിൽ, മനുഷ്യർ ചെയ്യുന്ന എല്ലാ ഈശ്വരാരാധനയുടേയും ലക്ഷ്യം ഇതുമാത്രമാണ്. എല്ലാ യോഗമുറകളും താന്ത്രിക് അനുശീ ലനങ്ങളും ലക്ഷ്യമിടുന്നതും ഇതു മാത്രമാണ്. ആത്മീയ തലത്തിൽ നിന്ന് നോക്കുകയാണെങ്കിൽ സാങ്കേതികമായി, കുണ്ഡലിനിയുടെ ഉണർച്ച കൂടാതെ ഒന്നും തന്നെ സംഭവിക്കുകയില്ല. സാധാരണ യായി ഒരു ജീവിതം കൊണ്ട് ഈ ദിവ്യാനുഗ്രഹം നേടാൻ ഒരു വ്യക്തിക്കും സാധ്യമല്ല. അതിനാൽ അനേകം പൂർവ്വജന്മങ്ങളുടെ കഠിനയത്നമാണ് അല്ലെങ്കിൽ സ്വപ്നമാണ് ഒടുവിൽ ഈയൊരു ദിവ്യാനുഗ്രഹത്തിൽ പൂർണ്ണത നേടുന്നത്.

ലൗകീകമായ കാഴ്ചപ്പാടിൽ നിന്നു നോക്കുകയാണെങ്കിൽ, ഭൗതീ കമായി അത്ഭുതകരമായ ഒന്നും തന്നെ സംഭവിക്കുകയില്ലെന്ന് പറ യാം. എന്നാൽ ദിവ്യത്വത്തിന്റെ കാഴ്ചപ്പാടിൽ ഒരു പ്രയോക്താവിന് എല്ലാം തന്നെ നൽകപ്പെട്ടിട്ടുണ്ട്. ഒരു വ്യക്തിയിൽ കുണ്ഡലിനി ഉണ രുമ്പോഴെല്ലാം ഭൗതീകമായി എന്തെങ്കിലും സംഭവിക്കുമെന്നത് മനു ഷ്യവർഗ്ഗത്തിൽ പ്രചരിച്ചിട്ടുള്ള ഒരു മിത്ത് മാത്രമാണ്. ഏതൊരു ദൈവത്തിന്റെയും അൽത്താരയിലേക്ക് പോകുന്ന ഏതൊരാളും എന്തെങ്കിലുമൊക്കെ അഭ്യർത്ഥിക്കുന്നതിനാണ് പോകുന്നതെന്ന കാര്യം എല്ലാവർക്കും അറിയുന്നതാണ്. ആത്മീയമായ കാഴ്ചപ്പാ ടിൽ നിന്നു കൊണ്ട് ദിവ്യാനുഗ്രഹം മാത്രം തേടികൊണ്ട് ചെല്ലുക വളരെ അപൂർവ്വമാണ്. പരമ ദൈവീകത അനുഗ്രഹം ചൊരിയുന്ന തെപ്പോഴും കുണ്ഡലിനിയുടെ ഉണർവ്വിന്റെ രൂപത്തിലായിരിക്കും.

മനുഷ്യരുടെ നിസ്സാരമായ ലൗകീക മായാമോഹങ്ങളുമായി ദൈവീകതയ്ക്ക് സംബന്ധമൊന്നുമില്ല.

ഏവർക്കും ഈ യോഗമുറയിലേക്ക് ദീക്ഷാപൂർവക പ്രവേശം സാധ്യമല്ല. കാരണം ചിലർക്ക് ഇതിന്റെ ശക്തി താങ്ങുക പ്രയാസകരമായിരിക്കും. കൂടാതെ, ഇതിന് ആവശ്യമായ അവസ്ഥകളുടെ (മാനസികമായ) അഭാവത്തിൽ ഈ ഊർജ്ജം ഒരു വ്യക്തിയിൽ പ്രവർത്തിക്കണമെന്നില്ല. അതിനാലായരിക്കണം ഈ യോഗ സമ്പ്രദായത്തിന്റെ നിലനിൽപ്പ് പ്രചാരത്തിലിരിക്കുന്ന സാമൂഹ്യസാഹചര്യങ്ങൾക്ക് വിധേയമായി ഓരോ അറുന്നൂറ് കൊല്ലത്തിലും മാറി മാറി നിഗൂഢമായും, പരസ്യമായും നിലനിർത്തിപ്പോരുന്നത്. ശക്തിപഥ സംഘത്തിലെ സഹോദരർക്കിടയിൽ ഇത് വ്യാപകമായി വിശ്വസിക്കപ്പെട്ടുപോരുന്നു. ഈ യോഗമുറയിലേക്ക് ദീക്ഷാപൂർവക പ്രവേശത്തിനായി സർവ്വരും ഒരു ഗുരുവിനെ സമീപിക്കുക, എന്നാൽ ഇത് സ്വീകരിക്കുവാനുള്ള അവസ്ഥ എല്ലാവർക്കും ഇല്ലാതിരിക്കുക, അങ്ങനെയൊരു അവസ്ഥയെക്കുറിച്ച് വെറുതെയൊന്ന് ചിന്തിച്ചു നോക്കൂ!

ഇവിടെ ഞാനനുഭവിക്കുന്ന ദുഃഖം വായനക്കാരൻ മനസ്സിലാക്കണം. അങ്ങനെ ആയിരുന്നെങ്കിലെന്ന് ഞാനാഗ്രഹിച്ചു പോകുകയാണ്. ഹാ, കഷ്ടം! മനുഷ്യന്റെ സ്വതന്ത്ര ഇച്ഛ എന്നത് വെറുമൊരു മിഥ്യയായി തീർന്നിരിക്കുന്നു. ഈ ലോകം ഈശ്വരന്റെ സൃഷ്ടിയാണ്. പരിത്രാണം നേടാൻ ഈശ്വരനിൽ പൂർണ്ണമായും സ്വയം സമർപ്പിക്കുക മാത്രമാണ് ഏക വഴി. ദൈവീകമായ അനുഗ്രഹത്തിനുമാത്രമാണ് ഒരു വ്യക്തിയെ രക്ഷിക്കാൻ കഴിയുക. ഇത് മനസ്സിലാക്കാൻ താഴെ കൊടുത്തിരിക്കുന്ന ഉദാഹരണം സഹായിക്കും.

ചളിക്കുഴിയിൽ കിടക്കുന്ന ഒരു പന്നി ശക്തമായൊരു കുത്ത് കിട്ടുന്നതുവരെ അതിൽ നിന്നും പുറത്തുവരാൻ ആഗ്രഹിക്കുകയില്ല!

കിണറ്റിൽ കിടക്കുന്ന തവള ആ കിണറാണ് ലോകമെന്ന് കരുതുന്നു. ആരെങ്കിലും അതിനെയെടുത്ത് സമുദ്രത്തിലേക്ക് എറിയുന്നതു വരെ!

അതുപോലെ 'ജിവിത'മെന്നു വിളിക്കുന്ന ഒരു കുഴിയിൽ അല്ലെങ്കിൽ കിണറ്റിലാണ് മനുഷ്യർ നിലനിൽക്കുന്നത്.

സനാതനമായ പരമസത്യം ഗ്രഹിക്കാൻ അവരിലോരോരുത്തർക്കും എന്തെങ്കിലുമൊന്ന് സംഭവിക്കണം! കുണ്ഡലിനി അല്ലെ

ങ്കിൽ മഹത്തായ ആദിപരാശക്തി അതുതന്നെയാണ് ചെയ്യുന്നതും. ഏതൊരു വ്യക്തിയിൽ ഈ ഊർജ്ജം ഉണർത്തപ്പെടുന്നുവോ ആ വ്യക്തി പരമസത്യത്തിലേക്ക് ഇതിനാൽ നയിക്കപ്പെടുന്നു!

ആധുനിക ശാസ്ത്രത്തിന് വിശദീകരിക്കാനാകാത്തതും ഒരു പക്ഷെ യുക്തിവിരുദ്ധം എന്ന് തോന്നിയേക്കാവുന്നതുമായ സിദ്ധ മഹായോഗ മനുഷ്യവർഗ്ഗത്തിനുമേൽ അറിവും സമാധാനവും ചൊരിഞ്ഞുകൊണ്ട് സൂര്യനെപ്പോൽ തിളങ്ങുന്നു.

ലോകം പോയിത്തുലയട്ടെ.

ഉത്കണ്ഠപ്പെടേണ്ട. ഈ പ്രപഞ്ചത്തിൽ നിങ്ങൾ എന്നെന്നും നിലകൊള്ളും. കാരണം നിങ്ങളുടെ യഥാർത്ഥ പ്രകൃതം പൂർണ്ണ സത്യമാണ്, പൂർണ്ണ അസ്തിത്വമാണ്, പരിപൂർണ്ണ ആനന്ദമാണ്! സിദ്ധ മഹാ യോഗ മനുഷ്യവംശത്തിന് വാഗ്ദാനം ചെയ്യുന്നതാണിത്.

ശാസ്ത്രം, ഫിലോസഫി, മതം, യോഗമുറകൾ, അങ്ങനെ മറ്റു പലതിനേയും ഉരുക്കിച്ചേർക്കാനുള്ള ഒരു എളിയ സംരംഭമാണ് ഈ പുസ്തകത്തിലൂടെ ഞാൻ നടത്തിയത്!

പരക്ഷേമകാംക്ഷയെന്ന ഒരൊറ്റ ലക്ഷ്യത്തോടുകൂടി മാത്രമാണ് എന്റെ വ്യക്തിപരമായ അനുഭവങ്ങൾ വിവരിച്ചുകൊണ്ട് ഞാനെന്റെ ആന്തരിക ലോകത്തിന്റെ വാതായനങ്ങൾ തുറന്നിട്ടുള്ളത്!

വിനയത്തോടും യാതൊരുവിധ മറകളും കൂടാതെ ഞാനെന്റെ മനസ്സിനെ നഗ്നമാക്കിയിട്ടിരിക്കുന്നു!

# അതിശ്രേഷ്ഠമായ യോഗ സമ്പ്രദായത്തിലേക്കുള്ള നാല് വഴികൾ

ആത്മസാക്ഷാത്കാരത്തിലേക്കുള്ള ശ്രേഷ്ഠപാതയെ സാമാന്യ രൂപത്തിൽ നാല് പ്രാഥമികമായ പാതകളായി വർഗ്ഗീകരിക്കാമെന്ന് എല്ലാ യോഗ ഗ്രന്ഥങ്ങളും പ്രഖ്യാപിച്ചിട്ടുണ്ട്. ഇത് ഒരു വ്യക്തി യിൽ കുണ്ഡലിനി ഉണരുന്നതിന് മുമ്പുള്ള പ്രാരംഭദശകളുമായി ബന്ധപ്പെട്ടവയാണ്. ഇവിടെ വായനക്കാരൻ ഒരു കാര്യം ഓർക്കേ ണ്ടതുണ്ട്. ലോകത്തെ ഏതൊരു വ്യക്തിയും ഈശ്വരാരാധനയ്ക്കായി നടത്തുന്ന ശ്രമങ്ങൾ, അത് എന്തുതന്നെ ആയിക്കൊള്ളട്ടെ, (യോഗ, താന്ത്രിക് അനുശീലനം തുടങ്ങിയവ) അവയെല്ലാം തന്നെ കുണ്ഡ ലിനിയെ ഉണർത്തുവാനുള്ളവയാണ്. യോഗയുടെ സാങ്കേതിക ഭാഷ യിൽ ഈ പ്രയത്നം അണുരൂപത്തിലുള്ളതായി അല്ലെങ്കിൽ അതി സൂക്ഷ്മമായതായി കരുതപ്പെടുന്നു. ഒരു വ്യക്തിയിൽ കുണ്ഡലിനി യുടെ ഉണർവിനു ശേഷമാണ് യഥാർത്ഥ ശ്രമം ആരംഭിക്കുന്നത്. ഇവിടെയൊരു വൈഷമ്യമുണ്ട്. ഒരു വ്യക്തിയിൽ കണ്ഡലിനി സജീ വമായി കഴിഞ്ഞാൽ ആ വ്യക്തിയ്ക്ക് സ്വന്തം പ്രയത്നം കൊണ്ട് ഒന്നും ചെയ്യാനില്ലാതെ വരുന്നു. ആദിപരാശക്തി ആന്തരികമായി എല്ലാം നടത്തുന്നു. അതിനാൽ ആത്മസാക്ഷാത്കാരത്തിലേക്കുള്ള പ്രക്രിയയിൽ കുണ്ഡലിനിയുടെ ഉണർവാണ് ആദ്യഘട്ടം. അതുകൊ ണ്ടുതന്നെ അതിനു മുമ്പുള്ള എല്ലാ പ്രയത്നങ്ങളെയും പ്രാഥമിക മായി കണക്കാക്കാം.

പരിപൂർണ്ണമായ ആത്മസമർപ്പണം അല്ലെങ്കിൽ ഈശ്വരനോടുള്ള ഭക്തിയാണ് ആദ്യത്തെ പാത.

ഇവിടെ ഒരു വ്യക്തി ചെയ്യുന്ന എല്ലാ പ്രവൃത്തികളും ഈശ്വര നോടുള്ള അർച്ചനയാണ്. ഇത്തരം മാനസികാവസ്ഥയിൽ ഒരു വ്യക്തി യുടെ മനസ്സിൽ രേഖപ്പെടുത്തപ്പെട്ട ഇന്ദ്രിയ സുഖവുമായി ബന്ധ

പ്പെട്ട എല്ലാ ബോധങ്ങളും വളരെ വേഗത്തിൽ എരിഞ്ഞടങ്ങാൻ തുടങ്ങും. അപ്രകാരം ആ വ്യക്തി ചിന്താരഹിതമായ ഒരു അവസ്ഥ യിലേക്ക് നയിക്കപ്പെടുന്നു. എല്ലാ യോഗസമ്പ്രദായങ്ങളുടെയും ആത്യന്തിക ലക്ഷ്യവും അതു തന്നെയാണല്ലോ!

ആത്മസാക്ഷാത്കാരത്തിലേക്കുള്ള ഏറ്റവും വേഗതയേറിയ വഴി യായി പൊതുവെ ഇതിനെ പരിഗണിക്കുന്നു!

ദൈവീകതയുടെ പൂർണ്ണ സംരക്ഷണത്തിൽ ആണെങ്കിലും ഈ പാത പിന്തുടരുമ്പോൾ ദൈവകൽപിതം അതിവേഗത്തിൽ വെളി വാകുന്നു. അതിനാൽ ഈ രീതി വളരെ സുരക്ഷിതമെന്നും കരുത പ്പെടുന്നു. കാരണം പ്രഭു തന്റെ ഭക്തനെ ഒരിക്കലും ഉപേക്ഷിക്കുക യില്ല. പാതയിൽ നിന്നും മാറിപ്പോയി അധഃപ്പതിക്കാൻ അനുവദി ക്കുകയുമില്ല.

പ്രകൃത്യാൽതന്നെ വികാരാധീനരും ലോലമനസ്ക്കരും ആയ ആളുകൾക്കാണ് ആത്മസാക്ഷാത്കാരത്തിനുള്ള സ്വയം സമർപ്പണം എന്ന ഈ വഴി കൂടുതൽ യോജിക്കുക.

അടുത്ത പാതയിൽ ഈ ലോകജീവിതത്തിലെ നല്ലതും ചീത്ത യുമായ എല്ലാ പ്രവൃത്തികളെയും തുല്ല്യതപ്പെടുത്തേണ്ടതുണ്ട്. എല്ലാ വിധത്തിലുള്ള ഇന്ദ്രിയ ബോധങ്ങളെയും അതിന്റെ പരിണിതഫല ങ്ങളെ ശാരീരികമായി അനുഭവിച്ചുകൊണ്ട് നശിപ്പിക്കേണ്ടത് ആവ ശ്യമായി വരുന്നു. ഞാനതിനെ വിശദീകരിക്കാം.

ഒരു മനുഷ്യന്റെ മനസ്സിൽ അങ്കിതമാകുന്ന ഓരോ ലൗകീക ബോധവും അയാളുടെ ഭാഗധേയത്തിന്റെ തുടർനിർമ്മിതിക്കുള്ള ബീജമായി പ്രവർത്തിക്കുന്നു. വിധിയുടെ രൂപത്തിൽ ഈ പ്രതികര ണത്തെ അനുഭവിക്കുന്ന ഒരു വ്യക്തിയിൽ ഈ പുതിയ അനുഭവ ത്തിന്റെ മുദ്രകൾ പോലും അങ്കിതമാകും. ഇവ വീണ്ടും ഭാവി വിധി നിർണ്ണയത്തിന് കാരണമാകുന്നു. അപ്രകാരം ഈ കാരണചക്രം അന ന്തമായി കറങ്ങിക്കൊണ്ടേയിരിക്കുന്നു. എങ്കിലും വായനക്കാരൻ ഓർത്തിരിക്കേണ്ട കാര്യമുണ്ട്, ഒരു വ്യക്തി പരിപൂർണ്ണ നിയന്ത്രണം കൈയാളുന്നുണ്ട്. എന്നാലിത് പ്രവർത്തി ആരംഭിക്കുന്നതിന് മുമ്പു വരെ മാത്രമാണ്. പ്രവർത്തി നടന്നു കഴിഞ്ഞാൽ അതിന്റെ പരി ണിത ഫലത്തിൽ നിയന്ത്രണമൊന്നും സാധ്യമല്ല. കൂടാതെ, സാങ്കേ തികാർത്ഥത്തിൽ വ്യക്തിയ്ക്ക് നിയന്ത്രണം നഷ്ടപ്പെടുന്നതിനാൽ

പ്രവർത്തിയുടെ ഫലം പ്രവചിക്കുകയും സാധ്യമല്ല. ഇത്തരം സാഹചര്യങ്ങളിൽ, ഒരു വ്യക്തി ഐഹീക ബോധ്യങ്ങളെയെല്ലാം മനസ്സിൽ നിന്നും തൂത്തു മാറ്റേണ്ടിയിരിക്കുന്നു. ഈശ്വരകൽപിതം വെളിവാകുന്നത് അനുഭവവേദ്യമാകുന്നതോടുകൂടി മനസ്സിൽ നിന്നും ഐഹീക ബോധ്യങ്ങൾ എല്ലാം തന്നെ ഇല്ലാതാകും. എങ്കിലും അതേ സമയം പുതിയ ഐഹീക ബോധങ്ങളൊന്നും തന്നെ തിരിച്ച് മനസ്സിൽ കയറിക്കൂടുന്നില്ലെന്ന് വ്യക്തി ഉറപ്പാക്കേണ്ടതുണ്ട്. തനിക്ക് മുന്നിൽ വെളിപ്പെട്ടുകൊണ്ടിരിക്കുന്ന ഈശ്വര കൽപിതത്തിൽ വൈകാരികമയി കൂടിപ്പിണയാതെ വ്യക്തി ഒരു മൂകസാക്ഷിയായി മാറുമ്പോൾ മാത്രമാണ് ഇത് സാധ്യമാകുന്നത്.

ഇവിടെ യോഗ പ്രയോക്താക്കൾക്ക് ഒരു ചെറിയ നിർദേശം നൽകാൻ ഞാൻ ആഗ്രഹിക്കുകയാണ്. പുതിയതായി അങ്കിതമാകുന്ന ബോധ്യങ്ങൾ (ഈശ്വരകൽപിതം വെളിപ്പെടുന്നതോടുകൂടി രൂപപ്പെടുന്നവ) ഇല്ലാതാക്കാൻ താരതമ്യേന എളുപ്പം സാധ്യമാകും. അത് പ്രയോക്താവ് ഈശ്വരകൽപിതം വിവൃതമാകുന്ന അവസ്ഥ അനുഭവിക്കുമ്പോൾ അയാൾ പ്രയോഗിക്കുന്ന വൈകാരിക ബന്ധത്തിന്റെ അളവിനെ ആശ്രയിച്ചിരിക്കും. വൈകാരിക ബന്ധം എത്ര കുറയുന്നുവോ അത്രയം കൂടുതലായിരിക്കും വിജയം.

മൂന്നാമത്തെ പാത വളരെ സൂക്ഷ്മമാണ്. ലൗകീക ജീവിതത്തിൽ വ്യക്തി എപ്പോഴും ജാഗ്രതയോടെയിരിക്കണം. ഈ പാത പിന്തുടരുന്നവർ പ്രവർത്തിയുടെ ഒരു ഘട്ടത്തിലും ഒരിക്കലും വൈകാരിക ബന്ധം നിലനിർത്തിക്കൂടാ. അങ്ങനെ വന്നാൽ നിർവഹിക്കപ്പെട്ട പ്രവർത്തി മനസ്സിൽ അങ്കിതമാകുകയും അത് അവരുടെ ഭാവി ഭാഗധേയത്തിന് കാരണമാകുകയും ചെയ്യും.

നാലാമത്തെ പാത വളരെയേറെ സമയം ആവശ്യപ്പെടുന്നു. കാരണം, വ്യക്തി ഭൂതകാലത്തെ എല്ലാ പ്രവർത്തികളുടെയും പരിണിത ഫലങ്ങൾ പൂർണ്ണമായും അനുഭവിച്ചുതീർത്തേ മതിയാകൂ. എന്നാലതേ സമയം വർത്തമാനകാലത്ത് വിവൃതമായിക്കൊണ്ടിരിക്കുന്ന ഈശ്വരകൽപിതമായ ലൗകീക അനുഭവങ്ങളോട് വൈകാരിക ബന്ധം സൃഷ്ടിക്കപ്പെടുന്നില്ലായെന്ന് ഉറപ്പാക്കുകയും വേണം.

എങ്കിലും ഈ പാത വളരെ ഗുണകരമാണ്; കാരണം വിധി സഞ്ചയത്തെ ഇല്ലാതാക്കിക്കൊണ്ട് ഒരു വ്യക്തി തുടർച്ചയായ പുരോഗതി

യുണ്ടാക്കുന്നുണ്ട്. വ്യക്തി ഈ പാതയിൽ നിന്നും വ്യതിചലിച്ചാലും, അല്ലെങ്കിൽ അതിൽ നിന്ന് വീണുപോയാലും വീണ്ടുമൊരിക്കൽ ഐഹീക ബോധ്യങ്ങൾ മനസ്സിൽ ഉറയ്ക്കാൻ നീണ്ട സമയം വേണ്ടിവരും. അതിനിടയിൽ പാതയിൽ നിന്നും താൻ വ്യതിചലിക്കുകയാണെന്ന് മനസ്സിലാക്കിയാൽ വ്യക്തിയ്ക്ക് തിരുത്താനുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്യാം.

മൂന്നാമത്തെ പാത ജ്ഞാനത്തിന്റെ പാതയാണ്. ഇവിടെ ഒരു പ്രത്യേക സ്ഥിതി വിശേഷമുണ്ട്. ഭൗതീകമായ ജ്ഞാനത്തിലൂടെയല്ല ദൈവീകത വെളിപ്പെടുന്നത്! അതായത് ഭൗതീകമായ ജ്ഞാനങ്ങളെല്ലാം തന്നെ ഇതിനുതകുന്നതല്ലെന്ന് വ്യക്തി മനസ്സിലാക്കേണ്ടതുണ്ട്. സംഭരിക്കപ്പെട്ട ഈ അറിവിന്റെ സാഗരത്തെ അയാൾ തള്ളിക്കളയേണ്ടിയിരിക്കുന്നു. എങ്കിലും ഈ ഭൗതീക ജ്ഞാനത്തിന്റെ ഉപയോഗശൂന്യത മനസ്സിലാക്കുന്നതിനുമുമ്പ് ഈ ബൃഹത്തായ ഡാറ്റ അയാൾ ശേഖരിക്കേണ്ടതുണ്ട്.

ഞാനത് വിശദീകരിക്കാം.

പരമദൈവീകതയെക്കുറിച്ച് വ്യാഖ്യാനിക്കുന്ന അതിബൃഹത്തായ ഗ്രന്ഥങ്ങൾ ലോകത്തെ അനേകഭാഷകളിലായി നമുക്ക് ലഭ്യമാണ്. എന്നാൽ യോഗയുടെ കാഴ്ചപ്പാടിൽ ഈ ബൃഹത്തായ അറിവ് മുഴുവൻ കൈക്കലാക്കിയ വ്യക്തിയും ഇതിലെ ഒരു വരി പോലും വായിക്കാത്തവനും തമ്മിൽ വ്യത്യാസമില്ല. ഇതിന്റെ കാരണം വളരെ ലളിതമാണ്. രണ്ടു പേർക്കും ദൈവീകതയെക്കുറിച്ച് നേരിട്ടുള്ള അനുഭവമില്ല!

ദൈവീകത ആത്മത്തിൽ നിന്നും വെളിപ്പെടേണ്ടിയിരിക്കുന്നു.

ദിവ്യത്വം ഒരു ബാഹ്യ സ്രോതസ്സിൽ നിന്നും ഒരു വ്യക്തിയിലേക്ക് പ്രവേശിക്കുകയല്ല ചെയ്യുന്നത്. ഓരോ മനുഷ്യജീവന്റെയും ആത്മത്തിൽ കുടികൊള്ളുന്നതാണിത്.

എന്നിരുന്നാലും, ഒരു മനുഷ്യനിൽ പരമമായ ജ്ഞാനം ഉടലെടുക്കുന്നതിൽ വിശുദ്ധഗ്രന്ഥങ്ങളും മറ്റു ലൗകീക ജ്ഞാനങ്ങളും നിർണ്ണായകമായ പങ്ക് വഹിക്കുന്നുണ്ട്; പരോക്ഷമായാണെന്നു മാത്രം.

അകമേ നിന്നുള്ള ക്രമബദ്ധവും യുക്തിപരവുമായ അനുമാനങ്ങൾ

ഈ മായികലോകക്കാഴ്ചകളെയെല്ലാം തള്ളിക്കളയാൻ ഒരു വ്യക്തിയെ പ്രാപ്തനാക്കും. എല്ലാം തള്ളിക്കളയപ്പെടുമ്പോൾ മനസ്സിന് ചിന്തകൾക്കുള്ള കാരണമില്ലാതാവും. യാതൊരു ചിന്തയും ഇല്ലാതെ മനസ്സ് ശാന്തമായി തീരുന്നു. ആത്മത്തിൽ കുടികൊള്ളുന്ന ചൈതന്യത്തെ പ്രകാശിപ്പിക്കുന്ന കണ്ണാടിയായി മാറുന്നു. അതിന്റെ ഫലമായി ആത്മത്തിന്റെ അധിഷ്ഠാനം, നമ്മളതിനെ ചൈതന്യമെന്നോ ദൈവീകതയെന്നോ വിളിക്കുന്നു, വിവൃതമാകുന്നു. പൊടി തുടച്ചുകളഞ്ഞ കണ്ണാടിയിലെന്ന പോലെ, ഒരു വ്യക്തിയ്ക്ക് സ്വന്തം പ്രതിഛായ കാണാറാകുന്നു. ഇവിടെ മനസ്സാണ് കണ്ണാടി, അതിലെ ലൗകീക ബോധ്യങ്ങൾ അല്ലെങ്കിൽ ചിന്തകൾ എല്ലാം തന്നെ തുടച്ചു മാറ്റപ്പെട്ടിരിക്കുന്നു.

ബുദ്ധിപരമായ പക്വത നേടിയ ആളുകൾക്കാണ് ഈ പാത കൂടുതൽ അനുയോജ്യമാകുക.

ഈ പാത പിന്തുടരുന്ന വ്യക്തിയ്ക്ക് വളരെയധികം അറിവ് ശേഖരിക്കേണ്ടി വരുന്നു, അതോടൊപ്പം തന്നെ ആത്യന്തിക സത്യവുമായി ഇതിനെ ചേർത്തുവെച്ച് നിരന്തരമായ ആന്തരിക സംവാദത്തിലൂടെ ഒന്നൊന്നായി നിഷേധിക്കേണ്ടി വരുന്നു.

വളരെ കഠിനമാണ് ഈ പ്രക്രിയ, വളരെയേറെ സമയം ആവശ്യപ്പെടുന്നതും.

ഒരു വ്യക്തിയുടെ ബുദ്ധി അതു തന്നെയാണ് പരമദൈവീകത എന്ന് ചിന്തിക്കുന്ന ഒരു ഘട്ടം വരും. അറിവ് വിവിധ വിശുദ്ധഗ്രന്ഥങ്ങളിൽ നിന്നുള്ളവയും ശാസ്ത്രസംബന്ധവുമായവയും ധാരാളമായി നേടിക്കഴിഞ്ഞിട്ടുള്ളതിനാൽ സൃഷ്ടിയെക്കുറിച്ച് എല്ലാം അറിയാമെന്ന ഒരു മിഥ്യാധാരണ അതിനുണ്ടാകുന്നു. ലോകത്തെക്കുറിച്ച് തനിക്കെല്ലാം അറിയാമെന്നു കരുതുന്ന കൂപമണ്ഡൂകത്തിന് തുല്ല്യമാണിത്, കടലിലേക്ക് വലിച്ചെറിയപ്പെടന്നതുവരെ. എങ്കിലും ഒരു അവസാന നിമിഷത്തിൽ താൻ പരമദൈവീകതയല്ലെന്ന് ബോധം ബുദ്ധിയ്ക്കുണ്ടാകുന്നു. സ്വയം എളിമപ്പെടുന്ന ഒരു നിമിഷത്തിലേക്ക് ബുദ്ധി എത്തിച്ചേരുന്നു. ഇതൊരു കോസ്മിക് പ്രതിഭാസമായി കാണപ്പെടും. ഒടുവിൽ സ്വന്തമായി ശേഖരിച്ച അറിവിനെക്കുറിച്ചുള്ള അഭിമാനം നിറഞ്ഞൊഴുകുന്ന ആ വ്യക്തിയിൽ എന്തോ സംഭവിക്കുന്നു. ആ വ്യക്തിയുടെ അഹങ്കാരം ഇല്ലാതാവുകയും അവന്റെ അല്ലെങ്കിൽ

അവളുടെ സഞ്ചിത സ്വഭാവത്തിനനുസരിച്ച് അനന്യമായ രീതിയിൽ വിനയമുള്ളവരായിത്തീരുകയും ചെയ്യുന്നു.

മനസ്സിന്റെ നിയന്ത്രണങ്ങളിലൂടെ നേടുന്നതാണ് അവസാനത്തെ വഴി. അടിസ്ഥാനപരമായി ധ്യാനത്തിന്റെ  വഴിയാണിത്.

ഇവിടെ മനസ്സ് ചിന്താശൂന്യതയുടെ ഒരു അവസ്ഥയിലേക്ക് എത്തിയതായി കബളിപ്പിക്കപ്പെടുന്നു. മനസ്സിന് ഫോക്കസ് ചെയ്യുന്നതിനായി ഏതെങ്കിലുമൊരു വസ്തു ഉപയോഗിച്ചുകൊണ്ടാണ് ഇത് നേടുന്നത്. ക്രമേണ ആ വസ്തുവിൽ പൂർണ്ണമായും ശ്രദ്ധ കേന്ദ്രീകരിക്കുന്നു. അതിൽ മനസ്സ് ഉറപ്പിച്ച് നിർത്താനും പഠിക്കുന്നു. ഇതിനെ തുടർന്ന് ശൂന്യമായൊരു അവസ്ഥയിലെത്തുന്നു. മനസ്സിന് ചിന്ത കൊണ്ടോ വികാരം കൊണ്ടോ രൂപഭേദം വരുന്നില്ല. പൂർണ്ണമായ ശൂന്യാവസ്ഥ.

ഈ അവസ്ഥയിൽ മനസ്സിന് ഫോക്കസ് നില നിർത്താൻ യാതൊന്നിന്റെയും ആവശ്യം വരുന്നില്ല. അങ്ങനെ മനസ്സ് ചിന്തകളില്ലാത്ത പ്രശാന്തമായ അവസ്ഥയിൽ എത്തുന്നു.

ശാസ്ത്രീയത എന്ന ഗുണവിശേഷം സഹജമായിട്ടുള്ളവർക്കാണ് ഈ പാത കൂടുതൽ യോജിക്കുക. പരീക്ഷണങ്ങളിലൂടെ ദൈവീകത്വത്തിന് തെളിവ് കണ്ടെത്താൻ ആഗ്രഹിക്കുന്നവരാണിവർ. ഓരോ കാൽവെപ്പിലും ദൈവീകതയുമായി നേരിട്ടനുഭവം വേണമെന്ന് ആഗ്രഹിക്കുന്നവരാണിവർ. യോഗ്യതയുള്ള ഒരു ആചാര്യന്റെ അല്ലെങ്കിൽ ഒരു ഗുരുവിന്റെ മാർഗ്ഗനിർദ്ദേശമില്ലാതെ യോഗ പരിശീലിക്കുന്നവർക്ക് ഇത് അപകടകരമായതാണെന്ന് കണക്കാക്കപ്പെടുന്നു.

ഇത്തരക്കാരിൽ അനിയന്ത്രിതമായ വിധത്തിൽ കുണ്ഡലിനി ഉണർത്തപ്പെട്ട് അനുശീലകർക്ക് ഈ ശക്തി നിലനിർത്താൻ കഴിയാതെ വന്നേക്കാം എന്നതാണ് ഇതിന്റെ അപകടം. അതിന്റെ ഫലമായി എന്നന്നേക്കുമായി ആ വ്യക്തി ശാരീരികമായും മാനസികമായും തകർന്നു പോയെന്നും വരാം.

അനുയോജ്യമായ മേൽനോട്ടം കൂടാതെ ഏതെങ്കിലും തരത്തിലുള്ള യോഗ പരിശീലിക്കുന്നവർ മുകളിൽ കൊടുത്തിരിക്കുന്ന ഖണ്ഡികയിൽ പറഞ്ഞ കാര്യം പ്രത്യേകം ശ്രദ്ധിക്കണമെന്ന് നിർദ്ദേശിക്കുന്നു.

താഴെ കൊടുത്തിരിക്കുന്ന കഥ ഏതെങ്കിലുമൊരു യോഗമുറയുമായോ, കുണ്ഡലിനിയുടെ ഉണർവുമായോ കൃത്യമായ ബന്ധപ്പെട്ടതോ, അല്ലെങ്കിലും മുകളിൽ പറഞ്ഞ കാര്യം ഒന്നു കൂടി ഉറപ്പിക്കുന്നതിനായി പ്രപഞ്ചോർജവുമായി എനിക്കുണ്ടായ ഞരമ്പുകളെ വിറങ്ങലിപ്പിച്ച ഒരു അനുഭവത്തിന്റെ വിവരണം തരാൻ ഞാനാഗ്രഹിക്കുകയാണ്. ഈ അനുഭവത്തിന് പ്രപഞ്ചോർജത്തിന്റെ ആദിരുപവുമായി സംബന്ധമൊന്നുമില്ല. മറിച്ച് ഒരു മനുഷ്യ ശരീരത്തിലെ ജീവൽശക്തിയുമായാണ്, പ്രപഞ്ചോർജത്തിന്റെ അൽപം സ്ഥൂലമായ പതിപ്പായ ആദിരൂപം, ബന്ധം, തുടർന്നു വരുന്ന ഒരദ്ധ്യായത്തിൽ ഊർജം വിവിധ രൂപത്തിൽ വെളിപ്പെടുന്നതിനെ കുറിച്ച് ഞാൻ വിശദമാക്കിയിട്ടുണ്ട്.

സിദ്ധ മഹാ യോഗയിലേക്കുള്ള എന്റെ ഉപക്രമത്തിന് ഏകദേശം നാല് വർഷത്തിന് മുമ്പ് എന്റെ മനസ്സിനെ ഞെട്ടിച്ച ഒരു അനുഭവം എനിക്കുണ്ടായി.

ഹൈദരാബാദ് സിറ്റിയിൽ ആളുകളെ 'റെയ്കി' (പ്രാണിക് ഹീലിങ്ങിന്റെ ഒരു പൗരസ്ത്യ സമ്പ്രദായം)യിലേക്ക് നയിക്കുന്ന ഒരു മഹിള ഉണ്ടെന്ന് എന്നോടാരോ പറയുകയുണ്ടായി. ഇതിലേക്ക് ഉപനയിക്കപ്പെടണമെന്ന ആഗ്രഹത്തോടു കൂടി ഞാൻ അവരുമായി ഒരു അപ്പോയിന്റ്മെന്റ് എടുത്തു. ദിവസം വന്നപ്പോൾ ഞാൻ അവരുടെ വീട്ടിലേക്ക് ചെന്നു.

അവിടെ ചെന്നപ്പോൾ എന്നെ അകത്തേക്ക് വിളിച്ചു. ആ മുറിയിൽ ഇട്ടിരുന്ന കസേരയിൽ കണ്ണടച്ചിരിക്കാൻ എന്നോടാവശ്യപ്പെട്ടു. ഞാനിരുന്നതിന് ഏതാനും അടി അകലെയായി നേരത്തെ പറഞ്ഞ മഹിള, റെയ്കി മാസ്റ്റർ, ധ്യാനത്തിലെന്നോണം ഇരുന്നിരുന്നു. സഹായിയായി നിന്നിരുന്ന മറ്റൊരു മഹിളയോട് എന്റെ നെറുകയിൽ കൈ വെയ്ക്കാൻ പറഞ്ഞു. ആ ഒരു ബിന്ദുവിലൂടെ എന്നിലേക്ക് കോസ്മിക് എനർജി പകരാനുള്ള ഒരു ശ്രമം നടന്നു. റെയ്കി ഉപനയനത്തിനിടയിൽ ഒരു വ്യക്തിയുടെ ശരീരത്തിലേക്ക് ഊർജപ്രവാഹം സംഭവിക്കുന്നത് വ്യക്തമായി അറിയാൻ കഴിയുമെന്ന് ആരോ എന്നോട് പറഞ്ഞിരുന്നു.

അതിനാൽ സ്വാഭാവികമായും അത്തരൊരു അനുഭവം ഞാൻ പ്രതീക്ഷിക്കുകയായിരുന്നു. സെഷനു ശേഷം എനിക്ക് എന്തനുഭവ

മാണുണ്ടായതെന്ന് അവർ എന്നോടു ചോദിച്ചു. ഒന്നും തന്നെ സംഭവിച്ചില്ലെന്ന് ഞാൻ മറുപടിയും പറഞ്ഞു. ഇതു കേട്ടപ്പോൾ റെയ്കി സമ്പ്രദായത്തെ കുറിച്ച് ഉടനെ അഭിപ്രായമൊന്നും രൂപീകരിക്കേണ്ടതില്ലെന്നും നാലു ദിവസത്തിനു ശേഷം വീണ്ടുമൊരു ശ്രമം കൂടി നടത്താനായി വരണമെന്നും പറഞ്ഞു.

ഈ സംഭവത്തിനു ശേഷം രണ്ടു ദിവസം കഴിഞ്ഞു. മൂന്നാം ദിവസം ഞാനൊരു പുസ്തകം വായിച്ചു കൊണ്ടു കിടക്കയിൽ കിടക്കുകയായിരുന്നു. പെട്ടെന്ന് എന്റെ തലയിൽ ഒരു ചുഴി തിരിയുന്നതുപോലെ എനിക്ക് തോന്നി. പുസ്തകത്തിൽ നിന്ന് എന്റെ ശ്രദ്ധ മാറി. ഞാൻ മനസ്സുകൊണ്ട് ഈ പ്രതിഭാസത്തെ നിരീക്ഷിക്കാൻ തുടങ്ങി. ഊർജത്തിന്റെ ചുഴിയായുള്ള ഈ ചലനം ഗാഢമാകുകയും, എന്റെ തലക്കുള്ളിലേക്ക് പ്രവേശിക്കുന്നതായും തോന്നിത്തുടങ്ങി.

അതിനുശേഷം ഈ ഊർജം പെട്ടെന്നു തന്നെ എന്റെ എല്ലാ ശരീരഭാഗങ്ങളിലേക്കും ഒഴുകി തുടങ്ങി. എന്റെ വിരലുകളിലൂടെയും കാലുകളിലൂടെയും ഊർജം വായുവിലേക്ക് പ്രവേശിക്കുന്നതു പോലും എനിക്ക് അനുഭവിക്കാൻ കഴിഞ്ഞു. എന്റെ ശരീരത്തിൽ നിന്നും ഊർജം പുറത്തേക്ക് ഒഴുകുന്നതായ ഈ വികാരം വളരെ വ്യക്തമായി എനിക്കറിയാൻ കഴിയുന്നുണ്ടായിരുന്നു. ഏതാനും നിമിഷങ്ങൾ കഴിഞ്ഞപ്പോൾ ഈ ഊർജപ്രവാഹം കൂടുതൽ ശക്തമായി. എന്റെ തലയ്ക്കകത്ത് ആകെ അസ്വസ്ഥമായ ഒരവസ്ഥ. കുറച്ചു കഴിഞ്ഞപ്പോൾ ഈ വികാരം അസഹനീയമായി.

ഞാനെങ്ങനെയൊക്കെയോ കിടക്കയിൽ നിന്നും എഴുന്നേറ്റു. അതിനു ശേഷം ഊർജപ്രവാഹം തെല്ലൊന്ന് കുറഞ്ഞതായി തോന്നി. എന്നാൽ ശരീരത്തിനകത്ത് ഊർജം പ്രവഹിക്കുന്നതായുള്ള തോന്നൽ തീർത്തും വിട്ടുപോയില്ല. പിന്നീട് ആ രാത്രി മുഴുവൻ എനിക്ക് ഉറക്കമേ വന്നില്ല. രാത്രി മുഴുവൻ അസ്വസ്ഥകരമായ ഈ അവസ്ഥ തുടർന്നു. അടുത്ത ദിവസവും ഇതിന് മാറ്റമുണ്ടായില്ല. അന്ന് വൈകിട്ട് ഒന്ന് നടക്കാൻ പോകാൻ ഞാൻ തീരുമാനിച്ചു.

വളരെയധികം ട്രാഫിക് ഉണ്ടായിരുന്ന ഒരു റോഡിലൂടെയായിരുന്നു ഞാൻ പൊയ്ക്കൊണ്ടിരുന്നത്. പെട്ടെന്ന് തളർന്നു വീഴാൻ പോകുന്നതുപോലെ എനിക്ക് തോന്നി. എനിക്ക് തലകറക്കമുണ്ടാകുകയും കണ്ണുകൾ ഇരുട്ടടയ്ക്കുകയും ചെയ്തു. തിരക്കേറിയ ആ

റോഡിൽ ഭാഗ്യവശാൽ വളരെ കുറഞ്ഞ സമയം മാത്രമേ ഈ അവസ്ഥ എന്നിൽ നിലനിന്നുള്ളൂ. എന്നാൽ ഇത്തരത്തിൽ സംഭവിച്ചത് എന്നെ വളരെയധികം ഭയപ്പെടുത്തി, ഞാനുടനെ എന്റെ മുറിയിലേക്ക് തിരിച്ചു നടന്നു.

തിരിച്ചു നടന്നുകൊണ്ടിരുന്നപ്പോൾ വീണ്ടും ഏതു നിമിഷവും ബോധക്കേടുണ്ടായേക്കാമെന്ന് എനിക്ക് തോന്നിത്തുടങ്ങി. എങ്ങ നെയോ ഞാനെന്റെ മുറിയിലെത്തി. രണ്ടാം ദിവസം രാവിലെയും ഈ അവസ്ഥ തുടർന്നു. എനിക്ക് ശരിയായി ഉറങ്ങാൻ കഴിഞ്ഞില്ല.

അടുത്ത ദിവസം ഞാൻ റെയ്കി മാസ്റ്ററെ കാണാൻ ചെന്നു. എനി ക്കുണ്ടായ അനുഭവം അവരോടു പറഞ്ഞു.

അവരുടെ മറുപടി എന്റെ ശരീരത്തെ വിറകൊള്ളിച്ചു.

എന്റെ കഴിഞ്ഞ സന്ദർശനത്തിൽ റെയ്ക്കിയിലേക്ക് എന്നെ ഉപ നയിക്കാൻ അവർക്ക് കഴിഞ്ഞില്ലായിരുന്നു. എന്താണെന്നറിഞ്ഞില്ല, എന്റെ കാര്യത്തിൽ ആ വിദ്യ പ്രായോഗികമായില്ല. ഇതവർ വളരെ ഗൗരവായിട്ടെടുത്തു. ഞാൻ പോയിക്കഴിഞ്ഞതിൽ പിന്നെ താൻ ഭജി ച്ചുകൊണ്ടിരുന്ന ദേവിയുടെ കാൽക്കൽ വീണുകൊണ്ട് തനിക്ക് വല്ലാ യ്മയുണ്ടാക്കിയ ഈ സാഹചര്യത്തിൽ നിന്നും രക്ഷിക്കണമെന്ന് അവർ പ്രാർത്ഥിച്ചു. കൂടാതെ ദൂരെയിരുന്നുകൊണ്ടു തന്നെ റിമോ ട്ടായ മാർഗ്ഗങ്ങളുപയോഗിച്ച് എന്ന ഉപനയിക്കാനും അവർ തുടർച്ച യായി ശ്രമിച്ചുകൊണ്ടിരുന്നു. അതായത് വിദൂരമായിരുന്നുകൊണ്ട് പ്രാണിക് എനർജി കൈമാറാനുള്ള ശ്രമം.

റെയ്കിയെ കുറിച്ച് എനിക്കുള്ള ചെറിയ അറിവുപയോഗിച്ച് സാങ്കേതികമായി ഇത്തരത്തിൽ സാധ്യമാണെന്ന് എനിക്ക് പറയാൻ കഴിയും. കഴിഞ്ഞ രണ്ടു ദിവസമായി ഞാനത് നേരിട്ടനുഭവിക്കുക യാണല്ലോ.

ഈ അനുഭവത്തെ കുറിച്ചും അതിന്റെ മറ്റു വിശാദംശങ്ങളെക്കു റിച്ചും ഞാൻ അധകമൊന്നും പറയുന്നില്ല.

എങ്കിലും, ഈ സംഭവത്തിനു ശേഷം കുറെ കൊല്ലങ്ങളോളം എന്റെ ശരീരം ഊർജത്തിന്റെ ഒരു ചവറ്റുകൊട്ടയായിതീർന്നിരിക്കു കയാണെന്ന ഒരു വിചാരം എന്നിൽ നിലിനിന്നു. അതായത് ഞാൻ സിദ്ധ മഹാ യോഗയിലേക്ക് ഉപനയിക്കപ്പെടുന്നതു വരെ. ഊർജം

എന്റെ ശരീരത്തിൽ പ്രവഹിച്ചുകൊണ്ടിരിക്കും, ശരീരത്തിന്റെ ഓരോ കോണിലേക്കും ലക്ഷ്യമൊന്നുമില്ലാതെ. എന്നാൽ അതിന്റെ പ്രഭാവം എന്റെ മനസ്സിനെ സ്പർശിച്ചിരുന്നില്ല.

ഈയൊരു അനുഭവം കൊണ്ടാണ് വിദഗ്ദ്ധനായ ഒരു ഗുരുവിന്റെ ശരിയായ മാർഗനിർദേശത്തിലല്ലാതെ ധ്യാനം പരിശീലിക്കുമ്പോൾ അപകടം സംഭവിച്ചേക്കാമെന്ന് എനിക്ക് ഊന്നിപ്പറയേണ്ടി വന്നത്. ഊർജം അനിയന്ത്രിതമായ വിധത്തിൽ ഉണർത്തപ്പെടാൻ സാധ്യതയുണ്ട്.

ഏതെങ്കിലും വിധത്തിൽ പ്രപഞ്ചോർജവുമായി ഇടപെടുന്നതിന് മുമ്പ് മുൻകരുതലുകൾ എടുക്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ച് വായനക്കാരെ ബോധ്യപ്പെടുത്തുന്നതിനാണ് ഞാൻ മുകളിൽ പറഞ്ഞ അനുഭവം വിശദമാക്കിയത്. എന്നാൽ വായനക്കാരനെ ഭയപ്പെടുത്തണമെന്ന് എനിക്കുദ്ദേശ്യമില്ല. വാസ്തവത്തിൽ നിയന്ത്രിത സാഹചര്യത്തിൽ ഉണർത്തപ്പെടുമ്പോൾ ഇതേ ദിവ്യമായ പ്രപഞ്ചോർജം തന്നെയാണ് ഒരു വ്യക്തിയെ ആത്മസാക്ഷാത്ക്കാരത്തിലേക്ക് നയിക്കുന്നത്.

ശ്രേഷ്ഠപാതയിലേക്ക് നയിക്കുന്ന നാല് പ്രാഥമിക പാതയിലേക്ക് നമുക്ക് തിരിച്ചു വരാം.

ഒരാൾ തിരഞ്ഞെടുക്കുന്ന പാത ഏതായാലും ഏതെങ്കിലുമൊരു ഘട്ടത്തിൽ കുണ്ഡലിനി ഉണരും. വിവിധ യോഗമുറകളിൽ ഈ പ്രപഞ്ചോർജം വ്യത്യസ്ത പേരുകളിലാണ് അറിയപ്പെടുന്നത്.

എന്നാൽ ഒരു വ്യക്തിയിൽ കുണ്ഡലിനി ഉണർത്തപ്പെടുന്ന സന്ദർഭത്തിൽ എല്ലാ പാതകളും ഒന്നാകുന്നു. അതൊരു ശ്രേഷ്ഠ പാതയായി തീരുന്നു.

ആരംഭഘട്ടങ്ങളിൽ മാത്രമാണ് വ്യത്യസ്ത പ്രയോക്താക്കൾ പ്രപഞ്ചോർജത്തെ ഉണർത്താനായി വ്യത്യസ്തയോഗമുറകൾ ഉപയോഗിക്കുന്നത്. ഒരിക്കൽ ഈ ഊർജം ഒരു വ്യക്തിയിൽ ഉണർവ് നേടി കഴിഞ്ഞാൽ അന്തരാത്മാവിലേക്കുള്ള ദൈവീകായ യാത്ര തുടങ്ങുകയായി. ഉറവിടത്തിലേക്കുള്ള – അതായത് പരമദൈവീകത, ഈശ്വരൻ, അല്ലെങ്കിൽ സർവ്വേശ്വരനിലേക്കുള്ള – മടക്കയാത്രയുടെ പാതയിലേക്ക് വ്യക്തി നയിക്കപ്പെടുകയായി.

അടയാളപ്പെടുത്തപ്പെട്ടിട്ടില്ലാത്ത തലങ്ങളിലൂടെ ഉറവിടത്തിലേക്കുള്ള യാത്രയിൽ ഒരു വ്യക്തിക്ക് എന്താണ് സംഭവിക്കുക എന്നതിനെ കുറിച്ചാണ് ഈ പുസ്തകം.

# കുണ്ഡലിനി

കുണ്ഡലിനിയെക്കുറിച്ച് ധാരാളം പുസ്തകങ്ങൾ ലഭ്യമാണ്. യഥാർത്ഥത്തിൽ വിവിധ സംസ്കൃത ഗ്രന്ഥങ്ങൾ പ്രകാരം കുണ്ഡലിനിക്ക് ഒരായിരം നാമങ്ങളുണ്ട്. അതിനാൽ കുണ്ഡലിനിയെന്ന സംസ്കൃതപദത്തിന്റെ അർത്ഥം വിവരിക്കാൻ ശ്രമിച്ചുകൊണ്ട് പാണ്ഡിത്യപരമായ വിശദാംശങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല. നേരിട്ട് വിഷയത്തിലേക്ക് കടക്കുകയാണ്. 'ചുരുങ്ങിയിരിക്കുന്ന ഒന്ന്' എന്നാണ് കുണ്ഡലിനി എന്ന പദത്തിന്റെ അക്ഷരാർത്ഥം. പ്രപഞ്ചത്തിന്റെ ആദിമ ഊർജമാണിത്, അല്ലെങ്കിൽ മറ്റൊരു തരത്തിൽ പറഞ്ഞാൽ- ഈ ആദിമ ഊർജ്ജത്തിന്റെ സ്ഥൂലമായ ആവിഷ്ക്കാരമാണ് അടിസ്ഥാനപരമായി ഈ പ്രപഞ്ചം.

എന്നാൽ ഈ പ്രപഞ്ചത്തിന്റെ വലുപ്പത്തെക്കുറിച്ചുള്ള ആധുനിക ശാസ്ത്ര കണക്കുകൾ ഉണ്ടെന്നിരിക്കിലും ഈ ഊർജ്ജത്തിന് പരിധിയുണ്ടെന്ന് കരുതരുത്.

ഈ ഊർജ്ജത്തിന്റെ സ്വഭാവം മനസ്സിലാക്കാനൊക്കാത്തതും, നിഗൂഢവുമാണ്. അതിന്റെ അളവിനെക്കുറിച്ചോ, വലിപ്പത്തെക്കുറിച്ചോ പറയാനാവില്ല. ഈ ഊർജ്ജം സ്വയം അതിന്റെ യഥാർത്ഥ പ്രാകൃതം വെളിപ്പെടുത്തുന്നു. യോഗയുടെ വളരെ മുന്നോട്ടു പോയ ഘട്ടങ്ങളിൽ എത്തിയ യോഗികൾക്ക് മാത്രമാണ് ഇത് വെളിപ്പെടുത്തപ്പെടുന്നത്. എങ്കിലും വായനക്കാരന് മനസ്സിലാക്കാനാവുന്ന, വായനക്കാരന് ഉൾക്കൊള്ളാവുന്ന വിധം ഞാനൊരു പദസമുച്ചയം ഉപയോഗിക്കുന്നു. "സൂപ്പർ സ്മാർട്ട് എനർജി" (Super Smart Energy).

പ്രപഞ്ചത്തിൽ ഇത് പരമോർജ്ജമാണ്. ഒരു മനുഷ്യൻ അല്ലെങ്കിൽ ഈശ്വരൻ എന്ന പോലെ ഇത് പ്രജ്ഞതന്നെയാണ്. എന്തെല്ലാമായാലും ആദിപരാശക്തി അല്ലെങ്കിൽ അടിസ്ഥാന അവസ്ഥയിലുള്ള ഊർജ്ജം തന്നെയാണിത്.

ഈ പരമപ്രപഞ്ചോർജ്ജം ഈശ്വരനിൽ നിന്നും വ്യത്യസ്തമല്ല. ഈശ്വരൻ തന്നെയാണ് ഊർജ്ജത്തിന്റെ രൂപത്തിൽ ആവിഷ്ക്കരിക്കപ്പെട്ടിട്ടുള്ളത്.

അതിനാൽ ആധുനിക ശാസ്ത്രത്തിന്റെ എല്ലാ ആശയങ്ങളെയും മനസ്സിൽ നിന്നും ദൂരീകരിക്കാൻ ഞാൻ വായനക്കാരനോട് അഭ്യർത്ഥിക്കുകയാണ്, കാരണം ഇവയെല്ലാം തന്നെ ഈ ആദിപരാശക്തിയുടെ സ്ഥൂലമായ ഭാതീക രൂപത്തെ സംബന്ധിച്ചുള്ളവ മാത്രമാണ്. ഇത്തരത്തിൽ കാണുകയാണെങ്കിൽ വായനക്കാരന് ഈ പുസ്തകം കൂടുതൽ നന്നായി ഗ്രഹിക്കാനാകും.

അന്തിമമായി, സ്ഥൂല ഭൗതിക രൂപത്തിൽ വിന്യസിക്കപ്പെട്ട ആദിപരാശക്തിയുടെ ഈ ആവിഷ്കാരം വളരെ സങ്കീർണ്ണമാണ്. ഞാൻ മുമ്പേ പറഞ്ഞതുപോലെ, അതിന്റെ സൂക്ഷ്മരൂപങ്ങളിൽ ഈ ഊർജ്ജം അമാനുഷികമായ വിധത്തിൽ നിപുണമാണ് (Super Smart) ഒരു സാധാരണ മനുഷ്യബുദ്ധിയേക്കാളേറെ ഉത്തമമായ മേധാശക്തിയുള്ള ഒരു സത്തയാണ്.

അതിന്റെ അടിസ്ഥാനരൂപത്തിൽ, ഈ ഊർജ്ജം എല്ലാം അറിയുന്നതും പരമവുമാണ്. പ്രാചീനയോഗ ഗ്രന്ഥങ്ങൾ പ്രകാരം ഈ പരമദൈവീകതയ്ക്ക് രണ്ട് സവിശേഷതകൾ ഉണ്ടെന്ന് പൊതുവെ വിശ്വസിച്ചു പോരുന്നു. ഒന്ന് അതിന്റെ സ്ഥാനസ്ഥമായ ഭാവവും രണ്ടാമത്തേത് അതിന്റെ ഡൈനാമിക്കായ ഭാവവും. സ്റ്റാറ്റിക് ഭാവം മാറ്റമില്ലാത്ത, അല്ലെങ്കിൽ അനന്തമായ തത്ത്വവുമായി ബന്ധപ്പെട്ടതാണ്. എപ്പോഴും മാറിക്കൊണ്ടിരിക്കുന്ന പ്രപഞ്ചം അല്ലെങ്കിൽ കോസ്മിക് എനർജിയുമായി ബന്ധപ്പെട്ടതാണ് ഡൈനാമിക് ഭാവം. എങ്കിലും ഈ രണ്ട് ഭാവങ്ങളും ഒരേ നാണയത്തിന്റെ രണ്ടു വശങ്ങളായതിനാൽ ഒരർത്ഥത്തിൽ ഇവ രണ്ടും ഒന്നു തന്നെയാണ്. പ്രയോക്താവിന് ഈ ഊർജ്ജം അതിന്റെ യഥാർത്ഥ പ്രകൃതത്തെ സ്വയം വെളിപ്പെടുത്തേണ്ടതുണ്ട്. യോഗ അനുശീലനത്തിൽ വളരെയധികം മുന്നോട്ടു പോയിട്ടുള്ള ഒരു യോഗിക്ക് മാത്രമാണ് ഇത് സംഭവിക്കുന്നത് - ഇവിടെ നിരീക്ഷകൻ മനസ്സാണ്, നിരീക്ഷിക്കപ്പെടുന്ന വസ്തുവും മനസ്സാണ്, പരീക്ഷണശാല തന്നെയും മനസ്സാണ്.

ഈ പരമോർജ്ജം അല്ലെങ്കിൽ പരാശക്തി (യോഗാഗ്രന്ഥങ്ങൾ പ്രകാരം) രണ്ടു തലത്തിലാണ് ദൃശ്യ പ്രപഞ്ചമായി ആവിഷ്ക്കരി

ക്കപ്പെടുന്നത്.

ഈ ആവിഷ്ക്കാരത്തിന്റെ ഒരു രൂപം സമഷ്ടി തലത്തിലും മറ്റൊരു രൂപം വൈയക്തികതലത്തിലുമാണ്. അതായത് സമഷ്ടി തലത്തിൽ മനുഷ്യകുലത്തിന്റെ തന്നെ കൂട്ടായ അവബോധമായി പ്രപഞ്ചം നിലകൊള്ളുന്നു, അതേ സമയം വ്യക്തിതലത്തിൽ വ്യത്യസ്തമായും നിലകൊള്ളുന്നു. എങ്കിലും ഒരു യാഥാർത്ഥ്യമേയുള്ളൂ എന്ന തോന്നലുണ്ടാക്കുന്ന വിധത്തിൽ എല്ലാവർക്കും ഒരു പോലെ അനുഭവവേദ്യമായി വരുമെന്ന് കാണപ്പെടും വിധത്തിൽ രണ്ടു ലോകങ്ങളും പാശത്താൽ പരസ്പരം ബന്ധിക്കപ്പെട്ടിരിക്കുകയാണ്.

ഞാനിത് കൂടുതലായി വിശദീകരിക്കാം.

വ്യക്തികളുടെ മനസ്സിൽ വ്യത്യസ്തങ്ങളായ ലൗകീക ബോധ്യങ്ങളുടെ രൂപത്തിൽ സഞ്ചയിക്കപ്പെട്ടതിനെ അടിസ്ഥാനമാക്കിയതെന്താണോ അതിനെയാണ് വ്യക്തി തലത്തിലെ യാഥാർത്ഥ്യമായി അറിയുന്നത്. എന്നാൽ മനുഷ്യരുടെ ബയോളജിക്കൽ ഘടനയുമായി ബന്ധപ്പെട്ട്, അനവധി പൊതു സ്വഭാവ വിശേഷതകൾ മനുഷ്യർക്കുള്ളതിനാൽ, ഒരാൾക്ക് പ്രത്യക്ഷമാകുന്ന വിധത്തിൽ തന്നെയായിരിക്കും ഈ ലോകം അയാളുടെ സഹജീവികൾക്കും കാണപ്പെടുക. അതിനാലാണ് വ്യക്തിഗത ലോകങ്ങളെല്ലാം തന്നെ പാശബന്ധിതമായി കാണപ്പെടുന്നത്. കൂടാതെ ലോകത്തിന്റെ ഈ പൊതുകാഴ്ച ശരിയായ യാഥാർത്ഥ്യമായി കാണപ്പെടുന്നു, സമഷ്ടി അനുഭവത്തിലൂടെ ഈ വിശ്വാസം ശക്തമാക്കുകയും ചെയ്യുന്നു. എന്നാൽ, മനസ്സിന്റെ ഉള്ളടക്കവുമായി ബന്ധപ്പെട്ടതിനാൽ, ഓരോ വ്യക്തിയുടെയും അനുഭവം അനന്യമായിരിക്കും. അതിനാൽ തന്നെ ഒരു വ്യക്തിയുടെ ലോകക്കാഴ്ചയും അനന്യമായിരിക്കും. ഈയൊരു കാര്യം വളരെ ശ്രദ്ധിച്ച്, സൂക്ഷ്മമായി മനസ്സിലാക്കാൻ ഞാനെന്റെ വായനക്കാരോട് അഭ്യർത്ഥിക്കുകയാണ്. ഒരാൾക്ക് ശരിയെന്ന് തോന്നുന്നത് മറ്റൊരാൾക്ക് അപ്രകാരമാകണമെന്നില്ല.

ഇത് മൊത്തത്തിൽ പ്രപഞ്ച മായാദർശനമല്ലെ?

യാഥാർത്ഥ്യത്തിന്റെ മിഥ്യാദർശനം മനുഷ്യജീവികളെ എങ്ങനെയാണ് ബാധിക്കുന്നത്? ആദിപരാശക്തിയുടെ പ്രവർത്തനം ആളുകളുടെ യാഥാർത്ഥ്യത്തെക്കുറിച്ചുള്ള അവബോധത്തെ ബാധിക്കുന്നുണ്ട്. ലോകമെന്ന മായയെ അത്തരത്തിൽ ആവിഷ്ക്കരിച്ച് നില

നിർത്തുന്നതിനുത്തരവാദി ഈ ശക്തിതന്നെയാണ്, ഇതിനെ മനുഷ്യർ "യാഥാർത്ഥ്യ"മായി കാണുകയും ചെയ്യുന്നു.

എന്നാൽ ഗാഢനിദ്രയിൽ ഈ മായികലോകം ലീനമായ അവസ്ഥയിലേക്ക് പ്രവേശിക്കുന്നു, വ്യക്തി ഉണർവ്വിന്റെ അവസ്ഥയിലേക്ക് തെന്നി നീങ്ങുമ്പോൾ ഇത് വീണ്ടും സൃഷ്ടിക്കപ്പെടുകയും ചെയ്യും. എന്നാൽ 'സമഷ്ടിയായ ലോക'ത്തെ സംബന്ധിച്ചിടത്തോളം യുഗത്തിൽ ഒരിക്കൽ മാത്രമാണ് ഈ ലയനം നടക്കുന്നത്. അതിനുശേഷം സൃഷ്ടി വീണ്ടും പുനരാരംഭിക്കുന്നു.

ഈ ബാഹ്യലോകം അടിസ്ഥാനപരമായി ആന്തരിക ലോകത്തിന്റെ അഥവാ മനസ്സിന്റെ ആന്തരീകാവസ്ഥയുടെ ആവിഷ്കാരമാണ്. അതിനാൽ, ദൈനംദിനാടിസ്ഥാനത്തിൽ ഒരു വ്യക്തി യാഥാർത്ഥ്യത്തെ അനുഭവിക്കുന്നത് ആ വ്യക്തിയുടെ മനസ്സിൽ (ഈ ജന്മത്തിലോ, എണ്ണമറ്റ കഴിഞ്ഞ ജന്മങ്ങളിലോ) അങ്കിതമായ മുദ്രകളെ (ഇന്ദ്രിയങ്ങളാൽ സൃഷ്ടിക്കപ്പെട്ടവ–) ലൗകീകവും മാനസികവും–പൂർണ്ണമായും അടിസ്ഥാനമാക്കിയാണ്. ഓരോ വ്യക്തിയും അനേക ജന്മങ്ങളിലൂടെ കടന്നു പോയിട്ടുണ്ടെന്നും, ആത്മസാക്ഷാത്കാരം നേടുന്നതുവരെ പുനർജനിക്കുമെന്നും വായനക്കാരൻ മനസ്സിലാക്കേണ്ടതാണ്. അപ്രകാരം ബാഹ്യലോകത്തെ അനുഭവം അതനുഭവിക്കുന്ന വ്യക്തിയുടേതുമാത്രമായിരിക്കും. പ്രത്യേക വ്യക്തിയെ സംബന്ധിച്ചു മാത്രം 'യാഥാർത്ഥ്യ'മായിരിക്കുമെന്ന അർത്ഥത്തിൽ.

ഉദാഹരണത്തിന്, ഒരു വ്യക്തി ദൈനംദിന ജീവതത്തിൽ വ്യത്യസ്തരായ ആളുകളെ കാണുകയും അവരുമായി ഇടപഴകുകയും ചെയ്യുന്നു. ഈ ആളുകളെല്ലാം തന്നെ അയാളുടെ വ്യക്തിഗതമായ ബാഹ്യ ജീവിതം അനുഭവിച്ചുതീർക്കാനുള്ള മാധ്യമങ്ങളാണ്. ഇത്തരത്തിലല്ലാതെ ബാഹ്യലോകത്തിന് ഒരു വ്യക്തിയുടെ മേൽ സ്വാധീനം ഉണ്ടാക്കാനാവില്ല. ഒരു വ്യക്തി സ്വന്തം പരിതസ്ഥിതിയോട് കാണിക്കുന്ന പ്രതികരണമാണ്. അത് സത്യമാണ്, എന്നാൽ ആത്മീയമായ അർത്ഥത്തിലല്ല. ഈ പ്രതികരണവും രേഖപ്പെടുത്തപ്പെട്ട എല്ലാവിധ ലൗകീകമുദ്രകളായി മനസ്സിനകത്തുള്ളവയെ അടിസ്ഥാനപ്പെടുത്തിയതാണ്. അതിനാൽ ഒരാളുടെ ജീവിതത്തിൽ സംഭവിക്കുന്നതെന്തിനും മറ്റൊരാളെ കുറ്റപ്പെടുത്താൻ കഴിയുകയില്ല. ഇതൊരു കയ്പ്പേറിയ വസ്തുതയാണ്. നാം ഈ വസ്തുതയുമായി പൊരുത്തപ്പെടേ

ണ്ടിയിരിക്കുന്നു. മറ്റൊരു വിധത്തിലുമല്ല മനുഷ്യനെ രൂപപ്പെടുത്തിയിട്ടുള്ളത്. ഒരു വ്യക്തിയ്ക്ക് മറ്റൊരാളെ സഹായിക്കാനും സാധ്യമല്ല. (ഈശ്വരൻ മറ്റുവിധത്തിൽ, ഒരു മാധ്യമമായി പ്രവർത്തിക്കാൻ, നിശ്ചയിക്കാത്തിടത്തോളം) മാത്രമല്ല ആർക്കും തന്നെ മറ്റൊരാളുടെ സഹായം ആവശ്യമായി വരുന്നുമില്ല.

ഇപ്പോൾ വായനക്കാരന് ബാഹ്യലോകത്തിന്റെ മായാപ്രകൃതത്തെ എളുപ്പത്തിൽ ഗ്രഹിക്കാൻ കഴിയുന്നുണ്ടെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. അതിന് യാഥാർത്ഥ്യത്തിൽ ഒരു അടിസ്ഥാനവുമില്ല. സൃഷ്ടിയുടെ അല്ലെങ്കിൽ നമുക്ക് ചുറ്റുമുള്ള ലോകത്തിന്റെ അസ്തിത്വം തന്നെ ഒരു വ്യക്തിയുടെ ആത്മത്തിലാണ് കുടികൊള്ളുന്നത്, കൂടാതെ മനസ്സും പഞ്ചേന്ദ്രിയങ്ങളും വഴിയിത് അനന്തതയിലേക്ക് പ്രക്ഷേപിക്കപ്പെടുകയും ചെയ്യുന്നു. മനസ്സിന്റെ ആന്തരിക ഭാവങ്ങളാണ് പഞ്ചേന്ദ്രിയങ്ങൾ വഴി അനന്തതയിലേക്ക് പ്രക്ഷേപിക്കപ്പെടുകയും അതുവഴി വ്യക്തിതലത്തിൽ ലോകം സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നത്.

ഒരു വ്യക്തി സ്വപ്നാവസ്ഥയിലേക്ക് തെന്നിനീങ്ങുമ്പോൾ ഒരു പുതിയ ലോകം സൃഷ്ടിക്കപ്പെടുന്നു. സ്വപ്നം മാറുമ്പോൾ, മറ്റൊരു ലോകം സൃഷ്ടിക്കപ്പെടുന്നു. ബാഹ്യലോകം പോലെ വാസ്തവമാണ് സ്വപ്നലോകവും. സ്വപ്നം തുടരുന്നതുവരെ. രണ്ടുലോകങ്ങളുടെയും പ്രകൃതം ഒന്നു തന്നെയാണ്. എന്നാൽ നാം ജാഗ്രതാവസ്ഥയിൽ ആയിരിക്കുമ്പോൾ സ്വപ്നലോകത്തെക്കുറിച്ചുള്ള ഈ വസ്തുത നാം അംഗീകരിക്കുന്നില്ല, മാനസികമായ വെറുമൊരു തോന്നലായി കരുതി തട്ടിമാറ്റുന്നു.

ഒരു വ്യക്തി നിദ്രാവസ്ഥയിലേക്ക് കടക്കുമ്പോൾ, ജാഗ്രതാവസ്ഥയിലോ സ്വപ്നാവസ്ഥയിലോ നിലനിന്നിരുന്ന ബാഹ്യലോകം പൂർണ്ണമായും ലയിക്കുന്നു. നിദ്രാവസ്ഥയിൽ സ്വന്തം അസ്തിത്വത്തെക്കുറിച്ച് വ്യക്തിയ്ക്ക് യാതൊരുവിധ അവബോധവും ഉണ്ടാകുന്നില്ല. നിദ്രാവസ്ഥയിൽ, ഒരു വ്യക്തിയുടെ ആത്മഭാവം പൂർണ്ണമായും ലയിക്കുന്നു. അതിനാൽ, ഭിന്നമായൊരു സൃഷ്ടി (സ്വപ്നലോകമായോ, ബാഹ്യമായ ഭൗതികലോകമായോ) അനുഭവപ്പെടുന്നില്ല. ഈശ്വരനിൽ നിന്നും വ്യതിരിക്തമായ ഒരു വ്യക്തിത്വം അല്ലെങ്കിൽ ഒരു 'ആത്മഭാവം' ('I' ness) ഉണ്ടാവുന്നില്ല.

ഈ വ്യക്തി ജാഗ്രതാവസ്ഥയിലേക്ക് വീണ്ടും വരുമ്പോൾ, ബാഹ്യ

ലോകം വീണ്ടും സൃഷ്ടിക്കപ്പെടുന്നു. എന്നാൽ ആ വ്യക്തിയുടെ അറിവിന്റെ തലത്തിൽ വ്യത്യാസമൊന്നുമില്ല. ഏതറിവുമായാണോ നിദ്രാവസ്ഥയിലേക്ക് പ്രവേശിച്ചത്, ബാഹ്യലോകത്തെക്കുറിച്ചുള്ള അതേ ഓർമ്മയുമായാണ് വ്യക്തി തിരിച്ചുവരുന്നത്.

അതുപോലെ, സ്വപ്നാവസ്ഥയിൽ നിന്നും ഉണർവ്വിലേക്ക് ഒരു വ്യക്തി നീങ്ങുമ്പോൾ, മനസ്സിൽ സ്വപ്നലോകത്തിന്റെ ഓർമ്മകൾ അങ്കിതപ്പെട്ടിരിക്കും. എന്നാൽ നമ്മുടെ ദൈനംദിന ബാഹ്യജീവിതത്തിൽ നാം ഈ ഓർമ്മകളെല്ലാം മറക്കുന്നതുപോലെ ഈ സ്വപ്നലോകവും മറന്നുപോകുന്നു. നമ്മുടെ മുൻജന്മങ്ങൾ നാം ഓർത്തിരിക്കാത്തതിന്റെ കാരണവും ഇതാണ്. സമയം കടന്നുപോകുന്നതുപോലെ ഓർമ്മകളും മാഞ്ഞുപോകുന്നു. അത്ര ലളിതമാണിത്.

അതുകൊണ്ട് വ്യക്തിതലത്തിലുള്ള മായാലോകത്തെയാണ് ഭൂമിയിലെ ഭാഷകളിൽ 'ജീവിതം' എന്നു വിളിക്കുന്നത്. അതുകൊണ്ട് ആദിപരാശക്തിയെയാണ് (ഈശ്വരനിൽ നിന്നോ ഒരു വ്യക്തിയുടെ ആത്മത്തിൽ നിന്നോ നിർഗമിക്കുന്നത്) വ്യക്തിതലത്തിൽ അല്ലെങ്കിൽ സമഷ്ടിതലത്തിൽ സൃഷ്ടിയെന്ന് വിളിക്കുന്നത്. ഇവിടെ പ്രപഞ്ചമായി വെളിപ്പെടുന്ന ആദിപരാശക്തിയുടെ ഒരു നിർണ്ണായക ഭാവത്തിലേക്ക് വായനക്കാരന്റെ ശ്രദ്ധ ക്ഷണിയ്ക്കാൻ ഞാനാഗ്രഹിക്കുകയാണ്. ഉറവിടത്തിൽ നിന്ന്, അതായത് സർവ്വേശ്വരനിൽ നിന്ന് അല്ലെങ്കിൽ സത്തയിൽ നിന്ന് ഈ ഊർജ്ജം ഒരിക്കലും വേർപിരിയുന്നില്ല.

ഈ ഊർജ്ജത്തിന്റെ മായാരൂപത്തിലുള്ള ആവിഷ്കാരമാണ് അടിസ്ഥാനപരമായി ജീവിതം. ഇത് നിരന്തരമായി ഞൊടിയിടകൊണ്ട് മാറിക്കൊണ്ടിരിക്കുന്നു. തിരശ്ശീലയിലെ സിനിമ പ്രൊജക്ഷൻ പോലെയാണിത്. എന്നാൽ സമഷ്ടിതലത്തിൽ പ്രൊജക്ക്ടറും, ബീറ്റും, സ്ക്രീനും എല്ലാം സർവ്വേശ്വരനാൽ പ്രതിനിധീകരിക്കപ്പെടുന്ന ഒരേ അസ്തിത്വമാണ്, വ്യക്തിതലത്തിൽ ആത്മത്താലും.

സംക്ഷിപ്തമായി പറഞ്ഞാൽ, നിശ്ചലാവസ്ഥയിലുള്ള ആദിപരാശക്തി ഒരു ഗുരുവിന്റെ ഇടപെടൽ മൂലം തിരച്ചിടപെടുമ്പോൾ ഏതുറവിടത്തിൽ നിന്നാണോ അത് ലോകങ്ങളെ സൃഷ്ടിക്കാനാരംഭിച്ചത് ആ ഉറവിടത്തിലേക്ക് തന്നെ പതുക്കെ ലയിച്ചുതുടങ്ങുന്നു.

നീണ്ടകാലം യോഗ അനുശീലനം നടത്തിയ ഒരു വ്യക്തി സമാധി അല്ലെങ്കിൽ ചിന്താരഹിത അവസ്ഥയിലേക്ക് പ്രവേശിക്കാൻ തുടങ്ങുന്നു. തിരശ്ശീലയിലെ അല്ലെങ്കിൽ ജീവിതത്തിലെ കളി അവസാനിച്ചു. (വ്യക്തിതലത്തിലെ സൃഷ്ടി), വ്യക്തിയുടെ ആത്മാവ് പരമജ്ഞാനം നേടുന്നു.

മനുഷ്യശരീരത്തിൽ ഈ ശക്തിയുടെ സ്ഥാനം സെറിബ്രോസ്പൈനൽ സിസ്റ്റത്തിന്റെ മൂലത്തിൽ ഗുദത്തിന്റെയും ഉൽപ്പാദനേന്ദ്രിയത്തിന്റെയും ഇടയ്ക്കാണ്.

ഈ ഊർജ്ജം മനുഷ്യകുലത്തിന്റെ ചിത്തത്തിൽ (സമഷ്ടിതലത്തിൽ) ഒരു മായാലോകം ആവിഷ്ക്കരിക്കുന്നു, ഓരോ മനുഷ്യജീവിയുടെയും ചിത്തത്തിലും (വ്യക്തിതലത്തിൽ). ഒരു മനുഷ്യൻ അവന്റെ ശരീരത്തിന്റെ നാഥനായി സ്വയം കണക്കാക്കുന്നതുപോലെ, ഈശ്വരൻ സത്തയെക്കുറിച്ച് 'പ്രപഞ്ചത്തിന്റെ നാഥൻ' എന്ന് ചിന്തിക്കുന്നുണ്ടാകും. ആദിപരാശക്തിയുടെ ഈ മായാശക്തി നിമിത്തം ഇതിന് പല സംസ്കൃത ഗ്രന്ഥങ്ങളിലും 'പ്രപഞ്ചനാഥൻ' എന്ന് വിശേഷണം നൽകപ്പെടാറുണ്ട്. ഇക്കാരണം കൊണ്ടു തന്നെ ഇതിനെ "ശ്രേഷ്ഠമായ പ്രപഞ്ചമിഥ്യ" എന്നും സാമാന്യമായി വിളിച്ചുവരുന്നു. അതിനാൽ പ്രപഞ്ചമാതാവിനോടുള്ള വിനീതമായ ആദരവോടെ ഞാനിതിനെ 'ദി പവർ അൺനോൺ ടു ഗോഡ്' എന്ന് വിളിച്ച് എന്റെ പ്രണാമം അർപ്പിച്ചിരിക്കുന്നു.

അടിസ്ഥാനപരമായി ഒരു മനുഷ്യജീവി ഈശ്വരന്റെ അല്ലെങ്കിൽ പ്രപഞ്ചത്തിന്റെ ഒരു മീനിയേച്ചർ മാതൃകയാണ്!

സർവ്വേശ്വരന്റെ സുപ്രീം സൂപ്പർ സ്മാർട്ട് എനർജിയുടെ കോസ്മിക് കളിയാണിതെന്ന് നിങ്ങൾക്ക് കാണാം. സർവ്വേശ്വരൻ തന്നെ കളി മൊത്തത്തിൽ വീണ്ടും കളിക്കുകയാണ്.

അതുകൊണ്ടാണ് പരമദൈവീകതയുടെ സ്വഭാവം ദുർഗ്രാഹ്യമായിരിക്കുന്നത്, അതുപോലെ ആത്മസാക്ഷാത്കാരം നേടാൻ പ്രയാസമനുഭവപ്പെടുന്നതും.

ആദ്യം ഈ പരമോർജം സമഷ്ടിയായ പ്രപഞ്ചം സൃഷ്ടിച്ച് കൊണ്ട് ഈശ്വരനിൽ നിന്ന് വെളിപ്പെടുന്നു. അതിനുശേഷം ഈശ്വരൻ മനുഷ്യരായി ആവിഷ്കാരം നേടുന്നു, പിന്നീട് വ്യക്തിതലത്തിൽ

എല്ലാ മനുഷ്യർക്കും ഉള്ളിലായി അനേകായിരം ലോകങ്ങളെ സൃഷ്ടിക്കപ്പെടുന്നു. ഈ വ്യത്യസ്ത തലങ്ങളിലുള്ള സൃഷ്ടി ഒരൊറ്റ യാഥാർത്ഥ്യമെന്ന നിലയിൽ പരസ്പരബന്ധിതമായി കാണപ്പെടുന്നു, വാസ്തവത്തിൽ ഇതൊരു മായയാണ്, പരിപൂർണ്ണമായ മിഥ്യ. ഈ പരമോർജം അനേകായിരം ദൈവങ്ങളെ അല്ലെങ്കിൽ ദേവതകളെ സൃഷ്ടിച്ച് ഈ ബൃഹത്തും അനന്തവുമായ പ്രപഞ്ചത്തിന്റെ പല സ്ഥലങ്ങളിലായി പ്രതിഷ്ഠിക്കുന്നു. ഒടുവിൽ ബൃഹത്തും അനന്തവുമായ പ്രപഞ്ചത്തിന്റെ അഗാധതയിൽ എണ്ണമറ്റ ലോകങ്ങളിൽ നിന്നും അകന്ന് പരമാനന്ദ സാഗരത്താൽ ചുറ്റപ്പെട്ടുകൊണ്ട് മണിദ്വീപിലാണ് പ്രപഞ്ചോർജ്ജം നിലകൊള്ളുന്നത്. (വിവിധ സംസ്കൃതഗ്രന്ഥങ്ങളിൽ ഘോഷിക്കപ്പെടുന്നതുപോലെ.)

ഇതിൽ നിന്ന് നാമെന്താണ് മനസ്സിലാക്കുന്നത്?

ഗ്രഹിക്കാൻ വൈഷമ്യമുണ്ടെങ്കിലും സൈദ്ധാന്തികമായി നോക്കുകയാണെങ്കിൽ കാലത്തിന്റെ ഏതൊരു മാത്രയിലും ആത്മസാക്ഷാത്കാരം സംഭവിക്കാവുന്നതാണ്. ആത്മ സാക്ഷാത്കാരം സംഭവിക്കുന്നതോടുകൂടി വ്യക്തിക്ക് ഈ സുപ്രീം സൂപ്പർ സ്മാർട്ട് എനർജിയുടെ യഥാർത്ഥ സ്വരൂപത്തെക്കുറിച്ചുള്ള നേരിട്ടറിവുണ്ടാകുന്നു.

ഈ ഊർജ്ജമാണ് സ്പേസ്. ഈ ഊർജ്ജമാണ് കാലം. ഈ ഊർജ്ജമാണ് ജീവൽശക്തി. ഈ ഊർജ്ജമാണ് പരമസത്യവും പരമപ്രജ്ഞയും. ഇതാണ് മനസ്സ്. പരമാനന്ദവും ഈ ഊർജ്ജം തന്നെ. ഇതാണ് മേധാശക്തി. ഇതാണ് ഈഗോ, ഈ ഊർജ്ജമാണ് സ്നേഹം. ഈ ഊർജ്ജമാണ് എന്റെ എളിമ. ഈ ഊർജ്ജമാണ് എന്റെ ശ്വാസം.

ഈ ഊർജ്ജത്തിന് എന്റെ പ്രണാമം!

ഈ ഊർജ്ജം പ്രകൃത്യാൽ നിഗൂഢമാണ്. ഒടുവിൽ ഈ ഊർജ്ജം അക്ഷയവുമാണ്.

മുകളിൽ സൂചിപ്പിച്ചതുപോലെ, മനുഷ്യശരീരത്തിൽ സെറിബ്രോസ്പൈനൽ വ്യവസ്ഥയുടെ മൂലത്തിൽ, ഗുദത്തിനും ജനനേന്ദ്രിയത്തിനും ഇടയിലായി ഇത് സ്ഥിതി ചെയ്യുന്നു.

ഇതാണ് കുണ്ഡലിനി – 'ചുരുണ്ടിരിക്കുന്ന ഒന്ന്'

ഒരു വ്യക്തിയിൽ ഗുരുവിന്റെ ഇടപെടൽ കൊണ്ട് ഈ ഊർജ്ജം

റിവേഴ്സ് രീതി പ്രാപിക്കുമ്പോൾ, വ്യക്തിയുടെ ആത്മാവിന് നാശം സംഭവിക്കുകയും വ്യക്തി ആത്മസാക്ഷാത്കാരം നേടുകയും ചെയ്യുന്നു. പരമദൈവീകതയുമായി മനുഷ്യൻ ലയിച്ചു ചേരുന്നു, വ്യക്തിയുടെ സെറിബ്രോസ്പൈനൽ സിസ്റ്റത്തിലൂടെ ഊർജ്ജ ത്തിന്റെ ആരോഹണം നടക്കുകയും മനസ്സിനെ ഉയർന്ന തലങ്ങളി ലേക്ക് ഉയർത്തുകയും ചെയ്യും.

ഈ ഊർജ്ജം അതിന്റെ റിവേഴ്സ് രീതിയിൽ ഒരു വ്യക്തിയെ അമരത്വത്തിലേക്ക് നയിക്കുന്നതാണ് യോഗ.

# ശക്തിപഥ്

'ഊർജ്ജത്തിന്റെ അവരോഹണം' എന്നാണ് ശക്തിപഥ് എന്ന പദം സർവ്വപ്രധാനമായും അർത്ഥമാക്കുന്നത്. മനുഷ്യശരീരത്തിൽ നിദ്രാവസ്ഥയിൽ സ്ഥിതി ചെയ്യുന്ന പ്രപഞ്ചശക്തിയെ ഉണർത്താനായി ശക്തിപഥ് സംഘത്തിലെ സന്ന്യാസിമാർ ഉപയോഗിക്കുന്ന ഒരു വിദ്യയാണിത്.

ആർക്കാണ് ശക്തിപഥ് ആചരിക്കാൻ കഴിയുക? കൂടാതെ ആരിലാണ് ഇത് നിർവ്വഹിക്കപ്പെടുക?

ശക്തിപഥ് നിവർത്തിക്കപ്പെടുമ്പോൾ എന്തു സംഭവിക്കുന്നു ?

ഈ വിഷയത്തിൽ അത്രയേറെ പരിജ്ഞാനം ഉണ്ടാകാൻ സാധ്യതയില്ലാത്ത സാമാന്യ വായനക്കാരനുവേണ്ടി മുകളിൽ പറഞ്ഞ ചോദ്യങ്ങൾ വിശദീകരിക്കാൻ ഞാൻ ശ്രമിക്കാം.

ആരിലാണോ താൻ അനുഗ്രഹം ചൊരിയാൻ ആഗ്രഹിക്കുന്നത്, ആ വ്യക്തിയിലാണ് ഒരു ഗുരു അല്ലെങ്കിൽ ആരാധ്യനായ ആചാര്യൻ ശക്തിപഥ് നിവർത്തിക്കുന്നത്.

എന്നാൽ, ഇതിനായി ഗുരുവിൽ നിർബ്ബന്ധം ചെലുത്താനാവില്ല. കാരണം ആത്മസാക്ഷാത്കാരം നേടിയ മനുഷ്യരൂപത്തിലുള്ള പരമ ദിവ്യശക്തിയുടെ ആവിഷ്കാരമാണ് ഒരു ഗുരു. അതിനാൽ അപ്രകാരം നിവർത്തിക്കപ്പെട്ടാലും പരിശ്രമം വൃഥാവിലാകും.

ഞാനിത് വിശദീകരിക്കാൻ ശ്രമിക്കാം.

മനുഷ്യവംശത്തിന്റെ നന്മയ്ക്കായി ഭൂമിയിൽ ദൈവീകത്വത്തിന്റെ ഒരു മാധ്യമമായി പ്രവർത്തിക്കാൻ മുൻകൂട്ടി നിശ്ചയിക്കപ്പെട്ടതിനാൽ, ഗുരുവിന് മനുഷ്യരൂപത്തിൽ സാങ്കേതികമായി അസ്തിത്വമുണ്ട്. (ആത്മസാക്ഷാത്കാരം നേടിയെങ്കിലും) അടിസ്ഥാനപരമായി,

മനുഷ്യകുലത്തിന് അവരുടെ രക്ഷക്കായി ഈശ്വരൻ നൽകുന്ന സമ്മാനമാണ് ഒരു ഗുരു. എങ്കിലും സാങ്കേതിക കാരണങ്ങളാൽ (യോഗയുടെ കാഴ്ചപ്പാടിൽ നിന്നും) ഗുരുവിന് യോഗയുടെ നിയമങ്ങൾക്ക് വിധേയനാകേണ്ടതുണ്ട്. അതിനാൽ ആ വ്യക്തിയ്ക്ക് തുടർന്നും മനുഷ്യരൂപത്തിൽ നിലനിൽക്കേണ്ടതായി വരുന്നു. ഇത്തരം സാഹചര്യത്തിൽ, ശക്തിപഥ് നിവർത്തിക്കാനായി ആരെങ്കിലും ഗുരുവിൽ നിർബ്ബന്ധം ചെലുത്താൻ ശ്രമിക്കുകയാണെങ്കിൽ, പരമദൈവീകത തന്നെ ഇതിനുള്ള അനുമതി നൽകുകയില്ല. കൂടാതെ, ആരാധ്യനായ ഒരു ആചാര്യൻ അല്ലെങ്കിൽ ഒരു ഗുരു ചില വിശേഷാധികാരങ്ങളാൽ അനുഗ്രഹീതനാണെന്ന വസ്തുത പുരാണ യോഗഗ്രന്ഥങ്ങൾ ഒരുപോലെ ഉദ്ഘോഷിക്കുന്നുണ്ട്.

ഒരു ഗുരുവിന് നൽകപ്പെട്ടിട്ടുള്ള വിശേഷാധികാരം എന്ന വിഷയത്തെ സംബന്ധിച്ച് എനിക്ക് പറയാനുള്ളത് വായിക്കുമ്പോൾ വായനക്കാരൻ അതിശയിച്ചുപോകും.

യോഗപ്രമാണഗ്രന്ഥങ്ങൾ പ്രകാരം പരമദൈവീകതയുടെ കോപത്തിൽ നിന്നുപോലും ഒരു വ്യക്തിയെ രക്ഷിക്കാൻ ഗുരുവിന് കഴിയും. അനാദികാലം തൊട്ടേ ഈ വിശേഷാധികാരം ഒരു ഗുരുവിന് നൽകപ്പെട്ടിട്ടുണ്ട്.

പ്രപഞ്ചത്തിലെ പരിപൂർണ്ണസത്യമെന്ന് പറയുന്നത് ഈ ഈശ്വരന്റെ പരിപൂർണ്ണ അസ്തിത്വമായതിനാൽ ഈ ഈശ്വരൻ കബളിപ്പിക്കപ്പെടാവുന്നവനല്ല, ഈഗോയിസത്താൽ നിറം പിടിപ്പിക്കപ്പെട്ട മനുഷ്യന്റെ സ്വതന്ത്ര ഇച്ഛയല്ല. ഈഗോയിസത്താൽ നിറം പിടിപ്പിക്കപ്പെടാത്തപ്പോൾ തീർച്ചയായും ദൈവീകമായി സ്വതന്ത്രഇച്ഛ നിലകൊള്ളുന്നുണ്ട്. ഈഗോയിസം കലരുമ്പോളത് മിഥ്യ മാത്രമായി തീരുന്നു.

അതിനാൽ, ഗുരു ഒരു വ്യക്തിയിൽ ശക്തിപഥ് നിവർത്തിക്കുമ്പോൾ ഗുരു ആരിലാണോ അനുഗ്രഹം ചൊരിയാൻ ആഗ്രഹിക്കുന്നത് (അല്ലെങ്കിൽ ഈശ്വരൻ അനുഗ്രഹം ചൊരിയാൻ ആഗ്രഹിക്കുന്ന വ്യക്തി) ആ വ്യക്തിയിൽ, യഥാർത്ഥത്തിൽ ഗുരു ഈശ്വരന് മനുഷ്യരൂപത്തിൽ പ്രവർത്തിക്കാനുള്ള മാധ്യമമായി തീരുകയാണ്.

ഗുരു സ്വന്തം ഊർജ്ജം വ്യക്തിയിലേക്ക് പകരുകയും, വ്യത്യസ്തരൂപത്തിൽ ആവിഷ്കരിക്കപ്പെട്ട ഈശ്വരന്റെതന്നെ സത്തയായ,

വ്യക്തിയിൽ ഉറങ്ങിക്കിടന്ന പരമശക്തിയെ, സക്രിയമാക്കുകയും ചെയ്യുന്നു.

ഇപ്പോൾ, ഈശ്വരന്റെ സൃഷ്ടി, അവനോ, അവളോ, അതോ ആകാം. അതിനാൽ തന്നെ ശിഥിലീകരിക്കപ്പെടുന്നു. ഈ പരമദൈവീകതയെ നാം ആഗ്രഹിക്കുന്ന ഏതൊരു സംജ്ഞകൊണ്ടും നമുക്ക് സംബോധന ചെയ്യാം. ചില മതസമ്പ്രദായങ്ങളിൽ പുരുഷരൂപത്തിൽ പിതാവായി, കാമുകനായി, അങ്ങനെ പല രൂപത്തിൽ ഈശ്വരൻ ആരാധിക്കപ്പെടുന്നുണ്ട്. ചില മതസമ്പ്രദായങ്ങൾ പ്രകാരം സ്ത്രീയുടെ മാതൃഭാവത്തിൽ ഈശ്വരൻ ആരാധിക്കപ്പെടുന്നുണ്ട്. ആധുനിക ശാസ്ത്രജ്ഞരെക്കുറിച്ച് എനിക്കൊരു ഐഡിയയും ഇല്ല. ഒരു പക്ഷെ, അന്തർബോധമില്ലാത്ത ഊർജ്ജമായി ദൈവീകതയെ അവർ പരാമർശിക്കുന്നുണ്ടാവാം.

അതിനാൽ, ഒരു വ്യക്തിയിലുള്ള ആദിപരാശക്തിയെ റിവേഴ്സിലാക്കുന്നതിനായി ഗുരു അതിനെ കൈകാര്യം ചെയ്യുമ്പോൾ, ഒരു സ്പർശം, ഒരു നോട്ടം, അല്ലെങ്കിലൊരു മന്ത്രം, അതുമല്ലെങ്കിൽ സ്വന്തമായ സ്വതന്ത്രേച്ഛ, ഇതിലെന്തെങ്കിലുമൊന്നാവാം അതിനുവേണ്ടി ഉപയോഗിക്കുന്നത്. ആവശ്യകതയ്ക്കനുസരിച്ച് ചിലപ്പോൾ ഈ വിദ്യകളുടെ ഒരു കോമ്പിനേഷൻ തന്നെ ഉപയോഗിച്ചുവെന്നും വരാം.

ഇനി ഈ വിദ്യ ആരിലാണ് നിവർത്തിക്കപ്പെടേണ്ടതെന്ന ചോദ്യം.

എല്ലാ മനുഷ്യജീവികളും ഈ ദൈവീകാനുഗ്രഹം സ്വീകരിക്കാനുള്ള സ്ഥിതിയിലാണോ? അതെ, തീർച്ചയായും. മതത്തിനോ, വംശത്തിനോ, വിശ്വാസപ്രമാണങ്ങൾക്കോ പ്രസക്തിയില്ല. ഈശ്വരൻ ആരുടെ മേലും ഏതു സമയത്തും ഈ ദൈവീകാനുഗ്രഹം ചൊരിഞ്ഞേക്കാം. ഈ വസ്തുതയുമായി യോജിക്കാൻ വളരെ ലളിതമായ പ്രാപഞ്ചികയുക്തി മതിയാകും.

പിന്നെയെന്തുകൊണ്ടാണ് സർവ്വേശ്വരൻ ഈ അനുഗ്രഹം എല്ലാവരിലും വർഷിച്ച് എല്ലാവരെയും ജനന-മരണ ചക്രത്തിൽ നിന്നും സ്വതന്ത്രരാക്കാത്തത്?

സർവ്വേശ്വരൻ എന്തുകൊണ്ടിപ്രകാരം ചെയ്യണമെന്നുള്ളതിന് ഇതിൽ കൂടുതൽ പ്രാധാന്യമുണ്ട്.

ദൈവീകമായ സ്വതന്ത്രേച്ഛ പ്രവർത്തിപ്പിച്ചുകൊണ്ടാണ് സർവ്വേ

ശ്വരൻ സൃഷ്ടി നടത്തിയത്, അല്ലെങ്കിൽ മനുഷ്യനായി ആവിഷ്കരിക്കപ്പെട്ടത്. സർവ്വേശ്വരന്റെ ഇച്ഛയ്ക്കെതിരെ ഒരു മനുഷ്യജീവി അവന്റെയോ, അവളുടെയോ ലൗകീകമായ സ്വതന്ത്ര ഇച്ഛ പ്രാവർത്തികമാക്കുകയെന്ന ചോദ്യം തന്നെ ഉദിക്കുന്നില്ല.

സർവ്വേശ്വരനിൽ നിന്ന് വേറിട്ടൊരു അസ്തിത്വമാണോ അവനോ അല്ലെങ്കിൽ അവൾക്കോ ഉള്ളത്?

മനുഷ്യജീവികൾ പൊരുത്തപ്പെടേണ്ടതായ അടിസ്ഥാനപ്രശ്നമാണിത്.

അതായത്, നിങ്ങൾ നിങ്ങളുടെ ആനന്ദത്തിനായി ഒരു കളിപ്പാട്ടം സൃഷ്ടിക്കുന്നു. (അല്ലെങ്കിൽ ഒരു കളിപ്പാട്ടമായി സ്വയം ആവിഷ്കരിക്കുന്നു.) അതിന് നിങ്ങളുടെ ഗുണങ്ങൾ നൽകുന്നു. എന്നാലതേ സമയം ഒരു കൂട്ടം നിയമങ്ങൾക്ക് അതിനെ വിധേയമാക്കുന്നു. അപ്പോൾ നിങ്ങളെ ചോദ്യം ചെയ്യാൻ കളിപ്പാട്ടത്തിന് അടിസ്ഥാനപരമായി അവകാശമില്ല. നിങ്ങളുടെയും കളിപ്പാട്ടത്തിന്റെയും അസ്തിത്വം ഒന്നുതന്നെയാണ്. നിങ്ങളില്ലാതെ കളിപ്പാട്ടമില്ല. എങ്കിലും, കളിപ്പാട്ടത്തിന് അതിന്റെ യഥാർത്ഥ പ്രകൃതം തിരിച്ചറിയാനുള്ള ശക്തിയുണ്ട്, അതിനെ നമ്മൾ ആത്മസാക്ഷാത്കാരം എന്നു വിളിക്കുന്നു.

ഇത്തരത്തിലാണ് പരമദൈവീകത മനുഷ്യജീവികളെ സൃഷ്ടിച്ചിട്ടുള്ളത്. ദൈവീകവിനോദത്തിനായുള്ള കളിപ്പാട്ടമായി. അതുകൊണ്ട്, കളിപ്പാട്ടം അല്ലെങ്കിൽ ഇവിടെ മനുഷ്യജീവി, പ്രാപഞ്ചിക സ്വതന്ത്ര ഇച്ഛാശക്തി പ്രയോഗിക്കുന്ന ചോദ്യം തന്നെ ഉണ്ടാവുന്നതെങ്ങിനെ?

മാനസികമായി ആത്മഭാവത്തിന്റെ നേർത്ത അലപോലും ഇല്ലാതാകുമ്പോൾ, മനുഷ്യജീവി ഒരു മനുഷ്യജീവിയല്ലാതായിത്തീരുകയും മനുഷ്യനുണ്ടെന്ന് പറയപ്പെടുന്ന സ്വതന്ത്രേച്ഛ പരമസത്യമായി രൂപാന്തരപ്പെടുകയും ചെയ്യുന്നു! അപ്പോഴാണ് ആത്മസാക്ഷാത്കാരം സംഭവിക്കുന്നത്. അഹംഭാവത്തിന്റെ അവസ്ഥകളിൽ സ്വതന്ത്രമായ ഇച്ഛാശക്തി സമാഹൃതമാകുന്നില്ല.

ഓരോ മനുഷ്യജീവിയും സർവ്വേശ്വരന്റെ അവതാരമാണ്. മനുഷ്യന്റെ ഹൃദയത്തിൽ ദൈവീകത കുടികൊള്ളുന്നു. അതിനാൽ ആത്മഭാവത്തിൽ നിറം പിടിച്ചതാണെങ്കിലും ഈ ദൈവീകമായ

സ്വതന്ത്ര ഇച്ഛ മാനസീകഭാവങ്ങളിലൂടെ വെളിപ്പെടാൻ ശ്രമിക്കുന്നു.

ഇത് ഗ്രഹിക്കേണ്ടത് വളരെ നിർണ്ണായകമാണ്.

ഈ സ്വതന്ത്ര ഇച്ഛ സർവ്വശക്തമാണെന്ന് തെറ്റിദ്ധരിക്കപ്പെട്ടിരിക്കുകയാണ്, കൂടാതെ നിസ്സാരമായ ലൗകീകനേട്ടങ്ങൾക്കായി ഈ സ്വതന്ത്രമായ ഇച്ഛ പ്രയോഗിക്കുന്നതിനെക്കുറിച്ച് മനുഷ്യകുലം വീണ്ടും വീണ്ടും പറഞ്ഞുകൊണ്ടിരിക്കുന്നു.

ഇതിന്റെ അസ്തിത്വം പരമമായതാണോ, അതോ മിഥ്യയാണോ എന്നുള്ള അന്വേഷണം നടത്താൻ പോലും ആരും ആഗ്രഹിക്കുന്നില്ല. സ്വതന്ത്രഇച്ഛയെന്ന മിഥ്യ നൽകുന്ന തെറ്റായ സ്വതന്ത്ര്യബോധത്തിൽ നിന്ന് പുറത്തുകടക്കാൻ ആരും ആഗ്രഹിക്കുന്നില്ല. സമവാക്യത്തിൽ നിന്നും അഹംഭാവം എടുത്തുമാറ്റുമ്പോൾ മാത്രമാണ് സ്വതന്ത്രമായ ഇച്ഛ പരമസത്യമായി പരിണമിക്കുന്നത്. അതുവരെ അത് മിഥ്യമാത്രമാണ്.

അതിനാൽ സർവ്വേശ്വരന്റെ അനുഗ്രഹം എല്ലാവരിലും എന്തുകൊണ്ട് ചൊരിയുന്നില്ല എന്നതിന് അവനെതന്നെ ചോദ്യം ചെയ്യാൻ ഒരു മനുഷ്യജീവിയ്ക്കും സാധ്യമല്ല. ശക്തിപഥ് നിവൃത്തിക്കാൻ ഒരു ഗുരുവിൽ നിർബന്ധം ചെലുത്താൻ സാധിക്കാത്തതിന്റെ കാരണവും ഇതാണ്.

ഞാൻ മുകിൽ പ്രസ്താവിച്ചതിൽ നിന്ന് എന്തെങ്കിലും ചിലതൊക്കെ വായനക്കാരന് മനസ്സിലായിക്കാണുമെന്ന് ഞാൻ വിശ്വസിക്കുന്നു.

സംസ്കൃത പ്രമാണഗ്രന്ഥങ്ങളിൽ പറയുന്നതുപോലെ വിദ്യാർത്ഥി തയ്യാറാകുമ്പോൾ ഗുരു അല്ലെങ്കിൽ സർവ്വേശ്വരൻ ഉടൻ പ്രത്യക്ഷനാകും.

ഇത് സ്വാഭാവികമായ പ്രപഞ്ചതത്ത്വമാണ്. പ്രാപഞ്ചികയുക്തി ഉൾക്കൊള്ളുന്ന വിശദീകരണങ്ങളൊന്നും ഇതിൽ സാധ്യമല്ല. സ്വീകരിക്കുക, അല്ലെങ്കിൽ വിട്ടുകളയുക.

തീരുമാനിക്കപ്പെട്ട ഒരു സംവാദം ചർച്ച ചെയ്ത് സമയം നഷ്ടപ്പെടുത്താൻ ഞാനാഗ്രഹിക്കുന്നില്ല. അഹംഭാവത്താൽ നിറം പിടിപ്പിച്ച മനുഷ്യരുടെ സ്വതന്ത്രമായ ഇച്ഛ, ആർക്കും എപ്പോൾ വേണമെ

ങ്കിലും പ്രയോഗിക്കാം.

ഒരു വ്യക്തിയിൽ വിശ്വാസം എങ്ങനെയാണ് നിർമ്മിക്കപ്പെടുന്നതെന്ന വിഷയത്തിലേക്ക് ഞാൻ തിരിയുകയാണ്. പല കാര്യങ്ങളും നാം ചോദ്യം ചെയ്യാതെ അംഗീകരിക്കുന്നതായുണ്ട്. വെള്ളം നമ്മുടെ ദാഹത്തെ ശമിപ്പിക്കുന്നുവെന്ന് നാം തീർച്ചയായും കരുതുന്നു. ഭക്ഷണം നമ്മുടെ വിശപ്പ് മാറ്റുമെന്ന് നാം കരുതുന്നു. തീ നമുക്ക് ചൂടു തരുമെന്ന് നാം കരുതുന്നു. അങ്ങനെ പലതും, ചിലപ്പോഴൊക്കെ വിശ്വാസം പരീക്ഷിച്ചറിഞ്ഞും മറ്റു ചിലപ്പോൾ സഹജാവബോധം കൊണ്ടുമായിരിക്കും കെട്ടിപ്പടുക്കുന്നത്. വിശ്വാസം - യുക്തിപൂർവ്വമാകാം അല്ലെങ്കിൽ യുക്തിരഹിതമാകാം- അതാണ് ജീവിതത്തിന്റെ ഊടും പാവും. വിശ്വാസത്തെ പരീക്ഷിച്ചറിയാനാവാത്ത അനേകം സന്ദർഭങ്ങളുണ്ടാകാം. ഒരു കുഞ്ഞിന് അമ്മയിലുള്ള വിശ്വാസം പോലെ, യുദ്ധക്കളത്തിലേക്ക് പ്രവേശിക്കുന്ന ഒരു പട്ടാളക്കാരന്റെ വിശ്വാസം പോലെ.

പൊതുവെ ശക്തിപഥ് ഉപനയനം സ്വീകരിക്കാൻ ഒരു വ്യക്തി യോഗ്യനാണെന്ന് പരിഗണിക്കുക അയാളുടെ മനസ്സിന്റെ ഘടനയെ അടിസ്ഥാനമാക്കിയാണ്. പരമദൈവീകമായുള്ള ബന്ധത്തിൽ ഒരു വ്യക്തിയുടെ വിശ്വാസം പര്യാപ്തമാകുന്ന ഘട്ടത്തിൽ വ്യക്തി ഉപനയിക്കപ്പെടാം. ഞാനീ ആശയം കുറച്ചുകൂടെ വിശദമാക്കാം.

യോഗപ്രമാണങ്ങൾ പ്രകാരം മനുഷ്യമനസ്സ് മൂന്ന് ഗുണങ്ങളാൽ ഉണ്ടാക്കപ്പെട്ടവയാണ്.

രജസ്സ്, തമസ്സ്, സാത്വികം. രജസ്സ് ഊർജ്ജസ്വലവും, തമസ്സ് അലസപ്രകൃതവും, സാത്വികം സമതുലിതാവസ്ഥയുമാണ്.

രജോഗുണമാണ് എല്ലാ തരത്തിലുള്ള സൃഷ്ടിയ്ക്ക് കാരണം. തമോഗുണത്താൽ എല്ലാ തരത്തിലുള്ള സംഹാരം നടക്കുന്നു. സാത്വിക ഗുണത്തിൽ എല്ലാ തരത്തിലുമുള്ള നിലനിൽപ്പ് അല്ലെങ്കിൽ അതിജീവനം നടക്കുന്നു.

പരമമായ പ്രപഞ്ചോർജ്ജത്തിന്റെ ഈ മൂന്നു ഗുണങ്ങളെ അടിസ്ഥാനമാക്കി ഓരോ മനുഷ്യമനസ്സും അനന്യമായി രൂപപ്പെട്ടിരിക്കുകയാണ്.

കൂടാതെ, ഈ മിശ്രണം മനുഷ്യമനസ്സിൽ നിരന്തരമായ മാറ്റത്തിന്

വിധേയമാകുന്നുമുണ്ട് - ചിന്തകളുടെയും വികാരങ്ങളുടെയും രൂപ ത്തിൽ അനേകം മാറ്റങ്ങൾ സംഭവിക്കുന്നു.

ഒരു വ്യക്തിയിൽ ഈ മൂന്ന് ഗുണങ്ങളും സമതുലിതാവസ്ഥയി ലാകുമ്പോൾ, പ്രപഞ്ചോർജ്ജത്തിന്റെ ഈ മുറുക്കിപ്പിടുത്തത്തെ വ്യക്തി അതിജീവിക്കുന്നു. അയാൾ പ്രശാന്തമായ, അല്ലെങ്കിൽ ചിന്താരഹിതമായ ഒരു മാനസികാവസ്ഥയിലേക്ക് പ്രവേശിക്കുന്നു.

ഈ അവസരത്തിൽ, സൈദ്ധാന്തികമായിട്ടാണെങ്കിലും, ആത്മ സാക്ഷാത്കാരം സംഭവിക്കണം.

ഒരു സാധാരണ മനുഷ്യനിൽ അയാളുടെ നിത്യജീവിതത്തിൽ പലപ്രാവശ്യവും സമതുലിതാവസ്ഥ സംഭവിക്കുന്നുണ്ട്. എങ്കിലും, അത് അധികനേരം നിലനിൽക്കുന്നില്ല, സംഭവിക്കുമ്പോൾ തന്നെ എന്താണ് സംഭവിച്ചതെന്ന് ആ വ്യക്തി തിരിച്ചറിയുന്നുമില്ല. ഒരു രത്നക്കല്ല് ആദ്യമായി കാണുമ്പോൾ ഒരു പാവപ്പെട്ടവന് അത് തിരി ച്ചറിയാൻ കഴിയാത്തതുപോലെ-ആത്മസാക്ഷാത്കാരത്തിന്റെ നന്മ യെക്കുറിച്ച് ആകസ്മികമായി ആ വ്യക്തിയിൽ ബോധം ഉണ്ടാകു ന്നില്ല.

ഒരു മനുഷ്യമനസ്സിന്റെ അനന്യമിശ്രണമായ ആ മൂന്ന് ഗുണങ്ങളി ലേക്ക് നമുക്ക് തിരിച്ചുവരാം.

ക്രമബദ്ധമായ മതപരപ്രക്രിയ അല്ലെങ്കിൽ ഒരു യോഗമുറയുടെ നിരന്തരമായ പരിശീലനം വഴി മനസ്സ് സാവധാനത്തിൽ സമതുലി താവസ്ഥയിൽ എത്തിപ്പെടുന്നു. എങ്കിലും ഇപ്പോൾ ഈ അവസ്ഥ യിൽ സ്ഥായിത്വം കൈവരുന്നില്ല. ക്രമരഹിതമായ രീതിയിൽ വ്യക്തി യുടെ മനസ്സ് ഒരവസ്ഥയിൽ നിന്ന് മറ്റൊരവസ്ഥയിലേക്ക് ദ്രുതഗതി യിൽ ആടിക്കൊണ്ടിരിക്കും.

ബാഹ്യലോകത്ത് അല്ലെങ്കിൽ നിത്യജീവിതത്തിൽ വ്യക്തി നിർവ്വ ഹിക്കുന്ന പ്രവർത്തനങ്ങളിലും ഈ അവ്യവസ്ഥമായ മാനസികനില വെളിപ്പെടും.

ഇത്തരത്തിലുള്ള ഒരു വ്യക്തിയുടെ സ്വഭാവത്തെ വായനക്കാരന് സങ്കൽപ്പിക്കാൻ കഴിയുന്നുണ്ടോ?

ഓരോ നല്ല പ്രവൃത്തിക്കും തുല്യമായ ചീത്തപ്രവൃത്തിയും ആ

വ്യക്തി ചെയ്യുന്നതാണ്. അപ്രകാരം വ്യക്തി നേടുന്ന മെരിറ്റും, ഡിമെരിറ്റും പരസ്പരം ക്യാൻസൽ ചെയ്തു പോകുന്നു. സഞ്ചയിക്കപ്പെടുന്ന പാപപ്രവൃത്തികൾക്ക് തുല്യമായി പുണ്യപ്രവൃത്തിയും സഞ്ചയിക്കപ്പെടുന്നു. ഇതിന്റെ ഫലമായി, വ്യക്തിയിൽ വിശുദ്ധനും പാപിയും ഒരേ നിലയിൽ നിലക്കൊള്ളുന്നു. മറ്റൊരു തരത്തിൽ പറയുകയാണെങ്കിൽ അത്തരമൊരു വ്യക്തി നല്ല വഴിയിലേക്ക്, അല്ലെങ്കിൽ ചീത്ത വഴിയിലേക്ക് കൂടുതലായി നീങ്ങുന്നില്ല. അതിനെ ഗൗരവമായി എടുക്കുന്നുമില്ല. ഏതുവിധത്തിലും, സമതുല്യതാവസ്ഥയിലേക്കുള്ള പോരാട്ടം വ്യക്തിയിൽ നിരന്തരമായി നടക്കുന്നുണ്ട്, ആ അവസ്ഥ അയാൾക്ക് പിടികിട്ടുന്നില്ലെങ്കിലും.

ഇത്തരമൊരു വ്യക്തി ഈ അവസ്ഥയിൽ നിലകൊള്ളുകയും ഈശ്വരന്റെ ദൈവീകമായ വിനോദത്തിൽ പ്രയോജനപ്പെടാതെ വരികയും ചെയ്യുന്നു.

വ്യക്തി ഒരു കുഞ്ഞിനെപ്പോലെ കലഹിക്കാൻ തുടങ്ങും. പരമദൈവീകതയിന്മേലുള്ള വ്യക്തിയുടെ കലഹിച്ചുകൊണ്ടിരിക്കുന്ന വിശ്വാസമാണ് ശക്തിപഥിലേക്കുള്ള ഉപനയനത്തിന് ആവശ്യമായ ചേരുവ.

ഈ ഘട്ടത്തിൽ ഗുരു അല്ലെങ്കിൽ ദൈവീകത ആത്മീയ സാഫല്യം ആഗ്രഹിക്കുന്നവന്റെ മുന്നിൽ പ്രത്യക്ഷമാകുന്നു.

ആ വ്യക്തിയിൽ കുണ്ഡലിനി സക്രിയമാക്കപ്പെടുന്നു, വാസ്തവത്തിൽ സൃഷ്ടി അഴിയാൻ തുടങ്ങുന്നു, സൃഷ്ടിയുടെ ഉടയോൻ തന്നെ, അതേ ആദിപരാശക്തി തന്നെ അതിനിടയാക്കുന്നു.

ശക്തിപഥ് നിർവ്വഹിക്കപ്പെടുന്നത് എങ്ങനെയാണ് ? സാധാരണയായി നാലു രീതികളാണ് ഇതിന് ഉപയോഗിക്കുന്നതെന്നാണ് എന്റെ ഗുരു അഭിപ്രായപ്പെട്ടിട്ടുള്ളത്. സ്പർശം, നോട്ടം, ദൈവീകേച്ഛയുടെ പ്രയോഗം, അല്ലെങ്കിൽ ഒരു ‘മന്ത്രം’, ചിലപ്പോൾ ആവശ്യമാണെന്നുണ്ടെങ്കിൽ ഈ നാലുവിദ്യകളുടെയും ഒരു മിശ്രണം ഗുരു ഉപയോഗിച്ചേക്കാം.

# ശക്തിപഥ് എന്ന നിഗൂഢ സംഘത്തിന്റെ സംക്ഷിപ്ത ചരിത്രം

പ്രാചീനകാലം മുതൽ ശക്തിപഥ് എന്ന സംഘം ഇന്ത്യയിൽ വളരെ രഹസ്യമായി നിലനിന്നിരുന്നു. 'യോഗ വസിഷ്ഠ' എന്ന പ്രാചീന സംസ്കൃത പ്രാമാണിക ഗ്രന്ഥത്തിൽ ശ്രീരാമന്റെ ഗുരുവായ വസിഷ്ഠൻ രാമനിൽ ശക്തിപഥ് നിവർത്തിച്ചിട്ടുണ്ടെന്ന് പറയുന്നുണ്ട്. ഇന്ത്യയിലെ ഒരു പുരാതന രാജവംശത്തിലെ രാജകുമാരനായിരുന്നു ശ്രീരാമൻ. പൊതുവെ ഈശ്വരാവതാരമായി ശ്രീരാമനെ കണക്കാക്കി വരുന്നു. അന്നു മുതൽ ജനസാമാന്യത്തിന് അജ്ഞാതമായി ഈ സംഘം നിലനിന്നു പോരുന്നുണ്ട്. ശ്രീരാമന്റെ കാലത്തിന് മുമ്പും ഇതൊരുപക്ഷെ നിലനിന്നിരിക്കാം.

വായന തുടരുമ്പോൾ ഇതിന്റെ നിഗൂഢതയ്ക്കുള്ള കാരണം വായനക്കാരന് ഗ്രഹിക്കാൻ കഴിഞ്ഞേക്കാം.

ഓരോ അറുന്നൂറ് വർഷത്തിലും സംഘം നിഗൂഢമായും പരസ്യമായും മാറിമാറി പ്രവർത്തിച്ചു പോരുന്നതായി വിശ്വസിക്കപ്പെടുന്നു.

സന്ന്യാസികളുടെ ഈ വംശപരമ്പരയിലെ അറിയപ്പെടുന്ന അവസാനത്തെ കണ്ണി, എഴുന്നൂറ് വർഷങ്ങൾക്കുമുമ്പ് ഇന്നത്തെ ജമ്മു-കാശ്മീർ സംസ്ഥാനത്തിലെ ആധുനിക ശ്രീനഗറിൽ- പത്മൻപുര എന്ന ഗ്രാമത്തിൽ ജീവിച്ചിരുന്ന ഒരു യോഗിനിയായിരുന്നു. ഇന്നീ ഗ്രാമം നഗരപ്രാന്തപ്രദേശമാണ്. പാംപോർ (Pampore) എന്ന പേരിൽ അറിയപ്പെടുന്നു.

ഈ ശ്രേഷ്ഠയോഗിനിയുടെ അനുശാസനങ്ങൾ ഇന്റർനെറ്റിലൂടെ വായനക്കാരന് ഇന്നിപ്പോൾ കണ്ടെത്താം. ആധുനിക കാലഘട്ടത്തിൽ ലാൽ ദെദ് (Lal Ded) എന്ന പേരിലാണ് ഇവർ അറിയപ്പെടുന്നത്.

എന്നാൽ ശക്തിപഥ് സംഘവുമായുള്ള ഈ യോഗിനിയുടെ ബന്ധം സംഘസഹോദരരിൽ മാത്രമാണ് അറിയപ്പെടുന്നത്.

അവരുടെ കാലശേഷമുള്ള അറുപതുകൊല്ലക്കാലം ശക്തിപഥ് സംഘത്തിൽ എന്തുസംഭവിച്ചുവെന്നുള്ളത് അജ്ഞാതമാണ്. ഈ നീണ്ടകാലഘട്ടത്തിൽ യോഗ അനുശീലനം നടത്തിയ മൂന്ന് യോഗികളെ – സ്വാമിപരമാനന്ദ, ത്രൈലോയി ബാബ, സ്വാമി മുകുന്ദാനന്ദ– കുറിച്ചു മാത്രമാണ് അല്പമെങ്കിലും വിവരം ലഭ്യമായിട്ടുള്ളത്. വളരെയൊന്നും വിവരങ്ങൾ ഇവരെക്കുറിച്ച് ലഭ്യമല്ലാത്തതിനാൽ ഈ യോഗികളെക്കുറിച്ച് കൂടുതലായി എഴുതാൻ ഞാൻ പ്രാപ്തനല്ല.

ഞാനെഴുതുന്നത് യോഗികളെക്കുറിച്ചാണെന്ന് വായനക്കാരനെ ഓർമ്മിപ്പിക്കാൻ ഞാനാഗ്രഹിക്കുകയാണ്. യോഗികൾ മതപണ്ഡിതരല്ല, വലിയ സ്ഥാപനങ്ങളുടെ അല്ലെങ്കിൽ സംഘടനയുടെ സാരഥ്യം വഹിക്കുന്ന മറ്റ് സ്വാമിമാരെപ്പോലെ അല്ല. ഇവർ തികച്ചും വ്യത്യസ്തരാണ്. പുരാതന സംസ്കൃതഗ്രന്ഥങ്ങൾ പ്രകാരം ഇവർ ദേവതകൾ, അല്ലെങ്കിൽ ഈശ്വരന്മാരെക്കാൾ ശ്രേഷ്ഠരാണ്. ദൈവീകതയുടെ മനുഷ്യരൂപത്തിലുള്ള ഏറ്റവും പരിശുദ്ധമായ അവതാരങ്ങളാണിവർ. അവരുടെ ആത്മീയ ചൈതന്യത്തിന് തുല്യമായി മറ്റൊന്നുമില്ല. വാസ്തവത്തിൽ അവർ ആഗ്രഹിക്കുകയാണെങ്കിൽ സമാന്തര ലോകങ്ങൾ, അല്ലെങ്കിൽ പ്രപഞ്ചം തന്നെ സൃഷ്ടിക്കാനുള്ള അതിഭൗതികശക്തിയുള്ളവരാണിവർ. അതിന്റെ ഫലമായി നിസ്സാരമായ ലൗകീക വിഷയങ്ങൾ അവർക്ക് സാരമുള്ളതല്ല. വായനക്കാരന് അവരുടെ ചൈതന്യത്തെ സങ്കല്പിക്കാനാകും.

ഈയടുത്തകാലത്തായി ശക്തിപഥ് സംഘം ശ്രദ്ധാകേന്ദ്രമായി തീരുന്നത് ഒഡിഷ സംസ്ഥാനത്തെ ആധുനിക പുരി നഗരിയിൽ നൂറ് വർഷങ്ങൾക്ക് മുമ്പ് ജീവിച്ചിരുന്ന ശ്രേഷ്ഠയോഗി അല്ലെങ്കിൽ യോഗാഭ്യാസിയായ സ്വാമി ഗംഗാധർ തീർത്ഥ കാരണമാണ്.

അദ്ദേഹം സിദ്ധ മഹാ യോഗമുറയിലേക്ക് ഒരു ശിഷ്യനെ മാത്രമാണ് ഉപനയിച്ചതെന്ന് അറിയപ്പെടുന്നു.

ഈ യോഗമുറയിലേക്ക് ദീക്ഷ ലഭിച്ച ഒരേയൊരു യോഗാഭ്യാസിയായിരുന്ന സ്വാമി നാരായണൻ ദേവ് തീർത്ഥ. ഇപ്പോഴത്തെ ബംഗ്ലാദേശിലായിരുന്നു അദ്ദേഹത്തിന്റെ ജനനം. പുണ്യമൂർത്തിയായ ഇദ്ദേഹം മൂന്നാം തലമുറയ്ക്ക് ദീക്ഷ നൽകി. (ഈ വംശ

പരമ്പരയിൽ)

മൂന്നാംതലമുറ തുടർന്ന് നാലാം തലമുറയെ ഉപനയിക്കുകയും അവരുടെ സ്വന്തം വംശപരമ്പരയ്ക്ക് തുടക്കമിടുകയും ചെയ്തു.

ഈ വംശപരമ്പരയിലുള്ള മുഴുവൻ യോഗികളുടെയും, ഈ സംഘത്തിന്റെ വിവിധ ആശ്രമങ്ങളുടെയും സംക്ഷിപ്ത ചിത്രം ഈ പുസ്തകത്തിന്റെ അവസാന താളുകളിൽ ഞാൻ നൽകിയിട്ടുണ്ട്. എങ്കിലും, ഈ പുസ്തകത്തിന്റെ പരിമിതി നിമിത്തം മുഴുവൻ സംഘങ്ങളെക്കുറിച്ചും എഴുതാൻ സാധ്യമല്ലാത്തതിനാൽ ഇപ്പോൾ മുതൽ ഒരു പ്രത്യേക വംശപരമ്പര - മൂന്നാം തലമുറയിൽപ്പെടുന്ന യോഗി യോഗാനന്ദയുടെ സംഘത്തെയാണ് ഞാൻ ഫോക്കസ് ചെയ്യുന്നത്. ഗുജറാത്തിലെ ജൂനാഗഡിലാണ് ഈ യോഗിയുടെ ജനനം. ഈ പുണ്യമൂർത്തി അനേകം അനുശീലകരെ സിദ്ധ മഹാ യോഗ മുറയിലേക്ക് ഉപനയിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ കീഴിലുള്ള എല്ലാ യോഗീവര്യന്മാരെക്കുറിച്ചും എഴുതുക അസാധ്യമായതിനാൽ, ഒരു പ്രത്യേക പരമ്പരയിൽപ്പെടുന്ന നാലാം തലമുറയിലെ, സ്വാമി വിഷ്ണുതീർത്ഥയുടെ പരമ്പരയിൽപെടുന്ന, യോഗികളിലാണ് എന്റെ ഫോക്കസ്.

നാലാം തലമുറയിലെ യോഗികളെക്കുറിച്ച് കൂടുതൽ പറയുന്നതിന് മുമ്പ്, മൂന്നാം തലമുറയിലെ യോഗാനന്ദ യോഗിയെ ക്കുറിച്ച് ഏതാനും വാക്കുകൾ പറയാൻ ഞാനാഗ്രഹിക്കുന്നു. അദ്ദേഹം തന്റെ സഹയോഗാഭ്യാസികളിൽ നിന്നും വ്യത്യസ്തനായി കാവി വസ്ത്രം ധരിക്കാനോ ലൗകീകജീവിതം ത്യജിക്കാനോ തയ്യാറായിരുന്നില്ല. ഈ വിഷയത്തെക്കുറിച്ച് കുറച്ചു കൂടി വിശദമാക്കാം.

രണ്ടുതരത്തിലുള്ള യോഗികൾ ഉണ്ട്.

ഭൂരിപക്ഷം പേരും ലൗകീകജീവിതം ത്യജിച്ച്, കാവിയുടുത്ത്, മുഖ്യധാരാ സമൂഹത്തിൽ നിന്നുമകന്ന് വിദൂരസ്ഥലങ്ങളിൽ ജീവിക്കുന്നു. സമാധി അല്ലെങ്കിൽ ചിന്താരഹിതമായ അവസ്ഥ പ്രാപിക്കുന്നതിനായി മനസ്സിലെ എല്ലാവിധ ഭൗതീകമുദ്രകളും ഇല്ലായ്മ ചെയ്യുന്നതിലാണ് അവരുടെ ശ്രദ്ധ.

അവരുടെ താപസവൃത്തിയും യോഗ അനുശീലനവും ശക്തമായ സ്പന്ദനങ്ങൾ ഉത്പാദിപ്പിക്കുകയും പോസിറ്റീവായ രീതിയിൽ ലോകത്തിൽ സ്വാധീനമുണ്ടാക്കുകയും ചെയ്യുന്നു. ഈ സ്പന്ദനങ്ങൾ മനുഷ്യകുലത്തിലും, മൃഗകുലത്തിലും, ആവാസവ്യവസ്ഥയിലും

ശാന്തിയും സ്വരച്ചേർച്ചയും ഉത്പാദിപ്പിക്കുന്നു. ചുരുക്കത്തിൽ, തൊട്ടറിയാൻ കഴിയാത്തവിധത്തിൽ, സൂക്ഷ്മഭാവത്തിൽ, ഇവരുടെ യോഗാഭ്യാസം കൊണ്ട് ലോകത്തിന് ഗുണമുണ്ടാകുന്നു.

ബാഹ്യലോകത്തെ ഉപേക്ഷിച്ച് പൂർണ്ണമായും അവരുടെ ആന്തരിക ലോകത്ത് അവർ ഫോക്കസ് ചെയ്യുന്നു. ചിന്താരഹിതമായ അവസ്ഥയിലേക്ക് മനസ്സിനെ എത്തിക്കാൻ അവർ പരിശ്രമം നടത്തുന്നു. എല്ലാ യോഗ മുറകളുടെയും ആത്യന്തിക ലക്ഷ്യവും അതു തന്നെയാണല്ലോ.

എന്നാൽ, ലൗകീക ജീവിതത്തിന്റെ ആകർഷകത്വവും മനസ്സിന്റെ അസ്ഥിരാവസ്ഥയും നിമിത്തം ചില യോഗികൾ പോരാട്ടത്തിൽ പരാജയപ്പെടുന്നു. അതിന്റെ ഫലമായി അവർക്ക് സാധാരണ ജീവിതത്തിലേക്ക് തിരിച്ചു വരേണ്ടതായി വരുന്നു, ആത്മീയമായി സ്വയം മുറിവേൽക്കുകയും ചെയ്യുന്നു.

ഇത്തരത്തിൽ അധഃപതിക്കുന്ന ഒരു യോഗിക്ക് പെട്ടെന്നുള്ള പ്രതിവിധിയൊന്നും യോഗമുറകളിലോ മതപരമായ അനുശീലങ്ങളിലോ പറയുന്നില്ല. പുരാതന സംസ്കൃത പ്രമാണ ഗ്രന്ഥങ്ങളെ ആധാരമാക്കുകയാണെങ്കിൽ യുക്തിപൂർവ്വകമോ അല്ലാതെയോ കാണപ്പെട്ടാലും അധഃപതിച്ച ഒരു യോഗിക്ക് പൂർവ്വാശ്രമത്തിലേക്ക് തിരിച്ച് പ്രവേശിക്കാൻ നീണ്ടകാലം കഴിയേണ്ടി വരും.

ഈ ഭയം മൂലം ചില യോഗികൾ മുഖ്യധാരാസമൂഹത്തിൽ നിന്ന് കൊണ്ട് യോഗ പരിശീലിക്കുന്നതാണ് ഇഷ്ടപ്പെടുന്നത്. യോഗ പാതയിൽ നിന്നും അധഃപതിച്ചേക്കുമെന്ന ഭയമില്ലാത്തതിനാൽ ഇത് മാനസികമായി ആശ്വാസപ്രദമായിരിക്കും.

എന്തായാലും ഇതിനെ എങ്ങിനെ കാണുന്നുവെന്നതാണ് കാര്യം.

മുമ്പെ പറഞ്ഞ പാതയിൽ മാനസികമായി ദൃഢനിശ്ചയത്തിന്റെ കുറവു കൊണ്ടു മാത്രമാണ് യോഗി അധഃപതിക്കുന്നത്. ഇതിന്റെ ഫലമായി ആ വ്യക്തി ലൗകീക കാര്യങ്ങളിൽ ആകർഷിക്കപ്പെടുന്നു. എങ്കിലും ബാഹ്യലോകം ഉപേക്ഷിച്ച് കാവിയുടുത്ത് മുഖ്യധാരാ സമൂഹത്തിൽ നിന്നും അകന്നു ജീവിച്ച് കൊണ്ട് നല്ലൊരു അവസരം ഇവർ സ്വയം സ്വീകരിച്ചതാണ്. അതിനാൽ തന്നെ ആ വഴിയെ പുരോഗമിക്കാൻ അവർക്ക് കൂടുതൽ എളുപ്പവുമായിരുന്നു.

രണ്ടാമത്തേത് പറഞ്ഞ സന്ദർഭത്തിൽ യോഗി മുഖ്യധാര ത്യജിക്കാൻ വിസമ്മതിക്കുന്നു. എന്നാൽ ഇപ്പോഴദ്ദേഹത്തിന് വളരെ വലുതായൊരു വെല്ലുവിളി നേരിടേണ്ടി വരുന്നു. എളുപ്പം സ്വാധീനമാകുന്ന ആകർഷണങ്ങൾക്ക് ഇരയാകാതിരിക്കുക എന്നതാണിത്. എന്നാൽ ചെയ്യുന്ന പ്രവർത്തികളിൽ വൈകാരികബന്ധം നിലനിർത്താതെ പൂർവ്വകാല കർമ്മഫലങ്ങൾ ഭൗതീകമായി അനുഭവിച്ചുകൊണ്ട് സഞ്ചിതമായ എല്ലാ സുകൃതങ്ങളെയും അകൃതങ്ങളെയും തുല്യതപ്പെടുത്താനുള്ള ഒരു നല്ല അവസരം യോഗി സ്വയം സ്വീകരിക്കുകയാണ്.

ആദ്യത്തെ കേസിൽ മുഖ്യധാരയിൽ നിന്നകന്ന് ഏകാന്തജീവിതം നയിക്കുന്ന യോഗിക്ക് യോഗാഭ്യാസം വഴി മാത്രമാണ് സ്വന്തം ചെയ്തികളെ തുല്യപ്പെടുത്താൻ കഴിയുന്നത്.

മുഖ്യധാരയിൽ ജീവിക്കുന്ന യോഗി ഭൗതീകമായി കർമ്മഫലങ്ങൾ അനുഭവിക്കുമ്പോഴും യോഗ അഭ്യസിക്കേണ്ടതുണ്ട്. അതിനാൽ, യോഗ അനുശീലനത്തിന്റെ കാര്യം വരുമ്പോൾ മുഖ്യധാരയിൽ ജീവിക്കുന്നതായാലും ഏകാന്തമായിടത്ത് ജീവിക്കുന്നതായാലും വ്യത്യാസമൊന്നും ഇല്ല. മാനസികാവസ്ഥയിലുണ്ടാകുന്ന സുസ്ഥിരമായ മാറ്റമാണ് പ്രധാനം. അതിനായി അനുവർത്തിക്കുന്ന രീതിയിക്ക് പ്രസക്തിയില്ല.

അതുകൊണ്ടാണ് എല്ലാം എങ്ങനെ കാണുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു എന്ന് ഞാൻ ആദ്യമെ പറഞ്ഞത്.

രണ്ട് രീതിയ്ക്കും അതിന്റേതായ ഗുണവും ദോഷവും ഉണ്ട്. യോഗ ജീവിതത്തിൽ ഏതാണ് മെച്ചപ്പെട്ട വഴിയെന്ന് പറയാൻ സാധ്യമല്ല. ഒരു പക്ഷെ ഒരു യോഗിയുടെ കാര്യത്തിൽ വിധിയായിരിക്കാം വഴി നിശ്ചയിക്കുന്നത്. അപ്രകാരം സ്വമേധയാ താപസന്റെ വഴി തിരഞ്ഞെടുക്കാതിരുന്ന യോഗിയായിരുന്നു യോഗാനന്ദ.

നാലാം തലമുറയിൽപെട്ട സ്വാമി വിഷ്ണു തീർത്ഥയുടെ പരമ്പരയെ കുറിച്ചാണ് ഇനി ഞാൻ പറയാൻ പോകുന്നത്.

ഹരിയാണയിലെ ഹിസ്സാർ നഗരത്തിലാണ് ഈ യോഗിയുടെ ജനനം. ഈ പുണ്യമൂർത്തി തൊഴിലിൽ ഒരു വക്കീലായിരുന്നു. യോഗാനന്ദയാണ് ഇദ്ദേഹത്തെ സിദ്ധ മഹാ യോഗയിലേക്ക് ഉപനയിക്കുന്നത്.

മധ്യപ്രദേശിലെ ഒരു ആധുനിക നഗരമായ ദേവാസി-ൽ ഇദ്ദേഹമൊരു ആശ്രമം അഥവാ യോഗ കേന്ദ്ര സ്ഥാപിച്ചു. നാരായൺകുടി സന്യാസാശ്രമം എന്നാണിതിന്റെ പേര്. ഇന്നത്തെ ഋഷികേശിൽ ഗംഗയുടെ കരയിൽ ഒരു ആശ്രമം കൂടി ഇദ്ദേഹം സ്ഥാപിച്ചിട്ടുണ്ട്. ഈ ആശ്രമം 'യോഗശ്രീ പീഠം' എന്നു വിളിക്കപ്പെടുന്നു.

ഈ പ്രത്യേക യോഗമുറയെ കുറിച്ച് അനേകം ഗ്രന്ഥങ്ങൾ ഇദ്ദേഹം രചിച്ചിട്ടുണ്ട്. ആധുനിക ചരിത്രത്തിൽ ഈ വിഷയത്തെ ജനകീയമാക്കാൻ ശ്രമിച്ചവരിൽ ഇദ്ദേഹം മുൻപന്തിയിൽ നിൽക്കുന്നു.

പലയോഗാഭ്യാസികളെയും ഇദ്ദേഹം ഈ സമ്പ്രദായത്തിലേക്ക് ഉപനയിച്ചിട്ടുണ്ട്. രാജ്യത്ത് അങ്ങോളമിങ്ങോളം ഈ സഹോദരസംഘത്തിന്റെ ശാഖകൾ സ്ഥിതി ചെയ്യുന്നു. ഈ പുണ്യമൂർത്തിയുടെ കീഴിലുള്ള മുഴുവൻ പരമ്പരയെ കുറിച്ച് എഴുതാൻ നിർവ്വാഹമില്ലാത്തതിനാൽ മറ്റൊരു ശ്രേഷ്ഠയോഗിയായ അഞ്ചാം തലമുറയിൽപ്പെട്ട സ്വാമി ശിവോഹം തീർത്ഥയുടെ പരമ്പരയെക്കുറിച്ചാണ് ഇനി ഞാൻ എഴുതുന്നത്.

പഞ്ചാബിലെ നൻഗാൽ എന്ന ആധുനിക പട്ടണത്തിൽ ഇദ്ദേഹം ജനിച്ചു. പിന്നീട് ഹിന്ദി ഭാഷയിൽ ഈ യോഗ സമ്പ്രദായത്തെകുറിച്ച് അനേകം പുസ്തകങ്ങൾ രചിച്ചു. ഈ സമ്പ്രദായത്തെ ജനകീയമായിത്തീരുന്നതിന് കാരണഭൂതനായി തീർന്നൂ ഈ പുണ്യാത്മാവ്. ഇദ്ദേഹത്തിന്റെ കൃതികൾ പല പ്രാദേശിക ഭാഷകളിലേക്കും വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്.

ഇദ്ദേഹത്തെ നാരായൺകുടി സന്യാസാശ്രമത്തിന്റെ അധിപതിയായി സ്വാമി വിഷ്ണു തീർത്ഥ നിയമിക്കുകയുണ്ടായി.

ഈ പുണ്യാത്മാവ് അനേകം അനുശീലകരെ ഈ യോഗമുറയിലേക്ക് ഉപനയിച്ചിട്ടുണ്ട്. ആന്ധ്രപ്രദേശിലെ വിജയവാഡായിൽ ജീവിക്കുന്ന എന്റെ സ്വന്തം ഗുരുനാഥൻ സ്വാമി സഹജാനന്ദ തീർത്ഥരും സ്വാമി ശിവോഹം തീർത്ഥയുടെ കീഴിൽ യോഗമുറ അഭ്യസിക്കുന്നവരിൽ ഒരാളാണ്.

സ്വാമി ഗംഗാധരൻ തീർത്ഥയിൽ നിന്നും തുടങ്ങി ആറാമത്തെ തലമുറയിൽപെടുന്നു, ഈ പുണ്യാത്മാവ്.

# ക്രിയ

എന്റെ സ്വാനുഭവം ആഖ്യാനം ചെയ്യുന്നതിന് മുമ്പ് ഈ പദത്തിന്റെ അർത്ഥം വിശദമാക്കാൻ ഞാൻ ശ്രമിക്കാം. അല്ലെങ്കിൽ ഇത്തരത്തി ലുള്ള യോഗ മുറ പരിചയമില്ലാത്ത വായനക്കാർക്ക് ഇത് ഗ്രഹി ക്കാൻ പ്രയാസമുണ്ടാകും.

ശരീരം, മനസ്സ്, ദൈനംദിന ബാഹ്യജീവിതം എന്നിവയിലുണ്ടാ കുന്ന ക്രിയ അല്ലെങ്കിൽ പ്രവർത്തനം ഒരു വ്യക്തിയുടെ പ്രകൃതമ നുസരിച്ച് അനേകവിധത്തിൽ വികസിക്കാമെന്നതിനാൽ ഈ യോഗ മുറയെ കുറിച്ച് അറിവുള്ളവർക്കും ഈയൊരു വ്യാഖ്യാനം പ്രയോ ജനം ചെയ്യും.

എന്തുകൊണ്ടാണ് ക്രിയ ഒരു വ്യക്തിയുടെ സ്വഭാവത്തെ ആശ്ര യിച്ചിരിക്കുന്നതെന്ന് മനസ്സിലാക്കണമെങ്കിൽ ഒരു വ്യക്തിയിൽ സ്വഭാവം രൂപീകരിക്കപ്പെടുന്നതെങ്ങനെയെന്ന് മനസ്സിലാക്കേണ്ടത് വളരെ പ്രധാനമാണ്.

ഓരോ മനുഷ്യജീവിയും പഞ്ചേന്ദ്രിയങ്ങളിലൂടെയാണ് ഈ ലോക ജീവിതത്തെ നിരന്തരമായി അനുഭവിക്കുന്നതെന്ന് പറയുന്നു. അതിന്റെ ഫലമായി ലൗകീകമുദ്രകൾ മനസ്സിൽ അങ്കിതമാകുന്നു. അഹംഭാവം നിറം പിടിപ്പിച്ച ഈ ലൗകീക മുദ്രകളാണ് യോഗമുറ യിൽ ‘കർമ്മം’ എന്നറിയപ്പെടുന്നത്. കാരണം ഒരു വ്യക്തിയുടെ ഭാഗധേയം സൃഷ്ടിക്കുന്നത് ഇവയാണ്, അപ്രകാരം കാരണ ചക്രത്തെ ചലിപ്പിക്കുകയും ചെയ്യുന്നു. മറ്റൊരു വിധത്തിൽ പറ ഞ്ഞാൽ, ഒരു വ്യക്തിയുടെ പൂർവ്വകാല പ്രവർത്തികൾ (കായികവും മാനസികവും), അഹംഭാവത്താൽ നിറം പിടിപ്പിക്കപ്പെട്ടവ, ആണ് കർമ്മത്തെ രൂപപ്പെടുത്തുന്നത്. പ്രാപഞ്ചിക കാഴ്ചപ്പാടിൽ കർമ്മം നല്ലതാവാം, ചീത്തയുമാവാം. കർമ്മം തുടർന്നുള്ള പ്രതി പ്രവർത്ത നങ്ങൾക്ക് കാരണമാകുകയും അങ്ങനെ ഒരു വ്യക്തിയുടെ ഭാഗധേയം

നിർണ്ണയിക്കപ്പെടുകയും ചെയ്യുന്നു.

അതിനാൽ ഒരു പ്രത്യേക വിഷയത്തെ സംബന്ധിച്ച അത്തരം മുദ്രകൾ ഒരു വ്യക്തിയുടെ മനസ്സിൽ പ്രത്യേക പ്രവണത വളർത്തുന്നു. കൂടുതൽ വിശദമാക്കാം.

ഒരു വ്യക്തിയിൽ മസ്തിഷ്ക പ്രക്ഷാളനം നടക്കുന്നതെങ്ങിനെ യെന്ന് വായനക്കാരന് അറിയാമായിരിക്കും. പരമ്പരയായ ലൗകീക മുദ്രകൾ നിരന്തരമായി ഒരു വ്യക്തിയുടെ മനസ്സിൽ അങ്കിതമാകു മ്പോൾ ഒരു പ്രത്യേക രീതിയിൽ പ്രവർത്തിക്കാനുള്ള പ്രവണത ആ വ്യക്തിയിൽ സംജാതമാകും. എങ്കിൽ, ഈ ഘട്ടത്തിൽ ഇതൊരു പ്രവണതമാത്രമായിരിക്കാം. പിന്നീട് ലൗകീകമുദ്രകൾ മനസ്സിൽ വീണ്ടും വീണ്ടും കൊത്തിവെയ്ക്കപ്പെടുമ്പോൾ ഈ പ്രവണതയ്ക്ക് ശക്തി വർദ്ധിച്ചേക്കാം. ഇതു തന്നെയാണ് ജീവിതത്തിലെ എല്ലാ സാഹചര്യങ്ങളിലും സംഭവിക്കുന്നത്. ലൗകീക മുദ്രകൾ അത്ര തന്നെ ശക്തമല്ലെങ്കിൽ അവ പതുക്കെ മനസ്സിൽ നിന്ന് മാഞ്ഞുപോയേക്കാം.

മുകളിൽ സൂചിപ്പിച്ചതിന് സമാനമായ രീതിയിൽ ഇത്തരത്തിലുള്ള ഒരു കൂട്ടം പ്രവണതകൾ ഒരു പ്രത്യേക വിഭാഗത്തെ സംബന്ധി ക്കുന്ന ഒരു ശീലം വ്യക്തിയിൽ വികസിപ്പിക്കും. ഇത് മാനസികമോ ശാരീരികമോ ആകാം.

ഒരു വ്യക്തിയിലുള്ള എല്ലാ ശീലങ്ങളുടെയും ആകെത്തുകയെ യാണ് ആ വ്യക്തിയുടെ വ്യക്തിത്വമെന്ന് നാം പറയുന്നത്. അത്രയും ലളിതമാണത്.

ഈ വ്യക്തിത്വമാണ് തുടർന്ന് ഛിന്നഭിന്നമാകുമ്പോൾ ഒരു വ്യക്തി യുടെ മനസ്സിൽ അങ്കിതപ്പെട്ടിട്ടുണ്ടായിരുന്ന ഒരു കൂട്ടം മുദ്രകൾ.

ഈ വ്യക്തിത്വമാണ്, ഈ ജന്മത്തിലേതോ, കഴിഞ്ഞ ജന്മത്തി ലേതോ ആകാം, പൂർവ്വകർമ്മങ്ങളുടെ അനന്തഫലങ്ങൾ അനുഭവി ക്കാനായി മനുഷ്യ ജന്മമെടുക്കുന്നതിന് അടിസ്ഥാന കാരണമാകു ന്നത്.

വ്യക്തിയുടെ വ്യക്തിത്വമാണ് അവരുടെ ഭാഗധേയമാകുന്നത്. ഇന്ദ്രി യജന്യമായ എല്ലാ മുദ്രകളും ഒരു വ്യക്തിയുടെ മനസ്സിൽ നിന്നും കരിഞ്ഞു പോകാനോ മാഞ്ഞുപോകാനോ ഇടവരുത്തുംവിധത്തിൽ ദ്രുതഗതിയിൽ ദ്രവീകരിക്കപ്പെടാൻ നിർബ്ബന്ധിതമാക്കപ്പെടുന്നത് ഈ

വ്യക്തിത്വമാണ്. ഗുരു ഒരു വ്യക്തിയ്ക്ക് ആവശ്യമായ ജ്വലനം ഒരു സ്പർശം, ഒരു നോട്ടം, അല്ലെങ്കിലൊരു മന്ത്രം കൊണ്ടോ, ദിവ്യമായ സ്വന്തം ഇച്ഛയുടെ പ്രയോഗം കൊണ്ടോ യോഗമുറകളിലേക്ക് ഉപനയിച്ചുകൊണ്ട് അവനോ അവൾക്കോ നൽകുമ്പോൾ ഈ രൂപീകരണ പ്രക്രിയ 'ക്രിയ'യായി ആവിഷ്കരിക്കപ്പെടുന്നു. 'ക്രിയ' (kriya)യുടെ അർത്ഥമെന്താണെന്ന് നമുക്ക് മനസ്സിലാക്കാൻ ശ്രമിക്കാം.

ഞാനെന്താണ് അടുത്തതായി എഴുതാൻ പോകുന്നതെന്ന് വായനക്കാർ ഇപ്പോൾ തന്നെ ഊഹിച്ചിരിക്കും. ഒരു വ്യക്തിയുടെ 'വ്യക്തിത്വം' എന്നതുകൊണ്ട് ഞാനെന്താണുദ്ദേശിച്ചതെന്ന് വായനക്കാരൻ മനസ്സിലാക്കിയിട്ടുണ്ടെങ്കിൽ ഇത് സ്വയം വ്യക്തമാണ്.

'ക്രിയ' എന്ന പദത്തിന്റെ ശബ്ദാനുസൃതമായ അർത്ഥത്തിന് വലിയ പ്രാധാന്യമൊന്നും ഇല്ല. ശരീരത്തിലും മനസ്സിലും ബാഹ്യസംഭവങ്ങളിലും ഉണ്ടാകുന്ന പ്രതിപ്രവർത്തനങ്ങളെയാണ് ക്രിയ സൂചിപ്പിക്കുന്നത്. ഒരു വ്യക്തിയുടെ ചിത്തത്തെ ക്രമീകരിക്കാൻ അല്ലെങ്കിൽ ലൗകീകമായ എല്ലാ മുദ്രകളും മനസ്സിൽ നിന്നും കഴുകിക്കളയാൻ പരമമായ ആദിപരാശക്തി ദ്രുതഗതിയിൽ ശ്രമിക്കുമ്പോഴാണ് ഈ പ്രതി പ്രവർത്തനങ്ങൾ സംഭവിക്കുന്നത്. ഇത് നേടി കഴിഞ്ഞാൽ വ്യക്തി അയാളുടെ പൂർവ്വ ജന്മങ്ങളിലെ എല്ലാ മുദ്രകളിൽ നിന്നും (മനസ്സിൽ സഞ്ചയിക്കപ്പെട്ട, നല്ലതും ചീത്തയായതുമായവ) സ്വതന്ത്രനാക്കപ്പെടുന്നു. എല്ലാം സംഹരിക്കപ്പെടേണ്ടിയിരിക്കുന്നു.

അനന്തകാലം കൊണ്ട് സഞ്ചയിക്കപ്പെട്ട ലൗകീക മുദ്രകളാൽ ഒരു വ്യക്തിയുടെ വ്യക്തിത്വം നിർമ്മിക്കപ്പെട്ടതുപോലെ എല്ലാ വിധത്തിലുള്ള മാറ്റങ്ങളിൽ നിന്നും വ്യക്തി സ്വതന്ത്രമാകണമെങ്കിൽ ഇതേ പ്രക്രിയ നിഷ്ഫലമാക്കപ്പെടേണ്ടതുണ്ട്. ഈ പ്രശാന്തമായ അവസ്ഥയിലേക്ക് മനസ്സ് ഉയർത്തപ്പെടുമ്പോൾ ശരീരത്തിനകത്ത് കുടികൊള്ളുന്ന ചൈതന്യം മനസ്സിന്റെ സുതാര്യതയിൽ പ്രതിഫലിക്കുന്നു.

മനുഷ്യചിത്തത്തിന്റെ ദ്രവീകരണം ഒരു വ്യക്തിയെ ആത്മസാക്ഷാത്കാരത്തിന്റെ അവസാനഘട്ടത്തിലേക്ക് നയിക്കുന്നു. (ഇത് ഈശ്വരന്റെ ഇച്ഛയെ ആശ്രയിച്ചിരിക്കും). ഈ ദ്രവീകരണം നേടേണ്ടതെങ്ങനെയെന്ന് എല്ലാം അറിയുന്നവനും അന്തര്യാമിയുമായ ആദി

പരാശക്തിക്ക് നന്നായി അറിയാം.

അപ്രകാരം ആദിപരാശക്തിയുടെ മാധ്യമമായി ഗുരു പ്രവർത്തിക്കുന്നതോടുകൂടി പ്രതി പ്രവർത്തനങ്ങളുടെ പരമ്പരകൾക്ക് തുടക്കമാകുകയായി. ഗുരുവിൽ നിന്നുള്ള ഈ ദിവ്യമായ അനുഗ്രഹം ഇല്ലെങ്കിൽ ജീവിതചക്രം പ്രവർത്തനവും പ്രതിപ്രവർത്തനവുമായി, ജനനവും മരണവുമായി, നല്ല പ്രവർത്തിയും ദുഷ്പ്രവർത്തിയുമായി, നല്ല ഫലവും ദുഷ്ഫലവുമായി, സന്തോഷവും സന്താപവുമായി, ചൂടും തണുപ്പുമായി എല്ലാവിധ ദ്വന്ദങ്ങളുമായി അവസാനിക്കാത്ത ചക്രമായി, നീങ്ങികൊണ്ടേയിരിക്കും.

യുക്തിസഹമായ ഒരു രീതിയിലും ഇതിനെ വിശദീകരിക്കാൻ സാധ്യമല്ലാത്തതിനാൽ ശരീരത്തിലും മനസ്സിലും ബാഹ്യജീവിതത്തിലും 'ക്രിയ' വാസ്തവത്തിൽ ആവിഷ്കൃതമാകാൻ തുടങ്ങുമ്പോൾ എന്തു സംഭവിക്കുന്നുവെന്നുള്ളത് ആധുനിക ശാസ്ത്രത്തിന് നിഗൂഢമാണ്. ഉദാഹരണത്തിന് പുറത്ത് തണുപ്പാണെങ്കിലും വ്യക്തി വിയർക്കാൻ തുടങ്ങുന്നു, ശരീരശാസ്ത്രപരമായ വിശദീകരണം ഒന്നും തന്നെ ഇല്ലാതായിരിക്കും ഇത് സംഭവിക്കുന്നത്.

മറ്റൊരു വ്യക്തി വർത്തമാന ജീവിതത്തിൽ ഒരിക്കലും പഠിച്ചിട്ടില്ലാത്ത ഏതെങ്കിലും ഒരു യോഗാസനം പെട്ടെന്ന് അഭ്യസിച്ചു തുടങ്ങിയേക്കാം.

വേറൊരാൾ ഒരിക്കലും പഠിക്കാത്ത ചില മന്ത്രങ്ങൾ ഉച്ചരിച്ചു തുടങ്ങിയേക്കാം.

മറ്റു ചില സന്ദർഭങ്ങളിൽ ഒരു വ്യക്തി കരയാനോ ചിരിക്കാനോ, മൃഗങ്ങളുടെ ശബ്ദമുണ്ടാക്കാൻ പോലും തുടങ്ങിയെന്നു വരാം. ഈ ലിസ്റ്റ് നീണ്ടു പോകും.

മുകളിൽ സൂചിപ്പിച്ച പ്രതിപ്രവർത്തനങ്ങളെല്ലാം തന്നെ മൂർത്തമായ ശരീരവുമായി ബന്ധപ്പെട്ടതാണ്. വ്യക്തിയ്ക്ക് ദോഷകരമായതൊന്നും തന്നെ സംഭവിക്കുന്നില്ല. എന്നു മാത്രമല്ല സ്വന്തമായ ഇച്ഛാശക്തി പ്രവർത്തിപ്പിച്ചുകൊണ്ട് വ്യക്തിയ്ക്ക് ഈ ക്രിയ അല്ലെങ്കിൽ പ്രതിപ്രവർത്തനം നിർത്താനും കഴിയും. അനുശീലകന്റെ മനസ്സ് സർവ്വേശ്വരൻ അറിയുന്നതിനാൽ യഥാർത്ഥത്തിൽ ഇത് സർവ്വേശ്വരനിൽ നിന്നുള്ള ഒരു സമ്മാനം തന്നെയാണ്. ക്രിയ ആവിഷ്കൃതമാകുമ്പോൾ അനുശീലകന് യാതൊരുവിധ ദോഷവും സംഭവിക്കുന്ന

തല്ലെന്ന് സർവ്വേശ്വരൻ ഉറപ്പുവരുത്തുന്നതായി വായനക്കാരൻ മനസ്സിലാക്കണം. എങ്കിലും ആവശ്യമെങ്കിൽ ക്രിയയുടെ ഈ വെളിപ്പെടുത്തൽ സ്വമേധയാ നിർത്താവുന്നതാണ്. യോഗ അഭ്യസിക്കുന്ന ഒരു വ്യക്തിയ്ക്ക് ഒരു പരിധി വരെ ക്രിയയുടെ മേലുള്ള ഈ നിയന്ത്രണം ഈശ്വരനായിട്ടു തന്നെ നൽകപ്പെട്ടിട്ടുള്ളതാണ്. ചിലപ്പോൾ ക്രിയ അനിയന്ത്രിതമായി തീരുകയും അപ്പോൾ അതിനെ നിയന്ത്രണത്തിലാക്കാൻ  ഗുരുവിന്റെ സഹായം ആവശ്യമായി വരുകയും ചെയ്യും.

ഞാൻ മുമ്പ് പറഞ്ഞതുപോലെ, ഉപനയനത്തിന്റെ സമയത്ത് ഗുരു അദ്ദേഹത്തിന്റെ കൈ വ്യക്തിയുടെ മൂർദ്ധാവിൽ വെച്ചുകൊണ്ടോ അല്ലെങ്കിൽ മറ്റു വിദ്യകൾ സംയോജിപ്പിച്ചു കൊണ്ടോ ആ വ്യക്തിയ്ക്ക് ദീക്ഷ നൽകുന്നു.

ചിലപ്പോഴൊക്കെ ക്രിയ പെട്ടെന്നു തന്നെ ശരീരത്തിൽ ആവിഷ്കൃതമാകാൻ തുടങ്ങും. അതിനാൽ ക്രിയ ആവിഷ്കൃതമാകാൻ തുടങ്ങുന്നതു മുതൽ ഗുരുവിന്റെ നേരിട്ടുള്ള നിരീക്ഷണത്തിൽ ആയിരിക്കേണ്ടതിലേക്കായി തുടർച്ചയായി മൂന്നു ദിവസം വ്യക്തി ഗുരുവിന്റെ സാന്നിദ്ധ്യത്തിൽ തന്നെ ഉണ്ടായിരിക്കണം. ക്രിയയുടെ തീവ്രത പൂർണ്ണമായും ഗുരുവിന്റെ നിയന്ത്രണത്തിലായിരിക്കും. അതിന്റെ തീവ്രത കൂട്ടാനോ, കുറയ്ക്കാനോ, അവസാനിപ്പിക്കാനോ, വെളിപ്പെടൽ വൈകിക്കാനോ ഗുരുവിന് കഴിയും.

ഈ മൂന്നുദിവസത്തെ തുടക്കത്തിന് ശേഷം വ്യക്തിയ്ക്ക് എവിടെ വേണമെങ്കിലും ചെന്നിരുന്നു യോഗമുറ പരിശീലിക്കാം. അപ്രകാരം ഒരു വ്യക്തി ഒരു ഇരിപ്പിടത്തിലിരുന്ന് മന്ത്രം ഉരുവിടാൻ തുടങ്ങി കുറച്ചുനേരത്തിനുള്ളിൽ ക്രിയ ആവിഷ്കൃതമാകും.

ക്രിയയുടെ ലക്ഷ്യം ചിത്ത ശുദ്ധീകരണമാണ്, സഞ്ചയിക്കപ്പെട്ട എല്ലാ ലൗകീക മുദ്രകളെയും ഒഴുക്കികളയുക.

അതിനാൽ ഒരു വ്യക്തിയുടെ വ്യക്തിത്വത്തെ അടിസ്ഥാനമാക്കിയ (ഒരു വ്യക്തിയിൽ സഞ്ചയിക്കപ്പെട്ട എല്ലാ മുദ്രകളുടെയും ആകെതുകയാണിത്) സവിശേഷമായ ഒരു കൂട്ടം പ്രതിപ്രവർത്തനങ്ങൾ ആവിഷ്കൃതമാക്കാൻ തുടങ്ങുന്നു.

എങ്കിലും ഒരേ പോലുള്ള പ്രതികരണങ്ങളായിരിക്കും എപ്പോഴും

ഉണ്ടാവുകയെന്നോ, എല്ലാവർക്കും ഉണ്ടാവുകയെന്നോ അർത്ഥമില്ല. ഓരോരുത്തരുടേയും വ്യക്തിത്വം അനന്യമാണ്. അതിനാൽ ഒരാളുടെ വ്യക്തിത്വം തുടച്ചുമാറ്റാനുള്ള പ്രതിപ്രവർത്തനങ്ങളും അനന്യമായിരിക്കും. എങ്കിലും മനുഷ്യരുടെ ഇടയിൽ ചില പൊതുലക്ഷണങ്ങൾ കാണപ്പെടുന്നതുപോലെ അനുശീലകർക്കിടയിൽ പൊതുവായ ചില പ്രതിപ്രവർത്തനങ്ങളും കാണാനാകും.

ചിത്തശുദ്ധി സംഭവിച്ചു കഴിഞ്ഞാൽ വ്യത്യസ്തമായൊരു കൂട്ടം പ്രതിപ്രവർത്തനങ്ങൾ വെളിപ്പെട്ടു തുടങ്ങും. എന്നാൽ ക്രിയ പ്രത്യേകം പ്രത്യേകം അടഞ്ഞ കംപാർട്ടുമെന്റുകളായിട്ടല്ല സംഭവിക്കുന്നത്. ചിലപ്പോൾ ആവശ്യമായ ചിത്തശുദ്ധിയിലെത്തുന്നതിന് മുമ്പ് തന്നെ ഒരു പുതിയ തരം ക്രിയ തുടങ്ങിയേക്കാം. തുടർന്ന് മറ്റൊരുതരം ക്രിയയും. മനസ്സിന്റെ ഘടനയും സഞ്ചയിക്കപ്പെട്ട ലൗകീക മുദ്രകളുമാണ് ഇതിനാധാരം. ഒരു മനുഷ്യന്റെ മനസ്സിൽ രേഖപ്പെടുത്തപ്പെട്ട ലൗകീക മുദ്രകളുടെ പ്രകൃതത്തെ പൂർണ്ണമായും ആധാരമാക്കിയുള്ളതായിരിക്കും പ്രതിപ്രവർത്തനങ്ങൾ.

അതിനാൽ ഞാൻ മുമ്പ് പറഞ്ഞതുപോലെ, ഒരു വ്യക്തിയുടെ വ്യക്തിത്വമാണ് ക്രിയയുടെ വെളിപ്പെടലിൽ ഇന്ധനമായി തീരുന്നത്. ഒരു വ്യക്തിയുടെ മൂർത്ത ശരീരവുമായി ബന്ധപ്പെട്ട 'ക്രിയ'യെ കുറിച്ചാണ് ഞാനിതുവരെ സംസാരിച്ചതും. മറ്റു തരത്തിലുള്ള പ്രതിപ്രവർത്തനങ്ങളെക്കുറിച്ച് ഇനി പറയാം.

തികച്ചും മനസ്സുമായി ബന്ധപ്പെട്ട ചില പ്രതിപ്രവർത്തനങ്ങളെ ഇനം തിരിക്കാം. പുറമെ നിന്ന് വീക്ഷിക്കുന്ന ഒരാൾക്ക് ഇത് ദൃശ്യമാവുകയില്ല. മനസ്സിനുള്ളിൽ 'ക്രിയ' സംഭവിക്കുന്നതെപ്പോഴാണെന്ന് ബന്ധപ്പെട്ട വ്യക്തി മാത്രമെ അറിയാൻ കഴിയൂ. പരമമായ പ്രപഞ്ചോർജം തന്നെയാണ് യോഗമുറ അഭ്യസിക്കുന്ന ഒരാൾക്ക് ഈ മാനസികമായ അവബോധം നൽകുന്നത്.

ഒരു സാധാരണ ചിന്തയിൽ നിന്നും 'ക്രിയ' യെ വേർതിരിക്കുന്നതെങ്ങനെയാണെന്ന് വായനക്കാരൻ ചോദിച്ചേക്കാം. അതിനുള്ള വിശദീകരണം താഴെ പറയുന്ന വിധത്തിലാകാം.

ഒരു വ്യക്തി കണ്ണുകളടച്ച് ധ്യാനത്തിനുള്ള ഇരിപ്പിടത്തിൽ ഇരിക്കുകയാണെന്ന് കരുതുക. ആ വ്യക്തിയുടെ മനസ്സിൽ മാനസിക ചിത്രങ്ങൾ വന്ന് നിറയാൻ തുടങ്ങും. എന്തു തന്നെയാണെങ്കിലും

വ്യക്തിയുടെ ഭാഗത്തുനിന്ന് ശ്രമം ഒന്നും തന്നെ ഉണ്ടാകുന്നില്ല. കൂടാതെ വ്യക്തി അന്നേവരെ കണ്ടിട്ടില്ല ആളുകളുടെ മുഖങ്ങൾ കാണാൻ തുടങ്ങിയേക്കാം.

അതുപോലെ, ആ വ്യക്തി ഒരിക്കലും സന്ദർശിച്ചിട്ടില്ലാത്ത ഏതെങ്കിലും നഗരങ്ങളോ പട്ടണങ്ങളോ വളരെ വ്യക്തമായി കാണാനും തുടങ്ങിയേക്കാം.

അതുപോലെ, പരിചിതമല്ലാത്ത തരം വിചിത്രമായ സസ്യങ്ങളും, പൂക്കളും, മരങ്ങളും, ജീവികളുമൊക്കെ ആ വ്യക്തിയുടെ കാഴ്ചയിൽ വന്നേക്കാം.

അവയെ ഒരു പക്ഷെ പുസ്തകങ്ങളിൽ വായിച്ചതോ സിനിമയിൽ കണ്ടതോ ഒക്കെ ആകാമെന്ന് വായനക്കാരന് തോന്നിയേക്കാം. എന്നാൽ മനസ്സിന്റെ പ്രതലത്തിൽ കണ്ട വസ്തുക്കളുമായി വ്യക്തിയ്ക്ക് തീർത്തും ബന്ധമൊന്നും ഇല്ല എന്നാണെങ്കിലോ! ഈ പ്രതിഭാസത്തെ എങ്ങനെയാണ് വ്യാഖ്യാനിക്കുക?

നിങ്ങൾ ആഗ്രഹിക്കുന്ന ഏതൊരു ആംഗിളിൽ നിന്നു വേണമെങ്കിലും നിങ്ങൾക്ക് നോക്കാം.

സംവാദം തുടർന്നകൊണ്ടേയിരിക്കും. വാസ്തവമെന്താണെന്നു വെച്ചാൽ അതാണ് ക്രിയ! വ്യക്തമായും വ്യക്തിക്ക് പൂർവ്വജന്മത്തിൽ അനുഭവം ഉണ്ടായിരുന്നേക്കാം. ഇപ്പോൾ റിവേഴ്സ് രീതിയിൽ പ്രവർത്തിക്കുന്ന സംഹാരം അല്ലെങ്കിൽ ഉൾവലിയലിന്റെ പ്രവർത്തനം മൂലം എല്ലാം അറിയുന്ന പരമമായ പരാശക്തിയാൽ അവനിൽ അല്ലെങ്കിൽ അവളിൽ സഞ്ചയിക്കപ്പെട്ട എല്ലാ ലൗകീക മുദ്രകളും മാഞ്ഞുപോയ്ക്കൊണ്ടിരിക്കുകയാണ്.

സംഹാരം എന്നു ഞാൻ പറയുമ്പോൾ ഒരു വ്യക്തിയുടെ ചിത്തത്തെയാണ് ഞാൻ സൂചിപ്പിക്കുന്നത്. ആത്മസാക്ഷാത്കാരം അല്ലെങ്കിൽ ദിവ്യജ്ഞാനം വ്യക്തിയുടെ മനസ്സിലൂടെ പുറത്തേക്ക് പ്രകാശിക്കുന്നതിനായാണ് ഇങ്ങനെ സംഭവിക്കുന്നത്. അതേ ഊർജ്ജത്താൽ മനസ്സിൽ നിന്നും സഞ്ചയിക്കപ്പെട്ട എല്ലാ മുദ്രകളും തുടച്ചു മാറ്റപ്പെട്ടാൽ മാത്രമാണ് ഇത് സംഭവിക്കുക.

'ക്രിയ'യിൽ കൂടി സംഭവിക്കുന്നത് ഇതാണ്.

ബാഹ്യമായി, നിത്യജീവിതവുമായി ബന്ധപ്പെട്ട മറ്റൊരുതരം ക്രിയ

യുണ്ട്. എല്ലാം അറിയുന്ന ദിവ്യശക്തി തങ്ങളുടെ നിത്യ ജീവിതത്തിൽ സജീവ സാന്നിദ്ധ്യം വഹിക്കുന്നുണ്ടെന്ന് വ്യക്തിയ്ക്ക് തോന്നിയേക്കാം. ശരീരത്തിനകത്തും പുറത്തുമായി ഈ പ്രപഞ്ചോർജ്ജത്തെ വ്യത്യസ്ത അസ്തിത്വമായി വ്യതിരിക്തമായി അനുശീലകർ അനുഭവിക്കാൻ സാധിക്കുന്നതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. തുടർന്ന് വരുന്ന അദ്ധ്യായങ്ങളിലൊന്നിൽ ഞാനിത് വ്യക്തമാക്കിയിട്ടുണ്ട്. ഭ്രമാത്മകവും വിചിത്രവുമായി പലതും സംഭവിച്ചു തുടങ്ങുന്നു. അപ്രകാരം ക്രിയ വാസ്തവത്തിൽ വെളിപ്പെട്ടു തുടങ്ങിയതായി വ്യക്തിക്ക് ഉറപ്പാകുന്നു. ചില ഉദാഹരണങ്ങൾ പറയാം.

ഒരു വ്യക്തിക്ക് അയാളുടെ സാധാരണ ജീവിതത്തിൽ അയാളുടെ മുൻജന്മത്തിലെയോ, ഇപ്പോഴത്തെ ജന്മത്തിലെയോ കർമ്മഫലം കൊണ്ട് വലതുകാലിൽ ഗൗരവമായ മുറിവുണ്ടാകാനുള്ള വിധിയുണ്ടെന്ന് കരുതുക. ഈ വിധിയുടെ വേഗം കൂട്ടി അതുമായി ബന്ധപ്പെട്ട മുദ്രകൾ അവരുടെ മനസ്സിൽ നിന്നു മായ്ച്ചുകളയുന്നതിനായി ഈ വ്യക്തിയ്ക്ക് ഏതെങ്കിലും തരത്തിലുള്ള ചെറിയ മുറിവ് സംഭവിക്കുന്നതായി എല്ലാമറിയുന്ന ശക്തി ഉറപ്പാക്കുകയും അങ്ങനെ ബന്ധപ്പെട്ട വ്യക്തി അയാളനുഭവിക്കേണ്ടതായ പ്രതിപ്രവർത്തനത്തിലൂടെ കടന്നുപോകുകയും ചെയ്യുന്നു. വിധി നടത്തുന്നതിനുവേണ്ടി വ്യക്തിയുടെ സാധാരണ ജീവിതത്തിൽ അതിനുവേണ്ടുന്ന എല്ലാ ബാഹ്യസാഹചര്യങ്ങളും സൃഷ്ടിക്കപ്പെടുന്നു.

അതുപോലെ വെള്ളത്തിൽ മുങ്ങിപ്പോകാനുള്ള വിധിയുള്ള ഒരു വ്യക്തി കാഠിന്യം കുറഞ്ഞ ഏതെങ്കിലും തരത്തിലുള്ള അനുഭവത്തിലൂടെ കടന്നു പോകുമായിരിക്കും. അതായത് സാധാരണ നിത്യജീവിതത്തിൽ ആരെങ്കിലും അയാളുടെ ശരീരത്തിൽ വെള്ളം ഒഴിക്കുകയോ മറ്റോ ഉള്ളതുപോലെ. എങ്കിലും വിപരീത രീതിയിലും ഇതുപോലുള്ള പ്രതിപ്രവർത്തനങ്ങൾ സംഭവിക്കാം. ഇവിടെ കഴിഞ്ഞ ജന്മത്തിൽ ചെയ്ത നല്ല പ്രവൃത്തികൾ മൂലം സഞ്ചയിക്കപ്പെട്ട എല്ലാ നന്മകളും വ്യക്തി ലൗകീക സുഖത്തിന് വിധേയമായികൊണ്ട് തുടച്ചുമാറ്റപ്പെട്ടേക്കാം. നല്ലതും ചീത്തയുമായ എല്ലാ മുദ്രകളും മായ്ക്കപ്പെടും എന്ന് വായനക്കാരൻ ഓർത്തിരിക്കണം.

അതുപോലെ ജീവിതത്തിലെ സന്തോഷകരമായ സംഭവങ്ങളും ദുഃഖകരമായ സംഭവങ്ങളും ഇല്ലാതാക്കപ്പെടുന്നു.

പരമജ്ഞാനം വിളങ്ങണമെങ്കിൽ എല്ലാതരം മുദ്രകളും മനസ്സിൽ നിന്ന് എടുത്തുമാറ്റപ്പെടേണ്ടത് അനിവാര്യമാണ്.

ദൈവീകത വെളിപ്പെടാൻ സാധാരണ ജീവിതത്തിൽ നാം അറിഞ്ഞതെല്ലാം അഴിക്കപ്പെടേണ്ടിയിരിക്കുന്നു.

# ഊർജത്തിന്റെ വിന്യസിക്കപ്പെട്ട ആവിഷ്കാരം

യോഗമുറയുടെ കാഴ്ചപ്പാടിൽ മനുഷ്യശരീരത്തിന്റെ ഘടനയെ വിശദീകരിച്ചുകൊണ്ട് ഈ അദ്ധ്യായം ആരംഭിക്കാൻ ഞാനാഗ്രഹിക്കുകയാണ്. മനുഷ്യശരീരത്തിന്റെ അനാട്ടമിയെ കുറിച്ചുള്ള ആധുനിക കാലത്തെ അറിവിന്റെ വെളിച്ചത്തിൽ വായനക്കാരന് ഈ കാഴ്ചപ്പാട് ഗ്രഹിക്കാൻ പ്രയാസമനുഭവപ്പെടും എന്നുള്ളതിനാൽ ഇത് വളരെ നിർണ്ണായകമാണ്.

ആധുനിക കാലത്തെ മനുഷ്യ അനാട്ടമിയെ കുറിച്ചുള്ള അറിവും യോഗ അനാട്ടമിയെ കുറിച്ചുള്ള അറിവും തമ്മിൽ താരതമ്യപ്പെടുത്തരുതെന്ന് വായനക്കാരനോട് എന്നിക്കൊരപേക്ഷയുണ്ട്. ഇപ്പോൾ പോലും മനുഷ്യ അനാട്ടമിയെ കുറിച്ച് പൂർണ്ണമായ അറിവ് ലഭ്യമല്ലെന്ന കാര്യം അംഗീകരിക്കാനുള്ള വിനയം ഉണ്ടായിരിക്കട്ടെ.

എന്തായാലും യോഗ അനാട്ടമിയെ കുറിച്ചുള്ള ഈ അറിവ് അറിയപ്പെടുന്ന അനാട്ടമിയെ കുറിച്ചുള്ള അറിവുമായി പൊരുത്തപ്പെടുന്നുണ്ടോ ഇല്ലയോ എന്ന കാര്യം അപ്രധാനമാണ്.

മനുഷ്യശരീരത്തിൽ കുടികൊള്ളുന്ന ഈ അനന്തമായ ദിവ്യ ചൈതന്യത്തെ ആവരണം ചെയ്തുകൊണ്ട് അഞ്ച് വ്യത്യസ്തമായ ദളങ്ങൾ ഉണ്ടെന്ന് പ്രാചീന യോഗ ഗ്രന്ഥങ്ങൾ പറയുന്നു.

ആദ്യത്തെ ദളം 'ആനന്ദമായ കോശം' അല്ലെങ്കിൽ 'ദിവ്യാഹ്ലാദത്തിന്റെ ദളം' എന്നറിയപ്പെടുന്നു. യോഗഗ്രന്ഥങ്ങളിൽ അറിയപ്പെടുന്ന പ്രകാരം 'മായ' അല്ലെങ്കിൽ പ്രപഞ്ചമിഥ്യയാൽ അനന്തമായ ചൈതന്യത്തെ ഈ ദളം അല്ലെങ്കിൽ കോശം ആവരണം ചെയ്തിരിക്കുന്നു. ഈ ആവരണം ചെയ്യപ്പെട്ട ശരീരം 'കാരണ ശരീരം' എന്നറിയപ്പെടുന്നു. വാസ്തവത്തിൽ അവസാനത്തെ സ്ഥൂലശരീരം ആവിഷ്കൃത

മാകുന്നതു വരെ മറ്റു ആവരണങ്ങൾ ഒന്നൊന്നായി ആവിഷ്ക്കരിക്കപ്പെടുന്നത് മനുഷ്യശരീരത്തിന്റെ ഈ കാതലിലാണ്.

വായനക്കാരൻ ക്ഷമിക്കണം, ഇത്തരം ഉയർന്ന ആത്മീയ അവസ്ഥയെകുറിച്ച് പറയാൻ ഞാൻ പ്രാപ്തനല്ല. മാത്രമല്ല ഇത് ഈ പുസ്തകത്തിന്റെ പരിധിയിൽ വരുന്ന ഒരു വിഷയവുമല്ല.

രണ്ടാമത്തെ ദളമാണ് വിജ്ഞാനമയകോശം അതായത് അറിവിന്റെ ദളം. ഈ ഇതളിലാണ് മനുഷ്യന്റെ മേധാശക്തിയും ഈഗോയിസവും ഒപ്പം സ്ഥിതി ചെയ്യുന്നതും തറഞ്ഞിരിക്കുന്നതും. കൂടാതെ എല്ലാ ലൗകീക മുദ്രകളുടെയും ആവാസസ്ഥാനമിതാണ്, മനുഷ്യചിത്തത്തിന്റെ ആരംഭബിന്ദുവും; ബോധമണ്ഡലത്തിന്റെയും ഉപബോധമണ്ഡലത്തിന്റെയും.

യോഗികൾ പ്രധാനമായും തല്പരരായിരിക്കുന്നത് ഈ ദളത്തിലാണ്. ഞാനെന്ന ഭാവത്തെയും ലൗകീക മുദ്രകളെയും പൂർണ്ണമായും മനസ്സിൽ നിന്ന് മായിച്ചു കളയാൻ സാധിക്കാത്തിടത്തോളം കാലം 'സമാധി' യെന്ന അവസ്ഥ അല്ലെങ്കിൽ ചിന്താരഹിത അവസ്ഥ പ്രാപിക്കാൻ ഒരു യോഗിക്കോ യോഗിനിക്കോ കഴിയുകയില്ല. എല്ലാ യോഗമുറകളുടെയും ആത്യന്തികലക്ഷ്യം തന്നെ അതാണല്ലോ. ഈ ഘട്ടത്തിൽ ഭൗതീക പ്രപഞ്ചത്തെ സംബന്ധിക്കുന്ന എല്ലാ ശാസ്ത്ര നിയമങ്ങളും തകർന്നു വീഴുന്നു.

ഈ അവസ്ഥ ആത്മസാക്ഷാത്കാരത്തിന്റെ അവസ്ഥയല്ലെന്ന് വായനക്കാരൻ മനസ്സിലാക്കണം. കാരണ ശരീരത്തിന്റെ വിഘടനത്തിനു ശേഷമുണ്ടാകുന്ന വളരെ ഉയർന്ന തലത്തിൽ സംഭവിക്കുന്നതാണത്. യാത്രയുടെ ഈ അവസാനഘട്ടത്തിൽ യോഗ നിയമങ്ങൾ പോലും തകർന്നു വീഴണം. ഇത്തരത്തിലുള്ള ഉയർന്ന തലങ്ങളെ കുറിച്ചുള്ള വിവരണം നൽകാൻ എനിക്കോ മറ്റാർക്കെങ്കിലുമോ കഴിയുകയില്ല. അസാധ്യം തന്നെയാണ്.

ഈ ദളത്തിനും മുകളിലാണ് 'മനോമയ കോശം' അഥവാ 'മനസ്സ്.' പഞ്ചേന്ദ്രിയങ്ങളുടെ ഇരിപ്പിടമാണിത്. ശരീരത്തിൽ കുടികൊള്ളുന്ന അനന്തമായ ചൈതന്യം അതിന്റെ സ്വേച്ഛ പ്രയോഗിക്കുന്നത് ഇവിടെ നിന്നാണ്.

ഇതിനും മുകളിലായി 'പ്രാണമയ കോശം' അഥവാ 'ജീവശക്തി

യുടെ ദളം' എന്ന് യോഗ ഗ്രന്ഥങ്ങളിൽ വിവരിക്കുന്ന ദളം. 'ജീവ ശക്തി' ഇതൾ ആകൃതിയിൽ മനുഷ്യശരീരത്തിന് സദൃശ്യമായി കാണപ്പെടുന്നു. ചില സംസ്കാരങ്ങളിൽ ഇങ്ങനെ മായാരൂപം (Phantom body) എന്നു വിളിക്കുന്നു. അതിസൂക്ഷ്മമായ ഊർജ്ജചാനലുകളുടെ സങ്കീർണ്ണമായ ശൃംഖലയാണിത്. ശരീരത്തിനകത്തെ ശ്വസനം, ദഹനം, വിസർജ്ജനം, സന്തത്യുത്പാദനം, രക്തചംക്രമണം, കോട്ടു-വായിടൽ പോലുള്ള വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്ന അഞ്ച് പ്രധാനവും അഞ്ച് അപ്രധാനവുമായ ജീവ ശക്തികൾ ഈ ഇതളിലാണുള്ളത്.

'അന്നമയ കോശം' (കാമമയ കോശം) അല്ലെങ്കിൽ അന്നത്തിന്റെ ദളം എന്നറിയപ്പെടുന്നതാണ് ഈ ജീവൽശക്തിയുടെ ഇതൾ', ഇതാണ് അവസാന ദളം.

അപ്രകാരം ആനന്ദമായ കോശത്തിൽ നിന്നും ആരംഭിച്ച് അന്നമയ കോശത്തിലേക്ക് എത്തിച്ചേരുന്ന അഞ്ച് ദളങ്ങളുണ്ട്. 'കാരണ ശരീരം' എന്നാണ് ആദ്യത്തെ ദളം പരാമർശിക്കപ്പെടുന്നത്.

കാരണശരീരത്തെ ആവരണം ചെയ്യുന്ന അടുത്ത മൂന്ന് ദളങ്ങളും ചേർത്ത് 'സൂക്ഷ്മശരീരം' എന്നറിയപ്പെടുന്നു.

ഈ സൂക്ഷ്മശരീരം, സ്ഥൂല ഭൗതീക ശരീരം എന്നറിയപ്പെടുന്ന അവസാനത്തെ ഇതളിനാൽ ആവരണം ചെയ്യപ്പെടുന്നു.

ക്ഷയം സംഭവിച്ചു കഴിയുമ്പോൾ അല്ലെങ്കിൽ ചൈതന്യത്തിന് കുടികൊള്ളാൻ അപ്രാപ്തമായി തീരുമ്പോൾ ഈ സ്ഥൂലശരീരമാണ് മരിക്കുന്നത്.

ഈ 'സൂക്ഷ്മശരീരം' ബാക്കി നാലു പാളികളിലുമായി ബന്ധിതമാക്കപ്പെട്ട ചൈതന്യത്തോടൊപ്പം മരണത്തോടെ വിട്ടുപോകുകയും വീണ്ടും പുതുശരീരത്തിൽ പുനർജനിക്കുകയും ചെയ്യുന്നു. പൂർവ്വ ജന്മാർജിതമായ വ്യക്തിത്വത്തെ ആശ്രയിച്ചിരിക്കും പുനർജന്മം. അതിനാൽ പരമമായ ആദിപരാശക്തിയാൽ അതിന്റെ അടിസ്ഥാന രൂപത്തിൽ ഉണ്ടാക്കപ്പെട്ടതാണ് ഈ കാരണശരീരം-പ്രപഞ്ചമിഥ്യ അല്ലെങ്കിൽ മായ, അതാണ് പ്രപഞ്ചത്തിൽ പരമമായത്.

സർവ്വേശ്വരൻ അല്ലെങ്കിൽ അനന്തചൈതന്യമല്ലേ പരമമായതെന്ന് വായനക്കാരൻ ചൂണ്ടിക്കാണിച്ചേക്കാം. അതെ, വാസ്തവത്തിൽ പര

മമായ പ്രപഞ്ച ശക്തി ഒരിക്കലും ചൈതന്യമറ്റതാകുന്നില്ല. അനന്ത മായ ചൈതന്യം പരമമായ ഊർജ്ജമല്ലാതെയും നിലകൊള്ളുന്നില്ല. രണ്ടും ഒന്നു തന്നെയാണ്, ഒരേ നാണയത്തിന്റെ രണ്ടു വശങ്ങൾ.

ഈ സഹജമായ പരമോർജ്ജം ഇല്ലെങ്കിൽ ഈശ്വരൻ ഈശ്വര നാകുന്നതെങ്ങനെ! ഹോളിവുഡ് സിനിമകളിലെ സ്പൈഡർമാനിന് സൂപ്പർ സ്പൈഡറിന്റെ സഹജശക്തിയില്ലാതെ അസ്തിത്വമില്ലാത്ത തുപോലെ, സംസ്കൃത കൃതികളിലെ ശക്തിമാനെ പോലെ സഹജ മായ ശക്തി അല്ലെങ്കിൽ ഊർജമില്ലാതെ നിലനിൽപ്പില്ലാത്തതു പോലെ.

സദൃശ്യമായി, അനന്തമായ ചൈതന്യത്തിന്റെ രൂപത്തിൽ മാത്ര മാണ് ഊർജം അടിസ്ഥാന രൂപത്തിൽ പ്രകടമാകുന്നത്.

ഊർജവും സത്തയും വേർപെടുത്താനൊക്കാത്തവയാണ്. ഭൂമി യിലെ ഭാഷകളുടെ പരിമിതികൾ കൊണ്ടു മാത്രമല്ല ദൈവീകത്വത്തെ വിശദീകരിക്കാനാവാത്തത്, പരമമായ സത്യം അറിയപ്പെടാനാവാ ത്തതുമാണ്.

കുറെകൂടി വിശദമാക്കാം.

പ്രപഞ്ചത്തിനും അതിനുപ്പുറത്തും ഉള്ള പരമസത്യമാണ്, പരമ ദൈവീകത്വം. ഈ പരമദൈവീകത്വം അല്ലെങ്കിൽ ആത്മത്തിന്റെ യഥാർത്ഥ പ്രകൃതം ഒരു ഘട്ടത്തിലും ഇപ്പോൾ ഞാനുൾപ്പെടെയുള്ള ആരും തന്നെ അറിഞ്ഞതല്ല. ആത്മസാക്ഷാത്കാരം നേടിയ ഒരു വ്യക്തിയാണ് ഞാനെങ്കിൽ ഇപ്പോൾ ഈ പുസ്തകം ഞാൻ എഴുതു ന്നുണ്ടായിരിക്കില്ല. അതുകൊണ്ടാണ് പരമമായ സത്യം അജ്ഞേയ മായതിനാൽ ദൈവീകതയെ വിശദീകരിക്കാനില്ലയെന്ന് ഞാൻ മുകളിൽ പ്രസ്താവിച്ചത്!

'ആനന്ദമയ കോശം അല്ലെങ്കിൽ ഊർജം അതിന്റെ അടിസ്ഥാന പരമായ രൂപത്തിൽ ഉറവിടത്തിലേക്ക് അതായത് ഈശ്വരനിലേക്ക് മടങ്ങിയെത്തുമ്പോൾ നാമതിനെ ആത്മസാക്ഷാത്കാരം എന്നു പറ യുന്നു!

എങ്കിലും ആത്യന്തികമായി ഈ രൂപാന്തരീകരണം അല്ലെങ്കിൽ ആത്മസാക്ഷാത്കാരം ഈശ്വരനിശ്ചയത്തോടു കൂടി മാത്രമേ ഒരു മനുഷ്യനിൽ സംഭവിക്കുന്നുള്ളൂ. യോഗ നിയമങ്ങൾ പോലും

തകർന്നു വീഴണം. ഈയൊരു കാരണമാണ് എല്ലാ മത സമ്പ്രദായ ങ്ങളിലും പരിപൂർണ്ണ സ്വയം സമർപ്പണം അനുശാസിക്കപ്പെടുന്നത്.

അടുത്ത മൂന്ന് ദളങ്ങളായ അറിവ്, മനസ്സ്, ജീവശക്തി എന്നി വയെ ഒന്നാക്കി ചേർത്ത് ചിത്ത ശക്തി അല്ലെങ്കിൽ 'മാനസികോർജം' എന്ന പേരിൽ വർഗ്ഗീകരിച്ചിരിക്കുന്നു. ഊർജം അതിന്റെ അടുത്ത സ്ഥൂലാവസ്ഥയിലുള്ളതാണിത്.

വ്യത്യസ്ത യോഗ ഗ്രന്ഥങ്ങൾ പ്രകാരം ഈ ഊർജത്തെ ബുദ്ധി, ചിത്തം, പ്രാണൻ എന്നിങ്ങനെ വീണ്ടും വർഗ്ഗീകരിക്കാം. പല ഗ്രന്ഥ ങ്ങളും ഈ ഊർജ്ജത്തെ മേൽ പറഞ്ഞ ഏതെങ്കിലും ഒരു വാക്കു പയോഗിച്ചു വ്യത്യസ്ത രീതിയിൽ സൂചിപ്പിക്കുന്നുണ്ട്. മനുഷ്യശരീര ത്തിന്റെ സവിശേഷ പ്രവർത്തനം ആധാരമാക്കി ഒരേ ഊർജം തന്നെ യാണ് വിഭിന്ന രൂപങ്ങളിൽ ആവിഷ്കൃതമാകുന്നുവെന്നു മാത്രം വായ നക്കാരൻ മനസ്സിലാക്കിയാൽ മതിയാവുന്നതാണ്.

ഏറ്റവും താഴ്ന്ന തലങ്ങളിൽ വ്യാപിക്കുന്ന ഊർജ രൂപമാണ് കായിക ഊർജം; വായനക്കാരനും ആധുനിക ശാസ്ത്രത്തിനും ഇത് പരിചിതമാണ്.

അപ്രകാരം ആദ്യത്തെ ഇതളിൽ ഊർജം അതിന്റെ മൗലീകാവ സ്ഥയിൽ സ്ഥിതിചെയ്യുന്നു. ഇതാണ് 'കോസ്മിക് വിദ്യ' അല്ലെങ്കിൽ 'മായ' യുടെ സൃഷ്ടിക്ക് കാരണമാകുന്നത്. അടുത്ത മൂന്ന് ദളങ്ങളി ലായി ഈ ഊർജത്തിന്റെ കൂടുതൽ സ്ഥൂലമായ ആവിഷ്ക്കരണം 'ചിത്തശക്തി'യായി നാം കാണുന്നു. അവസാനത്തെ ഇതളിൽ ഈ ഊർജം സ്ഥൂലമായ കായികശക്തിയായി ആവിഷ്കാരം നേടുന്നു. ഇതിനെ സംസ്കൃത ഗ്രന്ഥങ്ങളിൽ പ്രപഞ്ചം അല്ലെങ്കിൽ പ്രകൃതി എന്നു വിളിക്കുന്നു.

ഊർജത്തിന്റെ ഈ ആവിഷ്ക്കരണത്തെ നാം റിവേഴ്സ് ക്രമത്തിൽ സമീപിക്കുകയാണെങ്കിൽ, ഒരു യോഗിക്ക് ആത്മസാക്ഷാത്ക്കാരത്തെ പിന്തുടരണമെങ്കിൽ മൂർത്ത ശാരീരിക ഊർജത്തെ സംബന്ധിക്കുന്ന ശാസ്ത്ര നിയമങ്ങളുടെ പ്രവർത്തനം ആദ്യം നിലക്കേണ്ടിയിരിക്കു ന്നുവെന്ന് നാം കാണുന്നു. ഭൗതികോർജ്ജം, ശാസ്ത്രനിയമങ്ങൾ ഇവയുടെ തകർച്ച എന്നു പറയുമ്പോൾ ഞാൻ ഉദ്ദേശിക്കുന്നത്, ഈ ഘട്ടത്തിൽ ഇവ പ്രയോഗയോഗ്യമല്ല എന്നതാണ്. യോഗിയ്ക്ക് അമാ നുഷിക ശക്തി ലഭ്യമായി തുടങ്ങുന്നു.

ശാസ്ത്ര നിയമങ്ങളാൽ ബന്ധിതമായ ഒരു സാധാരണ മനുഷ്യന് ഈ ശക്തികൾ അതിഭൗതികമായിരിക്കുമെങ്കിലും ഒരു യോഗിയ്ക്ക് ഇവ സ്വാഭാവികമാണ്!

എങ്കിലും ഒരു യോഗിക്ക് അതിഭൗതീക ശക്തികൾ ഉണ്ടെന്നു വന്നാലും ആ യോഗി അല്ലെങ്കിൽ യോഗിനി അപ്പോഴും ആത്മസാക്ഷാത്കാരം നേടിയെന്നു വരില്ല. കാരണം കൂടുതലായി ഇനിയും മുന്നോട്ടു പോകണമെന്നുണ്ടെങ്കിൽ യോഗ നിയമങ്ങൾ പോലും (അതിഭൗതികശക്തികളെ സംബന്ധിച്ചുള്ളവ) അഴിഞ്ഞുപോകേണ്ടിയിരിക്കുന്നു.

അതിനാൽ ആത്മസാക്ഷാത്കാരം സംഭവിക്കാൻ യോഗി ശാസ്ത്ര നിയമങ്ങളെയും യോഗ നിയമങ്ങളെയും മറികടക്കേണ്ടതുണ്ട്. പരബ്രഹ്മം അല്ലെങ്കിൽ ചൈതന്യം അല്ലെങ്കിൽ സർവ്വേശ്വരൻ എല്ലാ അവകാശങ്ങളെയും ആത്മത്തിൽ നിക്ഷിപ്തമാക്കിയിരിക്കുന്നു.

ഇവിടെ സാധാരണ വായനക്കാരന്റെ അറിവിലേക്കായി യോഗയുടെ കാഴ്ചപ്പാടിൽ സെറിബ്രോ സ്പൈനൽ സിസ്റ്റത്തിന്റെ അനാട്ടമിയെക്കുറിച്ച് അൽപമൊന്ന് പറയാൻ ഞാനാഗ്രഹിക്കുകയാണ്. ഈ കാഴ്ചപ്പാട് പ്രകാരം മൂർത്തമായ സെറിബ്രോസ്പൈനൽ സിസ്റ്റത്തിനകത്താണ് ജീവശക്തിയുടെ ഘടനയുമായി ബന്ധപ്പെട്ട മനുഷ്യ അനാട്ടമി സ്ഥിതി ചെയ്യുന്നത്. ഈ ജീവശക്തിയുടെ ഘടന ഊർജ പാറ്റേണിനെ അടിസ്ഥാനമാക്കിയുള്ളതാണ്, ആധുനിക ശാസ്ത്രത്തിന്റെ ഇലക്ട്രോ മാഗ്നെറ്റിക് സ്പെക്ട്രം ഉപയോഗിച്ചുപോലും കണ്ടെത്താൻ കഴിയാത്തത്ര സൂക്ഷ്മമാണിത്. അതിനാൽ ഊർജ്ജത്തിന്റെ സ്ഥൂല രൂപം സംബന്ധിച്ചുള്ള ശാസ്ത്ര നിയമങ്ങൾ ഈ മൈക്രോ കോസ്മിക് തലത്തിൽ പ്രായോഗികമല്ല. അതിനാൽ ഇതിനെ അളക്കാനോ രേഖപ്പെടുത്താനോ ഒരു ഉപകരണത്തിനും സാധ്യമല്ല, നേരിട്ടോ അല്ലാതെയോ യോഗ ഗ്രന്ഥങ്ങൾ പ്രകാരം നട്ടെല്ലിന്റെ മൂലം മുതൽ മുകളിലേക്ക് ഉച്ചിവരെ ചക്രം എന്നു വിളിക്കുന്ന ഏഴ് ഊർജകേന്ദ്രങ്ങൾ ഉണ്ട്.

ആദ്യത്തേതിനെ മൂലധാര ചക്രം എന്നു വിളിക്കുന്നു. ഇത് നട്ടെല്ലിന്റെ അടിത്തട്ടിൽ ഗുദത്തിനും ജനനേന്ദ്രിയത്തിനും മദ്ധ്യത്തിലായി സ്ഥിതി ചെയ്യുന്നു. കുണ്ഡലിനി അല്ലെങ്കിൽ പ്രപഞ്ചോർജം ഈ

ചക്രത്തിൽ അല്ലെങ്കിൽ ഊർജ കേന്ദ്രത്തിൽ ഒരു തരം നിദ്രാവസ്ഥ യിൽ സ്ഥിതി ചെയ്യുന്നു. വളരെ വിശദമായി ഈ ചക്രത്തെ കുറിച്ച് യോഗഗ്രന്ഥങ്ങളിൽ പ്രതിപാദിക്കുന്നുണ്ട്.

എങ്കിലും, ഘടന വളരെ സങ്കീർണ്ണമായതിനാൽ പൊതുവായന ക്കാർക്ക് ഏകദേശമൊരു ധാരണ ലഭിക്കുന്നതിനായി ഞാൻ ഈ പ്രത്യേക ചക്രത്തെ കുറിച്ച് മാത്രം ചുരുക്കത്തിൽ പറയാം.

താൽപര്യം ഉള്ളവർക്ക് മറ്റു ചക്രങ്ങളെ കുറിച്ചും സെറിബ്രോ സ്പൈനൽ സിസ്റ്റത്തിന്റെ മുഴുവൻ അനാട്ടമിയെ കുറിച്ചും വായി ക്കാവുന്നതാണ്. ഇതേ കുറിച്ച് ധാരാളം പുസ്തകങ്ങൾ ലഭ്യമാണ്. ഇന്റർനെറ്റിലൂടെ എളുപ്പത്തിൽ കണ്ടെത്താം.

എല്ലാ ചക്രങ്ങൾക്കും താമരപ്പൂവിന്റെ ആകൃതിയാണെന്ന് കരുത പ്പെടുന്നു.

മൂല ചക്രത്തിൽ നാലു ദലങ്ങളാണ്. ദലങ്ങളുടെ നിറം ചുവപ്പ്. ഒരു പക്ഷെ ദലാകൃതിയിലായിരിക്കാം ഊർജത്തിന്റെ പാറ്റേൺ രൂപ പ്പെട്ടിട്ടുള്ളത്. അങ്ങനെയുള്ള നാലു പാറ്റേണുകളാണുള്ളത്. കൂടാതെ ഇലക്ട്രോ മാഗനെറ്റിക് സ്പെക്ട്രത്തിലെ ചുവപ്പ് നിറം പോലെ ബന്ധപ്പെട്ട ഫ്രീക്വൻസിയെ സൂചിപ്പിക്കുന്നതായിരിക്കാം ചുവപ്പുനിറം.

ഓരോ ദലത്തിലും സംസ്കൃത അക്ഷരമാലയിൽ നിന്നുള്ള ഒര ക്ഷരം ഉണ്ട്. ഈ അക്ഷരങ്ങൾ സുവർണ്ണ നിറത്തിലുള്ളവയാണ്. അക്ഷരങ്ങളുടെ ശബ്ദം Va, Sha, Sha, Sa എന്നിങ്ങനെയാണ്. ദലങ്ങ ളിൽ അക്ഷരങ്ങൾ സ്ഥിതി ചെയ്യുന്നു എന്നു പറയുമ്പോൾ ഒരു പക്ഷെ ഈ സംസ്കൃത അക്ഷരങ്ങളുടെ ശബ്ദമാകാം ഊർജപാറ്റേ ണുമായി ഏതോ വിധത്തിൽ സംയോജിക്കപ്പെട്ടിട്ടുള്ളത്.

എന്തു തന്നെയായാലും ശബ്ദം അത്തരത്തിൽ ഊർജം തന്നെ യാണ്. അതുകൊണ്ട് സംസ്കൃത അക്ഷരമാലയുടെ ഒരു പ്രത്യേക അക്ഷരം അല്ലെങ്കിൽ അക്ഷരത്തിന്റെ പ്രത്യേക ശബ്ദവുമായി ബന്ധ പ്പെട്ട് ഏതോ എനർജിപാറ്റേണുണ്ട്.

ഈ മുഴുവൻ താമരപ്പൂവ് ഒരു ഊർജ കേന്ദ്രമായി കരുതപ്പെടുന്നു. ദലങ്ങൾ, അക്ഷരങ്ങൾ, ദലങ്ങളുടെ നിറം, അക്ഷരങ്ങളുടെ നിറം തുടങ്ങിയ രൂപങ്ങളിലുള്ള വ്യത്യസ്ത ഊർജ പാറ്റേണുകൾ അടി സ്ഥാനമാക്കി വിന്യസിക്കപ്പെട്ടതാണിതെന്ന് എളുപ്പത്തിൽ മനസ്സി

ലാക്കാം. ഇവിടെ എല്ലാ അക്ഷരങ്ങളും ചില പ്രത്യേക ഫ്രീക്വൻസി തലത്തിന്റെ സൂചകങ്ങളാണ്.

പൂവിനകത്ത് ഒരു സ്ഥാനമുണ്ട്. ഇത് എട്ട് ശൂലങ്ങളാൽ ചുറ്റപ്പെട്ട നാല് ഭാഗമുള്ള ഒരു ക്യൂബിന്റെ ആകൃതിയിലാണുള്ളത്! യോഗ ഗ്രന്ഥങ്ങൾ പ്രകാരം ഭൂമിയെന്ന ധാതുവിനെ സൂചിപ്പിക്കുന്ന അട യാളമാണ് ഈ സമചതുരം. ശൂലങ്ങൾ വ്യത്യസ്ത ദിക്കുകളെ പ്രതി നിധീകരിക്കുന്നു.

അതിനാൽ ഈ സ്ഥാനം "ഭൂസത്തയെ" അല്ലെങ്കിൽ പദാർത്ഥ ത്തിലെ ഘനത്വതത്ത്വത്തെ പ്രതിനിധീകരിക്കുന്നു.

മാത്രമല്ല ഇതിന് പീതവർണ്ണമാണെന്ന് യോഗ ഗ്രന്ഥങ്ങൾ പറ യുന്നു. ഇലക്ട്രോ മാഗ്നെറ്റിക് സിസ്റ്റത്തിലെ പീതവർണ്ണവുമായി ബന്ധപ്പെട്ട ഊർജ ഫ്രീക്വൻസി വായനക്കാരന് പരിചിതമായിരിക്കും. അതിനാൽ ഏതെങ്കിലും തരത്തിലുള്ള ഊർജ്ജപാറ്റേണിന്റെ സൂച കമായിരിക്കാം ഈ പീതവർണ്ണം. പീതവർണ്ണം ഭൂമിയെന്ന മൂല കത്തെ പ്രതിനിധീകരിക്കുന്നതായി പറയുന്നു. കൂടാതെ യോഗ ഗ്രന്ഥ ങ്ങൾ പ്രകാരം ഘ്രാണേന്ദ്രിയവുമായി ബന്ധപ്പെട്ടതാണ് ഈ നിറം. ഈ സ്ഥാനം സംസ്കൃത അക്ഷരമാലയിലെ "I am" എന്ന അക്ഷര ത്താൽ പ്രതിനിധീകരിക്കപ്പെടുന്നു. അല്ലെങ്കിൽ ശബ്ദശരീരം ഈ പീതവർണ്ണസ്ഥാനത്തെ പ്രതിനിധീകരിക്കുന്നു.

താമരയ്ക്കകത്ത് ഒരു തലകീഴായ ത്രികോണമുണ്ട്. ഈ തല കീഴായ ത്രീകോണം ഇന്ത്യയിലെ ശക്തി ആരാധകരുടെ ആരാധനാ സമ്പ്രദായ പ്രകാരം സ്ത്രീ ജനനേന്ദ്രിയം അല്ലെങ്കിൽ ഊർജത്തെ പ്രതിനിധാനം ചെയ്യുന്നു.

അതിനാൽ അത്തരത്തിൽ ഊർജം തന്നെ എല്ലായ്പ്പോഴും തല കീഴായി പ്രതിനിധീകരിക്കപ്പെടുന്നതിനാൽ തലകീഴായ ത്രികോണം ഒരു ഊർജ പാറ്റേൺ ആയിരിക്കണം. ഈ ത്രികോണവും രക്ത വർണ്ണമാണ്. ഈ ത്രികോണത്തിനുള്ളിൽ മറ്റൊരു ശബ്ദം അല്ലെ ങ്കിൽ സംസ്കൃത അക്ഷരം 'ക്ലിം' കാണാം. 'ക്ലിം' എന്ന ശബ്ദം ലൈംഗിക ഊർജത്തെ അല്ലെങ്കിൽ സൃഷ്ടിപരമായ ഊർജ്ജത്തെ പ്രതിനിധീകരിക്കുന്നു. രക്തവർണ്ണം ആസക്തി അല്ലെങ്കിൽ ഭോഗേ ച്ഛയുമായി ബന്ധപ്പെട്ടതാണ്.

ത്രികോണത്തിന് മുകളിൽ ഒരു ശിവലിംഗം അല്ലെങ്കിൽ കറുപ്പു

വർണ്ണത്തിലൊരു ലിംഗം (ആകൃതിയിൽ അങ്ങനെ കാണപ്പെടുന്നു) ഉണ്ട്. ഇന്ത്യയിലെ ശൈശവസമ്പ്രദായ പ്രകാരം സർവ്വേശ്വരൻ ലിംഗത്തിന്റെ രൂപത്തിലാണ് ആരാധിക്കപ്പെടുന്നത്.

ലിംഗത്തിന് ചുറ്റുമായി കുണ്ഡലിനി അല്ലെങ്കിൽ പരമപ്രപഞ്ചോർജം വളഞ്ഞ രൂപത്തിൽ ആയിരിക്കുമെന്നു കരുതുപ്പെടുന്നു. സർപ്പാകൃതിയിൽ അതിന്റെ വായ ലിംഗത്തിന്റെ മുകൾ ഭാഗം മൂടികൊണ്ട് മൂന്നര ചുറ്റിൽ വളർത്തുളമായിരിക്കുമെന്ന് കരുതുന്നു.

എത്രത്തോളം സൂക്ഷ്മ പ്രപഞ്ചതലത്തിലാണ് ഈ ഊർജം സ്ഥിതി ചെയ്യുന്നതെന്നും, എത്രത്തോളം സർവ്വശക്തമാണെന്നും ഇപ്പോൾ വായനക്കാരന് സങ്കൽപ്പിക്കാനാകും.

ഒന്നാമതായി ഊർജകേന്ദ്രം തന്നെ അദൃശ്യമാണ്, ഏറ്റവും ആധുനികമായ സങ്കർണമായ ഉപകരണങ്ങൾ കൊണ്ടു പോലും കണ്ടുപിടിക്കാൻ സാധ്യമല്ല. താമരയുടെ ആകൃതിയിലുള്ള ഊർജ്ജകേന്ദ്രത്തിന്റെ പൂർണ്ണഘടന തന്നെ അതിസൂക്ഷ്മമായ എനർജി പാറ്റേണുകൾ കൊണ്ട് നിർമ്മിക്കപ്പെട്ടതാണ്. ഊർജ്ജപാറ്റേണുകൾ പദാർത്ഥമായി ഉപയോഗിച്ചുകൊണ്ട് ഒരു യന്ത്രത്തെ നിർമ്മിക്കുന്നതിനോടോ, അല്ലെങ്കിൽ അതിസൂക്ഷ്മമായ ഊർജ്ജപാറ്റേണുകളിൽ നിന്ന് നിർമ്മിതമായ ഒരു മാതൃകയോടോ ഇതിനെ താരതമ്യപ്പെടുത്താം! കൂടാതെ ഓരോ എനർജി പാറ്റേണും തന്നറിവോടു കൂടിയതും പരബ്രഹ്മത്താൽ അല്ലെങ്കിൽ പ്രപഞ്ചാത്മാവ് അല്ലെങ്കിൽ ഈശ്വരനാൽ വ്യാപിക്കപ്പെട്ടതുമാണ്. അതിനാൽ ഓരോ എനർജി പാറ്റേണുമായി ബന്ധപ്പെട്ടും ഒരു ലോക്കൽ ഈശ്വരൻ അല്ലെങ്കിൽ ഈശ്വരി ഉണ്ട്.

അൽപം കൂടി വിശദമാക്കാം.

ഒരു ഘട്ടത്തിലും ഊർജത്തിന് ചൈതന്യം അല്ലെങ്കിൽ ദൈവീകത അല്ലെങ്കിൽ ഈശ്വരനിൽ നിന്ന് വേർപെട്ട് നിലനിൽക്കാനാവില്ല. എങ്കിലും ഊർജത്തിന് പ്രപഞ്ചത്തിലുള്ള അതിന്റെ പ്രത്യേക പ്രവർത്തനം അല്ലെങ്കിൽ മനുഷ്യശരീരത്തിലുള്ള അതിന്റെ മിനിയേച്ചർ പ്രകാരഭേദം അനുസരിച്ച് വ്യത്യസ്ത ഗുണങ്ങൾ ആരോപിക്കുന്നുണ്ട്. അതാണ് ഒരു ഊർജ കേന്ദ്രത്തിലെ ഈശ്വരൻ അല്ലെങ്കിൽ ഈശ്വരി എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. മറ്റുവിധത്തിൽ വ്യത്യസ്ഥ ദൈവങ്ങളായ പരമദൈവീകതയെ ശിഥിലീകരിക്കുക

അസാദ്ധ്യമാകും. ഇത്തരത്തിൽ പരമദൈവീകതയുടെ താത്ത്വികമായൊരു ശിഥിലീകരണമില്ലാതെ യുക്തിസഹമായ പരമദൈവീകതയുടെ വളരെ സങ്കീർണ്ണമായ പ്രകൃതത്തെ വ്യാഖ്യാനിക്കാനോ മനസ്സിലാക്കാനോ കഴിയുകയില്ല.

താമരയുടെ ആകൃതിയിലുള്ള ഊർജ കേന്ദ്രത്തിൽ സ്ഥിതി ചെയ്യുന്ന ഊർജത്തെക്കാൾ അതിസൂക്ഷ്മ രൂപത്തിലാണ് ഈ സങ്കീർണ്ണമായ ഘടനയ്ക്കുള്ളിൽ കുണ്ഡലിനി നിലകൊള്ളുന്നത്. ഒരു മനുഷ്യശരീരത്തിൽ സ്ഥിതി ചെയ്യുന്ന ഊർജത്തിന്റെ മൈക്രോകോസ്മിക് പ്രകൃതിയെക്കുറിച്ച് മനസ്സിലാക്കാൻ ഇപ്പോൾ വായനക്കാരന് കഴിഞ്ഞിട്ടുണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

മനുഷ്യസൃഷ്ടിക്കു ശേഷം പരമപ്രപഞ്ചോർജമാണ് വ്യക്തിയുടെ ചിത്തത്തിൽ ഒരു മായാലോകം ആവിഷ്ക്കരിക്കുന്നതും നിലനിർത്തുന്നതും! സെറിബ്രോസ്പൈനൽ സിസ്റ്റത്തിലെ (ഞാൻ മുകളിൽ വിവരിച്ച കാര്യം) വിവിധ ഊർജ പാറ്റേണുകൾ ഈ മിഥ്യാകിരണത്തിലേക്ക് സമന്വയിക്കപ്പെടുകയും അനന്തതയിലേക്ക് പ്രക്ഷേപിക്കപ്പെട്ടുകൊണ്ട് ഒരു വ്യക്തി അനുഭവിക്കുന്ന മിഥ്യാലോകത്തെ സൃഷ്ടിക്കുകയും ചെയ്യുന്നു.

യോഗഗ്രന്ഥങ്ങൾ പ്രകാരം പ്രത്യേക ശരീരഭാഗത്തെ ബാധിക്കുന്ന ഏതാനും ഈശ്വരന്മാരും ഈശ്വരിമാരും മറ്റു ചില വസ്തുക്കളോടൊപ്പം ഈ ചക്രത്തിനുള്ളിൽ സന്നിവേശിക്കപ്പെട്ടിട്ടുണ്ട്. ഇത് അത്ര തന്നെ പ്രയോജനപ്രദമായ ഒന്നല്ലാത്തതിനാൽ ഞാനിതിന്റെ വിശദാംശങ്ങളിലേക്ക് പോകുന്നില്ല.

പ്രസംഗിക്കുന്നതിനോ, ഇപ്പോൾ ഞാൻ ചെയ്യുന്നതുപോലെ ഒരു പുസ്തകം എഴുതുന്നതിനോ മാത്രമാണ് അക്കാദമിക അറിവ് പ്രയോജനപ്പെടുക. ഇവ രണ്ടുമല്ലാതെ അക്കാദമിക ജ്ഞാനം ഒരു വ്യക്തിയിൽ ശാന്തിയോ സന്തോഷമോ കൊണ്ടുവരുന്നില്ല. ബുദ്ധിപരമായി വിനോദം മറ്റൊരു ഉപയോഗമായിരിക്കാം. അതുമാത്രമായിരിക്കാം അതിന്റെ ലക്ഷ്യവും!

സദൃശ്യമായ വിധത്തിൽ മറ്റു സെറിബ്രോസ്പൈനൽ സിസ്റ്റത്തിൽ മറ്റു ചക്രങ്ങൾ അല്ലെങ്കിൽ ഊർജകേന്ദ്രങ്ങൾ ഉണ്ട്.

ജനനേന്ദ്രിയത്തിന്റെ മൂലസ്ഥാനത്തായി അടുത്ത ചക്രമായ സ്വാധിഷ്ടാന ചക്രവും നാഭിയിൽ മണിപുരകചക്രവും സ്ഥിതി ചെയ്യുന്നു.

ഹൃദയ ഭൂമികയിൽ അനാഹത ചക്രവും തൊണ്ടയുടെ അടിസ്ഥാനത്തിൽ വിശുദ്ധ ചക്രം എന്നു വിളിക്കുന്ന അഞ്ചാമത്തെ ചക്രവും സ്ഥിതി ചെയ്യുന്നു. പുരികങ്ങൾക്കിടയിൽ സ്ഥിതി ചെയ്യുന്ന ആറാമത്തെ ചക്രത്തെ ആജ്ഞചക്രമെന്ന് വിളിക്കുന്നു. സെറിബ്രൽ മണ്ഡലത്തിലാണ് അവസാന ചക്രമായ സഹസ്രാര ചക്രം നിലകൊള്ളുന്നത്.

ഈ ഓരോ ഊർജകേന്ദ്രവും അല്ലെങ്കിൽ താമരകളും കൃത്യമായ സംഖ്യയിൽ ദലങ്ങൾ ഉള്ളവയാണ്. ആദ്യ ചക്രം മുതൽ ആറാമത്തെ ചക്രം വരെ സംസ്കൃത അക്ഷരമാലയിൽ അൻപത് അക്ഷരങ്ങൾ ഉൾക്കൊള്ളുന്ന അൻപത് ദലങ്ങളാണുള്ളത്. സെറിബ്രൽ മണ്ഡലത്തിലുള്ള അവസാന ചക്രം ഈ അൻപതുഅക്ഷരങ്ങളും ഇരുപതു പ്രാവശ്യം ആവർത്തിച്ചുണ്ടായ ആയിരം ദലങ്ങളോടു കൂടിയതാണ്!

മൂല ചക്രത്തിൽ നിന്നും ഉണർത്തപ്പെട്ടശേഷം പ്രപഞ്ചശക്തി സെറിബ്രോ സ്പൈനൽ സിസ്റ്റത്തിലൂടെ മുകളിലേക്ക് ഉയർന്ന് സെറിബ്രൽ മണ്ഡലത്തിലെത്തുമ്പോൾ ഒരു വ്യക്തിയിൽ ആത്മസാക്ഷാത്കാരം സംഭവിക്കുന്നതായി കരുതപ്പെടുന്നു! പ്രപഞ്ചോർജം സൃഷ്ടിപരമായ രീതിയിലായിരിക്കുമ്പോൾ, മനുഷ്യനെന്നറിയപ്പെടുന്ന രൂപത്തിൽ മിഥ്യയായ അസ്തിത്വം സൃഷ്ടിക്കുകയും അതിനുശേഷം സെറിബ്രോ സ്പൈനൽ സിസ്റ്റത്തിലെ അധിഷ്ഠാനത്തിൽ ഇരുന്നുകൊണ്ട് ഈ മിഥ്യാബോധത്തെ നിലനിർത്തുകയും ചെയ്യുന്നു. ഈ പ്രക്രിയ റിവേഴ്സ് രൂപത്തിലാക്കപ്പെടുമ്പോൾ സെറിബ്രൽ മണ്ഡലത്തിലെ ഉറവിടത്തിലേക്ക് ഊർജം തിരിച്ചുപോകുന്നു. അപ്രകാരം ചിത്തത്തെ പരമജ്ഞാനത്താൽ നിറയ്ക്കുകയും ചെയ്യുന്നു.

ഞാൻ നൽകിയ ഈ നീണ്ട വ്യാഖ്യാനം ഒരു മനുഷ്യശരീരത്തിൽ ഊർജ്ജത്തിന്റെ ചലനത്തെ കുറിച്ച് ഗ്രഹിക്കുന്നതിന് വളരെ പ്രാധാന്യമുള്ളതാണ്.

മനുഷ്യശരീരത്തെ സൃഷ്ടിച്ച ശേഷം ഈ പരാശക്തി ശരീരത്തിൽ കുടികൊള്ളുന്ന അനന്തചൈതന്യത്തിലേക്ക് ഒരു മിഥ്യാലോകത്തെ പ്രേഷണം ചെയ്യുകയും അതിനെ നിലനിർത്തുകയും ചെയ്യുന്നു.

ഈശ്വരൻ അല്ലെങ്കിൽ പ്രപഞ്ചത്തിലെ പരമചൈതന്യത്തിൽ

നിന്നും വ്യത്യസ്തമല്ല ഈ ചൈതന്യമെന്ന് വീണ്ടും വായനക്കാരനെ ഓർമ്മിപ്പിക്കുകയാണ്! രണ്ടും ഒന്നും തന്നെയാണ്. അപ്രകാരം ഈ ഊർജം മനുഷ്യശരീരത്തിലെ സെറിബ്രോസ്പൈനൽ സിസ്റ്റത്തിൽ ഗുദത്തിനും ജനനേന്ദ്രിയ മണ്ഡലത്തിനും മദ്ധ്യേയായി കുടികൊള്ളുന്നു.

ഒരു ഗുരു ഊർജ്ജത്തെ കൈകാര്യം ചെയ്യുമ്പോൾ ഇത് റിവേഴ്സ് രീതിയിൽ അതു തന്നെ സൃഷ്ടിച്ചതും കാലാകാലങ്ങളായി നിലനിർത്തിയതുമായ ഒന്നിനെ സംഹരിക്കാൻ ആരംഭിക്കുന്നു. അതിന്റെ ഫലമായി ഉൾവലിയലിന്റെ റിവേഴ്സ് രീതിയിൽ ഊർജത്തിന്റെ ചലനം ശരീരത്തിനുള്ളിൽ എല്ലാ കോശങ്ങളിലേക്കും വ്യാപിക്കുന്നു.

ഇനി ഞാൻ എന്റെ സ്വന്തം അനുഭവം, എന്റെ ശരീരത്തിൽ ഈ ഊർജം എങ്ങനെയാണ് ഉണർത്തപ്പെട്ടതെന്നും അതെങ്ങനെയാണ് എന്റെ ശരീരത്തിൽ ചലനങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നതെന്നും, വിശദമാക്കാം.

# കുണ്ഡലിനിയുടെ ഉണർവ്

2007–ാമാണ്ട് നവംബർ മാസത്തിൽ 'ശക്തിപഥ്' സംഘം അനുശീലിച്ചുകൊണ്ടിരുന്ന സിദ്ധ മഹാ യോഗ എന്ന യോഗമുറയിലേക്ക് ഞാൻ ഉപനയിക്കപ്പെട്ടു.

ഈ സംഘത്തിൽപ്പെടുന്ന എന്റെ ഭാവി ഗുരുവാകാൻ പോകുന്ന സ്വാമി സഹജാനന്ദ തീർത്ഥ ഹൈദരാബാദ് നഗരം സന്ദർശിക്കുന്നുണ്ടെന്ന് എന്റെയൊരു സുഹൃത്തിൽ നിന്നും ഞാനറിഞ്ഞു.

ഈ പുണ്യമൂർത്തിയെ സ്വീകരിക്കാനായി എന്റെ സുഹൃത്ത് അദ്ദേഹത്തിന്റെ വീട്ടിലേക്ക് എന്നെ ക്ഷണിക്കുകയും ഉത്സാഹപൂർവ്വം ഞാനതിന് സമ്മതിക്കുകയും ചെയ്തു. അപ്രകാരം എന്റെ സുഹൃത്തിന്റെ വീട്ടിൽ വെച്ച് രാത്രി ഏകദേശം ഒരു എട്ടൊമ്പത് മണിയായപ്പോൾ ഞാനെന്റെ ഭാവി ഗുരുവിനെ കണ്ടു.

ഈ പുണ്യാത്മാവിനെ ഇരുപത്തിയൊന്നു വർഷങ്ങൾക്ക് മുമ്പ് കണ്ടതാണെന്ന് മനസ്സിലായപ്പോൾ എന്നിൽ അത്ഭുതാഹ്ലാദം ഉണ്ടായി. ഡൽഹിയിലേക്കുള്ള ഒരു ട്രെയിൻ യാത്രയിൽ ഇദ്ദേഹം എന്റെ സഹയാത്രികനായിരുന്നു.

എനിക്ക് പതിനഞ്ച് വയസ്സുള്ളപ്പോൾ, 1986–ലെ ഒരു വേനൽക്കാലത്തായിരുന്നു ഞാനീയാത്ര പോയത്.

എന്റെ ബർത്തിന്റെ തൊട്ടടുത്ത് നേരെ എതിർവശത്തുള്ള ലോവർ ബർത്തിലായിരുന്നു അദ്ദേഹം. മുപ്പതുമണിക്കൂർ ഞങ്ങൾ ഒരുമിച്ച് യാത്ര ചെയ്തു.

ഉത്തരാഖണ്ഡിൽ ഹിമാലയ താഴ്വരയിലെ ഋഷികേശിൽ ഉണ്ടായിരുന്ന അദ്ദേഹത്തിന്റെ ആശ്രമത്തിലേക്ക്, യോഗിക് റിട്രീറ്റിലേക്ക്, തിരിച്ചുപോകുകയായിരുന്നു അദ്ദേഹം. കാവി വസ്ത്രമായിരുന്നു

ധരിച്ചിരുന്നത്.

ഉത്തരാഖണ്ഡിൽ തന്നെയുള്ള ഉത്തരകാശി എന്ന പട്ടണത്തിൽ (ഹിമാലയ പർവ്വത നിരകളിൽ തന്നെ അൽപംകൂടെ ഉള്ളിലേക്കുള്ള ഒരു സ്ഥലം) ലോകപ്രശസ്തമായ (Nehru Institute of Mountaineering)-ൽ മലകയറ്റവും പാറകയറ്റവും പഠിക്കാൻ പോവുകയായിരുന്നു ഞാൻ.

ഋഷികേശിൽ ഇറങ്ങി അവിടെ നിന്ന് ബസ്സിൽ വേണം എനിക്ക് ഉത്തരകാശിയിലെത്തുവാൻ.

എന്റെ യാത്രയുടെ പ്ലാനുകൾ കേട്ടപ്പോൾ ഋഷികേശിലെ അദ്ദേഹത്തിന്റെ ആശ്രമത്തിലേക്ക് അദ്ദേഹം എന്നെ ക്ഷണിച്ചു. ഉത്തരകാശിയിലേക്ക് പോകുമ്പോഴും തിരിച്ചുവരുമ്പോഴും ഋഷികേശിലോ അല്ലെങ്കിൽ അതിനടുത്തുള്ള ഹരിദ്വാറിലോ എനിക്ക് ഒരു രാത്രി കഴിക്കേണ്ടതായി വരും.

കൂടാതെ, അദ്ദേഹം തന്റെ പേരും ആശ്രമത്തിന്റെ മേൽവിലാസവും ഒരു തുണ്ട് കടലാസിലെഴുതി എനിക്ക് തന്നു. ഞാനതത്ര കാര്യമാക്കിയെടുത്തില്ല, ആ വിഷയത്തെക്കുറിച്ച് കൂടുതലായി ചിന്തിച്ചതുമില്ല.

അന്നെനിക്ക് പതിനഞ്ചു വയസ്സ് മാത്രമേ പ്രായമായിരുന്നുള്ളൂ. കൂടാതെ, എന്റെ ഗുരുനാഥന് ഏകദേശം അറുപത്തിരണ്ട് വയസ്സുണ്ടായിരുന്നിരിക്കണം. അതിനാൽ ഞങ്ങൾ തമ്മിൽ എത്രത്തോളം സംഭാഷണം സംഭാഷണം നടന്നിരിക്കാമെന്ന് വായനക്കാരന് ഊഹിക്കാവുന്നതേയുള്ളൂ.

ഡൽഹിയിൽ എത്തിയശേഷം ഞങ്ങൾ വഴിപിരിഞ്ഞു. ഹരിദ്വാറിലേക്ക് ബസ്സ് പിടിക്കുന്നതിന് മുമ്പായി ഡൽഹിയിൽ എനിക്ക് ചെയ്തുതീർക്കാനായി ചില കാര്യങ്ങളുണ്ടായിരുന്നു. അദ്ദേഹത്തിനും ഒരു ദിവസം ഡൽഹിയിൽ തങ്ങേണ്ടതുണ്ടായിരുന്നു.

അതേ ദിവസം വൈകീട്ട് ഞാൻ ഋഷികേശിനടുത്തുള്ള ഹരിദ്വാറിലേക്ക് ഒരു ബസ്സിൽ കയറി ഏകദേശം അർദ്ധരാത്രിയായപ്പോൾ നഗരത്തിലെത്തി. നഗരം തിക്കും തിരക്കും നിറഞ്ഞതായി കണ്ടു. ആളുകൾ തെരുവുകളിലൊക്കെ നിലത്ത് കിടന്നുറങ്ങുന്നു. ഗംഗാനദിയുടെ തീരത്ത് പന്ത്രണ്ടു വർഷത്തിലൊരിക്കൽ നടക്കുന്ന കുംഭ

മേളയുടെ അവസരമായിരുന്നു അതെന്ന് പിന്നീടാണറിഞ്ഞത്. അതിന്റെ ഫലമായി, താമസിക്കാൻ എനിക്കൊരിടം കിട്ടിയില്ല. കൂടുതൽ പണം നൽകികൊണ്ട് ഒരു ഡോർമെട്രിയിൽ ഒരു കട്ടിൽ എനിക്ക് കിട്ടി.

അടുത്ത ദിവസം ഉത്തരകാശിയിലേക്ക് പോകുന്നതിന് മുമ്പു തന്നെ തിരിച്ചു പോകാനുള്ള റെയിൽവെ ടിക്കറ്റ് വാങ്ങാൻ ഞാൻ തീരുമാനിച്ചു. ജനക്കൂട്ടം വളരെയധികമായിരുന്നതിനാൽ ടിക്കറ്റ് വിൽപ്പനയ്ക്കായി പ്രത്യേക കൗണ്ടറുകൾ ഉണ്ടായിരുന്നെങ്കിലും അനേകം മണിക്കൂറുകൾ വേണ്ടി വന്നു എനിക്ക് ടിക്കറ്റ് കിട്ടാൻ. പ്രതീക്ഷിക്കാതെയുണ്ടായ ഈ താമസം കാരണം ഉത്തരകാശിയിലേക്കുള്ള അവസാന ബസ്സിൽ എനിക്ക് കയറാൻ പറ്റാതെ പോയി.

ഹോട്ടലുകളിലൊക്കെ വൻ ചാർജ്ജായതിനാൽ വീണ്ടും ഒരു രാത്രി കൂടി ഹരിദ്വാറിൽ തങ്ങേണ്ടിവരുന്നതോർത്ത് എനിക്ക് പേടിയായി. അതിനാൽ ഉത്തരകാശിയുടെ ദിശയിലേക്ക് നടന്ന് രാത്രിയാകുന്നതിന് മുമ്പ് എത്തിപ്പെടുന്ന നഗരത്തിൽ തങ്ങുന്നതായിരിക്കും ബുദ്ധിയെന്ന് ഞാൻ തീരുമാനിച്ചു. പെട്ടെന്ന് ഋഷികേശിൽ എത്താൻ കഴിഞ്ഞാൽ (ഉത്തരകാശിയിലേക്കുള്ള മാർഗ്ഗത്തിലാണത്) അവിടെ നിന്നും ഭാഗ്യമുണ്ടെങ്കിൽ തെഹ്രി എന്ന പട്ടണത്തിലേക്കുള്ള അവസാന ബസ്സ് കിട്ടാൻ സാധ്യതയുണ്ടെന്നും ആരോ എന്നോട് പറഞ്ഞു.

ഈ മാർഗ്ഗം തുടരാൻ ഞാൻ നിശ്ചയിച്ചു. കാരണം കുംഭമേളയുടെ പ്രധാന കേന്ദ്രത്തിൽ നിന്നും അകന്നു പോകുന്തോറും ഹോട്ടലുകളിലെ ചാർജ്ജ് കുറയാനാണല്ലോ സാധ്യത.

ഋഷികേശിൽ എത്തിയപ്പോൾ തെഹ്രിയിലേക്കുള്ള അവസാന ബസ്സും പോയതായി അറിഞ്ഞു. ഋഷികേശിലെ ഹോട്ടലുകളിലും ചാർജ്ജിന് വ്യത്യാസമൊന്നുമില്ലെന്നും ഞാൻ മനസ്സിലാക്കി.

രണ്ടാമത്തെ രാത്രി ഋഷികേശിൽ താമസിക്കാതെ മറ്റു മാർഗ്ഗമില്ലെന്നായി. അപ്പോഴാണ് സ്വാമിജി തന്ന ആശ്രമ മേൽവിലാസത്തെക്കുറിച്ച് ഞാനോർക്കുന്നത്. സാഹചര്യങ്ങളുടെ സമ്മർദ്ദത്താൽ, ചെലവൊന്നുമില്ലാതെ ആശ്രമത്തിലൊരു രാത്രി കഴിച്ചുകൂട്ടാമെന്ന പ്രതീക്ഷയിൽ ഞാൻ അങ്ങോട്ടു നടന്നു.

ഗംഗാനദിയുടെ തീരത്തോട് ചേർന്ന് സ്ഥിതി ചെയ്തിരുന്ന ആശ്ര

മത്തിന്റെ പേര് 'യോഗ ശ്രീപീഠം' എന്നായിരുന്നു. സ്വാമിജി തിരിച്ചെത്തിയിട്ടില്ലെന്നാണ് എനിക്കറിയാൻ കഴിഞ്ഞത്. ഇതു കേട്ടപ്പോൾ താമസ സൗകര്യം ആവശ്യപ്പെടാമോ എന്ന കാര്യത്തിൽ ഞാൻ സംശയിച്ചു. എന്നിട്ട് വേണ്ടായെന്ന് തീരുമാനിച്ചു.

ഞാൻ തിരിഞ്ഞ് ആശ്രമത്തിൽ നിന്നും പുറത്തേക്ക് പോയിക്കൊണ്ടിരുന്നപ്പോൾ, സ്വാമിജി ആശ്രമപാതയിലൂടെ നടന്നു വരുന്നതായി കണ്ടു. എനിക്ക് സമാധാനമായി, എന്റെ അപ്പോഴത്തെ സാഹചര്യം ഞാനദ്ദേഹത്തോടു പറഞ്ഞു. ആ ഒരു രാത്രി എന്നെ അവിടെ താമസിപ്പിക്കാനുള്ള ദയ അദ്ദേഹത്തിനുണ്ടായി.

അടുത്ത ദിവസം ഞാൻ ഉത്തരകാശിയിലേക്ക് പുറപ്പെട്ടു. ഇരുപത്തിയൊന്ന് വർഷങ്ങൾക്കു ശേഷം അദ്ദേഹത്തെ വീണ്ടും കണ്ടുമുട്ടുമെന്ന് ഞാനൊരിക്കലും പ്രതീക്ഷിച്ചിരുന്നില്ല.

ഈ സംഭവം കഴിഞ്ഞ് പത്തോ പതിനൊന്നോ വർഷങ്ങൾക്കു ശേഷം ഞാൻ വീണ്ടും ഋഷികേശ് സന്ദർശിക്കുകയുണ്ടായി. അപ്പോഴേക്കും കൗമാരം കഴിഞ്ഞ് എനിക്ക് ഇരുപത്തിയഞ്ചോ ഇരുപത്തിയാറോ വയസ്സായിരുന്നിരിക്കണം. സ്വാമിജിയെ ചെന്നു കാണണമെന്ന് ഞാൻ തീരുമാനിച്ചെങ്കിലും ആശ്രമത്തിന്റെ പേരോ, അത് നിന്നിരുന്ന സ്ഥലമോ എനിക്ക് ഓർത്തെടുക്കാൻ കഴിഞ്ഞില്ല. എങ്കിലും കുറഞ്ഞൊരു അന്വേഷണത്തിനു ശേഷം ആശ്രമം ഞാൻ കണ്ടെത്തി. ഞാനവിടെ ചെന്ന് അദ്ദേഹത്തെക്കുറിച്ച് അന്വേഷിച്ചു. സ്വാമിജി അവിടെ താമസമില്ലെന്നും എവിടെയാണെന്ന് ആർക്കും അറിവില്ലെന്നുമായിരുന്നു എനിക്ക് കിട്ടിയ മറുപടി. എനിക്ക് നിരാശ തോന്നി.

വീണ്ടുമൊരു പത്തോ പതിനൊന്നോ വർഷം കഴിയേണ്ടി വന്നു സ്വാമിജിയെ എനിക്ക് വീണ്ടും കാണാൻ, 2007ൽ അദ്ദേഹം ഹൈദരാബാദ് സന്ദർശിച്ചപ്പോഴാണ് ഈയൊരവസരം ഉണ്ടായത്.

ഈ രണ്ടാമത്തെ കൂടിക്കാഴ്ചയിൽ, എന്നെ സിദ്ധ മഹാ യോഗയിലേക്ക് ഉപനയിക്കാമെന്ന് സ്വാമിജി സമ്മതിച്ചു. പിറ്റേന്ന് രാവിലെ നാലു മണിക്ക് സമയം നിശ്ചയിക്കുകയും ചെയ്തു. ഞാൻ എന്റെ സുഹൃത്തിന്റെ വീട്ടിൽ രാത്രി കഴിച്ചുകൂട്ടിയശേഷം പിറ്റേന്ന് നിശ്ചിത സമയം വേറെ ചിലരോടൊപ്പം അദ്ദേഹത്തിന്റെ മുന്നിൽ സന്നിഹിതനാവുകയും ചെയ്തു. മുറിയിൽ ഞങ്ങളെല്ലാവരും ധ്യാനാവസ്ഥ

യിൽ ഇരുന്നു. സ്വാമിജി ഓരോരുത്തരുടെയും നെറുകയിൽ അദ്ദേഹത്തിന്റെ കൈവെച്ചു.

ഉപനയന പരിപാടി പെട്ടെന്നവസാനിച്ചു. ഉപനയനത്തിന്റെ തുടർപരിപാടി പൂർത്തിയാക്കുന്നതിനായി മൂന്നു ദിവസം തുടർച്ചയായി സ്വാമിജിയുടെ മുന്നിൽ സന്നിഹിതനാകണമെന്ന് എന്നോടു പറഞ്ഞു. പുതിയതായി ഉപനയിക്കപ്പെട്ടവരിൽ പ്രതിപ്രവർത്തനങ്ങൾ ഉണ്ടാകുമ്പോൾ അവരെ നേരിട്ടുള്ള നിരീക്ഷണത്തിൽ വെയ്ക്കുന്നതിനാണ് ഇപ്രകാരം ചെയ്യുന്നത്.

ഉപനയനം കഴിഞ്ഞ് ആദ്യ ദിവസം തന്നെ സ്വാമിജി എനിക്ക് മന്ത്രദീക്ഷ നൽകിയിരുന്നു. ഒരു സംസ്കൃത ശബ്ദമായിരുന്നു അത്, ഞാനത് തുടർച്ചയായി ചൊല്ലി പരിശീലിക്കണമായിരുന്നു. എന്റെ ശരീരത്തിൽ ചില പ്രതിപ്രവർത്തനങ്ങൾ ആരംഭിക്കുമെന്നും, ഈ പ്രതിപ്രവർത്തനം സംസ്കൃതത്തിൽ 'ക്രിയ' എന്ന പേരിലാണ് അറിയപ്പെടുന്നതെന്നും എന്നോടു പറഞ്ഞു. പൂർവ്വകാല പ്രവർത്തനങ്ങൾ കൊണ്ട് എന്റെ മനസ്സിൽ സഞ്ചയിക്കപ്പെട്ട ലൗകീക മുദ്രകൾ അല്ലെങ്കിൽ കർമ്മങ്ങൾ ഈ 'ക്രിയ' പ്രക്രിയ നടന്നുകൊണ്ടിരിക്കുമ്പോൾ തുടച്ചുമാറ്റപ്പെടുമെന്നും എന്നോടു പറഞ്ഞു. ('കർമ്മം' എന്ന വാക്ക് മിക്കവാറും എല്ലാവർക്കും സുപരിചിതമായതിനാൽ അതിന്റെ അർത്ഥം വിശദീകരിക്കേണ്ടതില്ലെന്ന് എനിക്ക് തോന്നുന്നു.)

എന്റെ ജീവിതത്തിന്റെ ഈ ഘട്ടത്തിൽ ഞാൻ ഗൗരവമേറിയ സാമ്പത്തിക പ്രശ്നങ്ങളും കുടുംബപ്രശ്നങ്ങളും നേരിട്ടുകൊണ്ടിരിക്കുകയായിരുന്നു.

ഈ കാലയളവിൽ എന്റെ ജീവിതത്തിൽ ഞാൻ കടന്നുപോയിക്കൊണ്ടിരുന്ന സാഹചര്യങ്ങളിൽ – ഇതിനെക്കുറിച്ച് പറയാൻ ഞാൻ താൽപര്യപ്പെടുന്നില്ല – സ്വാമിജി എനിക്ക് നൽകിയ മന്ത്രം പതിവായി അഭ്യസിക്കുന്നത് എനിക്ക് ബുദ്ധിമുട്ടുള്ളതായി തീർന്നു. എപ്പോഴെങ്കിലും ഒരിക്കലൊക്കെ മാത്രമാണ് ഞാനത് ഉച്ചരിച്ചുകൊണ്ടിരുന്നത്.

എങ്കിലും പതിവായി ഞാനിത് ചെയ്യാറുണ്ടോ എന്ന് സ്വാമിജി അന്വേഷിക്കാറുണ്ടായിരുന്നു.

ഉപനയനം കഴിഞ്ഞ് ഏഴോ എട്ടോ മാസത്തിനു ശേഷം ഗുരു

എനിക്ക് പുതിയൊരു മന്ത്രം നൽകി, അത് അഭ്യസിക്കാൻ പറഞ്ഞു. ഇങ്ങനെ മന്ത്രം മാറ്റാനുണ്ടായി കാരണം ഞാൻ പറയാം. പ്രയോക്താവിന്റെ മനസ്സിന്റെ അവസ്ഥയിൽ മാറ്റമുണ്ടാകുമ്പോൾ മന്ത്രം മാറ്റേണ്ടതാണ്. ഒരു ഗുരുവിന് യോഗാഭ്യാസിയുടെ മനോനിലയെക്കുറിച്ച് എപ്പോഴും അറിവുണ്ടായിരിക്കുന്നതിനാൽ അഭ്യസിക്കുന്ന യോഗമുറയിൽ ആവശ്യമായ മാറ്റം വരുത്താൻ അദ്ദേഹത്തിന് സാധിക്കും.

ഈ ഘട്ടത്തിൽ എന്റെ പ്രൊഫഷണൽ ജീവിതത്തിലും വിവാഹ ജീവിതത്തിലും കൂടുതൽ പ്രശ്നങ്ങൾ ഞാൻ അനുഭവിച്ചുകൊണ്ടിരിക്കുകയായിരുന്നു. കൂടാതെ എന്റെ സാമ്പത്തികാവസ്ഥയും കൂടുതൽ വഷളായിക്കൊണ്ടിരുന്നു.

പ്രൊമോഷൻ സാധ്യത നഷ്ടപ്പെട്ടതോടു കൂടി എന്റെ പ്രവർത്തന രംഗത്ത് നിശ്ചലാവസ്ഥയുമായി. ഞാനും എന്റെ ഭാര്യയും തമ്മിലുണ്ടായ അഭിപ്രായ വ്യത്യാസങ്ങൾ കാരണം എന്റെ രണ്ടാം വിവാഹവും തകർന്നു തുടങ്ങി. കൂടാതെ സ്റ്റോക്ക് മാർക്കറ്റിലും മറ്റനേകം ഓൺലൈൻ ബിസിനസ്സ് സംരംഭങ്ങളിലും എനിക്ക് വൻ വീഴ്ചകൾ സംഭവിക്കുകയും സാമ്പത്തികമായി ഞാൻ കടക്കെണിയിൽ അകപ്പെടുകയും ചെയ്തു.

അതിനാൽ, എന്റെ വ്യക്തിപരമായ ജീവിതത്തിന്റെ അധഃപതനോന്മുഖമായ അവസ്ഥകളെ നേരിടുന്നതിനായി സംരക്ഷണമെന്ന നിലയിൽ സ്വാമിജി ഈ പുതിയ മന്ത്രം എനിക്കു നൽകി.

എങ്കിലും, അപ്പോഴത്തെ ജീവിതാവസ്ഥകൾ കാരണം മന്ത്രം പതിവായി ജപിക്കാൻ എനിക്ക് കഴിഞ്ഞിരുന്നില്ല.

ഞാനനുഭവിച്ചുകൊണ്ടിരിരുന്ന ഈ അനിശ്ചിതാവസ്ഥയും നൈരാശ്യവും വീണ്ടുമൊരു ഏഴെട്ട് മാസം തുടർന്നു.

അപ്പോഴേയ്ക്കും ഒരു റിക്കവറിയ്ക്കുള്ള പ്രതീക്ഷ പോലും വറ്റിയിരുന്നു. നിഷേധചിന്തകൾ എന്റെ മനസ്സിനെ പിടി മുറുക്കി.

മരണത്തിലേക്കുള്ള എളുപ്പവഴിയെ കുറിച്ച് ഞാൻ ചിന്തിച്ചു തുടങ്ങി. ഇന്റർനെറ്റിൽ അതിനുള്ള സാധ്യതകൾ തിരിഞ്ഞു.

ജീവിതത്തിന്റെ ഈ ഘട്ടത്തിൽ എത്രകാലം എനിക്ക് തുടർന്നു ജീവിക്കാനാകും എന്ന ചിന്ത മാത്രമേ എന്നിലുണ്ടായിരുന്നുള്ളൂ.

ഈ ലോകം തന്നെ എനിക്കെതിരാണെന്ന് ഞാൻ കരുതി.

ഈ ഘട്ടത്തിൽ, എന്റെ പ്രശ്നങ്ങളെ അധികരിച്ചു കൊണ്ട്, എന്റെ രണ്ടാം ഭാര്യയിൽ നിന്ന് എനിക്ക് പിരിയേണ്ടി വന്നു. മാത്രമല്ല ഞാൻ വലിയൊരു കടബാധ്യതയ്ക്ക് നടുവിലായി.

കടം അടയ്ക്കുന്നതിൽ ഞാൻ പിഴവു വരുത്തിയപ്പോൾ കടക്കാർ എന്നെ ശല്യപ്പെടത്താൻ തുടങ്ങി.

അപ്രകാരം, വൈകാരികമായി ഞാൻ തകരുകയും എന്റെ ജീവിതത്തിന്റെ എല്ലാ രംഗത്തുമുള്ള ലൗകീക പ്രശ്നങ്ങളാൽ അതിയായ സമ്മർദ്ദത്തിന് അടിപ്പെടുകയും ചെയ്തു.

അതിജീവനത്തിനു വേണ്ടിയുള്ള അവസാന പൊരുതൽ എന്ന രീതിയിൽ പുതിയ മന്ത്രം ഞാൻ പതിവായി- ചെയ്യുക അല്ലെങ്കിൽ മരിക്കുക - എന്ന മട്ടിൽ ജപിച്ചു തുടങ്ങി.

ഈ മൂന്നാമത്തെ തവണ, അഭ്യാസം അഞ്ചോ, ആറോ മാസം തുടർന്നു. എന്നിട്ടും അത്ഭുതകരമായ യാതൊന്നും സംഭവിച്ചില്ല.

മന്ത്രജപത്തോടൊപ്പം ശ്വാസം നിയന്ത്രിച്ചുകൊണ്ടുള്ള ചില യോഗാസനങ്ങൾ അനുശീലിക്കാൻ ഗുരു നിർദേശിച്ചു. യോഗഗ്രന്ഥങ്ങളിൽ ഈ യോഗാസനത്തെ അല്ലെങ്കിൽ വിദ്യയെ 'ഷൺമുഖി മുദ്ര' എന്നാണ് അറിയപ്പെടുന്നത്.

കണ്ണ്, ചെവി, നാസാരന്ധ്രം, വായ എന്നിവയെ രണ്ടു കൈകളും ഉപയോഗിച്ച് ഒരേ സമയം ബലമായി അടയ്ക്കുകയാണ് ഇതിൽ ചെയ്യുന്നത്. മുഖത്തുള്ള എല്ലാ ദ്വാരങ്ങളും പത്തു വിരലും ഉപയോഗിച്ച് അടയ്ക്കുക. മൂക്കിലൂടെ വായു വലിച്ചെടുത്ത് ശ്വാസകോശങ്ങൾ നിറച്ച ശേഷം കഴിയുന്നത്ര സമയം ശ്വാസം പിടിച്ചു നിർത്തുക.

എന്റെ നെറ്റിത്തടത്തിനടുത്തായി സൂര്യന്റേതു പോലുള്ള തിളങ്ങുന്ന, ശക്തമായ വെളുത്ത പ്രകാശം ഞാൻ മനസ്സിൽ കാണാറുണ്ടായിരുന്നു. ഏതാനും സെക്കന്റുകൾക്കു ശേഷം സാവധാനത്തിൽ വായയിൽ കൂടി ഞാൻ ശ്വാസം പുറത്തുവിടും. എങ്കിലും വീണ്ടും ഈ ശ്വസനചക്രം തുടരുന്നതിനായി അതേ ആസനത്തിൽ കണ്ണുമടച്ചുകൊണ്ട് ഞാനിരിക്കും. ഈ ഇടവേളയിൽ, ഈ തിളങ്ങുന്ന പ്രകാശം നീല, ചുവപ്പ്, മഞ്ഞ തുടങ്ങിയ നിറങ്ങളിലേക്ക് മാറുന്നത് ഞാൻ കാണാറുണ്ട്. നിറങ്ങളെ അതിന്റെ ശരിയായ ക്രമത്തിൽ

ഞാനോർക്കുന്നില്ല. ഈ യോഗവിദ്യ അഭ്യസിക്കുന്നവർക്ക് ഇത്തരത്തിലുള്ള പ്രകാശം വളരെ എളുപ്പത്തിലൊന്നും കാണാൻ സാധിക്കുകയില്ലെന്ന് ഗുരു എന്നോടു പറഞ്ഞിരുന്നു.

യോഗ പരിശീലിക്കുമ്പോൾ മനസ്സിൽ തെളിയുന്ന പ്രകാശം നല്ല പുരോഗതിയുണ്ടാകുന്നു എന്നതിനെയാണ് സൂചിപ്പിക്കുന്നത്.

ഈ യോഗാസനം അഭ്യസിച്ചുകൊണ്ടിരുന്ന മാസങ്ങളിൽ പകൽ സമയം എനിക്കെപ്പൊഴും അതിയായ ദാഹം അല്ലെങ്കിൽ വരണ്ട അവസ്ഥ ഉണ്ടാക്കുമെന്നും, അതിനാൽ ഭക്ഷണത്തോടൊപ്പം പശുവിൻ നെയ്യ് ഉപയോഗിക്കാനും ഒരു യോഗാ ഇൻസ്ട്രക്ടർ എന്നെ ഉപദേശിച്ചു. പശുവിൻ നെയ്യ് ഉപയോഗിച്ചു തുടങ്ങിയ ശേഷം ഈ പ്രശ്നം എന്നിലില്ലാതായി.

ഈ യോഗാസനത്തിൽ നിന്നും എനിക്കുണ്ടായ ഗുണങ്ങൾ അതിന്റെ സൈഡ്-ഇഫക്ടുകളെക്കാളും എത്രയോ കൂടുതലായിരുന്നു. അതിനാൽ ഈ യോഗാസനം പരിശീലിക്കുമ്പോൾ യാതൊരു വിധത്തിലുള്ള സംശയമോ ആശങ്കകളോ ഉണ്ടാകേണ്ടതില്ല.

എന്നാൽ, ഈ യോഗാസനം പരിചിതമല്ലാത്ത ഒരാളും വിദഗ്ദ്ധനായ ഒരു ഇൻസ്ട്രക്ടറുടെ മാർഗ്ഗനിർദേശം കൂടാതെ ഇതിനായി ശ്രമിക്കരുതെന്നാണ് വായനക്കാരോടുള്ള എന്റെ ഉപദേശം.

ഒരു ദിവസം ഋഷികേശിലെ യോഗ ശ്രീ പീഠാശ്രമം സന്ദർശിക്കുവാൻ ഗുരു തീരുമാനിച്ചു. സ്വാമിജി എന്നെ വിവരം അറിയിക്കുകയും സാധ്യമെങ്കിൽ അവിടെ വെച്ച് കാണാൻ നിർദേശിക്കുകയും ചെയ്തു.

ഈ സമയം ഞാൻ ശ്രീനഗറിലായിരുന്നു താമസിച്ചു കൊണ്ടിരുന്നത്. ശ്രീനഗറിൽ നിന്നും ഡ്രൈവ് ചെയ്യാൻ ഞാൻ തീരുമാനിച്ചു. ശ്രീനഗറും ഋഷികേശും ഹിമാലയത്തിന്റെ താഴ്വരയിലെ കുന്നുകളിലാണ് സ്ഥിതി ചെയ്യുന്നത്, എങ്കിലും രണ്ടിനുമിടയിൽ അഞ്ഞൂറോ അറുനൂറോ കി.മീ. അകലമുണ്ട്. ഹിമാലയ പർവ്വത നിരകളിലെ ഈ കുന്നുകൾക്ക് താഴെ ഇന്ത്യയിലെ ശക്തി ആരാധകരുടേതായ ഒരു കൂട്ടം ശക്തി കേന്ദ്രങ്ങളുണ്ട്.

ശാക്തേയരുടെ ആരാധനാ സമ്പ്രദായമനുസരിച്ചുള്ള പ്രശസ്തമായ ചില 'ശക്തിപീഠ'ങ്ങൾ ഞാൻ സന്ദർശിച്ചു. ഋഷികേശിലേക്കുള്ള മാർഗ്ഗ മദ്ധ്യേ കണ്ട എല്ലാ 'ശക്തിപീഠ'ങ്ങളിലും ഞാൻ നമസ്ക്കരി

ക്കുകയും ഋഷികേശിലെത്തി ഗുരുവിനെ കാണുകയും ചെയ്തു. എന്നെക്കാൾ മുമ്പെ ആശ്രമത്തിലെത്തിയ ഗുരു എന്നെ കാത്തിരിക്കുകയായിരുന്നു.

ആശ്രമത്തിൽ ഏതാനും ദിവസം താമസിച്ചശേഷം എന്റെ ഗുരുനാഥൻ ഗംഗോത്രി-ഹിമാലയപർവ്വത നിരകളിൽ കുറെക്കൂടെ ഉള്ളിലായുള്ള ഒരിടം സന്ദർശിക്കാൻ തീരുമാനിക്കുകയും എന്നോട് കൂടെ ച്ചെല്ലാൻ ആവശ്യപ്പെടുകയും ചെയ്തു. ഹിമാലയത്തിലെ ഗംഗോത്രി മഞ്ഞുപാളിയിൽ നിന്നാണ് പ്രശസ്തമായ ഗംഗാനദി ഉത്ഭവിക്കുന്നത്. നദിയുടെ ഉത്ഭവസ്ഥാനമായ 'ഗോമുഖം അല്ലെങ്കിൽ പശുവിന്റെ മുഖം'-ത്തിൽ നിന്നും ഏകദേശം പതിനാറ് കിലോമീറ്റർ അകലെയാണ് ഗാംഗോത്രിയെന്ന ചെറുപട്ടണം.

പതിനാറു വയസ്സിൽ-എന്റെ ഭാവി ഗുരുവിനെ കണ്ട് ഒരു കൊല്ലത്തിനു ശേഷം - എനിക്ക് മലകയറ്റത്തെക്കുറിച്ചുള്ള അടിസ്ഥാനപരമായ പരിശീലനം ലഭിച്ചത് - ഗംഗോത്രി മഞ്ഞു മലയിലായതിനാൽ എനിക്കീ ഭൂപ്രദേശം പരിചിതമായിരുന്നു.

ഈ അദ്ധ്യായത്തിന്റെ തുടക്കത്തിൽ ഗുരുവിനെ ഞാൻ കാണുന്ന രംഗം വായനക്കാർ ഓർക്കുന്നുണ്ടാവും. ഉത്തരകാശിയിലേക്കായിരുന്നു ഞാൻ പോയത്. ഋഷികേശിനും ഗാംഗോത്രിയ്ക്കും ഇടയിലാണ് ഈ പട്ടണം. അതിനാൽ, ഋഷികേശിൽ നിന്ന് ഞാൻ ഗുരുവിനോടൊപ്പം കാറിൽ യാത്ര തിരിച്ചു. ഉത്തര കാശി കടന്ന്, അവസാനം ഗാംഗോത്രി പട്ടണത്തിലെത്തി.

ഈ യാത്രയിൽ സിദ്ധ മഹാ യോഗ സമ്പ്രദായത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് എന്റെ ഗുരുവുമായി വളരെ വിശദമായ ചർച്ച നടത്താൻ എനിക്ക് ധാരാളം സമയം ലഭിച്ചു. ഇതിന്റെ വിശദാംശങ്ങളിലേക്കൊന്നും ഞാൻ പോകുന്നില്ല. എന്നാൽ എന്റെ ജീവിതത്തിലെ അടുത്ത ഏതാനും ആഴ്ചകളിൽ സംഭവിച്ച കാര്യങ്ങൾക്ക് ഹേതുവായി തീർന്ന വളരെ പ്രധാനപ്പെട്ട ഒരു കാര്യം മാത്രം പറയാം.

അടുത്ത ചില ഖണ്ഡികകളിൽ സംഭവിച്ചതിനെക്കുറിച്ച് ഞാനെഴുതിയത് വായിക്കുമ്പോൾ ഗുരുവിനോടൊത്തുള്ള ഈ യാത്രയെക്കുറിച്ച് ഞാൻ എഴുതിയതിന്റെ കാരണം വായനക്കാരന് മനസ്സിലാകും.

ശാരീരികമായി ചെയ്യുന്ന ആരാധനയല്ലാതെ മാനസികമായി ചെയ്യുന്ന ആരാധനയുടെ ഗുണങ്ങളെക്കുറിച്ചായിരുന്നു ഞങ്ങളുടെ ചർച്ച.

ശാസ്ത്രവും മതവും ലോകത്തെങ്ങും സാമാന്യമായി അംഗീകരിക്കുന്നതുപോലെ, മനസ്സ് ശരീരത്തേക്കാൾ ഉന്നതമാണെങ്കിൽ ഭൗതീകമായ ആരാധനയ്ക്ക് പകരം എന്തുകൊണ്ട് മാനസികമായ ആരാധന നടത്തുന്നില്ല? അതായത് ഈശ്വരന് പൂക്കളെ യഥാർത്ഥത്തിൽ അർപ്പിക്കുന്നതിന് പകരം, ആ പ്രക്രിയ മുഴുവൻ മനസ്സിൽ കണ്ട് എന്തുകൊണ്ട് അർച്ചന നടത്തുന്നില്ല?

മനസ്സ് ശരീരത്തേക്കാൾ ഉന്നതമായതിനാൽ തീർച്ചയായും ശാരീരികമായ പ്രവർത്തനങ്ങളേക്കാൾ ഉയർന്നതായിരിക്കില്ലേ മാനസികമായ പ്രവർത്തനം? ഇതാണ് ഗുരുവിനോട് ഞാൻ ചോദിച്ചത്.

മാനസികമായ ആരാധന ഉയർന്നതാണെന്ന് മാത്രമല്ല ഭൗതീകമായ ആരാധനയെക്കാൾ കൂടുതൽ ശക്തവുമാണെന്നായിരുന്നു ഗുരുവിന്റെ പെട്ടെന്നുള്ള ഉത്തരം. എന്നാൽ മനസ്സിൽ സങ്കൽപ്പിക്കുക എന്നത് ആളുകൾക്ക് ബുദ്ധിമുട്ടുള്ള കാര്യമാണെന്ന് ഗുരു കൂട്ടിച്ചേർത്തു. അതിനാലാണ് കൂടുതൽ ആളുകളും ഭൗതികമായ ആരാധനയെ പിന്തുടരുന്നത്.

ചർച്ചയ്ക്കവസാനം, ഭൗതീകമായല്ലാതെ മാനസികമായി ഈശ്വരാരാധന ചെയ്യാൻ എനിക്ക് കഴിയുമോ എന്നു ഞാൻ ഗുരുവിനോടു ചോദിച്ചു. ഗുരു എന്നെ അനുഗ്രഹിക്കുകയും അപ്രകാരം തുടർന്നു കൊള്ളാൻ നിർദേശിക്കുകയും ചെയ്തു. ഗുരുവിൽ നിന്നും ഈ അനുമതി കിട്ടിയതിൽ പിന്നെ, അന്നു മുതൽ ഞാൻ മാനസികമായി മാത്രമെ ഈശ്വര പൂജ നടത്തുകയുള്ളു എന്നു തീരുമാനിച്ചു.

ഋഷികേശിൽ നിന്ന് തിരിച്ചു വന്ന ശേഷം മന്ത്രം ഉരുവിടൽ ഞാൻ പുനരാരംഭിച്ചു. കൂടാതെ ദേവി ദേവന്മാരുടെ മുമ്പിൽ ചന്ദനത്തിരിയൊക്കെ കത്തിച്ചുവെച്ച് പൂജ ചെയ്യുന്നതിന് പകരം മനസ്സുകൊണ്ടുള്ള പൂജയും തുടങ്ങി.

എന്റെ ജീവിതത്തിൽ ഇതൾ വിരിയാൻ തുടങ്ങിയ വിഭ്രാത്മകമായ പ്രതിഭാസത്തെ മനസ്സിലാക്കുന്നതിന് ഞാൻ മുകളിൽ നൽകിയ ഖണ്ഡിക നിർണ്ണായകമാണ്.

ഋഷികേശിൽ നിന്ന് തിരിച്ചുവന്ന ശേഷം ചെയ്യുക അല്ലെങ്കിൽ

മരിക്കുക എന്ന ആവേശത്തോടെയാണ് ഞാൻ പ്രാർത്ഥന തുടങ്ങിയത്. മന്ത്രമുരുവിടൽ ഏതാനും ആഴ്ചകൾ മാത്രമേ തുടർന്നുള്ളൂ. അതിനുശേഷം എന്റെ ശരീരത്തിൽ 'ക്രിയ'യുടെ പ്രതിപ്രവർത്തനങ്ങൾ സംഭവിക്കാൻ തുടങ്ങിയതിനാൽ എനിക്ക് മന്ത്രജപം തുടരാനായില്ല.

അവസാനം എന്റെ ഗുരുനാഥനിലൂടെ കുണ്ഡലിനി, പരമമായ ആദിപരാശക്തി, എന്നിൽ ദൈവീകാനുഗ്രഹം ചൊരിഞ്ഞു!

എത്രത്തോളം ശക്തമായ ഉപബോധബലങ്ങളാണ് എന്റെ മനസ്സിൽ പ്രവർത്തിക്കാൻ തുടങ്ങിയതെന്നും എന്റെ ശരീരത്തിൽ 'ക്രിയ' ആവിഷ്കൃതമാകുന്ന വിധത്തിൽ എന്റെ ഗുരുനാഥൻ എപ്രകാരമാണ് ഇവയെ പ്രയോജനപ്പെടുത്തിയതെന്നും ഇപ്പോൾ വായനക്കാരൻ ഊഹിച്ചുകാണും.

2007ൽ ഞാൻ സിദ്ധ മഹാ യോഗയിലേക്ക് ഉപനയിക്കപ്പെട്ടപ്പോൾ എന്റെ ഉപബോധ മനസ്സിന്റെ ശക്തമായ പ്രതിരോധം നിമിത്തം 'ക്രിയ' എന്നിൽ ഉണർന്നില്ല. അതിനാൽ എന്റെ ഗുരുനാഥൻ ലളിതമായ ഇര ഉപയോഗിച്ച് എന്റെ വ്യക്തി ജീവിതത്തിലെ അധഃപ്പതിച്ചുകൊണ്ടിരുന്ന അവസ്ഥയെന്ന ശരിയായ സാഹചര്യം സൃഷ്ടിച്ചു. എന്റെ ഗുരു പ്രലോഭനമായി 'മന്ത്രം' ഉപയോഗിക്കുകയു ചെയ്തു. മന്ത്രവും എന്റെ ഉപബോധ മനസ്സും തമ്മിലുണ്ടായ സംഘർഷത്തിന്റെ ഫലമായി 'ക്രിയ' ആവിഷ്കൃതമാകാൻ തുടങ്ങി. അതും എന്റെ മാനസികമായ ആരാധന തുടങ്ങിയതിൽ പിന്നെ. എങ്കിലും ശരിയായ സാഹചര്യങ്ങൾ ഉണ്ടായി വരാൻ ഏകദേശം രണ്ടു കൊല്ലമെടുത്തു.

എല്ലാ പ്രയോക്താക്കൾക്കും ഇത്തരം വൈകൽ ഉണ്ടാകണമെന്നില്ല. എന്റെ മനസ്സ് ശരിയായ വിധത്തിൽ പാകപ്പെട്ടില്ലാത്തതിനാൽ ഒരേ സമയം കൂടുതൽ ശക്തി പ്രയോഗിക്കാൻ എന്റെ ഗുരുനാഥൻ ആഗ്രഹിക്കാതിരുന്നതാവാം എന്റെ കാര്യത്തിലുണ്ടായ താമസത്തിന് കാരണം. 'മന്ത്രം' എപ്രകാരമാണ് എന്റെ വ്യക്തിപരമായ ജീവിതാവസ്ഥകളെ സ്വാധീനിച്ചതെന്നത് മറ്റൊരു കഥയാണ്. ഇത് എന്റെ വ്യക്തി ജീവിതത്തിൽ അത്ഭുതങ്ങൾ സൃഷ്ടിച്ചു. പ്രത്യേകിച്ച് സാമ്പത്തിക രംഗത്ത്, അതു മാത്രമേ എനിക്ക് പറയാൻ കഴിയൂ. എന്നാൽ എന്നിൽ വർഷിച്ച ദൈവീകാനുഗ്രഹവുമായി താരതമ്യപ്പെടുത്തുമ്പോൾ ഇതത്ര പ്രാധാന്യമുള്ളതല്ല.

# ക്രിയയുടെ ആവിഷ്കാരം

2009ലെ ഒരു ശരൽക്കാലത്ത്, ശുഭസൂചകമായൊരു സന്ധ്യയിൽ, ശക്തിപഥിലൂടെ സിദ്ധ മഹാ യോഗയിലേക്കുള്ള എന്റെ ഉപനയനം കഴിഞ്ഞു രണ്ടു വർഷത്തിനു ശേഷം, ഒടുവിൽ 'ക്രിയ' എന്നിൽ ആവിഷ്കൃതമായിത്തുടങ്ങി.

ഒരു ദേവീരൂപത്തിനു മുമ്പിൽ നിലത്ത് ചമ്രം പടിഞ്ഞിരുന്ന് ധ്യാനാവസ്ഥയിൽ ഞാനെന്റെ മന്ത്രം ഉരുവിടുകയായിരുന്നു. എന്റെ കണ്ണുകൾ അടഞ്ഞു, ശ്രദ്ധ (മനസ്സിൽ) ഞാനെന്റെ മുന്നിൽ വെച്ചിരുന്ന ദേവിയുടെ രൂപത്തിലും ആയിരുന്നു.

മന്ത്രത്തിന്റെയും അതുമായി ബന്ധപ്പെട്ട ദേവിയുടെയും വിശദാംശങ്ങൾ നൽകാൻ കഴിയാത്തതിൽ എന്റെ വായനക്കാർ ക്ഷമിക്കണം. എന്റെ കാര്യത്തിൽ, ഒരു പ്രത്യേക ലക്ഷ്യപ്രാപ്തിക്കായി ഉദ്ദേശിക്കപ്പെട്ടതിനാലാണ് ഇവയെ മനഃപ്പൂർവ്വം എഴുതാതിരുന്നത്. മത്രമല്ല, ഒരു മൂന്നാമന് ഇത് വെളിപ്പെടുത്താൻ പാടില്ലാത്തതുമാണ്. ഏതു വിധത്തിലായാലും ഇത് മറ്റൊരു പ്രയോക്താവിനോ, സാമാന്യ വായനക്കാരനോ പ്രയോജനപ്പെടുന്നതുമല്ല. ആവശ്യമായ ഉപനയന ക്രിയയോടൊപ്പം ഒരു ഗുരുവിനാൽ നൽകപ്പെട്ടാൽ മാത്രമേ മന്ത്രത്തിന് ഫലസിദ്ധി ഉണ്ടാവുകയുള്ളൂ.

പെട്ടെന്ന്, എന്റെ ശരീരത്തിൽ വളരെ ശക്തമായ ലൈംഗീക തൃഷ്ണ വികസിക്കുന്നതായി എനിക്ക് തോന്നി. വളരെ ഭക്തിയോടും നൈരാശ്യത്തോടും ദേവിയുടെ പ്രതിബിംബത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്ന ഞാൻ പരിഭ്രാന്തനായി, വളരെ പെട്ടെന്നു തന്നെ അതിനെ നിയന്ത്രിക്കാനായി മാനസികമായ കഠിനശ്രമം നടത്തിയെങ്കിലും ലൈംഗികത്വര മുഴുവനായി വിടർന്നു.

ഇനിയാണ് യഥാർത്ഥത്തിലുള്ള ഷോക്ക്!

വിശദീകരിക്കാനാവാത്തതും താങ്ങാനാവാത്തതുമായ ആനന്ദം എന്റെ ഗുദത്തിനും ജനനേന്ദ്രിയത്തിനും ഇടയിലുള്ള മണ്ഡലത്തിൽ വികസിക്കാൻ തുടങ്ങി.

ഈ ഘട്ടമായപ്പോഴേക്ക് ഞാൻ മന്ത്രജപം നിർത്തിയിരുന്നു. ഞാൻ പരിഭ്രാന്തനായി. എന്റെ മനസ്സ് എന്നിൽ പാപം അടിച്ചേൽപ്പിക്കുന്നതായി എനിക്കു തോന്നി. ജനനേന്ദ്രിയമണ്ഡലത്തിൽ ആവിഷ്കൃതമായിക്കൊണ്ടിരുന്ന പ്രതിപ്രവർത്തനത്തിന് മേൽ യാതൊരുവിധ നിയന്ത്രണങ്ങളും എനിക്ക് സാധ്യമായില്ല. അലകളായി ഉയർന്നുകൊണ്ടിരുന്ന ആനന്ദവും സ്വർഗ്ഗീയാനുഭൂതിയും അടക്കാനെനിക്കായില്ല. ഞാൻ അവിടെ തന്നെ കുറേ നേരം കൂടി ഇരുന്നു. ചിലപ്പോൾ എനിക്കനുഭവപ്പെട്ട ആനന്ദവും സ്വർഗ്ഗീയാനുഭൂതിയും സഹിക്കാനാവാത്തവിധം തീഷ്ണമായിരുന്നു. ഇവ വാക്കുകളിൽ പ്രകടിപ്പിക്കാൻ ഞാൻ അശക്തനാണ്.

ഞാനനുഭവിച്ച ഈ വൈകാരിക ഉന്മത്തത ലൈംഗീകാനുഭൂതിയുടെ മൂർച്ചയ്ക്ക് തുല്യമായിരുന്നെങ്കിലും കൃത്യമായി ആ അളവിലുള്ളതായിരുന്നില്ല.

എന്തായാലും ഈ വൈകാരിക ഉന്മത്തത ലൈംഗീകാവയവത്തിൽ നിന്നായിരുന്നില്ല ഉയർന്നു വന്നത്, ലൈംഗീകാവയവും ചീർക്കുകയും അതിനെ തുടർന്ന് ഒന്നോ രണ്ടോ തുള്ളി ശുക്ലം പുറത്തുവരികയും ചെയ്തെങ്കിലും ഗുദത്തിനും ജനനേന്ദ്രിയത്തിനും ഇടയിൽ മദ്ധ്യഭാഗത്ത് ഇത് കൃത്യമായും അനുഭവപ്പെട്ടിരുന്നത്.

ആഹ്ലാനുഭൂതി തുടർച്ചയായി ഉണ്ടായില്ല. ഇടത്തരം മുതൽ നീണ്ട പൊട്ടിത്തെറികളായിരുന്നു. ഒരു പ്രത്യേക പോയിന്റിൽ നിന്നായിരുന്നു ഈ ആഹ്ലാദത്തിന്റെ പൊട്ടിത്തെറി അനുഭവിക്കാൻ കഴിഞ്ഞത്. ഊർജ്ജത്തിന്റെ ഈ പൊട്ടിത്തെറി സ്വതന്ത്രമായി പതുക്കെ മാഞ്ഞുതുടങ്ങുന്ന അവസ്ഥയിൽ സഹിക്കാനാവാത്ത വിധം തീഷ്ണമായിരുന്നുവെന്നതാണ് ഈ അനുഭവത്തിന്റെ കാതൽ. ഏതാനും സെക്കന്റുകൾക്ക് ശേഷം വീണ്ടും ഊർജ്ജത്തിന്റെ ഒരു പൊട്ടിത്തെറി ഉണ്ടായി. ഓരോ പ്രാവശ്യവും ഈ ആനന്ദാനുഭൂതി വൃത്താകാരത്തിൽ ചുറ്റിലേക്ക് പരന്നു. കുറഞ്ഞ പക്ഷം, അനുഭവം അത്തരത്തിലായിരുന്നു.

പതിനഞ്ചോ, ഇരുപതോ നിമിഷങ്ങൾക്കു ശേഷം (കൃത്യമായി

എനിക്കോർമ്മയില്ല) പ്രതിപ്രവർത്തനം കുറഞ്ഞു തുടങ്ങുകയും ഉടനെ ഞാൻ മൊബൈലിൽ ഗുരുവിനെ വിളിക്കുകയു ചെയ്തു.

എനിക്കുണ്ടായ അനുഭൂതി 'ക്രിയ' ആവിഷ്ക്കരിക്കപ്പെടുന്നതിന്റെ ഫലം തന്നെയായിരുന്നുവെന്നും, എന്നാൽ പരിഭ്രാന്തിപ്പെടാൻ കാരണമൊന്നും ഇല്ലെന്നും അദ്ദേഹം പറഞ്ഞു. ആവിഷ്ക്കരണ പ്രക്രിയ നടന്നു കൊണ്ടിരിക്കുമ്പോൾ പ്രതിപ്രവർത്തനങ്ങൾ തടയുന്നതിനായി മാനസികമായ ശ്രമങ്ങളൊന്നും ഉണ്ടാകരുതെന്നും അദ്ദേഹം ഉപദേശിച്ചു.

ഇത്തരത്തിലാണ് എല്ലാ ലൗകീകമുദ്രകളിൽ നിന്നും മനസ്സിനെ മുക്തമാക്കാനുള്ള പ്രക്രിയ ആരംഭിക്കുന്നത്. പരമമായ ആദിപരാശക്തി സൂക്ഷ്മാവസ്ഥയിൽ നിന്നും  ഉണർന്ന്, ഒരു വ്യക്തിയുടെ അഹംഭാവത്തിന്റെ നാശത്തിന് അല്ലെങ്കിൽ ഉൾവലിയലിന് കാരണമായിക്കൊണ്ട് റിവേഴ്സ് രീതിയിലേക്ക് പ്രവേശിക്കുന്നു. സെറിബ്രോസ്പൈനൽ സിസ്റ്റത്തെ കുറിച്ചു ഞാൻ ഇതിനു മുമ്പ് നൽകിയ വിവരണം വായനക്കാരൻ ഓർക്കുമല്ലോ. ആദ്യത്തെ ഊർജ്ജകേന്ദ്രത്തിൽ കുണ്ഡലിനി സജീവമായാൽ പിന്നെ സെറിബ്രോസ്പൈനൽ സിസ്റ്റത്തിന്റെ അദൃശ്യഘടനയിലെ മറ്റു ഊർജ്ജകേന്ദ്രങ്ങളും പൂർണ്ണമായും സക്രിയമാക്കപ്പെടുന്നു. ഇതിന്റെ ഫലമായി മനസ്സുൾപ്പെടെ, ശരീരത്തിന്റെ ഓരോ മൂലയിലും ഇതിന്റെ പ്രഭാവം അനുഭവപ്പെടും. യോഗഗ്രന്ഥങ്ങൾ പ്രകാരം മനുഷ്യശരീരമെന്നു പറയുന്നത് അടിസ്ഥാനപരമായി മനസ്സിന്റെ കൽപനയാണ്. ഒന്നുകിൽ നാഡി എന്നു വിളിക്കപ്പെടുന്ന (യോഗഗ്രന്ഥങ്ങൾ പ്രകാരം) സൂക്ഷ്മ ശരീരത്തിന്റെ ഞരമ്പുകൾ ശുദ്ധമാക്കപ്പെടുക വഴി മനസ്സിനെ ശക്തമായി സ്വാധീനിക്കുന്നു, അല്ലെങ്കിൽ ശരീരത്തിലെ നാഡികളെ സ്വാധീനിക്കുന്ന വിധത്തിൽ മനസ്സുതന്നെ വിമലീകരിക്കപ്പെടുന്നു. ഈ പ്രക്രിയ മൊത്തത്തിൽ ഒരേ സമയം നടക്കാനും സാധ്യതയുണ്ട്. ഇതെല്ലാം മനസ്സിന്റെ ഘടനയെ ആശ്രയിച്ചിരിക്കും, മാത്രമല്ല ദശലക്ഷം ജന്മങ്ങളിലൂടെ മനസ്സിൽ അങ്കിതമായ എല്ലാ ലൗകീകമുദ്രകളെയും മനസ്സിൽ നിന്നും തൂത്തുമായിച്ച് കളയാനായി എന്തു മാർഗ്ഗമാണ് ആദിപരാശക്തി ആഗ്രഹിക്കുന്നതിനെയു ആശ്രയിച്ചിരിക്കും. വിഷയത്തെ ഉദാഹരിക്കാനാണ് ഞാൻ ദശലക്ഷം എന്ന വാക്ക് ഉപയോഗിച്ചിട്ടുള്ളത്. ഒരാൾ കടന്നു പോയിട്ടുള്ള ജന്മങ്ങൾ എത്രയെന്ന് ആർക്കും പറയാനാവില്ല.

ഇത്തരം അനുഭവങ്ങൾ പിന്നീടും തുടർന്നു.

മന്ത്രം ചൊല്ലുന്നതിനായി എല്ലാ ദിവസവും ഞാൻ നിലത്തിരിക്കും. ഇത്തരത്തിലുള്ള പ്രതിപ്രവർത്തനങ്ങൾ എന്റെ ശരീരത്തിൽ ആവിഷ്കൃതമാകുകയും ചെയ്യും. ഇത് മൂന്നോ നാലോ മാസം തുടർന്നു.

'ക്രിയ' ആവിഷ്കാരം വളരെ വൈകാരികാനുഭൂതി നൽകുന്ന ഒന്നായിരുന്നതിനാൽ ഞാൻ എല്ലാ ദിവസവും വളരെയധികം താല്പര്യത്തോടെ മന്ത്രജപം തുടർന്നു. എന്റെ ശരീരത്തിൽ കുണ്ഡലിനിയുടെ ഉണർവ്വ് ഉണ്ടായതിനെ തുടർന്ന് ആദ്യവാരങ്ങളിൽ ഞാൻ യോഗയിൽ വളരെയേറെ പുരോഗമിക്കുകയുണ്ടായി.

രണ്ടായിരത്തിപത്ത് ജനുവരിയിൽ ഞാൻ ഹിമാലയത്തിന്റെ താഴ്വരയിൽ സ്ഥിതി ചെയ്യുന്ന വൈഷ്ണദേവി എന്ന പേരിൽ അറിയപ്പെടുന്ന പ്രശസ്തമായ ഊർജകേന്ദ്രത്തിനുടുത്തുള്ള ഒരു സ്ഥലത്തേക്ക് താമസം മാറ്റി.

പതിവുപോലെ ഞാനെന്റെ ധ്യാനപരിശീലനം തുടർന്നുവെങ്കിലും വ്യത്യസ്തമായൊരു 'ക്രിയ' എന്നിൽ ആവിഷ്കൃതമാകുന്നതായി ഞാൻ കണ്ടു.

ഈയൊരു അനുഭവം എഴുതുന്നതിനു മുമ്പ് സിദ്ധ മഹാ യോഗ മുറയിലേക്ക് ഞാൻ ഉന്നയിക്കപ്പെടുന്നതിനും വളരെ വർഷങ്ങൾക്കു മുമ്പ് സംഭവിച്ച, മനസ്സിനെ ഞെട്ടിപ്പിക്കുന്നതും യുക്തിരഹിതവുമായ ഒരു അനുഭവത്തെക്കുറിച്ച് വായനക്കാരനോട് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ഈ അനുഭവത്തോടൊപ്പം മറ്റനേകം അനുഭവങ്ങളും എനിക്കുണ്ടായിട്ടുണ്ട്. വഴിയേ ഞാൻ ഇവയെക്കുറിച്ച് പറയുന്നതാണ്. എങ്കിലും, ഈ യോഗമുറയിലേക്ക് ഞാൻ ഉപനയിക്കപ്പെടുന്നതിനു മുമ്പ് എന്തുകൊണ്ട് എനിക്കിത്തരം അനുഭവങ്ങളുണ്ടായെന്ന് എനിക്ക് വിശദീകരിക്കാൻ സാധിക്കുന്നില്ല.

ഒരു പക്ഷേ, എന്റെ പൂർവ്വജന്മത്തിൽ ഞാൻ ഈ യോഗസമ്പ്രദായത്തിലേക്ക് ഉപനയിക്കപ്പെട്ടിരുന്നേക്കാം. അല്ലെങ്കിൽ മറ്റേതെങ്കിലും തരം യോഗമുറ ഞാൻ അഭ്യസിച്ചിരുന്നിരിക്കാം. ഇത് ഉറപ്പിച്ചു പറയാൻ എനിക്കാവില്ല, ഞാൻ വിനീതനായി ഈ പ്രശ്നം എന്റെ

ഗുരുവിന് വിടുന്നു!

എന്റെ പൂർവജന്മങ്ങളെക്കുറിച്ച് എനിക്ക് ഒന്നും തന്നെ അറിഞ്ഞുകൂടാ, ഒരു പക്ഷേ എന്റെ ഏതെങ്കിലുമൊരു പൂർവ്വജന്മത്തിന്റെ തുടർച്ചയായിരിക്കാം ഇപ്പോഴത്തെ എന്റെ അനുഭവങ്ങൾ. എന്റെ മനസ്സിനെ ഞെട്ടിപ്പിച്ച ഇത്തരം പ്രതിഭാസങ്ങൾക്ക് യുക്തിസഹമായ മറ്റൊരു വ്യാഖ്യാനവും എനിക്ക് ചിന്തിക്കാനാവുന്നില്ല.

ഈ പ്രതിഭാസം എന്റെ ജീവിതത്തിൽ ആവിഷ്കൃതമാക്കാൻ തുടങ്ങിയപ്പോൾ എനിക്ക് മുപ്പതോ മുപ്പത്തിയൊന്നോ വയസ്സായിരുന്നിരിക്കണം.

എന്റെ ജോലിയുമായി ബന്ധപ്പെട്ട് ഹിമാലയ പർവ്വത സാനുക്കളിലെ വളരെ വിദൂരമായ കാടുകളിലായിരുന്നു ഞാൻ ജീവിച്ചിരുന്നത്. ഒരു ദിവസം ഞാൻ കണ്ണടച്ച് ധ്യാനനിരതനായി ഇരിക്കുകയായിരുന്നു. മനസ്സിന്റെ ഒരു ഇരുണ്ട സ്പേസിലേക്ക് നിർന്നിമേഷനായി ഞാൻ നോക്കുന്നതായി എനിക്കനുഭവപ്പെട്ടു. പെട്ടെന്ന് ആ ഇരുട്ടിൽ എന്തോ ഒരു ചലനം ഞാൻ കണ്ടു. ഇത് ആകാശത്ത് കറുത്ത മേഘങ്ങൾ നീങ്ങുന്നതുപോലെയായിരുന്നു. ഈ പ്രതിഭാസം നിരീക്ഷിച്ചു കൊണ്ടിരുന്നപ്പോൾ തുടക്കത്തിൽ എനിക്ക് ഭയം തോന്നിയെങ്കിലും കുറെ നേരം കൂടി കണ്ണുകൾ വേദനിച്ചു തുടങ്ങുന്നതു വരെ ഞാനീ പ്രതിഭാസത്തെ നിരീക്ഷിച്ചു കൊണ്ടിരുന്നു.

അന്നേ ദിവസം വൈകീട്ട് ഇതേ പ്രതിഭാസം വീണ്ടുമുണ്ടായി. തുടർന്നുള്ള ദിവസങ്ങളിൽ ഇതേ സ്വഭാവമുള്ള വ്യത്യസ്ത തരം ദർശനങ്ങൾ എനിക്കുണ്ടായി. ഇരുണ്ട മേഘങ്ങൾ പല ആകൃതിയിലും വലുപ്പത്തിലും പ്രത്യക്ഷമായി.

അതിനു ശേഷം വർഷങ്ങളോളം ആകാശത്തിൽ നീങ്ങുന്ന മേഘങ്ങളുടെ ഈ ദർശനം എന്റെ ജീവിതത്തിൽ തുടർന്നു, എങ്കിലും പുതിയ ദർശനങ്ങളും പ്രത്യക്ഷപ്പെട്ടു തുടങ്ങിയിരുന്നു.

ഒരു ദിവസം ഉറക്കമുണർന്ന് ഞാൻ കിടക്കിയിൽ കിക്കുകയായിരുന്നു. കണ്ണുകൾ തുറന്ന് ഞാൻ ഇടതുവശം ചരിഞ്ഞായിരുന്നു കിടന്നിരുന്നത്. മുറി പൂർണ്ണാന്ധകാരത്തിലും.

പെട്ടെന്ന് കണ്ണാടിയിൽ കാണുന്നതു പോലുള്ള എന്റെ പ്രതിബിംബം ഞാൻ ദർശിച്ചു. ഈ പ്രതിബിംബം എന്റെ കിടക്കയിൽ

നിന്നും ഏതാനും അടി ദൂരെയായി ഞാൻ കിടക്കുന്ന അതേ രീതിയിൽ എന്നെ നോക്കിയാണ് കിടക്കുന്നത്. എന്നാൽ പ്രതിബിംബം നഗ്നമായിരുന്നു. അൽപം കോലം കെട്ടതുപോലെയും കാണപ്പെട്ടു. ഏതാനും സെക്കന്റുകൾ മാത്രമാണ് ഈ ദർശനം ഉണ്ടായത്. ഞാൻ ഭയം കൊണ്ട് മരിച്ചതു പോലെയായി. ഈ അനുഭവത്തിന് ശേഷം ഞാൻ കിടപ്പറയിൽ ലൈറ്റിടുമായിരുന്നു.

ഒരു സ്ത്രീയുടെ മുഖവും ഒരു ജോഡി കണ്ണുകളുമായിരുന്നു എനിക്കുണ്ടായ അടുത്ത പ്രധാനപ്പെട്ട ദർശനം. ഈ ദർശനവും അനേക വർഷം തുടർന്നു. ഞാൻ എപ്പോഴൊക്കെ കണ്ണുകളടച്ച് മനസ്സിലേക്ക് ദൃഷ്ടി കേന്ദ്രീകരിക്കാൻ ശ്രമിച്ചുവോ അപ്പോഴൊക്കെ സ്ത്രീയുടെ ഈ ദർശനം എനിക്കുണ്ടാകുമായിരുന്നു. എനിക്കൊരിക്കലും ഈ മുഖം ഇന്നാളുടേതാണെന്ന് മനസ്സിലാക്കാൻ കഴിഞ്ഞില്ല. കൂടാതെ ചിലപ്പോഴെങ്കിലും ഈ രൂപം വികൃതവുമായിരുന്നു.

ആരംഭഘട്ടത്തിലുണ്ടായ ഈ രണ്ടു ദർശനങ്ങൾ കൂടാതെ മറ്റു പല തരത്തിലുള്ള ദർശനങ്ങളും എനിക്കുണ്ടായിട്ടുണ്ട്. ഇവയെകുറിച്ച് ക്രമേണ ഞാൻ വിശദമാക്കുന്നതാണ്.

മുമ്പ് ഞാൻ വിവരിക്കാൻ ആഗ്രഹിച്ച ക്രിയയുടെ ആവിഷ്ക്കരണത്തെക്കുറിച്ച് ഇനി പറയാം.

ഒരു ദിവസം പതിവുപോലെ ഞാൻ ചമ്രം പടിഞ്ഞിരുന്ന് ധ്യാനിക്കുകയായിരുന്നു. തലകീഴായ ഒരു ത്രികോണത്തിന്റെ പ്രതിരൂപം ഞാനെന്റെ മനസ്സിന്റെ പ്രതലത്തിൽ കാണാൻ തുടങ്ങി. അതിന്റെ രൂപത്തിൽ ഞാൻ ശ്രദ്ധിച്ചു കൊണ്ടിരുന്നപ്പോൾ അതിന്റെ ആരം പിങ്ക് നിറത്തിൽ കാണപ്പെട്ടു. വേഗം തന്നെ അടിവസ്ത്രം ധരിച്ച ഒരു സ്ത്രീ ജനനേന്ദ്രീയമായി അത് വെളിപ്പെട്ടു തുടങ്ങി.

ഇന്ത്യയിൽ ശാക്തേയരുടെ ആരാധനാ സമ്പ്രദായപ്രകാരം അടിസ്ഥാനപരമായി സ്ത്രീജനനേന്ദ്രിയവുമായി ബന്ധപ്പെട്ട ശക്തി പ്രതീകമാണ് തല കീഴായ ത്രികോണമെന്ന കാര്യം ഞാനിവിടെ വായനക്കാരനെ ഓർമ്മിപ്പിക്കുകയാണ്.

ഏതൊരു പ്രയോക്താവിനും യോഗാഭ്യാസത്തിനിടയിൽ പല തടസ്സങ്ങളും ഉണ്ടാകാറുണ്ട്. പൊതുവെ ഈ തടസ്സങ്ങൾ സെക്സുമായി ബന്ധപ്പെട്ട ആശയങ്ങൾ, പണം, മറ്റു ലൗകീക വിഷയങ്ങളായ സദാ

ചാരം, പാപം, തുടങ്ങിയവയുമായി ബന്ധപ്പെട്ടതായിരിക്കും. പ്രയോക്താവിന്റെ വ്യക്തിത്വത്തെ അടിസ്ഥാനമാക്കിയ വ്യത്യസ്തതരം പ്രതിപ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ചുകൊണ്ട് ഈ ധൂളിയെല്ലാം തുടച്ചു മാറ്റപ്പെടുമെന്ന് പരമമായ ആദി പരാശക്തി ഉറപ്പാക്കുന്നു.

മറ്റൊരു ദിവസം ഞാനൊരു കിടക്കയിൽ ചമ്രം പടിഞ്ഞിരുന്ന് ധ്യാനിക്കുകയായിരുന്നു. ഒരു മണിക്കൂറോ മറ്റൊ കഴിഞ്ഞപ്പോൾ എന്റെ മനസ്സിന്റെ പ്രതലത്തിൽ ഒരു ദേവീരൂപം പ്രത്യക്ഷമാകാൻ തുടങ്ങി. ഈ രൂപം എന്റെ മുഖത്തിനടുത്തേക്ക് വരുന്നതായി കാണപ്പെട്ടു. ഞാൻ മനസ്സുകൊണ്ട് ആ രൂപത്തെ ആട്ടിത്തെളിക്കാൻ നോക്കി.

ഇത് ശക്തിപഥ് സംഘത്തിന്റെ അനുശീലന തത്ത്വത്തിന് എതിരാണ്. സ്വമേധയാ ക്രിയയെ പ്രതിരോധിക്കാനോ നിർത്താനോ ശ്രമിക്കരുത്. മാനസികമായി ഈ ദേവീരൂപത്തെ തടഞ്ഞുകൊണ്ട് ഞാൻ ഈ തത്വത്തെ ഖണ്ഡിക്കുകയായിരുന്നു.

ഇതിന്റ അനന്തരഫലമെന്നോണം, ഈ ദേവീ രൂപം എന്റെ മനസ്സിൽ നിന്നും അപ്രത്യക്ഷമായി. എന്നാൽ ഇതിനെ തുടർന്ന് വിചിത്രമായ പാമ്പുകളെ പോലുള്ള ജീവികൾ എന്നെ കൊത്താനെന്നോണം എന്റെ മുഖത്തിന് നേരെ വരുന്നതായി കാണപ്പെട്ടു. വളരെയധികം അസ്വസ്ഥകൾ ഉണ്ടായെങ്കിലും ഞാൻ എങ്ങനെയൊക്കെയോ പിടിച്ചു നിന്നു.

ഈ അവസ്ഥ ഏതാനും നിമിഷം തുടർന്നു. അതിനു ശേഷം ദേവീരൂപം വീണ്ടും പ്രത്യക്ഷമായി. ഇത്തവണ ഈ ദേവീ രൂപം അടുത്തേക്കു വരുന്നതും നോക്കി മൂക സാക്ഷിയായി ഞാനിരുന്നു.

എന്റെ മനസ്സിന്റെ ഒരു ഭാഗം മനസ്സിന്റെ പ്രതലത്തിൽ ക്രിയയുടെ പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുമ്പോൾ മനസ്സിന്റെ മറ്റൊരു ഭാഗം ക്രിയയുടെ ഈ ആവിഷ്കാരം മഹാപാപമാണെന്ന് എന്ന് ഓർമ്മിപ്പിക്കുകയാണ്.

അപ്രകാരം എന്റെ മനസ്സ് രണ്ടറ്റത്തു നിന്നുള്ള പിടിവലിയിൽ കീറിമുറിയുകയാണ്. ഒരു വിശുദ്ധന്റെയും പാപിയുടെയും ഇടയിലുള്ള വളരെ നേർത്ത വരയിലൂടെയായിരുന്നു എന്റെ നീക്കം. ദിവ്യാനുഗ്രഹവും പാപവും തമ്മിലുള്ള വ്യത്യാസം വളരെ വേഗത്തിൽ

അവ്യക്തമായി തുടങ്ങി.

പരമമായ ആദിപരാശക്തി എല്ലാ വിധത്തിലുള്ള ലൗകീക മുദ്രകളെയും തൂത്തുകളയുന്നതാണ് ഞാൻ അനുഭവിച്ചുകൊണ്ടിരുന്നത്, ക്രിയ വെളിപ്പെട്ടു വരുന്നത് സാക്ഷിയായി ഞാൻ വീക്ഷിക്കുകയും.

നടക്കാൻ പഠിച്ചു കൊണ്ടിരിക്കുന്ന ഒരു കുഞ്ഞിന് ഒരു ചക്രവണ്ടിയുടെ ആവശ്യമുണ്ട്. നടക്കാൻ പഠിച്ചു കഴിഞ്ഞാൽ ഈ ചക്രവണ്ടി മുന്നോട്ടുള്ള പുരോഗതിയ്ക്ക് തടസ്സമാകും. ചക്രവണ്ടി ഉപേക്ഷിച്ചില്ലെങ്കിൽ കുഞ്ഞ് ഓടാൻ പഠിക്കുകയില്ല.

ഇതുതന്നെയാണ് മതസമ്പ്രദായങ്ങളുടെയും തത്ത്വചിന്തകളുടെയും ധർമ്മശാസ്ത്രങ്ങളുടെയുമൊക്കെ കാര്യത്തിലും പ്രസക്തമായിട്ടുള്ളത്. ശരീരത്തിന്റെ സുഷ്മനയുടെ സ്ഥാനത്ത് സുഷുപ്താവസ്ഥയിൽ സ്ഥിതി ചെയ്യുന്ന കുണ്ഡലിനിയെ ഉണർത്താനുള്ള പാതയിലൂടെ സഞ്ചരിക്കുന്ന ഒരു മനുഷ്യന് ഈ സ്രോതസ്സുകളിലേതിലേക്കെങ്കിലും തിരിയാം. എങ്കിലും, ഒരിക്കൽ ലക്ഷ്യം പ്രാപിച്ചു കഴിഞ്ഞാൽ അമ്പലങ്ങളും ദേവന്മാരും ദേവികളുമെല്ലാം നിമിഷനേരം കൊണ്ട് ഇല്ലാതാകും.

ഈ പ്രതിഭാസത്തെ കുറിച്ച് ഞാൻ അല്പം കൂടി പറഞ്ഞുകൊള്ളട്ടെ. ഈ ലോകത്തെ ഓരോ വ്യക്തിയുടെയും മനോഘടന അതുല്യമാണ്. ഒരു വ്യക്തിയുടെ അനന്യമായ സ്വഭാവത്തിൽ അടിസ്ഥാനമാക്കി പരമ ദൈവീകത പ്രത്യേകമായ രൂപത്തിൽ അനുഗ്രഹം വർഷിക്കുന്നു.

ഒരു വ്യക്തിയ്ക്ക് ധനം കുന്നുകൂടുന്ന ശീലമുണ്ടെങ്കിൽ, ആ വ്യക്തിയുടെ ജീവിതത്തിൽ നിന്ന് ധനം മുഴുവൻ മാറ്റപ്പെടുന്ന രീതിയിലായിരിക്കും ദൈവീകത്വത്തിന്റെ അനുഗ്രഹവർഷം ആവിഷ്കൃതമാകുക. സംസ്കൃത ഗ്രന്ഥങ്ങൾ പ്രകാരം ഇത് സർവ്വേശ്വരനിൽ നിന്നുള്ള ഒരു പ്രത്യേക അനുഗ്രഹമാണ്. പ്രത്യേകിച്ച് വളരെയധികം ധനം കുന്നുകൂടുന്ന പാതയിൽ സഞ്ചരിക്കുന്നവരെ സംബന്ധിച്ചിടത്തോളം. ധനസമ്പാദനവും ഈശ്വരനിലേക്കുള്ള ഒരു വഴിയായി ചില ഗ്രന്ഥങ്ങൾ പറയുന്നുണ്ടെന്ന കാര്യം വായനക്കാരെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ഈ ആശയം വിപുലീകരിക്കാൻ പുരാണഗ്രന്ഥങ്ങളിൽ നിന്നുള്ള

രസകരമായ ഒരു കഥ ഞാൻ പറയാം. വളരെ മതഭക്തനായ ഒരു സംസ്കൃത പണ്ഡിതനുണ്ടായിരുന്നു. എന്നാൽ പുണ്യഗ്രന്ഥങ്ങളിൽ തനിക്കുള്ള അറിവിനെ കുറിച്ച് പണ്ഡിതൻ അഹങ്കരിച്ചിരുന്നു. ഒരു ദിവസം ഇദ്ദേഹം ഒരു ക്ഷേത്രത്തിൽ പ്രവേശിച്ചപ്പോൾ ക്ഷേത്രത്തിനകത്ത് നിലത്തായി ഈശ്വരവിഗ്രഹത്തിന്മേൽ കാലുകൾ കയറ്റി വെച്ചുകൊണ്ട് ഒരു വൃദ്ധൻ കിടന്നുറങ്ങുന്നതു കണ്ടു. വളരെയധികം ദേഷ്യത്തോടെ ഇദ്ദേഹം ചെന്ന് ആ വൃദ്ധനെ കുലുക്കി ഉണർത്തി. തനിക്ക് കണ്ണ് ശരിയായി കാണാൻ കഴിയാത്തതിനാൽ കാൽ വെച്ചതെവിടെയാണെന്ന് അറിഞ്ഞില്ലെന്നും, ഈശ്വരവിഗ്രഹങ്ങൾ ഇല്ലാത്ത ഒരു സ്ഥലത്തേക്ക് കാലുകൾ മാറ്റിവെയ്ക്കാൻ സഹായിക്കണമെന്നും പണ്ഡിതനോട് ആവശ്യപ്പെട്ടു. എന്നാൽ വൃദ്ധന്റെ കാലുകൾ എവിടെയൊക്കെ മാറ്റിവെയ്ക്കാൻ ശ്രമിച്ചുവോ അവിടെയെല്ലാം ഈശ്വരവിഗ്രഹങ്ങൾ പൊന്തിവരുന്നതു കണ്ട് പണ്ഡിതൻ ആശ്ചര്യചകിതനായി. ഈ വൃദ്ധനെ കാണാൻ ഇടയാക്കിക്കൊണ്ട് ദൈവീകത പണ്ഡിതനിൽ ദൈവീകാനുഗ്രഹം ചൊരിയുകയായിരുന്നു. വൃദ്ധനാകട്ടെ യോഗയുടെ വളരെ ഉയർന്ന തലത്തിൽ എത്തിപ്പെട്ട വ്യക്തിയായതിനാൽ യാതൊരു ശ്രമവും കൂടാതെ നിമിഷാർദ്ധം കൊണ്ട് സംസ്കൃത പണ്ഡിതന്റെ അഹങ്കാരം ഇല്ലാതാക്കാൻ കഴിഞ്ഞു.

ഒരു പ്രയോക്താവിന് ഇത്തരത്തിലുള്ള അനുഭവങ്ങളുണ്ടാവുമ്പോൾ അയാളുടെ മനസ്സിന് ശക്തമായ മാറ്റം സംഭവിക്കുന്നു. വ്യക്തി സഞ്ചയിച്ചിട്ടുള്ള വ്യക്തിത്വത്തെ അടിസ്ഥാനമാക്കിയാണ് എന്തെങ്കിലും സംഭവിക്കുക.

അത്തരത്തിലുള്ള സംഭവത്തിനു ശേഷവും ദേവന്മാരെയും ദേവിമാരെയും ഉപേക്ഷിക്കാൻ ഒരു യോഗാഭ്യാസി തയ്യാറാകുന്നില്ലെങ്കിൽ മുന്നോട്ടുള്ള പുരോഗതി തടസ്സപ്പെട്ടേക്കാം. ഉയർന്ന തലങ്ങളിലേക്ക് മനസ്സ് ഉയർത്തപ്പെടുകയില്ല. ദേവീ ദേവതകൾ പുരോഗതിയ്ക്കുള്ള തടസ്സമായി തീരും. ക്ഷേത്രങ്ങളും മതസ്ഥാനങ്ങളും അനന്തമായ ചൈതന്യത്തിന്റെ സ്വാതന്ത്ര്യത്തിന് വിലങ്ങുകളായി മാറും.

ഈശ്വരനെ ഏതെങ്കിലുമൊരു സവിശേഷരൂപത്തിൽ ആരാധിക്കുന്ന രീതി ക്രമേണ അവസാനിക്കേണ്ടതാണെന്നാണ് ഞാൻ പറയാൻ ഉദ്ദേശിച്ചത്. അരൂപിയായ ദൈവീകത്വത്തിലേക്ക് മനസ്സ് വിലയിക്കണം. ഇത് സർവ്വവ്യാപിയാണ്, ഒരു ക്ഷേത്രത്തിലോ ദൈവസ്ഥാനത്തിലോ മാത്രം പരിമിതപ്പെട്ടതല്ല.

മനസ്സിൽ ക്രിയയുടെ യഥാർത്ഥ പ്രഭാവവും മനസ്സിന്റെ രൂപാന്ത രീകരണം സംഭവിക്കുന്നതും പ്രയോക്താവിന്റെ സവിശേഷമായ വ്യക്തിത്വത്തെ ആശ്രയിച്ചാണ്. അതിനാൽ 'ക്രിയ' എന്ന പ്രക്രി യയെ കുറിച്ച് കൂടുതൽ വിശദമാക്കുന്നതിൽ നിന്ന് ഞാൻ പിൻവാങ്ങു കയാണ്.

എങ്കിലും ചില സംഭവങ്ങൾക്ക് മാനസികമായോ ശാരീരികമായോ അഗാധമായ സ്വാധീനം ഉണ്ടാക്കാൻ കഴിയുമെന്നും ഈ പ്രഭാവം നിമിത്തം മനസ്സിന്റെ രൂപാന്തരീകരണം നിമിഷനേരം കൊണ്ട് സംഭ വിക്കുമെന്നും വായനക്കാരൻ മനസ്സിലാക്കിയാൽ തന്നെ ധാരാളം മതി. പ്രതിപ്രവർത്തനങ്ങൾ അല്ലെങ്കിൽ ഇത്തരത്തിലുള്ള സംഭവ ങ്ങൾ (മുൻ ഖണ്ഡികയിൽ വിശദീകരിച്ചതുപോലുള്ളവ) എല്ലാമറി യുന്ന പരമപ്രപഞ്ചോർജത്തിന്റെ അറിവോടു കൂടിയാണ് സംഭവി ക്കുന്നത്. അതിനാൽ ഇവയ്ക്ക് പ്രയോക്താവിന്റെ മാനസികാവ സ്ഥയെ ശക്തമായ വിധത്തിൽ മാറ്റുവാനും കഴിയും.

പിന്നീട് ഞാനെന്റെ ഗുരുവിനോട് എന്നിൽ നടന്ന 'ക്രിയ'യെ കുറിച്ച് വിശദമായി പറഞ്ഞു. ഗുരു ലളിതമായി ഇത്ര മാത്രമാണ് പറ ഞ്ഞത്. ചില പ്രയോക്താക്കൾ ആത്മീയതിൽ പെട്ടെന്ന് ഉയരും, എന്നാലിവർ അത്രയും ഉയരത്തിൽ നിന്ന് വീഴാതിരിക്കാൻ ശ്രദ്ധി ക്കണം.

ധ്യാനത്തിന്റെ ഈയൊരു സെഷൻ കൊണ്ടുതന്നെ എന്റെ ജീവിതം പൂർണ്ണമായും മാറി മറിഞ്ഞു.

ഈ ഘട്ടം മുതൽ ഞാൻ ക്ഷേത്രങ്ങളിൽ പോകുന്നത് സാമാ ന്യേന നിറുത്തി (സ്വമേധയാലെങ്കിലും).

എന്റെ ആശയങ്ങൾ, വിശ്വാസങ്ങൾ, ആചാരങ്ങൾ, പാരമ്പര്യങ്ങൾ ഇവയെല്ലാം തന്നെ ഒരു ധ്യാന സെഷൻ കൊണ്ട് പൊഴിഞ്ഞു പോയി. ഞാനെന്റെ മനസ്സിൽ സഞ്ചയിച്ചു വെച്ചിരുന്ന ധർമ്മസംഹിതകൾ, പ്രമാണങ്ങൾ, തത്ത്വചിന്തകൾ ഇവയെല്ലാം തന്നെ ഈയൊരു ഒറ്റ ധ്യാനാനഭവം കൊണ്ട് തുടച്ചു മാറ്റപ്പെട്ടു.

ഏതെങ്കിലും മതപരമായ ഗ്രന്ഥങ്ങൾ വായിക്കുന്നതിൽ എനിക്ക് താൽപര്യം ഇല്ലാതായി. കൂടാതെ ശാരീരികവും മാനസികവുമായ മതപരമായ ചടങ്ങുകൾ നിർവ്വഹിക്കുന്നതിൽ നിന്നും ഞാൻ പൊതുവെ പിൻവാങ്ങി.

ആത്മസാക്ഷാത്കാരത്തിന്റെ പ്രക്രിയയിൽ ചില വേളകളിൽ ദൈവീകതയ്ക്കു പോലും ഇത്രയേറെ ദയാരാഹിത്യം പ്രകടിപ്പിക്കാനാകുമെന്ന് സ്വപ്നത്തിൽ പോലും സങ്കൽപ്പിക്കാൻ എനിക്ക് കഴിഞ്ഞില്ല.

സർവ്വജ്ഞാനിയായ പരമ പ്രപഞ്ച ശക്തിയ്ക്ക് അഭിവാദ്യങ്ങൾ! കാരണം നൊടിയിട കൊണ്ട് മനസ്സിൽ അടിഞ്ഞുകൂടിയിരിക്കുന്ന അഴുക്കിനെ എങ്ങനെ തൂത്തുകളയണമെന്ന് അതിനറിയാം.

ഓരോ മനുഷ്യന്റെയും ഹൃദയാന്തർഭാഗത്ത് കുടികൊള്ളുന്ന അനന്തമായ പ്രകാശം വിളങ്ങുന്നതിനായി മനസ്സിലെ ഇരുട്ട് നീക്കുകയെന്ന പ്രക്രിയ സ്വയം ഏറ്റെടുക്കുന്ന എന്റെ ഗുരുവിന് അഭിവാദ്യങ്ങൾ.

ഈ അനുഭവത്തിനു ശേഷം എന്റെ ജീവിതം ഒരിക്കലും മുമ്പത്തെ പോലെ ആയിരുന്നില്ല.

# സെറിബ്രോസ്പൈനൽ സിസ്റ്റത്തിലൂടെയുള്ള ഊർജത്തിന്റെ ആരോഹണം

മംഗളകരമായ ഒരു ദിവസം, രാത്രി സമയം ഒൻപത് അല്ലെങ്കിൽ പത്ത്. എന്റെ ഗുരുവിന്റെ മുറിയോടു ചേർന്നുള്ള മുറിയിൽ ഞാൻ ധ്യാനിച്ചുകൊണ്ട് കിടക്കയിൽ ഇരിക്കുകയാണ്. ധ്യാനം ഏകദേശം രണ്ടു മണിക്കൂറോളം നീണ്ടുനിന്നിരിക്കും.

പെട്ടെന്ന്, എന്റെ നട്ടെല്ലിലൂടെ വിചിത്രമായൊരു ചലനം ഉണ്ടായി. തവളയുടെ ചാട്ടം പോലെ ഊർജ്ജം എന്റെ നട്ടെല്ലിലൂടെയും, നട്ടെല്ലിന്റെ രണ്ടു ഭാഗത്തുമായി മുതുകിലൂടെ പൂർണ്ണമായും ഉയർന്നു തുടങ്ങിയതായിരുന്നു ആ ചലനമെന്ന് പിന്നീട് ഗുരുനാഥൻ എന്നോട് പറഞ്ഞു. ചിലപ്പോഴത് നിൽക്കും, ചിലപ്പോൾ ചലിക്കും, മറ്റു ചിലപ്പോൾ ചാടിക്കൊണ്ട് നട്ടെല്ലിലൂടെ ഒരു ഉയർന്ന തലത്തിലേക്ക് നീങ്ങും. അവസാനം നട്ടെല്ലിന്റെ ഹൃദയത്തിനടുത്ത ഭാഗത്തായി ഈ ചലനം അവസാനിച്ചു. ഈ അനുഭവം ഒട്ടു തന്നെ സുഖകരമായിരുന്നില്ലെന്ന് ഞാൻ വ്യക്തമാക്കട്ടെ. വാസ്തവത്തിൽ, വെളിപ്പെട്ടുകൊണ്ടിരുന്ന ഈ പ്രതിഭാസം മനസ്സുകൊണ്ട് നിരീക്ഷിച്ചുകൊണ്ടിരിക്കെ ഞാൻ പരിഭ്രാന്തിയിലായി.

എന്നാൽ, തിരിഞ്ഞു നോക്കുമ്പോൾ ഈയൊരു അനുഭവം അനന്യവും അത്ഭുതകരവും ആയിരുന്നെന്ന് എനിക്ക് പറയാൻ കഴിയും. എന്റെ ശരീരത്തിനകത്ത് ഊർജ്ജത്തിന്റെ ഭൗതീകമായ ചലനവും പ്രവാഹവും ഞാൻ നേരിട്ടനുഭവിക്കുന്നത് ഇതാദ്യമായിട്ടാണ്. ഈ അനുഭവം ആധുനിക ശാസ്ത്രത്തിന്റെ യുക്തിപരമായ വ്യാഖ്യാനങ്ങൾക്ക് നിരക്കുന്നതായിരുന്നില്ല. ഇത് എന്റെ മനസ്സിലുണ്ടാക്കിയ ആഘാതത്തെ വായനക്കാരനിപ്പോൾ സങ്കല്പിക്കാനാകും. ഈയൊരു അനുഭവത്തിലൂടെ യോഗ ഗ്രന്ഥങ്ങളിൽ ഞാൻ വായിച്ച

തെല്ലാം സംശയലേശമെന്യേ സാധൂകരിക്കപ്പെടുകയായിരുന്നു. ഇതിന്റെ ഫലമായി യോഗഗ്രന്ഥങ്ങളിൽ ഉണ്ടായിരുന്ന എന്റെ വിശ്വാസം ദൃഢമായി. സംശയാതീതമായ യോഗസമ്പ്രദായത്തിലുള്ള എന്റെ വിശ്വാസം ബലപ്പെട്ടു.

പന്നീട്, ഇത് എന്റെ ശരീരത്തിലെ നാഡികളുടെ, അല്ലെങ്കിൽ ഊർജ്ജത്തിന്റെ സൂക്ഷ്മമായ കുഴലുകളുടെ, ശുദ്ധീകരണം ആരംഭിച്ചതായിരുന്നുവെന്ന് ഗുരുനാഥൻ എന്നോട് പറഞ്ഞു.

അടുത്തദിവസം എന്തോ ചില കാരണങ്ങളാൽ എനിക്ക് ഗുരുവിനെ കാണാൻ കഴിഞ്ഞില്ല. പതിവു പോലെ ഞാനൊരു കസേരയിലിരുന്നു ധ്യാനിക്കുകയായിരുന്നു.

വളരെ വേഗം തന്നെ എന്റെ നട്ടെല്ലിലൂടെ എന്തോ ചലിക്കുന്നതായി എനിക്ക് അനുഭവപ്പെട്ടു. മുമ്പത്തെ പോലെ ഒരു തവളയുടെ കുതിപ്പുപോലുള്ള ചലനമായിരുന്നു ഞാൻ പ്രതീക്ഷിച്ചുകൊണ്ടിരുന്നത്. എന്നാൽ ഊർജ്ജം മുകളിലേക്ക് പൊങ്ങിമറഞ്ഞപ്പോൾ, ചലനത്തിന് മൊത്തത്തിലൊരു പിണയൽ അനുഭവപ്പെട്ടു. ഇത് ഒരു സർപ്പം നിലത്തിഴയുമ്പോൾ ഉണ്ടാകുന്ന പിണയലിന് സദൃശ്യമായിരുന്നു.

കുണ്ഡിലിനിയെ സർപ്പത്തോടു ഉപമിക്കുന്ന ധാരാളം കൃതികൾ ഞാൻ വായിച്ചിട്ടുണ്ട്. എങ്കിലും എന്റെ അനുഭവം വ്യത്യസ്തമായിരുന്നു.

തീർച്ചയായും, ഭയപ്പെടുത്തുന്നതായിരുന്നു. 'ക്രിയ'യുടെ ആവിഷ്കാരത്തിൽ ഞാൻ ആവേശം കൊണ്ടുവെങ്കിലും ഞാനത് യഥാർത്ഥത്തിൽ ആസ്വദിച്ചിരുന്നില്ല.

ഏകദേശം മൂന്നരമണിക്കൂർ ഇത് തുടർന്നിരുന്നുവെന്ന് സെഷൻ അവസാനിച്ചപ്പോൾ ഞാൻ മനസ്സിലാക്കി. അതേ ദിവസം ഉച്ചഭക്ഷണത്തിനു ശേഷം വീണ്ടും ധ്യാനിക്കണമെന്ന് എനിക്ക് തോന്നി. ഇപ്രാവശ്യം മൂന്നു മണിക്കൂറോളം ഇതേ അനുഭവം നിലനിന്നു.

പൂർണ്ണമായും അന്തംവിട്ട ഒരവസ്ഥയിലായിരുന്നു ഞാൻ.

അതേ ദിവസം തന്നെ രാത്രി ഡിന്നറിനുശേഷം വീണ്ടും ഞാൻ ധ്യാനിക്കാനിരുന്നു. ഇപ്പോഴത്തെ സെഷൻ രണ്ടര മണിക്കൂർ നീണ്ടുനിന്നു. ഒരൊറ്റ ദിവസം ഒൻപതര മണിക്കൂർ നേരത്തെ ധ്യാനമെന്ന് ഞാൻ സമയം അടയാളപ്പെടുത്തി, അതിൽ പിന്നെ ഇന്നേവരെ ഇതാ

വർത്തിക്കാൻ എനിക്ക് കഴിഞ്ഞിട്ടില്ല.

പിറ്റേന്ന് ഗുരുനാഥനെ കണ്ടപ്പോൾ ഒരു യോഗിയെ സംബന്ധിച്ചിടത്തോളം ഒൻപതര മണിക്കൂർ എന്നത് വലിയൊരു കാര്യമല്ലെങ്കിലും എന്റെ സ്റ്റാറ്റസിലുള്ള ഒരാളെ സംബന്ധിച്ചിടത്തോളം ഇത് അതിശയം തന്നെയാണെന്ന് പറഞ്ഞു. ഒരേ ദിവസം തന്നെ ഇത്ര നീണ്ട സമയത്തുള്ള ധ്യാനം 'ക്രിയ' തന്നെയാണെന്നു അദ്ദേഹം കൂട്ടിച്ചേർത്തു. 'ക്രിയ' ഒരു സെഷനിൽ മാത്രമായി സംഭവിക്കണമെന്നില്ല എന്ന് ഞാൻ വായനക്കാരനെ ഓർമ്മിപ്പിക്കുകയാണ്. മുൻകാലങ്ങളിൽ പ്രയോക്താവ് ചെയ്ത ഗൗരവമേറിയ ധ്യാന അഭ്യാസങ്ങളുടെ ഫലമായാണ് സാധാരണയായി ഇത്തരം ക്രിയ സംഭവിക്കാറുള്ളതെന്നും അദ്ദേഹം വിശദീകരിച്ചു.

കഴിഞ്ഞ ജന്മങ്ങളിൽ ചെയ്ത നല്ല പ്രവർത്തികളുടെ മുദ്രകളും ദുഷ്പ്രവർത്തികളുടെ മുദ്രകൾക്കൊപ്പം മനസ്സിൽ നിന്നും മായിച്ചുകളയേണ്ടതുണ്ടെന്ന് വായനക്കാരൻ ഓർക്കണം.

'യോഗ'യെ സംബന്ധിച്ചിടത്തോളം ലൗകീകമായ നല്ല പ്രവർത്തിയും ചീത്ത പ്രവർത്തിയും ഒന്നു പോലെയാണ്.

ഞാൻ മുമ്പ് പറഞ്ഞതുപോലെ, സർവ്വജ്ഞാനത്തിന്റെ അനന്തമായ വെളിച്ചം പ്രകാശിക്കണമെങ്കിൽ സിദ്ധാന്തങ്ങളും തത്ത്വചിന്തകളും അതുപോലുള്ള എല്ലാമെല്ലാം തന്നെ മനസ്സിൽ നിന്നും മായിച്ചുകളയേണ്ടതുണ്ട്.

ഞാൻ കുറേക്കൂടെ വിശദമാക്കാം.

ഒരു വ്യക്തി കഴിഞ്ഞ ജന്മത്തിൽ ധാരാളമായി ധ്യാനം അല്ലെങ്കിൽ യോഗാഭ്യാസം നടത്തിയെന്ന് കരുതുക. ഇതിന്റെ ജഡികമായ മുദ്രകൾ ഉപബോധമനസ്സിൽ അങ്കിതമായിരിക്കും. ഈ രേഖപ്പെടുത്തൽ പോലും എന്നെന്നേക്കുമായി തൂത്തുമാറ്റപ്പെടേണ്ടിയിരിക്കുന്നു. അങ്ങനെയല്ലാത്ത പക്ഷം ഇതൊരു മറയായി പ്രവർത്തിക്കുകയും പരമമായ ജ്ഞാനവെളിച്ചം പ്രകാശിക്കുന്നതിനെ തടയുകയും ചെയ്യും.

ഇതുപോലെ ഒരു വ്യക്തി കഴിഞ്ഞ ജന്മത്തിൽ മതപരമായ അനുഷ്ഠാനങ്ങൾ, സാമൂഹ്യസേവനം, ചാരിറ്റി തുടങ്ങിയ നല്ല പ്രവർത്തികൾ പലതും ചെയ്തിരിക്കാം. പ്രാപഞ്ചിക കാഴ്ചപ്പാടിൽ നിന്ന്

നോക്കുമ്പോൾ ഇവ നല്ലതാണെങ്കിലും ഈ പ്രവർത്തികൾ ഉപബോധമനസ്സിൽ അഭിമാനം പോലുള്ള ഓർമ്മകൾ അങ്കിതപ്പെടുത്തിയിരിക്കാം. പരമമമായ ജ്ഞാനത്തിന്റെ വെളിച്ചം പ്രകാശിക്കണമെങ്കിൽ ഇവ പോലും മനസ്സിൽ നിന്ന് തുടച്ചുമാറ്റേണ്ടതുണ്ട്.

അടുത്ത ദിവസം ധ്യാനത്തിലിരുന്നപ്പോൾ മറ്റൊരു അനുഭവം കൂടി എനിക്കുണ്ടായി. കൃത്യമായ തീയതികൾ ഓർക്കാത്തതിനും സ്ഥലങ്ങളെയും മന്ത്രങ്ങളെയും മനഃപ്പൂർവ്വം സൂചിപ്പിക്കാത്തതിനും വായനക്കാർ എന്നോട് ക്ഷമിക്കണം.

ഇത്തരം അനുഭവങ്ങളിലൂടെ കടന്നുപോയപ്പോൾ എന്നെങ്കിലുമൊരിക്കൽ അതേക്കുറിച്ച് ഞാനൊരു പുസ്തകം എഴുതുമെന്ന് ഒരിക്കലും പ്ലാൻ ചെയ്തിരുന്നില്ല. അതിനാൽ അനുഭവങ്ങൾ രേഖപ്പെടുത്തി സൂക്ഷിച്ചുവെച്ചിരുന്നുമില്ല. അതിൽപിന്നെ, ഈ അനുഭവങ്ങൾ എഴുതേണ്ട സമയമായപ്പോൾ എന്റെ ഓർമ്മകളെ ഓർത്തെടുക്കാൻ ഞാൻ കഴിയുന്നത്ര ശ്രമിക്കുകയാണ് ചെയ്തത്. അതിന്റെ ഫലമായി, സംഭവങ്ങളുടെയും അനുഭവങ്ങളുടെയും ശ്രേണിയിൽ ചെറുതായ ചില അപാകതകൾ സംഭവിച്ചിരിക്കാൻ സാധ്യതയുണ്ട്.

മറ്റൊരു അവസരത്തിൽ, ഞാൻ ധ്യാനിച്ചുകൊണ്ടിരുന്നപ്പോൾ പതിവു പോലെ ഊർജ്ജം മുകളിലേക്ക് പൊങ്ങിത്തുടങ്ങി. ഈ പ്രാവശ്യത്തെ അനുഭവം തികച്ചും വ്യത്യസ്തമായിരുന്നു. ഒരു കൂട്ടം ഉറുമ്പുകൾ എന്റെ മുതുകിലൂടെ കയറിപ്പോകുന്നതുപോലെ, മുതുകത്ത് മുള്ളുപോലെ അനുഭവപ്പെടുകയും എനിക്ക് ചൊറിയണമെന്ന് തോന്നുകയുമുണ്ടായി. വീണ്ടും നട്ടെല്ലിന്റെ ഹൃദയത്തോടു ചേർന്നു വരുന്ന ഭാഗത്തെത്തിയപ്പോൾ ഊർജത്തിന്റെ ഈ ചലനം നിൽക്കുകയും ചെയ്തു.

പിന്നീട്, അതിന്നടുത്ത ദിവസം ഞാൻ ഈ അനുഭവത്തെക്കുറിച്ച് ഗുരുവുമായി സംസാരിച്ചു. അധികം വൈകാതെ തന്നെ ഊർജ്ജം കൂടുതൽ മുകളിലേക്ക് പൊങ്ങി എന്റെ തലയിലും, കണ്ണ്, മൂക്ക്, വായ, കവിളുകൾ, തലമുടി എന്നിങ്ങനെ എല്ലാ സ്ഥലങ്ങളിലും ആവിഷ്കൃതമാകുമെന്നും ഗുരു പറഞ്ഞു. എന്റെ നെറുകയിൽ നിന്ന് ഈ ഊർജ്ജം ബാഹ്യലോകത്തേക്ക് പ്രസരിക്കാൻ ഇടയുണ്ടെന്നും സ്വാമിജി പറഞ്ഞു. ഈ അനുഭവത്തിനു ശേഷം എന്റെ ശേഷിച്ച ജീവിതം ജീവിച്ചു തീർക്കുന്നതിനായി എനിക്ക് ഗുരുവിനെ വിട്ടു

പോകേണ്ടതായി വന്നു.

ഒരു പ്രത്യേക ചലനം മാറ്റി നിർത്തിയാൽ, എന്റെ സെറിബ്രോ സ്പൈനൽ സിസ്റ്റത്തിലൂടെ ഉണ്ടായ കുണ്ഡലിനി ഊർജ്ജത്തിന്റെ ആരോഹണം പൂർണ്ണമായും യോഗഗ്രന്ഥങ്ങളിൽ വ്യാഖ്യാനിച്ചതു പോലെത്തന്നെയായിരുന്നു.

പറക്കുന്ന പക്ഷിയുടെ ചലനത്തിന് സമാനമായ രീതിയിലും ഊർജ്ജം ചലിക്കുന്നതായി സങ്കല്പിക്കപ്പെടുന്നുണ്ട്.

ഇത്തരത്തിലുള്ള ചലനവും എന്റെ നട്ടെല്ലിൽ സംഭവിച്ചതായി വിനീതമായി ഞാൻ ബോധിപ്പിക്കുന്നു. എങ്കിലും ഈയൊരനുഭവം അത്രതന്നെ വ്യക്തമായി ഞാൻ ഓർമ്മിക്കുന്നില്ല. അതിനാൽ ഈ പ്രത്യേക ചലന മാതൃകയെക്കുറിച്ച് ഞാൻ പൂർണ്ണമായ അവകാശ വാദം പുറപ്പെടുവിക്കുന്നില്ല.

ഞാൻ തുടർന്ന് വിശദീകരിക്കുന്നതുപോലെ, എന്റെ നട്ടെല്ലിലൂടെ ഉണ്ടായ കുണ്ഡലിനി ഊർജ്ജത്തിന്റെ ചലനരീതി വളരെ സങ്കീർണ്ണ മായി തുടങ്ങി. എന്റെ അനുഭവങ്ങളെ രേഖപ്പെടുത്തികൊണ്ടുള്ള ഡയറിയൊന്നും ഞാൻ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഇവയെ വിശദീകരിക്കുക വളരെയേറെ പ്രയാസമുള്ള കാര്യമാണ്.

ഞാനെന്റെ പതിവായ ധ്യാനം തുടർന്നു, അതോടൊപ്പം ഊർജ്ജ ത്തിന്റെ നട്ടെല്ലിലൂടെയുള്ള ആരോഹണവും തുടരുകയുണ്ടായി.

ഒരു ധ്യാനസെഷനിൽ ഊർജ്ജം യോഗമുറകൾ പ്രകാരം ‘മണി പുര ചക്രം’ എന്നു വിളിക്കുന്ന നട്ടെല്ലിന്റെ നാഭിപ്രദേശത്തേക്കു യർന്നു. പൊങ്ങിക്കൊണ്ടിരിക്കുന്ന ഊർജ്ജം ഇവിടെ വിരമിച്ചശേഷം എന്റെ നട്ടെല്ലിന് ചുറ്റുമായി വളരെ വേഗത്തിൽ വിചിത്രമായ രീതി യിൽ ചലിക്കാൻ തുടങ്ങി. സാധാരണയായ യാതൊരുവിധ ചലന വുമായി ഇതിനെ താരതമ്യപ്പെടുത്താൻ വയ്യ. എന്റെ നട്ടെല്ലിൽ വളരെ സങ്കീർണ്ണവും അതിവേഗത്തിലും ഉള്ള ചലനം അനുഭവപ്പെട്ടുവെന്നു മാത്രമേ എനിക്ക് പറയാൻ കഴിയൂ. എങ്കിലും ഈ ചലനം ആ പ്രത്യേക സ്ഥാനത്തുമാത്രമാണ് അനുഭവപ്പെട്ടത്. മറ്റു ഭാഗങ്ങളിലേക്ക് പടർന്നില്ല.

ഇതുപോലെ, പല ധ്യാനസെഷനുകളിലും ഊർജ്ജത്തിന്റെ വിചി ത്രമായ മാതൃകകൾ ഞാൻ അനുഭവിച്ചിട്ടുണ്ട്. ചിലപ്പോൾ നട്ടെല്ലിൽ

വളരെ നേർത്ത ഒരു പാതയിലൂടെ ഊർജ്ജം സഞ്ചരിക്കുന്നതായി എനിക്കനുഭവപ്പെട്ടിട്ടുണ്ട്.

നീണ്ട ധ്യാനവേളകൾക്ക് ശേഷം ഞാൻ തികഞ്ഞ നിയന്ത്രണവും വിധേയത്വവും പ്രകടിപ്പിക്കുമായിരുന്നു. എങ്കിലും, 'ക്രിയ'യുടെ മറ്റൊരു രീതി എനിക്ക് എന്റെ തലയിൽ അനുഭവപ്പെട്ടത് വിശദീകരിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. വർഷങ്ങളോളം എന്റെ തലയ്ക്കുള്ളിൽ ഒരൂ തരം സമ്മർദ്ദം ഉണ്ടാകുമായിരുന്നു. ഈ സമ്മർദ്ദത്തോടൊപ്പം, രാവും പകലും മദ്യം കഴിച്ചാലുണ്ടാകുന്ന ഒരു അവസ്ഥ തുടർച്ചയായി തലയിൽ അനുഭവപ്പെടും. രാവിലെ ഉണർന്നെഴുന്നേൽക്കുമ്പോൾ വളരെ ചുരുങ്ങിയ സമയം മാത്രമേ ഭാരക്കുറവ് തോന്നാറുള്ളൂ. അങ്ങനെയല്ലാത്തപ്പോഴൊക്കെ തലച്ചോറിനകത്ത് ഏതോ വിധത്തിലുള്ള രാസപ്രവർത്തനം നടക്കുന്നതു പോലെ വിചിത്രമായ ഒരു സ്ഥിതിവിശേഷം ഉണ്ടാകാറുണ്ട്.

ഇതു കൂടാതെ, എന്റെ മസ്തിഷ്കത്തിലേക്ക് ഊർജ്ജത്തിന്റെ ആരോഹണം ഉണ്ടാകുമ്പോഴൊക്കെ എന്റെ തലയോട്ടിയിലും ഇതിന്റെ ചലനം എനിക്കറിയാൻ കഴിയുമായിരുന്നു.

എങ്കിലും എന്റെ മസ്തിഷ്കത്തിലുണ്ടായ ഈ ബഹളം കൊണ്ട് ഭൗതീകമായ എന്റെ ദൈനംദിന ജീവിതത്തിൽ യാതൊരു പ്രശ്നവും ഒരിക്കലും എനിക്കുണ്ടായിട്ടില്ല.

# ഊർജത്തിന്റെ ബലതന്ത്രം

കഴിഞ്ഞ അധ്യായത്തിൽ സെറിബ്രോ സ്പൈനൽ സിസ്റ്റത്തിലൂടെയുള്ള കുണ്ഡലിനിയുടെ ചലത്തെ കുറിച്ചാണ് ഞാൻ എഴുതിയത്. ഇതേ മണ്ഡലത്തിൽ എനിക്കുണ്ടായ കൂടുതൽ അനുഭവങ്ങളെ കുറിച്ച് തുടർന്നു വരുന്ന അദ്ധ്യായങ്ങളിൽ നൽകുന്നതാണ്. ഈ പ്രതിപ്രവർത്തനങ്ങളുടെ സ്വഭാവം തികച്ചു വ്യത്യസ്തമായതിനാലാണ് ഇവയെ കഴിഞ്ഞ അദ്ധ്യായത്തിൽ ഉൾക്കൊള്ളിക്കാതിരുന്നത്.

'ക്രിയ' ഏതു സമയവും സംഭവിക്കുന്നു. ഇരുപത്തിനാലു മണിക്കൂറും ശരീരത്തിന്റെ എല്ലാ അടരുകളിലും ഒപ്പം സംഭവിക്കും. അല്ലെങ്കിൽ ഒരു പ്രത്യേക അടരിൽ മാത്രമായി ഒറ്റപ്പെട്ടും സംഭവിക്കും. അതിലുപരിയായി ശരീരത്തിലും മനസ്സിലും ദൈനംദിന ജീവിതത്തിലും വളരെ ക്രമരഹിതമായി സംഭവിക്കാം. അതിനാൽ ക്രിയയുടെ പ്രക്രിയകളെ തരം തിരിക്കുക പ്രയാസമുള്ള കാര്യമാണ്. എങ്കിലും ഈ അദ്ധ്യായത്തിൽ ക്രിയയുമായി ബന്ധപ്പെട്ട എന്റെ അനുഭവങ്ങൾ തുടർന്നും വിശദീകരിക്കാനാണ് ഞാൻ ശ്രമിക്കുന്നത്.

സെറിബ്രോ സ്പൈനൽ സിസ്റ്റത്തിലൂടെയുള്ള ഊർജത്തിന്റെ ആരോഹണം എന്റെ നാഡികളിൽ കുഴപ്പങ്ങളുടെ ഉറവിടം തന്നെ തുറന്നുവിട്ടു.

നിദ്രയിൽ അല്ലാത്ത സമയത്തൊക്കെ നിരന്തരമായി ഈ ഊർജ ചലനത്തെ ഞാൻ അറിഞ്ഞിരുന്നു.

നിങ്ങളെ അത്ഭുതപ്പെടുത്തുന്ന ഒരു കാര്യം ഞാൻ പറയാം. ഗാഢനിദ്രയിലായിരിക്കുമ്പോൾ ഈ ഊർജം നിഷ്ക്രിയമായിരിക്കുമെന്ന് നിങ്ങൾ കരുതരുത്. ഏതാനും ഉദാഹരണങ്ങൾ ഞാൻ പറയാം. ശേഷം വായനക്കാരന് ഊഹിക്കാവുന്നതേയുള്ളൂ. ശരീരത്തിലും മനസ്സിലും ബാഹ്യസംഭവങ്ങളിലും ഉണ്ടാകുന്ന ക്രിയയുടെ

ആവിഷ്ക്കാരത്തിൽ തനിക്ക് യാതൊരു നിയന്ത്രണങ്ങളും ഇല്ലെന്ന് മനസ്സിലാക്കാനുള്ള ബോധം പ്രയോക്താവിന് ഉണ്ടെന്ന് ഈ ഊർജം ഉറപ്പിക്കും. അതിനാലാണ് യുക്തിയെയും ചിന്തയേയും നിഷേധിക്കുന്ന തരത്തിലുള്ള ചില പ്രതി പ്രവർത്തനങ്ങൾ ഉണ്ടാകുന്നത്. ഇത്തരം പ്രതി പ്രവർത്തനങ്ങളുടെ ചില ഉദാഹരണങ്ങൾ ഞാനീ അദ്ധ്യായത്തിൽ നൽകുന്നു, ആശയത്തിന്റെ വ്യക്തതയ്ക്ക് ഇവ ധാരാളം മതിയാവുന്നതാണ്.

ഒരു ദിവസം ഉച്ച തിരിഞ്ഞ നേരം ഞാൻ ഉറങ്ങുകയായിരുന്നു. പെട്ടെന്ന് എന്റെ ഫോണടിക്കാൻ തുടങ്ങി. ഞാനെഴുന്നേറ്റ് ഫോണെടുത്തു. മറുപുറത്തുണ്ടായിരുന്ന വ്യക്തി നമ്പർ തെറ്റിയടിച്ചതായിരുന്നു. ഈ ടെലിഫോൺ എന്റെ ഉറക്കത്തെ ശല്യപ്പെടുത്തി. ഞാൻ തിരിച്ച് വീണ്ടും കിടക്കയിൽ കിടന്നയുടനെ എന്റെ നട്ടെല്ലിൽ തീവ്രമായ സ്പന്ദനങ്ങൾ സൃഷ്ടിച്ചു കൊണ്ട് ക്രിയ ഉണർന്നു. പ്രയോക്താവിന്റെ ഉറക്കത്തിന്റെ പരിവൃത്തിയും കാലയളവും കോസ്മിക് എനർജിയുടെ ബോധപൂർവ്വമായ നിയന്ത്രണത്തിന് വിധേയമാണ്. അനേകം സന്ദർഭങ്ങളിൽ എന്റെ ഉറക്കത്തിന് ഇത്തരത്തിൽ ഭംഗം വന്നിട്ടുണ്ട്.

ഒരിക്കൽ, ഞാനൊരു സ്വപ്ന പരമ്പരയിലേക്ക് കടന്നു. പെട്ടെന്ന് മറ്റൊരു സ്വപ്ന പരമ്പരയിലേക്ക് ഞാൻ വഴുതി വീണു, ഇതെന്നെ വളരെയധികം ഭയപ്പെടുത്തിയതിനാൽ ഉണർന്നിരിക്കാൻ ഞാൻ നിർബന്ധിതനായി. വീണ്ടും ക്രിയ പെട്ടെന്നാരംഭിക്കുകയും എന്റെ നാഡീവ്യൂഹത്തിൽ തീവ്രമായ സ്പന്ദനങ്ങൾ ഉണ്ടാക്കുകയും ചെയ്തു.

സ്വപ്നാവസ്ഥയ്ക്കും ജാഗ്രതാവസ്ഥയ്ക്കും ഇടയിൽ മറ്റൊരു അവസ്ഥയുണ്ട്. സംസ്കൃതത്തിൽ ഇതിനെ 'താന്ത്രം' എന്നു പറയുന്നു (Tandhra State) എന്നാൽ ഈ അവസ്ഥ ലോകത്തിൽ വളരെ കുറച്ചു പേർ മാത്രമാണ് അനുഭവിക്കുന്നത്. മിക്കവാറും എല്ലാ യോഗ ഗ്രന്ഥങ്ങളും പൊതുവായി അറിയപ്പെടുന്ന നാല് അവസ്ഥകളെക്കുറിച്ചു മാത്രമാണ് പറയുന്നത്. നിദ്രാവസ്ഥ, സ്വപ്നാവസ്ഥ, ജാഗ്രതാവസ്ഥ, പരമാവബോധാവസ്ഥ (ചിന്താരഹിത അവസ്ഥ) സ്വപ്നാവസ്ഥയ്ക്കും ജാഗ്രതാവസ്ഥയ്ക്കും ഇടയിലുള്ള താന്ത്രാവസ്ഥയെ കുറിച്ച് അധികമൊന്നും അറിവില്ല.

പലതവണ ഞാനീ അവസ്ഥയിലേക്ക് പ്രവേശിക്കാറുണ്ട്. മിക്കവാറും ദിവസേന ഈ അവസ്ഥയിൽ ഞാൻ വിചിത്രമായ പല സംഗതികളും, നഗരങ്ങൾ, പട്ടണങ്ങൾ, ഗ്രാമങ്ങൾ തുടങ്ങിയവയും കാണും. ചില സ്ഥലങ്ങൾ ആധുനിക നഗരങ്ങൾ, പട്ടണങ്ങൾ, ഗ്രാമങ്ങൾ എന്നിവയെ പോലെ തോന്നിച്ചു. എങ്കിലും ജീവിതത്തിലൊരിക്കലും ഞാനിവ സന്ദർശിച്ചിട്ടില്ലാത്തതിനാൽ എനിക്കവയെ മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. ചിലപ്പോഴൊക്കെ കെട്ടിടങ്ങളിൽ കണ്ടിരുന്ന സ്ഥലപ്പേരുകൾ വായിക്കാൻ ഞാൻ ശ്രമിച്ചു. എന്നാൽ ഈ കാഴ്ചകൾ വളരെ കുറഞ്ഞ സമയം മാത്രമാണ് നിലനിന്നത്. വേഗത്തിൽ മാറി കൊണ്ടിരിക്കുകയും ചെയ്തു. അതിനാൽ പേരുകളോ മറ്റെന്തെങ്കിലും അടയാളങ്ങളോ വായിക്കാൻ സാധിച്ചിരുന്നില്ല. അത്രയുമല്ല ചിലപ്പോഴൊക്കെ ഭാഷയും എനിക്ക് അറിയാത്തവയായിരുന്നു. ചിലപ്പോഴൊക്കെ സ്ഥലങ്ങൾ അതിവിചിത്രങ്ങളായിരുന്നു, അത്തരം സ്ഥലങ്ങൾ ഉണ്ടോ അല്ലെങ്കിൽ ഭൂമിയിൽ എന്നെങ്കിലും ഉണ്ടായിരുന്നോ എന്നു പോലും ഞാൻ സംശയിച്ചു. ഇവ കൂടാതെ അറിയുന്നതും അറിയാത്തവയുമായ യുദ്ധോപകരണങ്ങൾ, സസ്യങ്ങൾ, ജന്തുക്കൾ, ആളുകളുടെ മുഖം, ആളുകൾ ധരിക്കുന്ന വസ്ത്രം, വാഹനം ഇങ്ങനെ പലതും ഞാൻ കണ്ടിരുന്നു. സ്ഫടികം പോലെ വ്യക്തമായിരുന്ന ദൃശ്യങ്ങൾ.

ഈ ലിസ്റ്റ് പൂർണ്ണമല്ല.

ദിവസേനയെന്നോണം ഞാനീ അവസ്ഥയിൽ പ്രവേശിക്കുകയും ഇത്തരം കാഴ്ചകൾ കാണുകയും ചെയ്തിരുന്നു.

ഇത്തരത്തിലുള്ള 'ക്രിയ' ഇപ്പോഴത്തെ ജന്മത്തിന് മുമ്പ് വളരെയേറെ ജന്മങ്ങളിലൂടെ കടന്നു പോയിരുന്നിരിക്കാം എന്ന വിശ്വാസത്തെ ബലപ്പെടുത്തുന്നതാണ്.

പരമമായ ആദിപരാശക്തി പ്രയോക്താവിന്റെ മനസ്സിലൂടെ ഇവയെ വെളിവാക്കിക്കൊണ്ട് ഒരു അവസാന തവണ രേഖപ്പെടുത്തപ്പെട്ട എല്ലാ അനുഭവങ്ങളെയും മായിച്ചു കളയുകയാണ്.

ഈ രേഖകൾ മായിച്ചു കളയുന്നതിനോടൊപ്പം ഇപ്പോഴത്തെ ജീവിതത്തിൽ ഒരു വ്യക്തിക്കുള്ള വൈകാരിക ബന്ധങ്ങളും തുടച്ചു നീക്കപ്പെടുന്നു.

കഴിഞ്ഞ ജന്മങ്ങളിൽ ഒരു വ്യക്തി പലരുടെയും കാമുകനോ, കാമു

കിയോ ആയിരുന്നു, അനേകം അച്ഛന്മാരുടെ മകനായിരുന്നു, അനേകം മക്കൾക്ക് അച്ഛനായിരുന്നു, അനേകർക്ക് സുഹൃത്തായിരുന്നു, എണ്ണ മറ്റ അമ്മമാർക്ക് മകളായിരുന്നു, അനേകം കുട്ടികൾക്ക് അമ്മയായി രുന്നു, അങ്ങനെയങ്ങനെ!

ഇതിനു പുറമെ ബാഹ്യമായ സാമൂഹ്യ ജീവിതത്തിലുള്ള താൽപര്യം തുടച്ചു മാറ്റപ്പെടും, യാതൊരു വിധ ഖേദമോ പശ്ചാ ത്താപമോ ഇല്ലാതെ.

വ്യക്തി അന്തരാത്മാവിൽ നിറഞ്ഞ സന്തോഷത്തോടെ ജീവി ക്കാൻ തുടങ്ങുക.

ഇതാണ് അവസാനത്തെ മനഃശാന്തി!

ഇത്തരത്തിലാണ് ആത്മാവിനെ കുറിച്ചുള്ള അറിവ് എന്നും നില നിർത്തിക്കൊണ്ട് സന്തോഷവും മനഃശാന്തിയും കൊണ്ടു വരുന്ന വിധത്തിൽ ആവശ്യമായ മനപരിവർത്തനം സാധ്യമാകുന്നത്. ഇത്തര ത്തിലാണ് എല്ലാവിധ വൈകാരിക ബന്ധങ്ങളും തുടച്ചു മാറ്റി കൊണ്ട് ആദിപരാശക്തി ഒരു വ്യക്തിയിൽ അനുഗ്രഹം ചൊരിയുന്നത്. പ്രയോക്താവിന്റെ ചിത്തത്തിൽ ആഘാതമൊന്നും സൃഷ്ടിക്കാത്ത വിധത്തിൽ മനസ്സ് അത്രത്തോളം ഉയർന്ന നിലയിലാവും സ്ഥിതി ചെയ്യുക. സന്തോഷം അല്ലെങ്കിൽ ദുരിതം അല്ലെങ്കിൽ ജീവിതത്തിലെ മറ്റെതെങ്കിൽ ദ്വന്ദ്വങ്ങൾക്ക് വ്യക്തിയുടെ മനസ്സിൽ സ്വാധീനമുണ്ടാ ക്കാൻ കഴിയുകയില്ല.

വ്യക്തിയും, ആത്മം അതിൽ തന്നെ പൂർണ്ണമായും, സംതൃപ്ത മാകുന്നു. ബാഹ്യ സ്രോതസ്സിൽ നിന്നുള്ള ഒന്നും തന്നെ ആവശ്യ മായി വരുന്നില്ല.

ഇത്തരത്തിലാണ് സിദ്ധ മഹാ യോഗ ശ്രേഷ്ഠമായ ഒന്നാകുന്നത്. ഒരു പ്രയോക്താവിനെ അമരത്വത്തിലേക്ക് നയിക്കുന്നത്.

ഒരൊറ്റ രാത്രി കൊണ്ട് സാധിക്കുന്ന ഒന്നല്ല ഇതെന്ന് വായന ക്കാരൻ മനസ്സിലാക്കണം. നീണ്ട കാലം കൊണ്ടാണിത് സംഭവി ക്കുക. ചിലപ്പോൾ ഊർജം അതിവേഗം മനസ്സിനെ ഉയർന്ന അവ സ്ഥകളിലേക്ക് എത്തിക്കാറുണ്ട്. എങ്കിലും മനസ്സ് വീണ്ടും താഴേക്ക് വഴുതി വീഴുന്നു. വീണ്ടും പതുക്കെ ഉയർത്തപ്പെടുന്നു. അതിനാൽ യോഗ അഭ്യസനം ചെയ്യുമ്പോൾ അക്ഷീണമായ പരിശ്രമം ആവശ്യ

മാണ്.

ശരീരത്തിന്റെ അനേകം നാഡികളിലൂടെയുള്ള ഊർജ്ജപ്രവാഹത്തിന്റെ ബലതന്ത്രത്തെ (dynamics) കുറിച്ച് ഇനി ഞാൻ പറയാം.

കൂടുതൽ സമയവും ഗുദത്തിനും ജനനേന്ദ്രിയത്തിനും ഇടയിലുള്ള മണ്ഡലത്തിലാണ് എനിക്ക് ഊർജപ്രവാഹം അനുഭവപ്പെട്ടിട്ടുള്ളത്. ചിലപ്പോൾ ശരീരത്തിന്റെ മറ്റു ഭാഗങ്ങളിലും ഉണ്ടാകാറുണ്ട്. ചിലപ്പോൾ എന്റെ ലിംഗത്തിലും അതിനോട് ചേർന്ന സ്ഥലത്തും ഈ ഊർജ്ജ പ്രവാഹം ഉണ്ടായിട്ടുണ്ട്. എങ്കിലും മിക്കവാറും ഗുദത്തിനും അതിന് ചുറ്റു പ്രദേശത്തുമായി ഊർജ്ജ പ്രവാഹം നിയന്ത്രിക്കപ്പെട്ടിരുന്നു. നട്ടെല്ലിന്റെ മൂലസ്ഥാനത്താണ് കുണ്ഡലിനി സ്ഥിതി ചെയ്യുന്നത് എന്നതായിരിക്കാം ഇതിന് കാരണം.

ഇതു കൂടാതെ യോഗ ഗ്രന്ഥങ്ങൾ പ്രകാരം ഊർജം അതിന്റെ അചേതനാവസ്ഥയിൽ നിന്നും ഉണരുമ്പോൾ ജനനേന്ദ്രിയ മണ്ഡലത്തിന്റെ മൂലസ്ഥാനത്തേക്കാണ് നീങ്ങുക. എണ്ണമറ്റ തവണ എനിക്കത് അനുഭവപ്പെട്ടിട്ടുണ്ട്.

പലപ്പോഴും ഉറ്റി വീഴുന്ന ശുക്ലം എന്റെ അടിവസ്ത്രങ്ങളെ നനച്ചിട്ടുമുണ്ട്.

പിന്നീടുള്ള ദിവസങ്ങളിൽ ഞാൻ വസ്ത്രം ധരിക്കാതെ ധ്യാനിക്കാൻ തുടങ്ങി. പലപ്പോഴും ശുക്ലം എന്റെ ഇരിപ്പിടത്തിൽ പതിക്കും. പലപ്പോഴും ലൈംഗീകമായ ചിന്തകൾ–എന്റെ ബന്ധുക്കൾ, പ്രിയപ്പെട്ടവർ, എന്റെ ജീവിതത്തിന്റെ ബഹുമാന്യരായ ആളുകൾ, എന്നിവരുമായുള്ള– എന്റെ മനസ്സിൽ വന്നു നിറയും. കാഴ്ചകൾ പോലും ഉണ്ടാകും. എന്നാൽ മൂകസാക്ഷിയായിരിക്കാൻ ഞാൻ കഠിന പരിശ്രമം നടത്തും.

'ക്രിയ'യാൽ വെറുപ്പുളവാക്കുന്ന ലൈംഗിക ചിന്തകൾ മനസ്സിൽ പൊങ്ങുന്നതിന് സാധ്യതയുണ്ട്. അതും നാം ഏറ്റവും കൂടുതൽ ബഹുമാനിക്കുന്നവരും തീരെ പ്രതീക്ഷിക്കാത്തവരുമായുള്ള ലൈംഗിക കൃത്യങ്ങളുടെ ചിന്തകൾ. ഇത് മാനസികമായ ഷോക്ക് ഉളവാക്കിയേക്കാം. അത്തരത്തിലുള്ള ചിന്തകൾക്കു ശേഷം ജീവിക്കാൻ പോലും അർഹതയില്ലെന്നും ഒരാൾക്ക് തോന്നിയേക്കാം.

അതെ, മനസ്സിൽ അടിഞ്ഞു കൂടിയിരിക്കുന്ന പൊടിപടലങ്ങൾ

എന്നന്നേക്കുമായി തൂത്തു മാറ്റേണ്ടത് ആവശ്യമാണ്. ഒരു പ്രയോക്താവിന്റെ ചിത്തത്തിൽ പരമമായ ആദിപരാശക്തിയുടെ വിഹാരമാണത്.

മനസ്സിൽ അടിഞ്ഞുകൂടിയിട്ടുള്ളതെല്ലാം തന്നെ - ഭീതികൾ, ഉത്കണ്ഠകൾ, ലൈംഗിക മനോരാജ്യങ്ങൾ, വിചിത്ര ചിന്തകൾ, സദാചാരത്തെയും പാപത്തെയും കുറിച്ചുള്ള ആശയങ്ങൾ, ശരിയും തെറ്റുമായ പെരുമാറ്റത്തെക്കുറിച്ചുള്ള ആശയങ്ങൾ- ഇവയെല്ലാം തന്നെ എന്നന്നേക്കുമായി തുടച്ചു മാറ്റപ്പെടുന്നതിനു മുമ്പ് ഒരു അവസാന തവണ (അല്ലെങ്കിൽ കുറച്ചു തവണ) മനസ്സിൽ അനുഭവിക്കേണ്ടിയിരിക്കുന്നു.

വിചിത്ര ചിന്തകൾ, ദേവീ ദേവന്മാരുമായി ബന്ധപ്പെട്ട ചിന്തകൾ ഉൾപ്പെടെ, എന്റെ മനസ്സിൽ മിന്നി മറയാറുണ്ട്. ചിന്തകളെ ഞാനൊരിക്കലും തടുത്തു നിർത്തിയില്ല. മൂക സാക്ഷിയായി വെറുതെ കണ്ടു നിന്നു. എന്റെ മനസ്സിൽ സഞ്ചയിക്കപ്പെട്ട പൊടിപടലങ്ങൾ ഒലിച്ച് പോകുന്നതു കണ്ടു കൊണ്ട്.

ആത്മസാക്ഷാത്കാരത്തിലേക്കുള്ള വഴിയിൽ ഈശ്വാനാനുഗ്രഹം പോലും മാനസികമായി ഇത്രമാത്രം ക്രൂരമായ ഒരു പ്രക്രിയയിൽ അവസാനിക്കുമെന്ന് എനിക്കൊരിക്കലും സങ്കൽപിക്കാൻ പോലും കഴിഞ്ഞിരുന്നില്ല.

എന്റെ ശരീരത്തിന്റെ ഓരോ അവയവത്തിലൂടെയും ഊർജം പ്രവഹിക്കുമായിരുന്നു.

എന്റെ തലയോട്, മൂക്ക്, നാസ്വാദ്വാരങ്ങൾ, കാത്, വായ, നാവ്, കവിളുകൾ, കണ്ണ്, തൊണ്ട, കൈകൾ, തോളുകൾ, കൈത്തലം, വിരലുകൾ, ഉദരം, തുട, കാലുകളുടെ ഉള്ളടി ഇവയിലൂടെയെല്ലാം ഊർജം പ്രവഹിക്കുന്നത് ഞാൻ അറിയുമായിരുന്നു.

ചിലപ്പോൾ ഊർജ പ്രവാഹം ഒരു കമ്പനം പോലെയായിരിക്കും. മറ്റു ചിലപ്പോൾ ചൊറിച്ചിലുണ്ടാക്കുന്നതായിരിക്കും ഇതിന്റെ പ്രകൃതം.

വർഷങ്ങളോളം എന്റെ ശരീരത്തിൽ ഈ കോലാഹലം തുടർന്നു! ഊർജ്ജത്തിന്റെ ഈ ചലനമാതൃക വിശദീകരിക്കുക പ്രയാസമാണ്. ചിലപ്പോൾ ഭൂമിയിലെ അറിയപ്പെടുന്ന യാതൊന്നുമായും സാദൃശ

പ്പെടുത്താനാവാത്ത വിധം വിചിത്രവും ഭൂതാത്മകവുമായിരുന്നു. ഈ പാറ്റേണുകളിൽ ഊർജം ശരീരത്തിന്റെ എല്ലാ അവയവങ്ങളിലൂടെയും ചലിക്കുന്നു. ഗുരുവുമായും കൂടാതെ വളരെ ചുരുക്കം സഹ പ്രയോക്താക്കളുമായും അല്ലാതെ വേറെ ആരുമായും ആ അനുഭവങ്ങൾ പങ്കുവെയ്ക്കാൻ ഒരിക്കലും എനിക്ക് കഴിഞ്ഞിരുന്നില്ല.

തീർത്തും യുക്തിരഹിതമായിരുന്നു ഈ അനുഭവങ്ങൾ. അല്ലെങ്കിലും ഇവ ശാസ്ത്രവുമായി പൊരുത്തമുള്ളതാണോ എന്നെന്നും ഞാനൊരിക്കലും ചിന്തിച്ചിരുന്നില്ല. വക വെച്ചതുമില്ല.

# സെറിബ്രോസ്പൈനൽ സിസ്റ്റത്തിലെ പ്രത്യേക പ്രതിപ്രവർത്തനങ്ങൾ

ശ്വാസം മനസ്സിന്റെയൊരു പ്രവർത്തനമാണ്. മനസ്സ് അശാന്തമോ അസ്വസ്ഥമോ ആയിരിക്കുന്ന അവസ്ഥയിൽ മാത്രമേ അസ്വാഭാവികമായ ശ്വാസോച്ഛ്വാസ പ്രക്രിയ സംഭവിക്കുന്നുള്ളൂ. ഈ പ്രതിഭാസം വായനക്കാരന് പരിചിതമായിരിക്കും. അസ്വസ്ഥമായിരിക്കുമ്പോൾ, അല്ലെങ്കിൽ ദേഷ്യപ്പെടുമ്പോൾ, ഒരു വ്യക്തിയുടെ ശ്വാസം അത്ര തന്നെ ശാന്തമായിരിക്കുകയില്ല. അത് ദ്രുതഗതിയിലാകും. അതുപോലെ, ഭയമോ, ടെൻഷനോ ഉണ്ടാകുമ്പോഴും ശ്വാസോച്ഛ്വാസം ശാന്തമാകുന്നില്ല. യോഗയിൽ, മനസ്സ് ശാന്തവും സ്വസ്ഥവും ആകുമ്പോൾ ഈ അസ്വാഭാവികമായ ശ്വാസോച്ഛ്വാസം പൂർണ്ണമായി നിലയ്ക്കുന്നു. സാങ്കേതികമായി ഇത് പൂർണ്ണമായും നിലയ്ക്കുന്നില്ല. കാരണം എല്ലാവരും യോഗാഭ്യാസത്തിന്റെ വളരെ മുന്നേറിയ അവസ്ഥയിൽ ആയിരിക്കുകയില്ലല്ലോ. എങ്കിലും, പുറമെ നിന്ന് നിരീക്ഷിക്കുന്ന ഒരാൾക്ക് ശ്വാസം നിലച്ചതായി കാണപ്പെടും. ഈയൊരു കാരണം കൊണ്ടാണ് വായുവിന്റെ ആവശ്യം ഇല്ലാതെ തന്നെ ഒരു യോഗിക്ക് ധ്യാനാവസ്ഥയിൽ നിലനിൽക്കാൻ സാധ്യമാകുന്നത്. ശ്വാസം നിശ്ചലാവസ്ഥയിൽ എത്തി നിൽക്കുമ്പോൾ, എല്ലാ ജൈവീകമായ പ്രക്രിയകളും ഏറെക്കുറെ പൂർണ്ണമായി നിലയ്ക്കുന്നു. പ്രായമാകൽ ഉൾപ്പെടെ. ഇതു കാരണം കൊണ്ടാണ് ഭക്ഷണവും വെള്ളവും ഇല്ലാതെ നീണ്ട കാലത്തോളം ധ്യാനാവസ്ഥയിൽ ജീവിക്കാനും അങ്ങനെ നിലനിൽക്കാനും ഒരു യോഗിക്ക് സാധ്യമാകുന്നത്. ഇതിന് ശാസ്ത്ര പൊരുത്തമുണ്ടോ എന്നൊന്നും എനിക്ക് അറിയില്ല. ഈ രണ്ടു കാര്യങ്ങളുമായി (ശ്വസനവും മനസ്സും) ബന്ധപ്പെട്ട് 'ക്രിയ' ആവിഷ്കൃതമാകുമ്പോഴെല്ലാം ശ്വാസോച്ഛ്വാസ രഹിതമായ ഒരു അവസ്ഥ ഞാൻ അനുഭവിക്കുമായിരുന്നു. അതിൽ കൂടുതലായി, ഈ

അവസ്ഥ നട്ടെല്ലിന്റെ ഒരു പ്രത്യേക മണ്ഡലവുമായി ബന്ധപ്പെട്ടിരുന്നു.

ഒരു സന്ദർഭത്തിൽ, 'തന്ത്ര' (Tandhra) അവസ്ഥയിൽ ഞാൻ കിടക്കയിൽ കിടക്കുകയായിരുന്നു. അപ്പോൾ നട്ടെല്ലിലൂടെ ഊർജ്ജം ചലിക്കുന്നപോലെ എനിക്കനുഭവപ്പെട്ടു. പെട്ടെന്ന് ഇത് കേന്ദ്രീകരിക്കപ്പെടുകയും നാഭി പ്രദേശത്ത് സങ്കോചിക്കുകയും ചെയ്തു (എന്റെ പുറകിലായി) എന്റെ നട്ടെല്ലിൽ ഒരു സൂക്ഷ്മമായ പോയിന്റിൽ ഇതു വളരെ കൂടുതലായി കേന്ദ്രീകരിക്കപ്പെടുന്നതായി എനിക്ക് തോന്നി. പെട്ടെന്ന് എന്റെ ശ്വാസകോശങ്ങൾ ശൂന്യമാകുകയും ഏതാനും മാത്രകൾ എന്റെ ശ്വാസം നിലയ്ക്കുകയും ചെയ്തു.

ഈ അനുഭവത്തെകുറിച്ച് പിന്നീട് ഞാനെന്റെ ഗുരുവിനോട് പറഞ്ഞു. വേഗം തന്നെ ഇതേ രീതിയിലുള്ള ഊർജ്ജചലനം എന്റെ ഹൃദയമണ്ഡലത്തിന് അടുത്ത (നട്ടെല്ലിൽ) ഉണ്ടാകുമെന്ന് അദ്ദേഹം പറഞ്ഞു. ഹൃദയമണ്ഡലത്തിൽ ശ്വാസത്തിന്റെ ഈ നിലയ്ക്കൽ സംഭവിക്കുമ്പോൾ, ആത്മീയമായ വീഴ്ച പിന്നീട് പ്രയോക്താവിന് അഭിമുഖീകരിക്കേണ്ടി വരില്ല എന്നദ്ദേഹം കൂട്ടിച്ചേർത്തു. യോഗയുടെ മാർഗ്ഗത്തിൽ ഉണ്ടായ പുരോഗതിയിൽ നിന്നും വീഴ്ച പറ്റുക അല്ലെങ്കിൽ വഴുതി വീഴേണ്ടി വരിക എന്നതാണ് ഒരു പ്രയോക്താവിനുണ്ടാകുന്ന ഏറ്റവും വലിയ ഭീതിയെന്ന് വായനക്കാരനെ ഞാനറിയിക്കുകയാണ്. എല്ലാ പ്രയോക്താക്കൾക്കും സംഭവിക്കുന്ന ഒന്നാണ് ഈ വീഴ്ച. എങ്കിലും ചില ബെഞ്ച് മാർക്കിൽ എത്തിക്കഴിഞ്ഞാൽ പ്രയോക്താവിന്റെ മനസ്സിൽ നിന്നും ഈ ഭീതി ഇല്ലാതാകുകയും മനസ്സ് ഉയർന്ന തലങ്ങളിലേക്ക് ഉയർത്തപ്പെടുകയും ചെയ്യും. കൂടാതെ പിന്നീടുള്ള ഏതെങ്കിലും ഘട്ടത്തിൽ ഇത്തരത്തിലുള്ള വീഴ്ചകളുണ്ടായാലും അവ അത്ര ഗൗരവമുള്ളതായിരിക്കുകയില്ല.

ഈ അനുഭവത്തിനു ശേഷം ഏതാനും ആഴ്ചകൾ കഴിഞ്ഞ് ഞാൻ 'തന്ത്ര' അവസ്ഥയിൽ കിടക്കയിൽ കിടക്കുമ്പോൾ മറ്റൊന്നു സംഭവിച്ചു. പെട്ടെന്ന് എന്റെ നട്ടെല്ലിനോട് ചേർന്നുള്ള നാഭി പ്രദേശത്തു നിന്ന് ഊർജം ഉണർന്നു പൊങ്ങുന്നതായി തോന്നി. ഊർജം ഉയർന്നു പൊങ്ങി നട്ടെല്ലിന് സമീപത്തുള്ള ഹൃദയമണ്ഡലത്തിലേക്ക് കടന്നു ചില വിചിത്രമായ ചലനങ്ങൾ ഉണ്ടാക്കാൻ തുടങ്ങി. ചലനം വളരെ ഉറച്ചതും ശക്തവുമായിരുന്നു. അജ്ഞാതമായ ഏതോ ശക്തിയാൽ എന്റെ പിൻഭാഗം ഞെരിക്കപ്പെടുന്നതു പോലെ. ഹൃദയ മണ്ഡല

ത്തിനടുത്തായി നട്ടെല്ലിൽ ബലം ഗാഢമായി കേന്ദ്രീകരിക്കുന്നതായും (കൃത്യസ്ഥാനത്ത്) സ്പന്ദിക്കുന്നതായും തോന്നി. നാഭിപ്രദേശത്തുണ്ടായ ഇത്തരമൊരു അനുഭവം ഞാനോർത്തു. എന്നാൽ ഇത്തവണ ഊർജത്തിലെ നില കൂടുതൽ ശക്തമായിരുന്നു.

ഞാനെന്റെ ഗുരുവിനെ മനസ്സിലോർത്ത് അദ്ദേഹത്തെ വന്ദിച്ചു. പെട്ടെന്ന് എന്റെ പിൻഭാഗം മുഴുവൻ തോളുകൾ ഉൾപ്പെടെയുള്ള ഭാഗത്ത് ഊർജ്ജം വ്യാപിക്കാൻ തുടങ്ങി. പിൻഭാഗത്ത് അനുഭവപ്പെട്ട ഈ ഊർജചലനം ഏതാനും നിമിഷങ്ങൾ കൂടി തുടർന്നു. മൊത്തത്തിൽ ഊർജ്ജം എന്നെ കിടക്കയിൽ അമർത്താൻ ശ്രമിക്കുന്നതുപോലെ, ഒരു ഗുസ്തിക്കാരൻ എന്നെ നിലത്തോട് ചേർത്ത് അമർത്തുന്നതുപോലെയാണെനിക്ക് അനുഭവപ്പെട്ടത്. അത്ര ശക്തിമത്തായിരുന്നു ഊർജ്ജം. എങ്കിലും ഇത്തവണ എന്റെ ശ്വാസം നിന്നുപോയില്ല. എന്റെ പിൻഭാഗത്ത് ഈ ഊർജ്ജപ്രവാവം ആരംഭിച്ചപ്പോൾ ഞാൻ 'തന്ത്ര' അവസ്ഥയിലായിരുന്നുവെന്ന് പറഞ്ഞുവല്ലോ. നാഭിപ്രദേശത്തു നിന്ന് (നട്ടെല്ലിനോട് ചേർന്ന്) ഊർജ്ജം കുതിച്ചു പൊങ്ങാൻ തുടങ്ങിയപ്പോൾ ഞാൻ മലർന്നു കിടക്കുകയായിരുന്നു. ഉടനെ ഊർജ്ജം തടസ്സമില്ലാതെ ചലിക്കുന്നതിനായി ഞാൻ തിരിഞ്ഞു കമഴ്ന്നു കിടന്നു. പിന്നീട് ഏതാനും നിമിഷങ്ങൾക്കു ശേഷം ക്രിയ നടന്നു കൊണ്ടിരുന്നപ്പോൾ തന്നെ ഞാൻ നീണ്ടതല്ലാത്ത ആഴമില്ലാത്തൊരു സ്വപ്നാവസ്ഥയിലേക്ക് കടന്നു. സ്വപ്നം അസ്വസ്ഥമാകുന്നതുവരെ ക്രിയയുടെ ഫലം തുടർന്നറിയാൻ എനിക്ക് കഴിഞ്ഞു.

പെട്ടെന്ന് 'ക്രിയ' നിന്നു, ഞാൻ സ്വപ്നാവസ്ഥയിൽ നിന്നും താന്ത്ര അവസ്ഥയിൽ നിന്നും കുലുക്കി ഉണർത്തപ്പെട്ടു. കുറച്ചു നേരം കൂടി കിടക്കയിൽ തന്നെ കിടന്ന ശേഷം ഗുരുവിന് ഫോൺ ചെയ്യാനായി ഞാനെഴുന്നേറ്റു. ഈ അനുഭവത്തെക്കുറിച്ച് ഞാനദ്ദേഹവുമായി സംസാരിച്ചു. ഇത്തരം പ്രതി പ്രവർത്തനങ്ങൾ എല്ലാം തന്നെ അടിസ്ഥാനപരമായി ഭൗതിക ശരീരവുമായി ബന്ധപ്പെട്ടതാണെന്നും താമസിയാതെ ഇതേ രീതിയിൽ ഊർജ്ജം മനസ്സിലും ബാഹ്യ സംഭവങ്ങളിലും ആവിഷ്കൃതമാകാൻ തുടങ്ങുമെന്നും അദ്ദേഹം പറഞ്ഞു. എങ്കിലും എനിക്കുണ്ടായ അനുഭവത്തിൽ അദ്ദേഹത്തിന് സന്തോഷമുണ്ടെന്നും ഇത് നല്ല ഫലങ്ങൾ കൊണ്ടു വരുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഏതാനും ആഴ്ചകൾക്കു ശേഷം കൂടുതൽ തീവ്രമായ മറ്റൊരു അനുഭവം എനിക്കുണ്ടായി. ഇത് ശ്വാസത്തെ സംബന്ധിച്ചതല്ലായിരുന്നു. ഞാൻ 'തന്ത്ര' അവസ്ഥയിൽ കിടക്കയിൽ കിടക്കുകയാണ്. സെറിബ്രോസ്പൈനൽ സിസ്റ്റത്തിന്റെ ആധാരത്തിൽ നിന്നും ഊർജ്ജം മേൽപോട്ട് പൊങ്ങാൻ തുടങ്ങി. ഊർജ്ജം അതിവേഗം ചലിച്ചു. വളരെ ശക്തിയേറിയതായിരുന്നു, ഒരു പോക്കറ്റിൽ കേന്ദ്രീകരിച്ചതുപോലെ. അത് എന്റെ സെറിബ്രൽ മണ്ഡലത്തിൽ പ്രവേശിച്ചപ്പോൾ എന്റെ മസ്തിഷ്ക്കത്തിനകത്ത് പൊട്ടിത്തെറിക്കുന്നതു പോലെ തോന്നി. കണ്ണുകൾ അടച്ചു കൊണ്ട് പല നിറമുള്ള വെളിച്ചത്തിന്റെ തുണ്ടുകൾ എനിക്ക് കാണാറായി. അതിനു ശേഷം എന്റെ മനസ്സ് വളരെ സൗമ്യവും ശാന്തവുമായ ഒരു അവസ്ഥയിലേക്ക് പ്രവേശിച്ചു.

ഞാൻ 'ഓം' എന്ന ശബ്ദം ഉച്ചരിക്കുമ്പോഴെല്ലാം ക്രിയ ഉടനെ ആരംഭിക്കും. ഊർജം സെറിബ്രോസ്പൈനൽ സിസ്റ്റത്തിലൂടെ നീങ്ങുകയും കേന്ദ്രീകരിച്ചുകൊണ്ട് നട്ടെല്ലിലെ ഏതെങ്കിലുമൊരു ചക്രത്തിൽ അല്ലെങ്കിൽ ഊർജകേന്ദ്രത്തിൽ ചുരുങ്ങുകയും ചെയ്യും. ഇതിനെ തുടർന്ന് നെറുകയിലേക്ക് ഊർജ പ്രവാഹം ഉണ്ടാക്കുകയും ചെയ്യും. സെറിബ്രോ സ്പൈനൽ സിസ്റ്റത്തിലൂടെയുള്ള ഊർജത്തിന്റെ ഈ ആരോഹണം ഏതെങ്കിലുമൊരു ചക്രത്തിൽ നിന്നാരംഭിക്കാം. എപ്പോഴും നട്ടെല്ലിന്റെ മൂലത്തിൽ നിന്നും ആരംഭിക്കണമെന്നില്ല. ഏതെങ്കിലുമൊരു ചക്രത്തിൽ ഊർജം സക്രിയമാക്കുകയും ഉയർന്ന് പൊങ്ങുകയും ചെയ്യാം.

പല പ്രാവശ്യവും ഊർജത്തിന്റെ കേന്ദ്രീകരണവും ഒരു ബിന്ദുവിലേക്കുള്ള ചുരുങ്ങലും എന്റെ പുരികങ്ങൾക്കിടയിൽ അല്ലെങ്കിൽ അജ്നാചക്രത്തിലും ഉണ്ടായിട്ടുണ്ട്. എനിക്കുണ്ടായ അനുഭവം കൃത്യമായി പറഞ്ഞു ഫലിപ്പിക്കാൻ എനിക്കു സാധിക്കുന്നില്ല. എങ്കിലും ഒരു ശ്രമം ഞാൻ നടത്താം. പുരികങ്ങൾക്കിടയിൽ എനിക്ക് ഉണർച്ചയുണ്ടാകും. ചിലപ്പോഴത് മുള്ളു കുത്തുന്നതു പോലെയായിരിക്കും. ചിലപ്പോൾ വിറയൽ പോലെയും. വിറയൽ പോലുള്ള ഈ ഉണർവ്വ് തലയ്ക്കും പിന്നിലും (തലയുടെ പിന്നിൽ പുരികങ്ങളുടെ അതേ ലെവലിൽ) അനുഭവപ്പെടാറുണ്ട്.

പല സന്ദർഭങ്ങളിലും നിദ്രാവസ്ഥയിൽ നിന്നു ജാഗ്രതാവസ്ഥയിലേക്ക് ഞാൻ കടക്കുമ്പോൾ ഗാഢനിദ്രയിൽ ഞാൻ മന്ത്രം ഉരു

വിട്ടു കൊണ്ടിരുന്നതായി എനിക്ക് മനസ്സിലാകും. ഞാനറിയാതെ എന്റെ ചുണ്ടുകൾ ചലിക്കുന്നതായും മന്ത്രം ഉരുവിട്ടുകൊണ്ട് ഉണരുന്നതായും ഞാൻ സ്വയം നിരീക്ഷിച്ചിട്ടുണ്ട്. ഇത് പലതവണ ഉണ്ടായിട്ടുണ്ട്.

ധ്യാനത്തിലായിരിക്കുമ്പോൾ കത്തുന്ന മെഴുകുതിരിയും റാന്തൽ വിളക്കും, പൂർണ്ണചന്ദ്രൻ, നക്ഷത്രങ്ങൾ, സൂര്യൻ, ഏതാനും തവണ ഇടിമിന്നൽ എന്നിവയും എനിക്ക് ദൃശ്യമായിട്ടുണ്ട്. ഞാൻ 'താന്ത്ര' അവസ്ഥയിലായിരിക്കുമ്പോഴും പലപ്പോഴും ഇത്തരം ദൃശ്യങ്ങൾ ഉണ്ടായിട്ടുണ്ട്. സാധാരണയായി ഏതാനും സെക്കണ്ടുകൾ മാത്രമാണ് ഇവ നിലനിൽക്കാറുള്ളത്. പൂർണ്ണചന്ദ്രന്റെയും കത്തുന്ന റാന്തൽ വിളക്കിന്റെയും കാഴ്ച കൂടെകൂടെ ഉണ്ടാകാറുണ്ട്. ഇത്തരം ദൃശ്യങ്ങൾ 'വിശോക' വെളിച്ചങ്ങളാണെന്നാണ് ഗുരു പറഞ്ഞു.

'ശോകത്തെ ഇല്ലാതാക്കുന്നത്' എന്നാണ് സംസ്കൃതത്തിൽ ഈ വാക്കിന്റെ അർത്ഥം. അതിനാൽ ഇത്തരം വെളിച്ചങ്ങൾ മനസ്സിന്റെ പ്രതലത്തിൽ ഉണ്ടാകുമ്പോൾ യോഗാഭ്യാസത്തിൽ നല്ല പുരോഗതി ഉണ്ടാവുന്നു എന്നു സൂചിപ്പിക്കുന്നു.

ചിലപ്പോൾ ധ്യാനിച്ചു കൊണ്ടിരിക്കുമ്പോൾ പരിചിതമല്ലാത്ത വിചിത്രമായ വെളിച്ചങ്ങൾ മനസ്സിൽ അങ്ങോട്ടുമിങ്ങോട്ടും മിന്നുന്നതായി ഞാൻ നിരീക്ഷിച്ചിട്ടുണ്ട്.

എന്റെ ശരീരത്തിൽ 'ക്രിയ' ആവിഷ്കൃതമാകാൻ തുടങ്ങിയ ശേഷമുള്ള ആദ്യ മാസങ്ങളിൽ ധ്യാനത്തിലിരിക്കുമ്പോൾ എന്റെ മനസ്സിന്റെ പ്രതലത്തിൽ ശക്തമായ പ്രഭാപൂരം ഞാൻ കണ്ടിട്ടുണ്ട്. ചിലപ്പോഴത് സൂര്യനെപ്പോലെ തീഷ്ണമായിരിക്കും. കൂടുതൽ സമയം നിലനിൽക്കുകയും ചെയ്യും. മുമ്പെ പ്രസ്താവിച്ച വിശോക പ്രകാശങ്ങളെ പോലെ ഏതാനും സെക്കണ്ടുകൾ മാത്രമല്ല.

ഹിന്ദു ദേവീദേവന്മാർ, സന്യാസിവര്യർ, ശ്രീ ബുദ്ധൻ, ക്രിസ്ത്യൻ കുരിശ്, വ്യത്യസ്ത മതങ്ങളിലോ വിശ്വാസങ്ങളിലോ ഉൾപ്പെടുന്ന ഒട്ടനേകം പുണ്യാത്മാക്കൾ എന്നിവയൊക്കെ ധ്യാന സമയങ്ങളിലും 'താന്ത്ര' അവസ്ഥയിലും ഞാൻ കാണാറുണ്ട്.

പല സന്ദർഭങ്ങളിലും ധ്യാനവേളകളിൽ ഞാനനുഭവിക്കുന്ന സ്വർഗ്ഗീയാനുഭൂതിയാൽ എന്റെ കണ്ണുകൾ തുറക്കാൻ എനിക്ക് കഴിയാതെ വന്നിട്ടുണ്ട്. കണ്ണുകൾ തുറക്കാൻ എന്റെ മനസ്സ് അനുവദി

ക്കുകയില്ല. വളരെയേറെ നേരം ചമ്രം പടിഞ്ഞിരിക്കുന്നതിനാൽ പല പ്പോഴും കാലിലുണ്ടാകുന്ന വേദനയായിരിക്കും കണ്ണു തുറന്ന് ധ്യാന മവസാനിപ്പിക്കാൻ എന്നെ നിർബന്ധിതനാക്കുക.

എന്റെ മനസ്സിൽ “അനാഹത” ശബ്ദം ഞാൻ ആദ്യമായി കേട്ടു തുടങ്ങുമ്പോൾ എനിക്ക് ഏകദേശം ഇരുപത്തി മൂന്ന് വയസ്സായി രുന്നു. “അനാഹത” എന്നാലെന്താണെന്ന് ഞാൻ ആദ്യം വിശദമാ ക്കട്ടെ. ശരീരത്തിനകത്തോ ബാഹ്യമായോ ഒന്നും തന്നെ യാതൊരു ശബ്ദവും ഉണ്ടാക്കാത്ത അവസ്ഥയിൽ മനസ്സിനുള്ളിൽ കേൾക്കുന്ന ശബ്ദമാണത്. ഒരു പ്രയോക്താവിന് അവനവന്റെ ആത്മാവിൽ മാത്ര മാണ് ഈ ശബ്ദം കേൾക്കാനാകുക. പുറമെ ആർക്കും തന്നെ കേൾക്കാനാവില്ല. “അനാഹത” ചക്രവുമായി – ഹൃദയ മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന ഊർജ കേന്ദ്രം – ഇതിനുള്ള ബന്ധം കാരണ മാണ് ഈ ശബ്ദം “അനാഹത” എന്നു വിളിക്കപ്പെടുന്നത്.

ഒരു ഗുരുവിനാൽ കുണ്ഡലിനി ഊർജം സക്രിയമാക്കപ്പെട്ടു കഴി ഞ്ഞാൽ ഈ ശക്തി നട്ടെല്ലിലൂടെ വ്യത്യസ്ത ഊർജകേന്ദ്രങ്ങളെ തുളച്ചുകൊണ്ട് മുകളിലേക്ക് പൊങ്ങി തുടങ്ങും. ഇത് ഹൃദയ മണ്ഡല ത്തിലെത്തുമ്പോൾ “അനാഹത” ശബ്ദം കേൾക്കാം. ആന്തരിക മായോ ബാഹ്യമായോ യാതൊരു വസ്തുവും കൊണ്ടല്ല ഈ ശബ്ദം പുറപ്പെടുന്നതെന്നതിനാൽ കുണ്ഡലിനി ഊർജം തന്നെയാണ് ഈ ശ്ബദമെന്ന് ന്യായമായും നമുക്ക് ഊഹിക്കാം. അഥവാ, ആദിമ രൂപ ത്തിൽ ശബ്ദമാണ് കുണ്ഡലിനി ഊർജത്തിന്റെ സ്വഭാവമെന്ന് പറയാം. സ്ട്രിങ്ങ് തിയറി പ്രസ്താവിക്കുന്നതു പോലെ ഇത് ആധു നിക ശാസ്ത്രമായും പൊരുത്തപ്പെടുന്നു. തിയററ്റിക്കൽ ഭൗതിക ശാസ്ത്രത്തിൽ എനിക്കറിയാവുന്ന അല്പജ്ഞാനപ്രകാരം എല്ലാ പദാർത്ഥവും സ്ട്രിങ്ങുകളായാണ് നിലകൊള്ളുന്നത്. സംഗീതം അല്ലെങ്കിൽ ശബ്ദം എന്നർത്ഥത്തിൽ സ്ട്രിങ്ങിന്റെ ഓരോ വലയവും ഒരു ശബ്ദ ശരീരത്തിന്റെ ഫ്രീക്വൻസിയുമായി ബന്ധപ്പെട്ടതാണ്. ഇതായിരിക്കും സംസ്കൃതം അക്ഷരമാലയിലെ ഓരോ അക്ഷരവു മായി ബന്ധപ്പെട്ട ശബ്ദശരീരം; മനുഷ്യ ശരീരത്തിന്റെ സെറിബ്രോ സ്പൈനൽ സിസ്റ്റത്തിലെ ഓരോ ചക്രത്തിലും സ്ഥിതി ചെയ്യുന്നത്. ഒരു പക്ഷെ ഈ കാരണം കൊണ്ടാവാം ഈ പ്രപഞ്ചം സൃഷ്ടിക്ക പ്പെട്ടിട്ടുള്ള പരമമായ ആദിപരാശക്തിയായി ‘ഓം’ എന്ന ഏകസ്വരാ ക്ഷരത്തെ പരിഗണിക്കുന്നത്.

സർപ്പത്തിന്റെ ചീറ്റൽ പോലുള്ള സ്വരം ഞാൻ തുടർച്ചയായി എന്റെ ചെവിയിൽ കേൾക്കാറുണ്ട്.

ഇരുപത് വർഷം ഈ ശബ്ദം തുടർന്നു, ഇപ്പോൾ ഞാനീ പുസ്തകം എഴുതുമ്പോഴും ഇത് തുടരുന്നു.

ഏഴോ എട്ടോ വർഷത്തിനു ശേഷം ശബ്ദം കൂടുതൽ തീവ്രവും മുഴങ്ങുന്നതുമായി. ഉറക്കമല്ലാത്ത സമയത്തൊക്കെ നിരന്തരമായി ഞാനീ ശബ്ദം കേൾക്കാറുണ്ട്. ചിലപ്പോഴിത് അസ്വാരസ്യം ഉണ്ടാക്കുമെങ്കിലും മറ്റു തരത്തിൽ ഇതുകൊണ്ട് എനിക്ക് പ്രശ്നമൊന്നും ഉണ്ടായിട്ടില്ല.

പിന്നീടുള്ള വർഷങ്ങളിൽ തേനീച്ച മുരളുന്ന ശബ്ദത്തോട് സാമ്യമുള്ള ശബ്ദം ഞാൻ കേട്ടു തുടങ്ങി. ചിലപ്പോൾ മണിയടിക്കുന്നതും മറ്റു ചിലപ്പോൾ ഫ്ളൂട്ടിന്റെ മധുരശബ്ദവും. ചിലപ്പോൾ ചെറിയ കാലയളവിൽ മഴയുടെ ശബ്ദം ഞാൻ കേൾക്കാറുണ്ട്. പെട്ടെന്ന് തന്നെ പുറത്തിറങ്ങി നോക്കിയാൽ കാലാവസ്ഥ സാധാരണപോലെയായിരിക്കും.

ചിലപ്പോൾ ഡോർബെൽ അടിക്കുന്ന ശബ്ദം കേട്ട് ഉറക്കമുണർന്ന് വാതിൽ തുറന്നു നോക്കുമ്പോൾ പുറത്തു ആരുമില്ലെന്ന് ഞാൻ മനസ്സിലാക്കും. അല്ലെങ്കിൽ മൊബൈൽ ഫോണടിക്കുന്ന ശബ്ദം കേട്ട് പെട്ടെന്ന് ഉറക്കത്തിൽ നിന്ന് ഉണർന്ന് ഫോൺ അറ്റന്റ് ചെയ്യുമ്പോൾ മനസ്സിലാകും ആരും വിളിച്ചിട്ടില്ലെന്ന്.

ഉറക്ക സമയത്ത് ഇത്തരത്തിലുള്ള അലട്ടൽ അനേക തവണ ഉണ്ടായിട്ടുണ്ട്.

ചിലപ്പോൾ വിചിത്രമായ സുഗന്ധം അല്ലെങ്കിൽ വായിൽ വളരെ നേരിയ മധുരം അനുഭവപ്പെടാറുണ്ട്.

ഇതേ സമയം തന്നെ 'അനാഹത' ശബ്ദം കേൾക്കാൻ തുടങ്ങിയപ്പോൾ (ഇരുപത്തി മൂന്ന് വയസ്സിൽ) നട്ടെല്ലിൽ സ്പന്ദനവും എനിക്കനുഭവപ്പെട്ടു തുടങ്ങി. പിന്നീടുള്ള വർഷങ്ങളിൽ ഈ സ്പന്ദനങ്ങൾ കൂടുതൽ തീവ്രമായി. "അനാഹത" ഇരുപതു കൊല്ലത്തോളമായി ഞാൻ നട്ടെല്ലിലെ ഈ സ്പന്ദനവും അനുഭവിക്കുന്നുണ്ട്. എങ്കിലും എന്റെ ശരീരത്തിനകത്ത് നടക്കുന്ന ഈ ബഹളങ്ങൾ ഒരിക്കലും എന്റെ ആരോഗ്യത്തെ ബാധിച്ചിട്ടില്ല.

2007ലാണല്ലോ ഞാൻ സിദ്ധ മഹാ യോഗയിലേക്ക് ഉപനയിക്കപ്പെട്ടതെന്നും, എന്നാൽ ഇരുപത്തിമൂന്ന് വയസ്സിൽ തന്നെ ഞാൻ "അനാഹത" ശബ്ദം കേൾക്കാനും നട്ടെല്ലിലെ സ്പന്ദനം അനുഭവിക്കാനും തുടങ്ങിയല്ലോ എന്നും വായനക്കാർ ചൂണ്ടിക്കാട്ടിയേക്കാം. എന്റെ ഏതെങ്കിലുമൊരു പൂർവ്വജന്മത്തിൽ ഞാനീ യോഗമുറയിലേക്ക് ഉപനയിക്കപ്പെട്ടിരിക്കാൻ സാധ്യതയുണ്ട്. എങ്കിലും ഇതിനെക്കുറിച്ച് കൂടുതൽ എന്തെങ്കിലും പറയാൻ ഞാൻ അശക്തനാണ്. വിനീതമായി ഞാനിത് എന്റെ ഗുരുവിന് വിടുന്നു.

ഞാൻ മുമ്പ് പ്രസ്താവിച്ച പോലെ എന്റെ മുപ്പത്, മുപ്പത്തിയൊന്ന് വയസ്സിൽ പൂർവ്വജന്മത്തിലെ ദൃശ്യങ്ങൾ എന്റെ മനസ്സിൽ നിറഞ്ഞു തുടങ്ങി. എങ്കിലും ഈ ദൃശ്യങ്ങൾക്കൊന്നും ഒരിക്കലും എന്റെ കഴിഞ്ഞ ജീവിതങ്ങളെ കുറിച്ചുള്ള യാതൊരു വിവരവും എനിക്ക് നൽകാൻ കഴിഞ്ഞിട്ടില്ല. അതിനാൽ എന്റെ പൂർവ്വ ജന്മങ്ങളെ ഓർമ്മിച്ചെടുക്കാൻ എനിക്ക് കഴിയുന്നില്ല.

# ഊർജത്തിനും പ്രയോക്താവിനും ഇടയ്ക്കുള്ള പൊതുപ്രതലം

യോഗ ഗ്രന്ഥങ്ങൾ പ്രകാരം മനുഷ്യ മനസ്സിൽ ഒൻപതു തരം വികാരങ്ങൾ കൂടിയിരിക്കുന്നു. ഭയം, കോപം, ആർത്തി, അഹങ്കാരം, ഭോഗേച്ഛ തുടങ്ങിയവ.

എല്ലാം അറിയുന്ന ആദിപരാശക്തി വ്യത്യസ്തങ്ങളായ ക്രിയകളായി ആവിഷ്കൃതമായി ഒരു പ്രയോക്താവിന്റെ മനസ്സിൽ നിന്നും ഒൻപതു തരം വികാരങ്ങളുമായി ബന്ധപ്പെട്ട ലൗകീക മുദ്രകൾ എന്നന്നേക്കുമായി നീക്കം ചെയ്യുന്നു. ലൗകീകമായോ, മാനസികമായോ ആയ ഒരു സാഹചര്യത്തിലും ഇവ വീണ്ടും മുളച്ചു പൊന്തരുതെന്ന ഉദ്ദേശ്യത്താൽ ഈ വികാരങ്ങളുടെ ബീജങ്ങൾ തന്നെ മനസ്സിനകത്തു നിന്ന് കരിച്ചു കളയുന്നു. ഇതിന്റെ ഫലമായി പ്രയോക്താവ് എല്ലാവിധ ചിന്തകളിൽ നിന്നും വികാരങ്ങളിൽ നിന്നും എന്നന്നേക്കുമായി സ്വതന്ത്രനാക്കുന്നു. ഈ ചിന്തകളുടെ വെറുതെയുള്ള അടിച്ചമർത്തൽ അല്ലെങ്കിൽ നിയന്ത്രണം ഒരു വ്യക്തിയ്ക്ക് ഗുണം ചെയ്യില്ലെന്ന് ഇപ്പോൾ വായനക്കാരന് മനസ്സിലായിരിക്കും. ഇവ എന്നന്നേക്കുമായി നീക്കം ചെയ്യപ്പെടണം, ദൈവീകശക്തി ഒന്നു കൊണ്ടു മാത്രമേ ഇത് സാധ്യമാകൂ.

മനസ്സിൽ രേഖിതമായ ആയിരക്കണക്കിന് ഉപബോധ ലൗകീക മുദ്രകളെ കാണുമ്പോൾ പ്രയോക്താവ് സത്യത്തിൽ അതിശയിച്ചു പോകും. സ്വമേധയാലുള്ള മാനസിക ശ്രമങ്ങൾ ഒന്നും കൂടാതെ മനസ്സിന്റെ പ്രതലത്തിൽ പൊന്തി വരുന്നതും, മിന്നി മറയുന്നതും, സങ്കല്പിക്കാനോ ചിന്തിക്കാനോ കഴിയാത്ത അനേകം ചിന്തകൾ പ്രയോക്താവ് കാണും.

ആദിപരാശക്തി മനസ്സിന്റെ ആഴങ്ങളിലേക്ക് കടന്നു ചെന്ന് കാലാ

കാലങ്ങളായി രേഖപ്പെടുത്തപ്പെട്ട എല്ലാ ലൗകീക മുദ്രകളെയും മനസ്സിൽ നിന്നും സമഗ്രമായി നീക്കം ചെയ്യും.

ലൗകീക മുദ്രകൾ നീക്കം ചെയ്യുന്നതോടു കൂടി മനസ്സ് സാവധാനത്തിൽ പ്രശാന്തമായ, അസ്വസ്ഥതകൾ ഒന്നുമില്ലാത്ത ഒരവസ്ഥയിലേക്ക് എത്തിച്ചേരും. ഇതിന്റെ ഫലമായി മനസ്സിന്റെ പ്രശാന്തതയിൽ പ്രതിഫലിച്ചു കൊണ്ട് എല്ലാ മനുഷ്യ ഹൃദയങ്ങളിലും കുടികൊള്ളുന്ന ചൈതന്യത്തിന് അല്ലെങ്കിൽ പരമമായ അന്തർബോധത്തിന് സ്വന്തം പ്രകൃതത്തിന്റെ ഒരു മിന്നൽക്കാഴ്ച ലഭിക്കുന്നു.

അത്യധികം തീവ്രമായ സൂര്യവെളിച്ചത്തിന്റെ രൂപത്തിലാണ് ഇതെന്റെ മനസ്സിൽ പ്രകടമാക്കാറുള്ളത്. ചിലപ്പോൾ ഈ സൂര്യൻ നേർത്ത പുകമറ കൊണ്ട് മൂടിയതുപോലെ അൽപം നിറം മങ്ങിയും കാണപ്പെടും.

എങ്കിലും ഈ ഉജ്വലപ്രകാശം കാണപ്പെടുന്നു എന്നുള്ളതല്ല പ്രധാനം, പ്രയോക്താവിന്റെ മനസ്സിൽ ഇത് സൃഷ്ടിക്കുന്ന ശക്തമായ സ്വാധീനമാണ്. മാത്രമല്ല, ഈ അവസ്ഥ മനസ്സിൽ എത്ര സമയം നീണ്ടു നിൽക്കുമെന്നുള്ളതും പ്രധാനം തന്നെ. സാധാരണയായി നല്ലൊരു ധ്യാനത്തിനു ശേഷം അതിന്റെ സ്വാധീനം രണ്ടോ മൂന്നോ ദിവസം തുടർന്നു നിൽക്കും, എന്നാൽ അത്ര കൃത്യമായി പറയുകയും അസാദ്ധ്യമാണ്.

ഞാൻ മുമ്പ് സൂചിപ്പിച്ചതുപോലെ, ഒരൊറ്റ രാത്രി കൊണ്ട് ലൗകീക മുദ്രകൾ പൂർണ്ണമായും തുടച്ചുമാറ്റപ്പെടുന്നില്ല. നീണ്ടകാലം കൊണ്ട് ക്രമേണ സംഭവിക്കുന്ന ഒരു പ്രക്രിയയാണിത്.

ലൗകീക മുദ്രകൾ (ഒൻപതു തരം വികാരങ്ങളുമായി ബന്ധപ്പെട്ടവ) മനസ്സിൽ നിന്നും തുടച്ചു മാറ്റപ്പെടുന്നതെങ്ങനെയെന്ന് കാണിക്കുന്നതിനായി ഞാൻ ചില സംഭവങ്ങൾ വിവരിക്കാം. ലൗകീക മുദ്രകൾ തുടച്ചു മാറ്റുന്നതിനായി പരാശക്തി ഒരു സംഭവം (ഒരു പ്രത്യേക വികാരവുമായി ബന്ധപ്പെട്ടത്) വളരെ ലഘുരൂപത്തിൽ പ്രയോക്താവിന് അനുഭവിക്കാൻ ഇടവരുത്തുന്നു. ചിലപ്പോൾ ഒരനുഭവം തന്നെ പല തവണ ആവർത്തിക്കപ്പെടും, അല്ലെങ്കിൽ കൂടുതൽ സമയം നില നിൽക്കും, അപ്രകാരം വികാരങ്ങളുടെ കട്ടിയായ ഈ അടുക്ക് കുറെശ്ശെയായി ചെത്തിമാറ്റിക്കൊണ്ടിരിക്കും. (ഇവ സംഭവിക്കുക വർദ്ധിച്ച വേഗത്തിലായിരിക്കും) ഒരു യോഗാഭ്യാസി ഓർത്തിരി

ക്കേണ്ട ഒരു സംഗതിയുണ്ട്, ഒരു സാധാരണ മനുഷ്യനുമായി താര തമ്യപ്പെടുത്തുമ്പോൾ ഒരു യോഗാഭ്യാസിയുടെ വിധി ദ്രുതഗതിയി ലായിരിക്കും വിവൃതമാക്കുക. ഞാനിതിനെ കുറിച്ച് കഴിഞ്ഞ് ഒരു അദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ട്. ഈ പ്രക്രിയ അനാവൃതമാകുന്ന തിനോടൊപ്പം ബന്ധപ്പെട്ട വ്യക്തിയുടെ മനസ്സിന്റെ സമതുലനാവസ്ഥ പൂർണ്ണമായും സംരക്ഷിക്കപ്പെടുന്നുണ്ടെന്നും എല്ലാമറിയുന്ന പരമാ ത്മാവ് ഉറപ്പാക്കുന്നുമുണ്ട്.

ഞാൻ ജമ്മു കാശ്മീരിലെ ശ്രീനഗർ നഗരത്തിൽ താമസിച്ചുകൊ ണ്ടിരുന്നപ്പോഴാണ് 'ക്രിയ' ആദ്യമായി എന്നിൽ പ്രകടമായത്. അതിന്റെ ഫലമായി ഉപബോധകമായി അഭിമാനം കൊണ്ട് ഞാൻ നിറഞ്ഞു കവിഞ്ഞു തുടങ്ങി. മഹാനായൊരു ധ്യാനഗുരുവിനെ പോലെ ഞാൻ പെരുമാറി. അല്ലെങ്കിലൊരുപക്ഷെ എന്റെ കഴിഞ്ഞ ജന്മങ്ങളിൽ ഇത്തരം മുദ്രകൾ എന്റെ മനസ്സിൽ സഞ്ചയിക്കപ്പെട്ടിരു ന്നിരിക്കാം.

ശ്രീ നഗറിനു നടുവിലായി ഒരു മലമുകളിൽ ഒരു ഗുഹയുണ്ടെന്നും ശങ്കരാചാര്യൻ എന്ന പേരിൽ പ്രശസ്തനായ ഒരു ഇന്ത്യൻ സന്യാസി ആയിരത്തിലേറെ വർഷങ്ങൾക്ക് മുമ്പ് അതിൽ ജീവിക്കുകയും ധ്യാനി ക്കുകയും ചെയ്തിരുന്നുവെന്ന് ആരോ എന്നോട് പറഞ്ഞു.

എന്റെ താൽപര്യം ഉണർന്നു. ആ ഗുഹയിൽ ഉണ്ടായേക്കാനിട യുള്ള ശക്തിയേറിയ സ്പന്ദനവും അവിടത്തെ പ്രശാന്ത സുന്ദര മായ അന്തരീക്ഷവും ഗുണകരമാകുമെന്ന പ്രതീക്ഷയിൽ ഗുഹ സന്ദർശിക്കാനും അവിടെയിരുന്ന ധ്യാനിക്കാനും തീരുമാനിച്ചു.

മലമുകളിലേക്ക് എന്റെ കാറിലാണ് ഞാൻ പോയത്. അവിടെ നിന്ന് ഗുഹയിലേക്കുള്ള കുത്തനെയുള്ള പടികൾ കയറി. ഗുഹ ചെറുതായിരുന്നു. ആറോ എട്ടോ ആളുകളെ കൊള്ളാവുന്നത്ര വലി പ്പമേ ഉണ്ടായിരുന്നുള്ളൂ.

ഞാൻ ഗുഹയുടെ ഒരു മൂലയിലേക്ക് ചെന്ന് ധ്യാനിക്കാനായി ചമ്രം പടിഞ്ഞിരുന്നു. ഈ ഗുഹ ശ്രീനഗറിലെ പ്രശസ്തമായൊരു ടൂറിസ്റ്റ് സ്ഥലമായിരുന്നതിനാൽ നിറയെ ടൂറിസ്റ്റുകൾ ഗുഹയ്ക്കക ത്തേക്ക് വന്നും പോയും ഇരുന്നു. ഗുഹയ്ക്കുള്ളിലെ ശക്തമായ സ്പന്ദനം എനിക്കനുഭവിക്കാനായി, എന്നാൽ ആദ്യമൊക്കെ എന്റെ മനസ്സ് അസ്വസ്ഥമായിരുന്നു. പെട്ടന്നത് സംഭവിച്ചു.

ഏറെക്കുറെ രണ്ടു മണിക്കൂർ നീണ്ടു നിന്ന തീവ്രമായ ധ്യാനാവസ്ഥയിലേക്ക് ഞാൻ പ്രവേശിച്ചു. എന്റെ കാൽവിരലുകൾ നിലത്തമർന്നു കൊണ്ട് ഗുഹയുടെ നഗ്നമായ കൽത്തറയിൽ ഞാനിരുന്നു.

എന്റെ ശരീരം തീർത്തും അനക്കമറ്റിരുന്നു. കല്ലുപോലുള്ള ഇരിപ്പ്. പതുക്കെ ഞാൻ കാര്യമായ ധ്യാനാവസ്ഥയിലേക്ക് വഴുതി വീണു കൊണ്ടിരുന്നപ്പോൾ ടൂറിസ്റ്റുകളുടെ ശബ്ദകോലാഹലം കുറഞ്ഞു തുടങ്ങി. ഈ അവസ്ഥയിൽ പോലും എനിക്ക് ടൂറിസ്റ്റുകളുടെ ശബ്ദം കേൾക്കാമായിരുന്നു, കൂടാതെ ചിലരൊക്കെ വളരെ നല്ല രീതിയിൽ എന്റെ ധ്യാനത്തെക്കുറിച്ചു അഭിപ്രായം പറയുന്നതും എനിക്ക് കേൾക്കാറായി.

പെട്ടെന്ന് എന്റെ ഉപബോധമനസ്സിന്റെ ആഴങ്ങളിൽ നിന്നും അഭിമാനമെന്ന വികാരം മുകളിലേക്ക് പൊങ്ങി വന്നു.

ഞാൻ വലിയൊരു സന്യാസിയാണെന്ന തോന്നൽ എന്നിലുണർന്നു. എന്റെ മനസ്സിനുള്ളിൽ സംഭവിച്ചുകൊണ്ടിരുന്ന പ്രതികരണത്തിൽ നിന്നും ഞാൻ സ്വയം വീണ്ടെടുക്കുന്നതിന് മുമ്പ് അഭിമാന വിജൃംഭിനായി, തല പെരുത്തവനായി കുറേയേറെ സമയം ഞാനവിടെയിരുന്നു. തീർച്ചയായും കുറെ കഴിഞ്ഞപ്പോൾ സാധാരണ ധ്യാനാവസ്ഥയിലെത്താൻ എനിക്ക് കഴിഞ്ഞു.

ഇപ്രകാരമായിരുന്നു അഭിമാനമെന്ന വികാരവുമായി ബന്ധപ്പെട്ട എല്ലാ ലൗകീക മുദ്രകളും മനസ്സിൽ നിന്നും തുടച്ചു മാറ്റുന്ന പ്രക്രിയ വിവൃതമായത്. ഗുഹയിലേക്കുപോയി അവിടെയിരുന്നു ധ്യാനിക്കണമെന്ന് എന്നെ പ്രചോദിപ്പിച്ചു കൊണ്ട് പരമോർജ്ജം തന്നെ ഇതിനാവശ്യമായ അന്തരീക്ഷം ഉറപ്പാക്കുകയായിരുന്നു.

ഇവിടെ വായനക്കാർ മനസ്സിലാക്കേണ്ട ഒരു കാര്യമുണ്ട്. ഞാനെന്ന ഭാവത്തെ നേരിട്ട് എടുത്തു മാറ്റിക്കൊണ്ടോ അല്ലെങ്കിൽ പ്രയോക്താവിനെ വളരെ ലളിതമായ രൂപത്തിൽ ആ അനുഭവത്തിലൂടെ കടന്നു പോകാൻ അനുഭവിച്ചു കൊണ്ടോ ആയിരിക്കും മനസ്സിൽ നിന്നും ലൗകീക മുദ്രകൾ തുടച്ചു കളയുക. ആദി പരാശക്തിയുടെ പ്രവർത്തനം വളരെ സൂക്ഷ്മമാണ്. അതിനാൽ തന്നെ മനുഷ്യ മനസ്സിന് ഗ്രഹിക്കുക പ്രയാസവും.

2011 ആഗസ്ത് 29-ാം തീയ്യതി ശ്രീനഗറിൽ നിന്നും പ്രശസ്തമായ വൈഷ്ണോദേവീ ക്ഷേത്രദർശനത്തിനായി ഞാൻ കാറിൽ

യാത്ര ചെയ്യുകയായിരുന്നു. വഴിയിൽ അടുത്തുള്ള ഉദംപൂർ പട്ടണത്തിൽ രാത്രി തങ്ങാനിടയായി. പിറ്റേന്ന് എന്നോടൊപ്പം ക്ഷേത്ര സന്ദർശനത്തിന് കൂടെ വരാമെന്നേറ്റ ഒരു സ്നേഹിതനൊപ്പമാണ് ഞാനവിടെ താമസിച്ചത്.

അടുത്ത ദിവസം രാവിലെ ഹിമാലയ പർവ്വതനിരയിലെ 'ത്രികുട' പർവ്വതത്തിന്റെ അടിവാരത്തിൽ സ്ഥിതി ചെയ്തിരുന്ന കത്റ എന്ന പട്ടണത്തിലേക്ക് ഞങ്ങൾ പുറപ്പെട്ടു. ഈ പർവ്വത ശിഖിരത്തിന് താഴെയായി ഒരു ഗുഹയിലാണ് വൈഷ്ണോദേവി ക്ഷേത്രം സ്ഥിതി ചെയ്യുന്നത്. ഇന്ത്യയിലെ വളരെ പ്രശസ്തമായ പുണ്യസ്ഥാനങ്ങളിൽ ഒന്നാണിത്. പ്രത്യേകിച്ച് ശക്തിയാരാധകരെ സംബന്ധിച്ചിടത്തോളം.

ഞങ്ങളൊരു ജീപ്പിലാണ് പോയത്. രാവിലെ ഒൻപത് - പത്ത് മണിയോടു കൂടി 'കത്റ' പട്ടണത്തിലെത്തി. കുത്തനെയുള്ള മലകയറ്റം കുതിരപ്പുറത്ത് മതിയെന്നായിരുന്നു എന്റെ തീരുമാനം. എന്നാൽ മതപരമായ കാരണങ്ങളാൽ നടന്നു തന്നെ കയറണമെന്ന് സ്നേഹിതൻ നിർബന്ധിച്ചു. ഞാൻ വഴങ്ങിയില്ല. നടന്നു കയറാനുള്ള മാനസികാവസ്ഥ എനിക്കുണ്ടായിരുന്നില്ല.

'കത്റ' പട്ടണത്തിൽ എത്തിയപ്പോൾ ഞാനെന്റെ പ്ലാൻ മാറ്റി. ഹെലികോപ്റ്ററിൽ ക്ഷേത്രത്തിലേക്ക് പോകാമെന്നായി എന്റെ തീരുമാനം. അങ്ങനെ, ഞങ്ങൾ രണ്ടു പേരും ടിക്കറ്റ് വാങ്ങാനായി ഹെലിപാഡിലേക്കു പോയി. ടിക്കറ്റ് ആവശ്യപ്പെട്ടുകൊണ്ട് ഞങ്ങൾ ഒരു വ്യക്തിയെ സമീപിച്ചു. അദ്ദേഹം ആകാശത്തേക്ക് വിരൽ ചൂണ്ടി. മലമുകൾ മേഘങ്ങൾ കൊണ്ട് മൂടപ്പെട്ടതിനാൽ താത്ക്കാലികമായി ഹെലികോപ്റ്റർ സർവ്വീസ് നിറുത്തി വെച്ചിരിക്കുന്നതായി ഞങ്ങൾ മനസ്സിലാക്കി. കൂടാതെ ഞങ്ങൾക്കു മുമ്പെ രാവിലെ തന്നെ വന്ന് ക്യൂവിൽ നിൽക്കുന്ന ടൂറിസ്റ്റുകളും ധാരാളമുണ്ടായിരുന്നു.

വേറെ മാർഗ്ഗമൊന്നും കാണാഞ്ഞതിനാൽ രണ്ട് കുതിരകളെ വാടകയ്ക്കെടുക്കാമെന്ന് കരുതി ഞങ്ങൾ അങ്ങോട്ട് ചെന്നു. അവിടെ മറ്റൊരു പ്രതിബന്ധം. കുതിരക്കാരൊക്കെ തദ്ദേശ സർക്കാറിനെതിരെ സമരത്തിലാണ്. ഒരു കുതിര പോലും കിട്ടാനുള്ള സാധ്യതയില്ല. അപ്പോൾ പിന്നെ പല്ലക്ക് നോക്കാം എന്നായി ഞാൻ. എന്നാൽ അതു പോലും ഉണ്ടായിരുന്നില്ല.

മല ചവിട്ടിക്കയറുന്നത് ഒഴിവാക്കാനായി ഞാൻ നടത്തിയ ശ്രമ ങ്ങൾ-ഹെലികോപ്ടർ, കുതിര, പല്ലക്ക്-എല്ലാം പാഴാവുകയാണ്.

മല ചവിട്ടിക്കയറണോ അതോ തിരിച്ചു പോകണമോ എന്ന അവ സാന തീരുമാനം എടുക്കേണ്ട അവസ്ഥയിലെത്തി. എന്റെ ചങ്ങാ തി, അവനെന്റെ കളിക്കൂട്ടുകാരനായിരുന്നു, എന്റെയീ അവസ്ഥ കണ്ട് ചിരിച്ച് മറിഞ്ഞു. എങ്ങനെയോ മല ചവിട്ടിക്കയറുക തന്നെ എന്ന തീരുമാനത്തിൽ ഞാനെത്തി.

കുത്തനെയുള്ള ആ കയറ്റം ഏകദേശം പതിനാലു കിലോ മീറ്റർ ഉണ്ടായിരുന്നു. സാധാരണയായി നാലോ അഞ്ചോ മണിക്കൂറെടുക്കും കാൽനടയായി കയറാൻ. ഞങ്ങൾ ഏകദേശമൊരു പാതിദൂരം പിന്നി ട്ടപ്പോൾ പെട്ടെന്നൊരു ബഹളം കേട്ടു.

ഹെലികോപ്റ്റർ പറന്നു തുടങ്ങിയിരിക്കുന്നു, പെട്ടെന്ന് കുതിര ക്കാരൻ പ്രത്യക്ഷമായി, മഞ്ചൽ ചുമക്കുന്നവരും. തിരക്കിട്ട ബിസി നസ്സ്. എന്താണ് പെട്ടെന്നിങ്ങനെയെന്ന് ഞങ്ങൾ അന്വേഷിച്ചപ്പോൾ കുതിരക്കാർ സമരം പിൻവലിച്ചതായി ഞങ്ങളോട് പറഞ്ഞു. സർക്കാ റുമായി ഒത്തു തീർപ്പിലെത്തിയത്രെ.

മുറിവിൽ ഉപ്പുതേച്ചതുപോലെ, ഒരു കുതിരക്കാരൻ എന്റെ മുന്നി ലെത്തി അയാളുടെ കുതിരപ്പുറത്ത് കൊണ്ടുപോകാമെന്ന് പറഞ്ഞു.

ഇത്രയും ദൂരം മലകയറ്റിച്ചില്ലേയെന്ന് വൈഷ്ണവിദേവിയോട് കോപം പൂണ്ട ഞാൻ ബാക്കി ദൂരം കൂടി ഇനിയും നടന്നു തന്നെ കയറുകയുള്ളൂ എന്ന് തീരുമാനിച്ചു. എന്തോ കയറ്റം വളരെ എളുപ്പ മായി. യാതൊരു ക്ഷീണവും എനിക്കനുഭവപ്പെട്ടില്ല.

ഇപ്രകാരമാണ് മനസ്സിലെ അഹന്ത തുടച്ചു നീക്കുന്ന പ്രക്രിയ പരമാത്മാവിന്റെ ശക്തിയാൽ അനാവൃതമാകുന്നത്. കുറച്ചു ദിവസ ങ്ങൾക്കു ശേഷം, 2011 സെപ്തംബർ 3-ാം തീയ്യതി ഞാൻ ദിവാസ് എന്ന നഗരത്തിലെ നാരായൺ കുടി സന്യാസ ആശ്രമം എന്ന പേരി ലുള്ള ഒരു യോഗ റിട്രീറ്റ് കേന്ദ്രം സന്ദർശിക്കുകയായിരുന്നു. ഈ ആശ്രമത്തെ കുറിച്ച് മുമ്പൊരിടത്ത് ഞാൻ എഴുതിയിട്ടുള്ളത് വായ നക്കാർ ഓർക്കുന്നുണ്ടാകും.

ഈ ആശ്രമത്തിനകത്ത് ഒരു ഗുഹയുണ്ടെന്നും പല സന്യാസി മാരും ഇവിടെ വളരെ തീവ്രമായി ധ്യാനിച്ചുകൊണ്ട് ജീവിച്ചിരുന്നു

വെന്നും പിന്നീട് ഞാൻ മനസ്സിലാക്കി. സ്വാഭാവികമായും എന്നിൽ താൽപര്യമുണർന്നു. ഞാൻ ആശ്രമത്തിൽ ചെന്ന് ഗുഹക്കകത്ത് കയറി മന്ത്രം ജപിക്കാനായി ഒരിടത്തിരുന്നു.

എന്റെ മന്ത്രത്തിലെ ഒരു വരി എന്തു ചെയ്തിട്ടും എനിക്കോർമ്മ വന്നില്ല. ഞാൻ അതിശയപ്പെട്ടു പോയി.

ഇതെനിക്കൊരു വലിയ ഷോക്കായി. കാരണം ഈ മന്ത്രം ദിവ സേനെ ഞാൻ ജപിച്ചു തുടങ്ങിയിട്ട് കുറെക്കാലമായി. കുറെ നേരം ഓർത്തെടുക്കാൻ നോക്കി പരാജയപ്പെട്ടപ്പോൾ ഞാൻ ആ പ്രയത്നം ഉപേക്ഷിച്ചു. ആകെ നിരാശനായ ഞാൻ ആശ്രമത്തിൽ നിന്നും തിരിച്ച് ഹോട്ടൽ മുറിയിലെത്തി. റൂമിൽ കാലുകുത്തിയ ഉടനെ എന്നു വേണ മെങ്കിൽ പറയാം, മന്ത്രത്തിന്റെ വരികൾ എനിക്കോർമ്മ വന്നു.

അടുത്ത ദിവസം ഞാൻ വീണ്ടും ആശ്രമത്തിലെത്തി മന്ത്രജപ ത്തിനും ധ്യാനത്തിനുമായി ഗുഹയിൽ കയറി. ഒരു മണിക്കൂറിലേറെ നേരം ഞാൻ ധ്യാനിച്ചിരുന്നിരിക്കണം. പെട്ടെന്ന് ഗുഹയ്ക്ക് വെളി യിൽ ശക്തമായ മഴ പെയ്തു തുടങ്ങി.

ചെറുതായി എന്റെ ധ്യാനം മുറിഞ്ഞു, ഞാൻ കണ്ണു തുറന്നു, ഗുഹ യ്ക്കകത്ത് കൂരിരുട്ടായിരുന്നു, വൈദ്യുതി നിലച്ചിരുന്നു. ധ്യാനം തുട രുകയായിരിക്കും നല്ലതെന്ന ഞാൻ കരുതി. ഞാൻ വീണ്ടും കണ്ണ ടച്ച് ധ്യാനിക്കാൻ തുടങ്ങി.

ഗുഹയ്ക്ക് വെളിയിൽ മഴ ശക്തമായി തുടർന്നു, ഗുഹയുടെ നാലു പുറത്തും വെള്ളം ചീറിയടിച്ചു തുടങ്ങി. ഗുഹയ്ക്കകത്ത് എന്റെ ധ്യാനം തുടർന്നു, വൈദ്യുതി നിലച്ചെന്നും തീർത്തും ഇരുട്ടായ ഒരു സ്ഥലത്തു ഞാൻ തനിയെയാണെന്നുമുള്ള ബോധം എന്നിലുണ്ടാ യിരുന്നു. കൂടാതെ ഈ ഗുഹ ആശ്രമത്തിലെ മറ്റു കെട്ടിടങ്ങളിൽ നിന്നും അകന്നു മാറിയ ഒരു സ്ഥലത്താണ് സ്ഥിതി ചെയ്യുന്നതെന്ന ചിന്തയും എന്നിലുണ്ടായി. ഗുഹയ്ക്ക് വെളിയിൽ ഇടിയും മിന്ന ലോടും കൂടി മഴ നിലയ്ക്കാതെ പെയ്തു കൊണ്ടിരുന്നു.

ഗുഹയിൽ പിശാചുക്കൾ അല്ലെങ്കിൽ മനുഷ്യാരൂപികൾ വസി ക്കുമെന്ന് ഞാനെവിടെയോ വായിച്ചിരുന്നു. പിശാച് എന്ന പദം ദുഷ്ടരൂപി എന്ന അർത്ഥത്തിലാകണമെന്നില്ല. മൂർത്തമായ ഭൗതിക ശരീരം ഇല്ലാത്ത ഒരു അരൂപിയാകാം, പിശാച്. മനുഷ്യനാകാം, മൃഗ വുമാകാം. കൂടാതെ ഒരു മനുഷ്യാരൂപി വീണ്ടും മനുഷ്യനായി തന്നെ

പുനർ ജനിക്കുമെന്ന് ഉറപ്പുമില്ല. അരൂപി ക്ഷയിച്ചു മൃഗമായി രൂപമെടുത്തേക്കാം. പിന്നീട് വീണ്ടും മനുഷ്യനായും ജനിച്ചേക്കാം. യോഗ ഗ്രന്ഥങ്ങൾ പ്രകാരം ഇത് വളരെ സാധാരണയായ പ്രതിഭാസമാണ്, എല്ലാ ജീവജാലങ്ങൾക്കും സംഭവിക്കാവുന്നത്. അതുകൊണ്ടാണ് പരമദൈവീകത എല്ലാ ജീവജാലങ്ങളിലും കുടികൊള്ളുന്നുണ്ടെന്ന് പറയുന്നത്.

ഗുഹയിൽ ഇത്തരത്തിലേതെങ്കിലും അരൂപിയുടെ സാന്നിദ്ധ്യം ഉണ്ടായേക്കുമെന്ന ചിന്ത എന്റെ മനസ്സിൽ മിന്നി മറഞ്ഞു. ഗുഹക്കകത്തെ അന്തരീക്ഷത്തിന്റെയും എന്റെ അപ്പോഴത്തെ മാനസികാവസ്ഥയുടെയും ഫലമായി ഭയങ്കരമായൊരു ഭീതി എന്ന കീഴടക്കി.

അജ്ഞാതമായ ഈ ഭീതിയിൽ ഞാനാകെ കിടിലം കൊണ്ടു. കുറെ നിമിഷങ്ങളോളം ഇതു തുടർന്നു. അവസാനം കണ്ണ് തുറന്ന് ഗുഹയിലെ അന്ധകാരത്തെ നേരിടാൻ ഞാൻ നിർബന്ധിതനായി. ധ്യാനം തുടരാൻ എനിക്ക് സാധിച്ചില്ല. എന്നാലതേ സമയം എന്റെ മനഃസ്ഥലിയിൽ ഭയത്തിന്റെ 'ക്രിയ'യെ തടയുന്നത് 'ശക്തിപഥ്' സംഘത്തിന്റെ തത്ത്വത്തിനെതിരാണെന്ന് എനിക്കറിയാമായിരുന്നു. അങ്ങനെ, ഏതാനും നിമിഷങ്ങൾ കൂടി കഴിഞ്ഞ ശേഷം എന്റെ മൊബൈൽ ഫോണിലെ ടോർച്ച് തെളിയിച്ച് ഗുഹയ്ക്ക് പുറത്തു കടക്കാൻ ഞാൻ തീരുമാനിച്ചു.

മനസ്സിൽ നിന്ന് പരമാത്മാവ് ഭയത്തിന്റെ മുദ്രകൾ (പ്രത്യേകിച്ചും അരൂപികളും പിശാചുക്കളുമായി ബന്ധപ്പെട്ടവ) തുടച്ചു മാറ്റപ്പെടുന്ന പ്രക്രിയയുടെ ഒരു ഉദാഹരണമാണിത്.

ദീവാസിൽ ആയിരുന്നപ്പോൾ മറ്റൊരു പ്രധാനപ്പെട്ട സ്ഥലം സന്ദർശിക്കാൻ ഞാൻ തീരുമാനിച്ചു. പുരാതന കാലത്ത് ഇന്ത്യയിൽ നില നിന്നിരുന്ന 'Nath' എന്നൊരു യോഗവിധിയിൽ പൂർണ്ണ വൈദഗ്ദ്ധ്യം ഉണ്ടായിരുന്ന ഒരാൾ നൂറ് വർഷങ്ങൾക്ക് മുമ്പ് ആ നഗരത്തിൽ ജീവിച്ചിരുന്നതായി ഞാനറിഞ്ഞു. ബാബാ ഷെയ്‌ലാ നാഥ് എന്നറിയപ്പെട്ട ഈ മഹായോഗി എരിഞ്ഞു കൊണ്ടിരുന്ന ഒരു മരക്കഷ്ണം എപ്പോഴും കൊണ്ടു നടക്കുമായിരുന്നു. ഒരു പ്രയോക്താവിന്റെ മനസ്സിൽ നിന്നും ലൗകീക മുദ്രകൾ എരിഞ്ഞു തീരുന്നതിന്റെ പ്രതീകമാണ് എരിയുന്ന വിറക്. അദ്ദേഹം നഗരം വിട്ടു പോയതിന് ശേഷവും മരത്തടി എരിയിക്കുന്ന പാരമ്പര്യം അദ്ദേഹത്തിന്റെ ശിഷ്യന്മാർ തുടർന്നു വന്നു. ഇന്നും ബാബാ ഷെയ്‌ലാ നാഥ് ധ്യാന

സ്ഥനായിരുന്ന സ്ഥലത്ത് ഒരു മരത്തടി കത്തുന്നത് കാണാം. ബാബാ ഷെയ്ലാ നാഥ് ധുനിസൻസ്ഥാൻ എന്നാണ് ഈ സ്ഥലത്തിന്റെ പേര്. നഗരത്തിന് പുറത്ത് സ്ഥിതി ചെയ്യുന്നു.

അങ്ങനെ സ്വാഭാവികമായും ഈ സ്ഥലം കാണാൻ ആഗ്രഹിച്ച്, പ്രണാമമർപ്പിക്കാൻ ഞാനവിടെ ചെന്നു. മരത്തടി എരിഞ്ഞുകൊണ്ടിരിക്കുന്നത് ഞാൻ കണ്ടു. ധ്യാനത്തിനായി ഞാനവിടെ ഇരുന്നു. നഗരത്തിൽ നിന്ന് വിട പറയും മുമ്പ് ഏതാനും നിമിഷം പ്രശാന്തമായ അന്തരീക്ഷത്തിൽ കഴിയാമെന്നായിരുന്നു ഞാൻ പ്രതീക്ഷിച്ചത്. എന്നാൽ സ്വയം അത്ഭുതപ്പെടുത്തികൊണ്ട് ഏതാനും മണിക്കൂറുകൾ നീണ്ട വളരെ തീവ്രമായ ധ്യാനാവസ്ഥയിലേക്ക് ഞാൻ പ്രവേശിച്ചു. ഈ സ്ഥലത്തിരുന്ന് ധ്യാനിക്കാനൊന്നും എനിക്ക് ഉദ്ദേശ്യമുണ്ടായിരുന്നില്ല. കൂടാതെ അന്നേ ദിവസം നീണ്ട യാത്രയും ഉണ്ടായിരുന്നതിനാൽ നഗരത്തിൽ നിന്നും പെട്ടെന്നു തന്നെ പോകണമെന്നായിരുന്നു എന്റെ ആവശ്യം. എങ്കിലും, ഇങ്ങനെയൊക്കെയുള്ള അവസ്ഥയിലും വളരെ ഗൗരവമാർന്ന ധ്യാനത്തിലേക്ക് നിർബന്ധപൂർവ്വം ഞാൻ കടക്കുകയാണുണ്ടായത്.

കഴിഞ്ഞ ജന്മങ്ങളിൽ ഉണ്ടായിട്ടുള്ള ധ്യാന അനുശീലനങ്ങൾ കാരണമാണ് ഇത്തരത്തിലുള്ള 'ക്രിയ' സാധാരണയായി സംഭവിക്കാറുള്ളത് (ഇത്തരത്തിലുള്ള മുദ്രകളും തുടച്ചുമാറ്റപ്പെടേണ്ടതുണ്ട്). പ്രയോക്താവിന്റെ മനസ്സിൽ നിന്ന് ഓരോ ലൗകീക മുദ്രയും തുടച്ചു മാറ്റുമെന്ന് വായനക്കാരൻ മനസ്സിലാക്കിയിരിക്കണം. യോഗഗ്രന്ഥങ്ങൾ പ്രകാരം പരമദൈവീകതയിൽ നിന്നും വേറിട്ടുള്ളൊരു അസ്തിത്വം വ്യക്തിയ്ക്ക് ഉണ്ടായിരുന്നുവെന്ന ആശയം പോലും ആത്യന്തികമായി തുടച്ചു മാറ്റപ്പെടും. ഇത്തരത്തിലാണ് 'യോഗ' അല്ലെങ്കിൽ ജീവാത്മാവും പരമാത്മാവും തമ്മിലുള്ള സംയോജനം സംഭവ്യമാകുന്നത്.

ദിവാസ് നഗരസന്ദർശനത്തിനു ശേഷം ഞാൻ തെലുങ്കാന സംസ്ഥാനത്തിൽ ഗോദാവരി നദിക്കരയിൽ സ്ഥിതി ചെയ്യുന്ന 'ബസാറ' എന്ന സ്ഥലത്തേക്ക് പോയി.

വേദങ്ങൾ സമാഹരിക്കുകയും മഹാഭാരതം എഴുതുകയും ചെയ്തതായി അംഗീകരിക്കപ്പെടുന്ന വേദവ്യാസൻ, പുരാതനകാലത്ത് ഈ സ്ഥലത്ത് താമസിക്കുകയും ധ്യാനിക്കുകയും ചെയ്തതായി പറയു

ന്നു. അദ്ദേഹം ധ്യാനിക്കാനായിരുന്ന ഗുഹ ഇപ്പോഴും ബസാറ എന്ന ഈ ചെറുപട്ടണത്തിൽ കാണാം.

ഈ ഗുഹ കാണുകയും അവിടെയിരുന്ന് ധ്യാനിക്കുകയും ചെയ്യ ണമെന്ന ആഗ്രഹത്താൽ ഞാനവിടേക്ക് പുറപ്പെട്ടു. ഗുഹ വളരെ ചെറുതും വീതി കുറഞ്ഞതുമാണ്. അകത്ത് കടക്കണമെങ്കിൽ പ്രവേ ശനദ്വാരത്തിലൂടെ ഇഴഞ്ഞ് കയറണം. അകത്ത് നാലോ അഞ്ചോ പേർക്ക് ഇരിയ്ക്കാൻ സ്ഥലം കാണും. ഞാൻ ധ്യാനത്തിനായി ചമ്രം പടിഞ്ഞിരുന്നു. ഒരു മണിക്കൂറിനുള്ളിൽ ഗുഹ അടയ്ക്കുമെന്ന് അക ത്തേക്ക് കടക്കുന്ന സമയം എന്നോട് പറഞ്ഞിരുന്നു. കൂടാതെ ടൂറി സ്റ്റുകൾ വന്നും പോയും ഇരുന്നു. ഗുഹയ്ക്കകത്ത് വെളിച്ചമുണ്ട്. എന്നാൽ ടൂറിസ്റ്റുകളുടെ ശല്യമില്ലാതിരിക്കാൻ ഞാൻ വെളിച്ചം കുറഞ്ഞ ഒരു മൂലയിലാണ് ഇരുന്നത്.

ഗുഹയ്ക്കകത്ത് വൈബ്രേഷൻ അതിശക്തമായിരുന്നു. എനിക്ക് എന്റെ മനസ്സിൽ ഇത് അനുഭവിക്കാൻ കഴിഞ്ഞു. എന്തൊക്കെയാ യാലും ആയിരക്കണക്കിന് വർഷങ്ങൾക്ക് മുമ്പ് മഹാനായൊരു സന്യാസി ധ്യാനിച്ച ഇടമല്ലെ?

ഗുഹാന്തരീക്ഷം പോസിറ്റീവ് എനർജിയിൽ ചാർജ് ചെയ്യപ്പെട്ടി രുന്നു.

ഏകദേശം ഒരു മണിക്കൂറോളം എന്റെ ധ്യാനം നീണ്ടു നിന്നു. അതിനു ശേഷം അജ്ഞാതമായ ഏതോ കാരണത്താൽ ഞാൻ അസ്വ സ്ഥനായി. ഞാൻ കണ്ണു തുറന്നു. വൈദ്യുതി വിളക്കുകൾ സ്വീച്ച് ഓഫ് ചെയ്തിരുന്നു. വളരെ നേർത്ത സൂര്യവെളിച്ചം ഗുഹയുടെ ഒരു മൂലയിൽ നിന്നും അകത്തേക്ക് പ്രവേശിക്കുന്നുണ്ട്. കൂടാതെ, ടൂറിസ്റ്റുകളുടെ വരവ് പൂർണ്ണമായും നിലച്ചിരുന്നു. സ്ഥലത്ത് ആരും തന്നെ ഇല്ലാത്തതായി കാണപ്പെട്ടു. ടൂറിസം വകുപ്പിലെ അറ്റന്റർ ഗുഹ വാതിൽക്കൽ ഉണ്ടായിരുന്നോ എന്നെനിക്ക് ഉറപ്പില്ലായിരുന്നു. കാടു പിടിച്ച ഒരു സ്ഥലത്ത് ഒരു ചെറിയ കുന്നിലാണ് ഈ ഗുഹ സ്ഥിതി ചെയ്തിരുന്നത്.

ഗുഹയ്ക്കകത്തിരുന്ന എന്നെ അറ്റന്റർ ശ്രദ്ധിച്ചിരിക്കാൻ വഴിയി ല്ലെന്നും അതിനാൽ ഗുഹാവാതിൽ അടച്ച് അയാൾ പോയിരിക്കു മെന്ന് ഞാൻ സംശയിച്ചു തുടങ്ങി. അടുത്ത ദിവസമേ ഇനി ഗുഹ തുറക്കുകയുള്ളൂ.

എന്റെ മനസ്സ് വീണ്ടും ഭീതിയുടെ പിടിയിലമർന്നു, ദിവാസ് നഗരത്തിൽ സംഭവിച്ചതുപോലെ.

എന്നാൽ ഈ സമയം ഭയത്തിന് വഴങ്ങുകയില്ലെന്ന് ഞാൻ തീരുമാനിച്ചു കണ്ണുകളടച്ചു ഒരിക്കൽ കൂടി ധ്യാനം തുടർന്നു.

കൂടിയാൽ എന്ത് സംഭവിക്കും? ഒരു രാത്രി ഗുഹയ്ക്കകത്ത് ഇരുട്ടിൽ ഭക്ഷണവും വെള്ളവും ഇല്ലാതെ കഴിയേണ്ടി വരും, അത്ര തന്നെ, ഞാൻ ചിന്തിച്ചു. പിറ്റേന്ന് ഗുഹ തുറക്കുമെന്ന് എനിക്ക് വളരെ ഉറപ്പുണ്ടായിരുന്നു. അപ്രകാരം, മനസ്സിൽ തീരുമാനമായ ശേഷം ഞാൻ ഗുഹയ്ക്കകത്തിരുന്ന് ധ്യാനം തുടർന്നു. എങ്കിലും യുക്തിചിന്തയും സ്വയം ഉറപ്പും ഒക്കെ ഉണ്ടായിട്ടും ഭയം വിടാതെ നിന്നു.

ഒരു പതിനഞ്ച് നിമിഷം അപ്രകാരം കഴിഞ്ഞിരിക്കണം ശക്തമായ മാനസികവിഭ്രാന്തി മൂലം എനിക്ക് കണ്ണു തുറക്കേണ്ടി വന്നു. ഞാൻ ഇഴഞ്ഞുകൊണ്ട് ഗുഹയിൽ നിന്നും പുറത്തേക്ക് കടന്നു. അറ്റന്റർ എന്നെയും കാത്തുകൊണ്ട് ഗുഹാവാതിൽക്കൽ തന്നെ നിന്നിരുന്നു. ധ്യാനനിമഗ്നനായിരുന്ന എന്നെ അയാൾ കണ്ടിരുന്നുവെന്നും എന്റെ ധ്യാനത്തിന് ഭംഗം വരാതിരിക്കാനായി അല്പസമയം കൂടി കാത്തുനിൽക്കാൻ തീരുമാനിക്കുകയാണുണ്ടായതെന്നും അയാൾ വിനീതമായി എന്നെ അറിയിച്ചു.

ഒരു പ്രയോക്താവിന്റെ നിത്യജീവിതത്തിനും പരമ പ്രപഞ്ചശക്തിയ്ക്കും ഇടയിൽ ഒരു പൊതു പ്രതലം സംഭവിക്കുന്നതെങ്ങിനെയെന്ന് വിശദമാക്കുന്നതിനാണ് മുകളിൽ പറഞ്ഞ സംഭവങ്ങളെ ഞാൻ ആഖ്യാനം ചെയ്തത്. പരസ്പരം പ്രതിപ്രവർത്തനം നടത്തുന്ന വ്യതിരിക്തമായൊരു അസ്തിത്വമായി പ്രപഞ്ചോർജ്ജത്തെ അനുഭവിക്കാൻ പ്രയോക്താവിനു കഴിയും. ഇത്തരത്തിലുള്ള സംഭവങ്ങൾ എന്റെ ജീവിതത്തിൽ അനേകം സന്ദർഭങ്ങളിലുണ്ടായിട്ടുണ്ട്. എന്റെ നിത്യജീവിതത്തിൽ സംഭവിച്ചിട്ടുള്ള മറ്റു വ്യത്യസ്തതരത്തിലുള്ള 'ക്രിയ' കളെയും വായനക്കാരന് എളുപ്പത്തിൽ ഗ്രഹിക്കാനാകുമെന്ന് ഞാനിപ്പോൾ കരുതുന്നു.

എങ്കിലും ഇത്തരത്തിലുള്ള സംഭവങ്ങൾ (മുകളിൽ വിവരിച്ചതരം) ഏതൊരു വ്യക്തിയുടെയും സാധാരണ ജീവിതത്തിൽ ഉണ്ടാകാവുന്നതല്ലേയെന്ന് വായനക്കാർ ചൂണ്ടിക്കാട്ടിയേക്കാം.

ഇവിടെ, ശരീരത്തിനകത്തെ ഊർജ്ജ പ്രവാഹത്തെക്കുറിച്ച് മുൻപൊരദ്ധ്യായത്തിൽ ഞാൻ എഴുതിയതിലേക്ക് വീണ്ടും വായനക്കാരുടെ ശ്രദ്ധ ക്ഷണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. വ്യതിരിക്ത സത്തയായി ഊർജ്ജപ്രവാഹത്തെ ശരീരത്തിനുള്ളിൽ അനുഭവിക്കുമ്പോൾ, അത് യുക്തിയേയും ശാസ്ത്രീയമായ കാര്യകാരണ വിശദീകരണങ്ങളെയും വെല്ലുവിളിക്കുകയാണ്. അനുഭവത്തിനുശേഷം പ്രയോക്താവിന്റെ മാനസിക നിലക്ക് വൻതോതിൽ മാറ്റം സംഭവിക്കുകയാണ്.

ആ ഒരു പ്രത്യേക ഘട്ടം മുതൽ ഊർജ്ജത്തെ ആ നാമത്തിൽ നിന്നും വേറിട്ടൊരു വ്യത്യസ്ത സത്തായി പ്രയോക്താവിന് അനുഭവവേദ്യമാകും.

എന്നാൽ പ്രയോക്താവ് യോഗാഭ്യാസത്തിൽ മുന്നോട്ട് പോകുന്നതോടുകൂടി ഈ ദ്വന്ദാവസ്ഥ ഇല്ലാതാകുന്നു. ആദിപരാശക്തിയുടെ യഥാർത്ഥ പ്രകൃതത്തെക്കുറിച്ച് പ്രയോക്താവിന് ലഭിക്കുന്ന അറിവാണ് ഇതിന് കാരണം.

പ്രയോക്താവിന്റെ മാനസികനിലയിൽ ആവശ്യമായ അന്തരീക്ഷം സൃഷ്ടിച്ചുകൊണ്ട് പരമോർജ്ജം തന്നെ വേണം അതിന്റെ യഥാർത്ഥ നില വെളിപ്പെടുത്താൻ. ഈയൊരു ഉദ്ദേശ്യത്തിന് വേണ്ടി ഊർജ്ജത്തിനും പ്രയോക്താവിനും ഇടയിൽ സാധാരണ ജീവിതഗതിയിൽതന്നെ ഒരു തരം പൊതുപ്രതലം (interface) സൃഷ്ടിക്കപ്പെടുന്നുണ്ട്. ഒരു വ്യക്തിയുടെ ദൈനംദിന ജീവിതത്തിൽ അനേകം സംഭവങ്ങൾ (മുകളിൽ വിവരിച്ചതുപോലുള്ള) ഉണ്ടാകുന്നു. പ്രപഞ്ചോർജ്ജിന്റെ സൂക്ഷ്മ ഗതിവിഗതികളെകുറിച്ചും വ്യക്തി സംവേദനക്ഷമത നേടുന്നു.

ആദിപരാശക്തിയുടെ യഥാർത്ഥ പ്രകൃതിയെക്കുറിച്ചുള്ള ഈ അറിവ് ഉണ്ടാകുന്നതോടുകൂടി പ്രയോക്താവിന്റെ മനസ്സ് ഈ അവബോധത്തിലേക്ക് ഉയരുന്നു.

കുറേക്കൂടി വിസ്തരിക്കാം.

സാധാരണ മനുഷ്യനിൽ ഈഗോ പൂർണ്ണമായും വികസിച്ച അവസ്ഥയിലായിരിക്കും. ഒരാൾ ചെയ്യുന്ന ഏതു പ്രവർത്തിയും 'ഞാനാണ് ചെയ്തത്' എന്നൊരു ബോധം അയാളിലുണ്ടാകും. എന്നാൽ വ്യക്തി ചെയ്യുന്ന ഏതൊരു പ്രവർത്തിയുടെയും കാര്യ

കാരണമായി വർത്തിക്കുന്ന പരമമായ പ്രപഞ്ചോർജ്ജമാണ് അയാളെ കൊണ്ടത് ചെയ്യിക്കുന്നതെന്ന് ഗ്രഹിക്കാതെ തന്നെ വ്യക്തി പര മോർജ്ജവുമായി തന്മയീഭാവം അനുഭവിക്കുന്നുണ്ട്. തന്റെ നിയന്ത്ര ണത്തിലാണ് കാര്യങ്ങളെന്ന് വ്യക്തി ചിന്തിക്കുന്നു. യഥാർത്ഥത്തിൽ പരമസത്തയാണെന്ന് ചിന്തിക്കുന്നതും മനസ്സാണ്. അഥവാ പ്രപ ഞ്ചമായയുടെ സ്വാധീനത്തിൽ ആത്മം അല്ലെങ്കിൽ ചൈതന്യമാണ് ചിന്തിക്കുന്നത്. അതിനാൽ, യഥാർത്ഥമായ ശക്തിയൊന്നും തന്നെ യില്ലെങ്കിലും പ്രവർത്തി ചെയ്യുന്നയാൾ താൻ തന്നെയാണെന്ന വിശ്വാസത്തിലേക്ക് മനസ്സ് അല്ലെങ്കിൽ ആത്മം കബളിപ്പിക്കപ്പെടുക യാണ്.

ഈ കബളിപ്പിക്കൽ നിമിത്തം തന്നെയാണ് പരമോർജ്ജമെന്ന് മനസ്സ് ചിന്തിക്കുന്നു. പ്രപഞ്ചമായയാണ് ഇത്തരത്തിൽ ചിന്തിക്കാൻ മനസ്സിനെ പ്രേരിപ്പിക്കുന്നത്. മനസ്സെന്ന് പറയുന്നതും ഇതേ പരമ ശക്തിയുടെ മറ്റൊരു രൂപമാകയാൽ, പ്രാപഞ്ചികമായ കാഴ്ചപ്പാടിൽ നിന്ന് നോക്കിയാൽ മനസ്സും കള്ളം കാണിക്കുകയില്ല.

ഈ മൊത്തം കഥയ്ക്ക് ഒരു അർത്ഥവ്യത്യാസം വരുന്നുണ്ട്.

ഒരു വ്യക്തിയിൽ ആദിപരാശക്തി ഊർജ്ജസ്വലമാക്കപ്പെടുമ്പോൾ, ഈ ഊർജ്ജം വ്യക്തികളിൽ പ്രകടമായും വ്യത്യസ്തമായൊരു സത്ത യായിട്ടാണ് അനുഭവവേദ്യമാകുന്നത്. ഈ ഘട്ടത്തിൽ, ആദ്യമായി മനസ്സ് എളിമപ്പെടുന്നു. ശാരീരികമോ മാനസികമോ ആയ പ്രതിഭാ സങ്ങളിൽ ഒന്നിലും തന്നെ യാതൊരു നിയന്ത്രണങ്ങളും മനസ്സിനി ല്ലെന്ന് ആദ്യമായി അത് മനസ്സിലാക്കുന്നു.

ഇപ്പോൾ മനസ്സ് പിടിത്തം വിടുന്നു. കീഴടങ്ങുന്നു.

മനസ്സ് കീഴടങ്ങുന്നതോടുകൂടി, ഞാനെന്ന ഭാവവും എല്ലാ ലൗകീ കമുദ്രകളും ഒപ്പം തന്നെ കഴുകിപ്പോകുന്നു. അതിന്റെ ഫലമായി പ്രശാ ന്തമായ മനോജലത്തിൽ ആദ്യമായി പരമചൈതന്യം പ്രതിഫലിച്ചു കാണുന്നു. ഫലം തികച്ചും തകർപ്പനാണ്.

ആദിപരാശക്തി, ചൈതന്യം തന്നെയാണല്ലോ ഇത്, വ്യക്തിയു മായി തുടർച്ചയായി പ്രതിപ്രവർത്തനങ്ങൾ വഴി അതിന്റെ യഥാർത്ഥ പ്രകൃതം വെളിപ്പെടുത്താൻ തുടങ്ങുന്നു. പരമോർജ്ജത്തിനും പ്രയോ ക്താവിനും ഇടയിൽ ഒരു തരം പൊതു പ്രതലം ഉണ്ടാകുന്നു. ആത്മ

സാക്ഷാത്ക്കാരത്തിന്റെ പ്രക്രിയ ആരംഭിക്കുകയും ചെയ്യുന്നു.

ആകയാൽ പ്രയോക്താവ് ആത്മാവിനകത്തെ ഊർജ്ജവും ആത്മാവിന് പുറത്ത്, ബാഹ്യ ലോകത്തെ ഊർജ്ജവും ഒന്നു തന്നെയാണെന്ന് മനസ്സിലാക്കി തുടങ്ങുന്നു.

ഈ അനുഭവത്തിന്റെ ഫലമായി ആത്മത്തിൽ നിന്നും വേറിട്ട ഒരു സത്തയാണ് പരമോർജ്ജം എന്ന കാഴ്ചപ്പാട് ഇല്ലാതാകുന്നു. കൂടാതെ വേറിട്ട സത്തയായി വ്യക്തി അതുവരെ അനുഭവിക്കുന്നത് വാസ്തവത്തിൽ സ്വന്തം ഊർജ്ജം തന്നെയായിരുന്നെന്നും വ്യക്തി മനസ്സിലാക്കി തുടങ്ങുന്നു.

ഇതിന്റെ ഫലമായി പരമോർജ്ജവുമായി പ്രയോക്താവ് ഏകത്വം അനുഭവിക്കുന്നു. എന്നാൽ ഒരു സാധാരണ വ്യക്തിയിൽ നിന്നും വ്യത്യസ്തമായി പരമോർജ്ജത്തിന്റെ പ്രകൃതിയെക്കുറിച്ചുള്ള പൂർണ്ണ അറിവോടുകൂടിയാണ് ഇപ്രകാരം ഏകത്വം അനുഭവിക്കുന്നത്.

വ്യത്യാസം ഇതാണ്, ഒരു സാധാരണ വ്യക്തി അജ്ഞതയിലാണ്. എന്നാൽ പ്രയോക്താവ് ആത്മത്തിന്റെ യഥാർത്ഥ പ്രകൃതത്തെ കുറിച്ച് അറിവുള്ളവനാകുന്നു. അത്ര ലളിതം. ലൗകീക കാഴ്ചപ്പാടിൽ അത്ഭുതകരമായതൊന്നും സംഭവിച്ചിട്ടില്ല.

ഊർജ്ജവും പ്രയോക്താവും തമ്മിലുള്ള പ്രതിപ്രവർത്തനങ്ങൾ ഏറെക്കുറെ ലീലാപരമായ ഒന്നാണ്, മാനസികാഘാതം വളരെയേറെ ദുർബലപ്പെടുത്താനാണിത്. മനസ്സിന് സ്വയം ആത്മമല്ല എന്ന് മനസ്സിലാക്കി കൊടുക്കാനുമാണ് ഈ പ്രതിപ്രവർത്തനങ്ങൾ സംഭവിക്കുന്നത്.

മുകളിൽ പറഞ്ഞ പ്രതിഭാസം യുക്തിപരമോ ശാസ്ത്രീയമോ ആയ വിശദീകരണങ്ങൾ കൊണ്ട് ഗ്രഹിക്കാൻ സാധ്യമല്ല. ആദിപരാശക്തിയുടെ പ്രവർത്തന വിദ്യ അതിസൂക്ഷ്മമാണ്. ഇത് ആത്മത്തിൽ നേരിട്ട് അനുഭവിക്കേണ്ടിയിരിക്കുന്നു.

ഞാൻ കുറെക്കൂടെ വിശദീകരിക്കട്ടെ.

ആത്മസാക്ഷാത്ക്കാരത്തിന്റെ ഈ പ്രക്രിയ ഒരു ക്രമബദ്ധമായ പ്രതിഭാസമാണ്. യോഗ ഗ്രന്ഥങ്ങൾ പ്രകാരം ഇതിന്റെ സാക്ഷാത്കാരം നാലു വ്യത്യസ്ത ഘട്ടങ്ങളിലായി സംഭവിക്കുന്നു. എന്റെ ബുദ്ധിയ്ക്കും ഭാഷയ്ക്കും വഴങ്ങുന്ന വിധത്തിൽ സത്യസന്ധ

മായി ഈ നാല് ഘട്ടങ്ങളെക്കുറിച്ചുള്ള വിശദീകരണം നൽകാൻ ഞാൻ ശ്രമിക്കാം.

ആദ്യമായി, ഒരു വ്യക്തിയുടെ ആത്മത്തിൽ നിന്നും വേർപ്പെടുത്താനാവാത്ത (വ്യക്തി പ്രപഞ്ചമായയ്ക്ക് അധീനനാണ്) ഒന്നായി ഊർജ്ജത്തെ അനുഭവിക്കുന്നു. അതായത് വ്യക്തിയുടെ മനസ്സ് ചിന്തിക്കുന്നത് അതുമാത്രമാണ് യഥാർത്ഥ അസ്തിത്വമെന്നാണ്. ആത്മവും ഊർജ്ജവും പരമോർജ്ജത്തെ കുറിച്ചുള്ള അജ്ഞതയിൽ ഒന്നു തന്നെയാണെന്ന് കരുതപ്പെടുന്നു. യഥാർത്ഥത്തിൽ വ്യക്തിയിലെ മനസ്സാണ് ഇത്തരത്തിൽ ചിന്തിക്കുന്നത്.

ഇതിന്റെ ഫലമായി, മനസ്സിൽ ദ്വൈതഭാവം ഇല്ലെന്ന തോന്നൽ ഉണ്ടാകുന്നു. കേവലസത്തയോ, ചൈതന്യമോ അല്ല ഈ ചിന്തയ്ക്ക് കാരണമാകുന്നത്, മറിച്ച് മനസ്സാണ്, താൻ തന്നെയാണ് ആത്മമെന്ന് മനസ്സ് തെറ്റായി ധരിക്കുകയാണ്. അപ്രകാരം പരമോർജ്ജം തന്നെയാണ് താനെന്ന് മനസ്സ് ചിന്തിക്കുന്നു.

ഒരു ഗുരുനാഥനാൽ പരമോർജ്ജം സജീവമാക്കപ്പെടുകയും റിവേഴ്സ് രീതിയിൽ പ്രവർത്തിക്കാൻ തുടങ്ങുകയും ചെയ്യുമ്പോൾ, ആദ്യത്തെ ഷോക്കാണ് മനസ്സിന് സംഭവിക്കുന്നത്. എല്ലാം മനസ്സല്ലെന്ന അവബോധം ഉണ്ടാകുന്നു. ഇതാണ് ആദ്യത്തെ ഘട്ടം.

ആയതിനാൽ, രണ്ടാമത്തെ മദ്ധ്യവർത്തിഘട്ടത്തിൽ തന്റെ ശരീരം ഈ കോസ്മിക് ഊർജ്ജത്താൽ തുളുമ്പുന്നതായി വ്യക്തി മനസ്സിലാക്കുന്നു. ഇതല്ലാതെ മനസ്സിന് മറ്റ് പ്രധാനപ്പെട്ട രൂപാന്തരീകരണമൊന്നും സംഭവിക്കുന്നില്ല.

ഈ ഘട്ടത്തിലാണ് പരമോർജ്ജത്തിന്റെ സ്വതന്ത്രവും സ്വയം നിർണ്ണീതവുമായ പ്രവർത്തനം ഒരു വേറിട്ട അസ്തിത്വമെന്ന നിലയിൽ അനുഭവപ്പെടുന്നത്. മനസ്സ് ആദ്യമായി എളിമപ്പെടുന്നു. ഉള്ളിലേക്ക് തിരിയാൻ അത് നിർബന്ധിതമാക്കപ്പെടുന്നു. അകത്തേക്കുള്ള ഈ ഫോക്കസ് ഇല്ലെങ്കിൽ മുന്നോട്ടുള്ള അന്വേഷണം സാധ്യമാകുകയില്ല. ഇപ്പോൾ മനസ്സ് നിരീക്ഷിക്കുകയാണ്, നിരീക്ഷണ വസ്തുവാണ്, പരീക്ഷണശാലയുമാണ്. അവസാനം എല്ലാം ആന്തരികമായി സ്പഷ്ടമായി തീരുന്നു, മനസ്സ് പിടിവിടുന്നു, സമർപ്പിക്കുന്നു. വ്യക്തി ചിന്താരഹിതമായ ഒരു അവസ്ഥയിലേക്ക് പ്രവേശിക്കുന്നു.

മനസ്സ് പിടിവിടുമ്പോൾ (ഇത്രയും കാലം പരമ ചൈതന്യത്തെ മറയ്ക്കുകയാണ് മനസ്സ് ചെയ്തുകൊണ്ടിരുന്നത്) പ്രശാന്തമായി തീരുന്ന മനസ്സെന്ന ജലോപരിതലത്തിൽ ചൈതന്യം പ്രതിബംബിക്കുന്നു.

വ്യ,ക്തിയുടെ സ്വത്വം, ഊർജ്ജവും ആത്മവും ഒന്നു തന്നെയാണെന്ന ഉണ്മയിൽ എത്തുന്നു.

പരമോർജ്ജത്തിന്റെ യഥാർത്ഥ പ്രകൃതിയെക്കുറിച്ചുള്ള പൂർണ്ണമായ ജ്ഞാനത്തോടുകൂടി ഏകത്വഭാവം അനുഭവിക്കുന്നു. ഈ സമയമാകുമ്പോഴേക്ക് വ്യക്തിയിൽ അതിഭൗതിക ശക്തികൾ ഉടലെടുക്കുന്നു, കാരണം ഇപ്പോൾ വ്യക്തിയ്ക്ക് ഊർജ്ജത്തിന്റെ യഥാർത്ഥ പ്രകൃതിയെക്കുറിച്ചുള്ള പൂർണ്ണ ജ്ഞാനമുണ്ട്, ഭൗതികവും മാനസികവുമായ എല്ലാ പ്രതിഭാസങ്ങൾക്ക് മേലെയും നിയന്ത്രണവും കൈവന്നിരിക്കും.

യോഗഗ്രന്ഥങ്ങൾ പ്രകാരം ഈശ്വരന്റെ ഇച്ഛാനുസരണമാണ് ബോധോദയം അല്ലങ്കിൽ ആത്മസാക്ഷാത്ക്കാരം സംഭവിക്കുന്നത്. ആത്മസാക്ഷാത്ക്കാരം സംഭവിക്കുമ്പോൾ, യോഗ നിയമങ്ങൾ പോലും യാന്ത്രികമായി തകർന്നു വീഴും. അല്ലെങ്കിൽ, മറ്റൊരു വിധത്തിൽ പറഞ്ഞാൽ പ്രപഞ്ചത്തിൽ യാതൊരു വിധ നിയമങ്ങളാലും നിബന്ധനകളാലും കെട്ടിയിടപ്പെടേണ്ടി വരുന്നില്ല. ഈ ബിന്ദുവിൽ യോഗമുറകളുടെ ലക്ഷ്യം പൂർത്തീകരിക്കപ്പെടുന്നു. വ്യക്തിതലത്തിലെ ചൈതന്യം മനുഷ്യ ശരീരത്തിൽ മാത്രമായി പരിമിതപ്പെടുന്നില്ല. കാരണം പ്രപഞ്ചാത്മാവുമായുള്ള ലയനം നടന്നു കഴിഞ്ഞിരിക്കുന്നു.

ഇതിന് ശേഷമാണ് അവസാന ഘട്ടം. ഇതിനെ കുറിച്ച് എന്തെങ്കിലും പറയാൻ പോലും ഞാൻ അശക്തനാണ്.

പരമസ്വരൂപനായ ഈശ്വരനെയാണ് നാമിവിടെ ചർച്ച ചെയ്യുന്നത്.

എങ്കിലും മനുഷ്യ കുലത്തിന്റെ ചരിത്രത്തിൽ വളരെ കുറച്ചു പേർ മാത്രമാണ് ഈ ശേഷി പ്രദർശിപ്പിച്ചിട്ടുള്ളത്. ഇവരെ രാമൻ, കൃഷ്ണൻ, യേശു, അള്ളാ, ബുദ്ധൻ എന്നിങ്ങനെയും, മറ്റ് അനേക മതങ്ങളിലെ അവതാരങ്ങളായും, പൊതുവെ സ്വീകരിച്ചു പോരുന്നു. അതിനാൽ, ഈ അവസാനഘട്ടത്തെക്കുറിച്ച് പറയാൻ ഞാനാളല്ല.

# ജീവിതം 'ക്രിയ'യായി

മനസ്സിലും ശരീരത്തിലും ദൈനംദിന ബാഹ്യജീവിതത്തിലും അടിസ്ഥാനപരമായി സംഭവിക്കുന്ന പ്രതികരണമാണ് 'ക്രിയ' എന്ന് ക്രിയയുടെ അർത്ഥത്തെ വിശദീകരിച്ചുകൊണ്ട് മുമ്പൊരദ്ധ്യായത്തിൽ ഞാൻ പറഞ്ഞിരുന്നു. ഇവിടെ, മനസ്സും ബാഹ്യജീവിതവും തമ്മിൽ പരസ്പരം ബന്ധപ്പെട്ടതാണെന്ന് മനസ്സിലാക്കേണ്ടതും വളരെ പ്രധാനമാണ്.

ബാഹ്യലോകം (ഒരു വ്യക്തി കാണുന്നതുപോലെ) അടിസ്ഥാനപരമായി വ്യക്തിയുടെ മാനസിക കൽപ്പനയാണ്!

മറ്റുള്ള മനുഷ്യരുടെയും കാര്യത്തിലും ഇത് സമാനമാണ്, അവർക്ക് അവരുടെ മനസ്സിന്റെ കൽപ്പനകളായിട്ടാണ് ബാഹ്യലോകം നിലനിൽക്കുന്നത്.

ബാഹ്യലോകം രണ്ടു തലങ്ങളിലായി നിലനിൽക്കുന്നു. വ്യക്തിതലത്തിലും സമഷ്ടിതലത്തിലും.

ഒരു വ്യക്തി നിദ്രാവസ്ഥയിലേക്ക് നീങ്ങുമ്പോൾ, ബാഹ്യലോകം ആ വ്യക്തിയെ സംബന്ധിച്ചിടത്തോളം നിലനിൽക്കുന്നില്ല. ആ വ്യക്തി സ്വപ്നാവസ്ഥയിലേക്ക് കടക്കുമ്പോൾ ഒരു പുതിയ ലോകം സൃഷ്ടിക്കപ്പെടുന്നു. അതേ വ്യക്തി ഉണർവിലേക്ക് തിരിച്ച് പ്രവേശിക്കുമ്പോൾ (അയാളെ സംബന്ധിച്ചിടത്തോളം) ബാഹ്യലോകം വീണ്ടും സൃഷ്ടിക്കപ്പെടുന്നു. അത്ര ലളിതമാണത്. ഭൗതീകമായ യാഥാർത്ഥ്യത്തിന്റെ പ്രകൃതത്തിന് മായികം എന്നല്ലാതെ മറ്റൊരടിസ്ഥാനമില്ല. മരുഭൂമിയിലെ മരീചികയുമായി ഇതിനെ താരതമ്യപ്പെടുത്താം.

എന്തു തന്നെയായാലും നിദ്രാവസ്ഥയ്ക്ക് മുമ്പും ശേഷവും വ്യക്തിയുടെ ജ്ഞാനതലത്തിൽ വ്യത്യാസമൊന്നും ഇല്ല. വ്യക്തി

പൂർണ്ണമായും ഊർജ്ജസ്വലനും, അയാളുടെ മനസ്സ് നവീകരിക്കപ്പെട്ട തായും തീരുന്നുവെന്നുമാത്രം.

ഒരു വ്യക്തിയുടെ മനസ്സിൽ ഉള്ളതെന്തോ അതിന്റെ പ്രതിബിംബ മാണ് അയാളുടെ ബാഹ്യലോകം (ഞാൻ മുമ്പ് പറഞ്ഞതുപോലെ). ഒരു വ്യക്തി മറ്റു പല വ്യക്തികളായും സംഭവങ്ങളായും ദൈനംദിന ജീവിതത്തിൽ പരസ്പരം ബന്ധിതനാണെങ്കിലും, ആ വ്യക്തി അനന്യ നായി തന്നെ തുടരുന്നു.

ഒരു വ്യക്തി ബാഹ്യലോകത്തെ അനുഭവിക്കുന്നതിൽ നിന്നും തികച്ചും വ്യത്യസ്തമാണ് മറ്റൊരു വ്യക്തിയുടെ അനുഭവം. വ്യക്തി യുടെ അനുഭവത്തിനടിസ്ഥാനം അയാളുടെ മനസ്സിലെ ഉള്ളടക്കങ്ങ ളാണ്. ഒരു കൂട്ടം സാഹചര്യങ്ങൾക്ക് കീഴിൽ ഒരു നല്ല അനുഭവം അല്ലെങ്കിലൊരു മോശപ്പെട്ട അനുഭവം, ഓരോരുത്തരും അവനവന്റെ മനസ്സിന്റെ ഉള്ളടക്കം പോലെ വ്യത്യസ്തതയോടെ അനുഭവിക്കുന്നു.

ലൗകീക മുദ്രകൾ (പല ജന്മങ്ങളിലായി, അനേക യുഗങ്ങൾ കൊണ്ട് മനസ്സിൽ സഞ്ചയിക്കപ്പെട്ടവ) തുടച്ചുമാറ്റപ്പെട്ടില്ലെങ്കിൽ, ബാഹ്യലോകത്തേക്കുള്ള അവയുടെ പ്രക്ഷേപണം തുടർന്നുകൊ ണ്ടിരിക്കും. ഒരിക്കൽ മനസ്സിൽ നിന്നും എല്ലാവിധ മുദ്രകളും നീക്ക പ്പെട്ടു കഴിഞ്ഞാൽ ഒരു വ്യക്തിയിൽ കുടി കൊള്ളുന്ന ചൈതന്യ ത്തിന് മനുഷ്യരൂപത്തിനുള്ളിലുള്ള അസ്തിത്വം തുടരുന്നതിന് കാര ണമൊന്നുമില്ല. പൂർവ്വജന്മങ്ങളിലെ കർമ്മങ്ങൾ അനിവാര്യമാക്കി ത്തീർത്ത പ്രതിപ്രവർത്തനങ്ങളിലൂടെ കടന്നു പോകേണ്ടിയിരി ക്കുന്നു എന്നതാണ് മനുഷ്യരൂപത്തിലുള്ള അസ്തിത്വത്തിന്റെ അടി സ്ഥാന കാരണം.

സഞ്ചയിക്കപ്പെട്ട ലൗകീക മുദ്രകൾ, ഇവ സൃഷ്ടിച്ച അതേ പര മോർജ്ജത്താൽ തുടച്ചുമാറ്റപ്പെട്ടതോടുകൂടി മനസ്സ് ക്രമേണ ഉയർന്ന പ്രതലങ്ങളിലേക്ക് ഉയർത്തപ്പെടുന്നു. 'മനസ്സിന്റെ ആരോഹണം' എന്ന ശൈലി ഉപയോഗിച്ചത് വിഷയത്തെ ചിത്രണം ചെയ്യുന്നതിന് വേണ്ടി മാത്രമാണ്. അഥവാ മനസ്സിനെ ഉയർത്തുക എന്ന ആവശ്യം തന്നെ ഉണ്ടാകുന്നില്ല. സഞ്ചിതമായ ലൗകീക മുദ്രകൾ തുടച്ചുമാറ്റപ്പെട്ട് പരി പൂർണ്ണമായും പ്രശാന്തമായ അവസ്ഥയിൽ മനസ്സ് ആയിത്തീരുക എന്നതുമാത്രമാണ് ആവശ്യം. ഈ പ്രശാന്തമായ സ്ഥിതിയിൽ സമ്പൂർണ്ണമായ അവബോധം ഒരു വ്യക്തിയുടെ ആത്മത്തിൽ പ്രതി

ബിംബിക്കുന്നു.

അതുകൊണ്ട്, ഒരു വ്യക്തിയ്ക്ക് പ്രബോധോദയം ഉണ്ടാവുകയും ആ വ്യക്തി ആത്മ-സാക്ഷാത്കാരം നേടുകയും ചെയ്യുമ്പോൾ എന്തു സംഭവിക്കുന്നു?

ഇതിനെക്കുറിച്ച് ഒരഭിപ്രായം പറയാൻപോലും ഞാൻ സമർത്ഥ നല്ല. എല്ലാ മനുഷ്യർക്കും അനുഭവപ്പെടുന്ന ഈ ബാഹ്യലോകം, അവരുടെ സ്വന്തം മനസ്സിന്റെ പ്രക്ഷേപണം മാത്രമാണെന്ന് പറയാൻ മാത്രമാണ് ഞാനാഗ്രഹിക്കുന്നത്.

ബാഹ്യലോകം (വ്യക്തിയ്ക്ക് ആ സമയം വരെ നില നിൽക്കുന്ന തായി അനുഭവപ്പെട്ടത്) ആ വ്യക്തിയ്ക്ക് മാത്രമായി അറുതി വരു കയും ചെയ്യുന്നു. ഒരു വ്യക്തിയിൽ ആത്മസാക്ഷാത്ക്കാരം സംഭ വിക്കുന്ന നിമിഷം വരെ, രണ്ടു ലോകവും, വ്യക്തിഗതലോകവും സമഷ്ടിലോകവും പരസ്പരം ബന്ധപ്പെട്ടിരിക്കും.

ഞാൻ മുമ്പ് പറഞ്ഞതുപോലെ, നാഡിയുടെ മൂലത്തിൽ സ്ഥിതി ചെയ്യുന്ന ആദിമശക്തിയെ ഗുരുനാഥൻ സ്പർശിക്കുമ്പോൾ, അത് റിവേഴ്സ് രീതിയിലേക്ക് തിരിയുകയും മനസ്സിന്റെ സഞ്ചിത പ്രകൃ തത്തെ നശിപ്പിക്കുകയും ചെയ്യുന്നു.

അനേകം തരത്തിലുള്ള ലൗകീകമുദ്രകളെ തുടച്ചുമാറ്റിക്കൊ ണ്ടാണ് ഇതിന്റെ തുടക്കം. ശരീരത്തിലും, മനസ്സിലും, ദൈനം ദിന ബാഹ്യജീവിതത്തിലും പ്രതികരണങ്ങൾ അനുഭവപ്പെടുന്നു. എങ്കിലും, ഒരു പ്രയോക്താവിന്റെ ദൈനംദിന ബാഹ്യജീവിതവു മായി ബന്ധപ്പെട്ട് സാധാരണ വായനക്കാരന്റെ മനസ്സിൽ ഒരു സംശയം ഉയർന്നേക്കാം. യോഗ സമ്പ്രദായത്തിലേക്ക് ഉപക്രമിക്ക പ്പെട്ട ഒരു വ്യക്തിയുടെ ബാഹ്യലോകവും സമഷ്ടിലോകവുമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ 'ക്രിയ'യെ ദൈനംദിന ജീവിതത്തിലെ ഒരു സാധാരണ സംഭവത്തിൽ നിന്നും വേർതിരിച്ചു കാണുന്നതെ ങ്ങിനെയാണ്?

വായനക്കാർ ഇവിടെ ഒരു കാര്യം മനസ്സിലാക്കേണ്ടിയിരിക്കുന്നു. യോഗമുറയിലേക്ക് ഉപക്രമിക്കപ്പെട്ട വ്യക്തി ഈശ്വരനിലേക്ക്, ഉറ വിടത്തിലേക്കുള്ള മടക്കയാത്രയിലാണ്.

മനസ്സിലെ രേഖപ്പെടുത്തപ്പെട്ട ലൗകീകമുദ്രകൾക്ക് അഹംബുദ്ധി

നിറം ചാർത്തുമ്പോൾ കർമ്മം സൃഷ്ടിക്കപ്പെടുന്നു. ഒരു വ്യക്തി യുടെ വിധി അനാവൃതമാകുന്നത് കർമ്മത്തിനനുസരിച്ചാണ്. ഈ ലൗകീകമുദ്രകൾ മനസ്സിൽ നിന്ന് മായ്ക്കപ്പെടണം, വ്യക്തി വിവൃത മാക്കപ്പെടുന്ന വിധിയുടെ മൂകസാക്ഷിയായി തീരണം. അല്ലാത്ത പക്ഷം ഒരു വ്യക്തി അയാളുടെ വിധിയെ അനുഭവിച്ചുകൊണ്ടിരി ക്കെയുണ്ടാകുന്ന ലൗകീക മുദ്രകൾ, വീണ്ടും മനസ്സിൽ ആലേഖിത മാകും. 'ക്രിയ'യാണ് സംഭവിച്ചുകൊണ്ടിരിക്കുന്നതെന്നും അതിനാൽ ലൗകീക മുദ്രകൾ വീണ്ടും ആലേഖിതമാകുന്നില്ല എന്നും മനസ്സി ലാക്കാൻ വേണ്ട അവബോധം പ്രയോക്താവിലുണ്ടെന്ന് സർവ്വശ ക്തൻ ഉറപ്പാക്കും.

യോഗമുദ്രയിലേക്ക് ഉപനയിക്കപ്പെടാത്ത വ്യക്തിയുടെ കാര്യ ത്തിൽ, ആദിപരാശക്തി അതിന്റെ മൂലസൃഷ്ടിയുടെ രീതിയിൽ പ്രവർത്തിക്കും. അതാണ് പരിണാമരീതി.

എങ്കിലും ചിലപ്പോഴൊക്കെ യോഗാഭ്യാസത്തിൽ ഉയർന്ന തല ങ്ങളിൽ എത്തിച്ചേരാത്ത പ്രയോക്താവിന്റെ മനസ്സിൽ അകം നിറം പിടിപ്പിക്കപ്പെട്ട ലൗകീകമുദ്രകൾ വീണ്ടും ഉയരുകയും വീണ്ടും മന സ്സിൽ രേഖിതമാകുകയും ചെയ്യും. എങ്കിലും തുടർന്ന് ഇവ മായിക്ക പ്പെടാൻ എളുപ്പമുള്ളതായിത്തീരുന്നു.

ആ വ്യക്തിയുടെ ചിത്തത്തിൽ ഒരു മായികലോകം തുടർച്ചയായി പ്രക്ഷേപിക്കപ്പെടുന്നു. അതിന്റെ ഫലമായി, ഒരു വിത്തെന്ന പോലെ, ഓരോ ലൗകീക മുദ്രയും മനസ്സിൽ മുദ്രണം ചെയ്യപ്പെടുകയും വ്യക്തി യുടെ വിധി രൂപപ്പെടുകയും ചെയ്യുന്നു. ഒരു വ്യക്തിയിൽ ആദിപരാ ശക്തി അതിന്റെ സംഹാരഭാവത്തിൽ റിവേഴ്സ് രീതിയിലാക്കു മ്പോൾ, ആ വ്യക്തി വിവൃതമാക്കപ്പെടുന്ന വിധി അല്ലെങ്കിൽ മുൻപെ രേഖിതമായിട്ടുള്ള ലൗകീക മുദ്രകളിൽ നിന്നും സ്വതന്ത്രനാകുന്നു. രണ്ടും ഒന്നു തന്നെയാണ്. ഏതൊരു വ്യക്തിയിലും വിധിയായി വിവൃതമാക്കപ്പെടുന്നത് അഹംബുദ്ധിയിൽ നിറം പിടിപ്പിക്കപ്പെട്ട പൂർവ്വാങ്കിതമായ ലൗകീക മുദ്രകളാണ്.

ഇവിടെ വായനക്കാരൻ ഉയർത്തിയേക്കാവുന്ന ഒരു വിഷയമുണ്ട്, വിധി പൂർണ്ണമായും തുടച്ചുമാറ്റപ്പെട്ടുവെന്നുള്ളതിന്റെ ന്യായമായ തെളിവെവിടെ? ഇത് മനസ്സിലാക്കേണ്ടത് നിർണ്ണായകമാണ്. ഒരു വ്യക്തി ആത്മത്തിൽ തന്നെയാണ് ഇത് അനുഭവിക്കുന്നത്. അനുഭ

വത്തിന്റെ പ്രകൃതം തന്നെ ലീലാപരമാണ്. അതൊരു ഗൗരവമാർന്ന അനുഭവമല്ല. വ്യക്തിയ്ക്ക് ആ അനുഭവത്തോട് പ്രത്യേകിച്ചൊരു വൈകാരിക ബന്ധം ഉണ്ടാവുകയില്ലെങ്കിലും വളരെ വ്യക്തമായി വ്യക്തിയത് അനുഭവിക്കുന്നുണ്ട്. ഇതാണ് ഞാൻ പറയാൻ ഉദ്ദേശി ച്ചത്. പുറമെ നിന്ന് നിരീക്ഷിക്കുന്ന ഒരു വ്യക്തിയ്ക്ക് ഈ മാനസി കാവസ്ഥയെക്കുറിച്ച് അറിയാൻ സാധ്യമല്ലെങ്കിലും, ശരീരഭാഷ പോലുള്ള രൂപങ്ങളിൽ ചില സൂചകങ്ങൾ കിട്ടിയേക്കാം. ഇതുകൂ ടാതെ, ചെറിയ അപകടങ്ങൾ പോലുള്ള, വ്യക്തി 'ക്രിയ'യിലൂടെ കടന്നു പോകുന്നതിനുള്ള തെളിവായി മനസ്സിലാക്കാം. ഉദാഹരണ ത്തിൽ, ഒരു വലിയ അപകടം ഉണ്ടാകുന്നതിനുവേണ്ട എല്ലാ സാഹ ചര്യങ്ങളും നിലനിന്നിരിക്കാം. എന്നിട്ടും അതിശയകരമായ വിധ ത്തിൽ നിസ്സാരമായ അനുഭവത്തോടുകൂടി വ്യക്തി രക്ഷപ്പെടുന്നു. 'ക്രിയ'യുടെ ഒരു ഉദാഹരണമാണിത്.

അതിനാൽ, ഉറവിടത്തിലേക്കുള്ള അല്ലെങ്കിൽ ഈശ്വരനിലേ ക്കുള്ള മടക്കയാത്രയിലായിരിക്കുന്ന ഒരു വ്യക്തിയ്ക്ക് അല്ലെങ്കിൽ യോഗ പ്രയോക്താവിന്, ഓരോ ഘട്ടത്തിലും ജീവിതം 'ക്രിയ'യാ കുന്നു. ആദിപരാശക്തി തന്നെ കാരണമായ എല്ലാ അവസ്ഥകളിൽ നിന്നും പ്രയോക്താവിന്റെ മനസ്സ് സ്വതന്ത്രമാകുന്നതിനു വേണ്ട എണ്ണ മറ്റ പരമ്പരയായ പ്രതികരണങ്ങൾ സംഭവിക്കുന്നുണ്ടെന്ന് ഉറപ്പാക്കും.

എന്റെ ഗുരുനാഥൻ വിശദീകരിച്ചതുപോലെ മടക്കയാത്രയ്ക്കുള്ള ടിക്കറ്റില്ലാതെ, സ്റ്റോപ്പുകളില്ലാത്ത വണ്ടിയിൽ കയറിയിരിക്കുന്നതു പോലെയാണത്. പ്രയോക്താവിന് ചെയ്യാനായി ഒന്നുമില്ല. മടക്കമി ല്ലാത്ത യാത്രയിലാണയാൾ. കുണ്ഡലിനി ഉണർത്തപ്പെട്ട നിമിഷ ത്തിൽ, പ്രയോക്താവ് ഈ മടക്കമില്ലാത്ത യാത്രയിലേക്ക് പ്രവേശി പ്പിക്കപ്പെട്ടു, ജനനമരണങ്ങൾക്കപ്പുറം, അങ്ങനെ അയാൾ മോചിപ്പി ക്കപ്പെടാൻ!

ആ വ്യക്തിയുടെ എല്ലാവിധ ഓപ്ഷനുകളും അവസാനിച്ചുവോ, അല്ലെങ്കിൽ ഒരു സാധാരണ ജീവിത രീതിയിലേക്ക് തിരിച്ചുവരാൻ അയാൾക്ക് സാധ്യമാണോ എന്ന് ചിലപ്പോഴൊക്കെ ഞാൻ ഗുരുവി നോട് ചോദിച്ചിട്ടുണ്ട്. പരമശക്തിയ്ക്ക് പൂർണ്ണമായി കീഴ്പ്പെട്ട് മൂക സാക്ഷിയായി മാറിയില്ലെങ്കിൽ, മടക്കയാത്രയുടെ വേഗം മന്ദീഭവി ക്കുമെന്ന് ഗുരുനാഥൻ തീർത്തു പറഞ്ഞു. കൂടാതെ, വ്യക്തിയ്ക്ക് അയാളുടെ ലൗകീകമായ സ്വതന്ത്രബുദ്ധി ഉപയോഗിച്ചുകൊണ്ട്

ട്രെയിനിലെ അയാളുടെ സ്ഥാനം മാറ്റുകയും ചെയ്യാം. ലൗകീകമായ ഈ സ്വതന്ത്ര ഇച്ഛയുടെ ഒരു ചെറു ഉപയോഗമല്ലാതെ, ഫലത്തിൽ തിരിച്ചുവരവില്ലാത്ത ഒരു യാത്രയിലേക്കാണ് പ്രയോക്താവ് പ്രവേശിക്കപ്പെടുന്നത്.

എങ്കിലും, ഇതെല്ലാം തന്നെ വളരെ സമഞ്ജസമായ രീതിയിലാണ് സംഭവിക്കുന്നതെന്ന് ഞാൻ വായനക്കാരന് ഉറപ്പു നൽകുന്നു.

ഒന്നാമതായി, ആരും തന്നെ ഒരൊറ്റ രാത്രി കൊണ്ട് പ്രബോധോദയം നേടുന്നില്ല. ആത്മസാക്ഷാത്കാരം ഒരു നിമിഷം കൊണ്ടോ, ഏതാനും വർഷങ്ങൾ കൊണ്ടോ സംഭവിക്കാവുന്ന ഒന്നല്ല. അതിനാൽ ഒരു വ്യക്തി മാനുഷിക ബന്ധങ്ങളോടുള്ള വൈകാരിക മമതയുടെ രൂപത്തിൽ യുഗങ്ങളായി അരുമയായി സഞ്ചയിക്കപ്പെട്ട ഈ പൊടിപടലം അത്ര പെട്ടെന്നോന്നും നഷ്ടപ്പെടുമെന്നുള്ള ഭയം വേണ്ട.

രണ്ടാമതായി, മറ്റൊരു പ്രതിഭാസമുണ്ട്.

ഒരു ദരിദ്രന് കോടികൾ തിരിച്ച് നൽകപ്പെടേണ്ടി വരിക എന്നൊരു അവസ്ഥയെക്കുറിച്ച് സങ്കൽപ്പിക്കുവാൻ കഴിയില്ല. എങ്കിലും ആ സംഖ്യ തിരിച്ചു നൽകാൻ കഴിയുന്ന യഥാർത്ഥ അവസ്ഥ സംജാതമാകാം.

അതുപോലെ, പലരും തന്നെ വധിക്കാൻ ശ്രമിക്കുന്നുണ്ടെന്ന സാഹചര്യം ഒരു സാധാരണക്കാരനെ സംബന്ധിച്ചിടത്തോളം ചിന്തനീയമല്ല. എങ്കിലും അത്തരത്തിലുള്ളൊരു സാഹചര്യം സംജാതമാകുമ്പോൾ, ഈ സാധാരണക്കാരനും അവന്റെ ജീവിതത്തിന് നേരെയുണ്ടാകുന്ന ഭീഷണിയെ നേരിടാൻ വേണ്ട ശക്തിയും ധനവും ആൾസഹായവും ഉണ്ടാകും.

അതിനാൽ, ഭയത്തിന്റെ ആവശ്യമില്ല. വൈകാരിക ബന്ധങ്ങൾ വിട്ടുകളയേണ്ട സമയം വരുമ്പോൾ, അതിനുവേണ്ട മാനസികാവസ്ഥയും വ്യക്തിയിൽ ഉടലെടുക്കും.

പ്രയോക്താവിന് സുരക്ഷിതമായ വഴികൾ പ്രാപ്യമാകുമെന്ന് സർവ്വജ്ഞാനിയായ ആദിപരാശക്തി ഉറപ്പാക്കും. ലളിതമായി പറഞ്ഞാൽ കാര്യങ്ങൾ എങ്ങനെ നീക്കണമെന്ന് പരമദൈവീകതയ്ക്കറിയാം.

ഒരു പ്രയോക്താവിന്റെ ജീവിതം തീർച്ചയായും അഗ്നിപാതയിലാണ്! പ്രത്യേകിച്ച് 'ജ്ഞാനത്തിന്റെ പാളിയിൽ' ക്രിയ സംഭവിക്കുമ്പോൾ, വ്യക്തിയുടെ അഹംബുദ്ധി തുടച്ചുമായ്ക്കപ്പെടുന്നു. അതിന്റെ ഫലമായി, ഒരു പ്രയോക്താവിന് ഏറ്റവും അഹിതകരമായ അനുഭവമായിരിക്കും ഇതും. പലപ്പോഴും ഇത്തരത്തിലുള്ള 'ക്രിയ' ഒരു വ്യക്തിയുടെ ദൈനംദിന ജീവിതത്തിൽ സംഭവിക്കാറുണ്ട്. വിടാതെ പിടികൂടുക അതു മാത്രമാണ് എന്റെ സഹയാത്രികരോട് എനിക്ക് ഉപദേശിക്കാനുള്ളത്. വിടാതെ നിൽക്കുക, ഏതാനും വിനാഴികകൾ അല്ലെങ്കിൽ ദിവസങ്ങൾ, അതുമല്ലെങ്കിൽ മാസങ്ങൾ. മാംസത്തിൽ നിന്നും മുള്ള് മാറ്റപ്പെടും എന്നത്തേക്കുമായി. വേദനകളില്ല, ദുരിതങ്ങളില്ല!

# മനസ്സിന്റെ രൂപാന്തരീകരണം

കുണ്ഡലിനി ഒരു ഗുരുവിനാൽ സചേതനമാക്കപ്പെട്ടതിൽ പിന്നെ ഒരു വ്യക്തിയുടെ ശരീരത്തിൽ, മനസ്സിൽ, ദൈനംദിന ബാഹ്യജീവിതത്തിൽ, സംഭവിക്കുന്ന പലതരത്തിലുള്ള ക്രിയകളെക്കുറിച്ച് ഞാനെഴുതി.

എന്നാൽ, ഒരു പ്രയോക്താവിനെ സംബന്ധിച്ചിടത്തോളം പ്രധാനം പ്രകടമാകുന്ന അനേകതരം പ്രതിപ്രവർത്തനങ്ങളല്ല. മറിച്ച് മനസ്സിന്റെ രൂപാന്തരീകരണവും അതിന്റെ ആത്യന്തിക ഫലമായ അവസ്ഥയുമാണ് നിർണ്ണായകം.

സർവ്വജ്ഞനായ ആദിപരാശക്തിയാൽ ശരീരത്തിൽ പ്രതികരണങ്ങൾ പ്രകടമാകുമ്പോൾ തന്നെ, മനസ്സിൽ നിന്നും എക്കാലവും രേഖിതമായ എല്ലാ ലൗകീകമുദ്രകളും തുടച്ചുമായ്ക്കപ്പെടുന്നു. അതിന്റെ ഫലമായി, പടിപടിയായി മനസ്സ് ഉയർന്ന പ്ലാറ്റ്ഫോമുകളിലേക്ക് ആരോഹണം ചെയ്യുന്നു. അങ്ങനെ സമഗ്രമായ രീതിയിൽ മേധാശക്തിയെ വിശാലമാക്കുന്നു.

എന്റെ മനസ്സിന് സാവധാനം രൂപമാറ്റം സംഭവിച്ചുകൊണ്ടിരിക്കെ എന്റെ വ്യക്തിജീവിതത്തിലുണ്ടായ ഫലങ്ങളെ ഞാൻ ആഖ്യാനം ചെയ്യാം, അതായത് എന്റെ മനസ്സിന് വന്ന മാറ്റത്തെ സംബന്ധിക്കുന്ന സ്വന്തം അനുഭവങ്ങൾ.

എന്റെ ശരീരത്തിൽ കുണ്ഡലിനി ഉണർന്നു തുടങ്ങിയപ്പോൾ ഉണ്ടായ ആദ്യത്തെ ഗുണാത്മകമായ മാറ്റം എന്റെ മതപരവും, പ്രത്യയശാസ്ത്രപരവും സദാചാരപരവുമായ വിശ്വാസങ്ങളിലാണ് സംഭവിച്ചത്.

ഞാൻ മുമ്പൊരു അദ്ധ്യായത്തിൽ ഒരു കുട്ടിച്ചക്രവണ്ടിയെക്കുറിച്ച് പറഞ്ഞത് വായനക്കാർ ഓർക്കുന്നുണ്ടാകും. ഏതെങ്കിലും മതം

അല്ലെങ്കിൽ വിശ്വാസത്തിന്റെ ഒരു നിർണ്ണായക വശത്തെക്കുറിച്ച് ഓർമ്മിക്കാൻ ഞാൻ വായനക്കാരനോട് അപേക്ഷിക്കുകയാണ്.

ഒരു കുട്ടിച്ചക്ര വണ്ടി പോലെ, നിങ്ങൾക്ക് വളരാനുള്ള ഒരു ഉപകരണം മാത്രമാണത്.

ഒരിക്കൽ ലക്ഷ്യം നേടി കഴിഞ്ഞാൽ ഇത്തരം ഉപകരണങ്ങളുടെ ആവശ്യം ഇല്ലാതാകുന്നു. മുന്നോട്ടുള്ള പുരോഗതിയ്ക്ക് ഇവ തടസ്സങ്ങളാകും.

മുൻപ് നിലനിർത്തിയിരുന്ന വിശ്വാസങ്ങളോട് എന്തെങ്കിലും തരത്തിലുള്ള അനാദരമോ, അഹങ്കാരമോ കാണിക്കുക അല്ല എന്റെ ഉദ്ദേശ്യം. വാസ്തവത്തിൽ നമ്മുടെ വളർച്ചയ്ക്ക് കാരണം തന്നെ അവയാണ്. അക്ഷരമാല പഠിപ്പിച്ചു തന്ന പ്രാഥമിക വിദ്യാലയത്തെ നാം ആരും തന്നെ മറക്കുകയില്ല. ഒരു വ്യക്തി വലിയൊരു പണ്ഡിതൻ തന്നെ ആയിത്തീർന്നാലും അതിനെല്ലാം ലൗകീക വിദ്യാഭ്യാസത്തിനും ഈ തരത്തിലുള്ള യുക്തി പ്രയോഗയോഗ്യമാണ്.

എങ്കിലും അദ്ധ്യാത്മിക ശാസ്ത്രങ്ങളെ സംബന്ധിച്ചിടത്തോളം ഈ ലോജിക് ഏറെക്കുറെ വ്യത്യസ്തമാണ് - ചെറിയൊരു വ്യതിയാനത്തോടെ. ഒരു വിദ്യാർഥി അല്ലെങ്കിൽ ഒരു പ്രയോക്താവ് ഒരു പ്രത്യേക വിശ്വാസം അല്ലെങ്കിൽ ഫിലോസഫി തിരഞ്ഞെടുക്കുന്നത് സ്വന്തം വളർച്ചയ്ക്കാണ്. എങ്കിലും പഠിച്ചതെല്ലാം വിട്ടുകളയേണ്ട ഒരു ഘട്ടം വ്യക്തിയ്ക്കുണ്ടാകും.

ഈ ആശയത്തെ അൽപ്പമൊന്നുകൂടി വികസിപ്പിക്കാനായി നമുക്ക് മറ്റൊരു ഉദാഹരണമെടുക്കാം. ഒരു വ്യക്തി ഈശ്വരനെ ഒരു പ്രത്യേക രൂപത്തിൽ ആരാധിക്കുന്നുണ്ടാകും. ഈശ്വരൻ അരൂപിയാണെന്ന ബോധം ഉറയ്ക്കുന്നതോടുകൂടി വ്യക്തി ഈശ്വരന് നൽകിയ രൂപത്തെ മനസ്സിൽ നിന്നും വിട്ടു കളയേണ്ട ഘട്ടം വരുന്നു. പിന്നീടെന്തു സംഭവിക്കുന്നുവെന്ന് എനിക്ക് പറയാൻ കഴിയുകയില്ല. യോഗാഭ്യാസത്തിൽ ഞാൻ അത്രയൊന്നും മുന്നോട്ട് പോയിട്ടില്ല.

കുണ്ഡലിനി ഒരു വ്യക്തിയിൽ ഉണർത്തപ്പെട്ടതിനു ശേഷം മനസ്സിന്റെ ഒരു ഇടക്കാല അവസ്ഥയെക്കുറിച്ച് വായനക്കാരന് ചില അറിവുകൾ തരാൻ ശ്രമിക്കുക മാത്രമാണ് ഞാൻ ചെയ്യുന്നത്.

ഓരോ വ്യക്തിയും ആത്യന്തികമായി ബാഹ്യമായ സഹായ

മൊന്നും കൂടാതെ സ്വയമായി, അവനവനുള്ളിൽ ദൈവീകതയെ പ്രത്യക്ഷീകരിക്കേണ്ടതുണ്ട്. ഗുരു എന്ന മാധ്യമത്തിൽ കൂടിയാണ് ഇത് സംഭവിക്കുന്നത്, അതും ഗുരുവിന്റെ കൃപയുണ്ടെങ്കിൽ മാത്രം. വിഷയത്തിന്റെ കാതലായഭാഗം ഇതാണ്.

എന്റെ വ്യക്തിപരമമായ ജീവിതത്തിൽ സംസർഗ്ഗപ്രിയം എനിക്ക് ഇല്ലാതായി എന്നതാണ് രണ്ടാമത്തെ ഗുണാത്മകമായ മാറ്റം. സാമൂഹിക ജീവിതം എന്നെ സംബന്ധിച്ചിടത്തോളം പൂർണ്ണമായും വിട്ടു പോയിരുന്നില്ല. കാരണം എന്റെ പൂർവ്വജന്മങ്ങൾ തീർത്തും തുടച്ചു മാറ്റപ്പെട്ടില്ലല്ലോ. എങ്ങനെയായാലും സാമൂഹിക ജീവിതത്തിൽ എനിക്ക് താൽപര്യം നശിച്ചു. വലിയൊരു അളവോളം ലൗകീകമുദ്രകൾ അല്ലെങ്കിൽ കർമ്മങ്ങൾ മനസ്സിൽ നിന്നും ആദിപരാശക്തിയുടെ ദയാവായ്പിനാൽ തുടച്ചുമാറ്റപ്പെടുമ്പോൾ, അതിന്റെ ആഘാതം വ്യക്തമായി മനസ്സിൽ അനുഭവിക്കാനാകും. ഇവിടെ വായനക്കാർ മനസ്സിലാക്കേണ്ട ഒരു സംഗതിയുണ്ട്. മുമ്പൊരു അദ്ധ്യായത്തിൽ ഞാനിതിനെക്കുറിച്ച് സൂചിപ്പിച്ചിട്ടുള്ളതാണ് – ക്രിയയുടെ പ്രത്യക്ഷീകരണങ്ങൾ അറകളായി വേർതിരിക്കപ്പെടുകയല്ല. അതായത് ഒരു പ്രത്യേക കാറ്റഗറിയിൽ പെടുന്ന ലൗകീകമുദ്രകൾ പൂർണ്ണമായും തുടച്ചുമാറ്റപ്പെടുന്നതിന് മുമ്പു തന്നെ പുതിയ ക്രിയയുടെ പ്രത്യക്ഷീകരണം ആരംഭിക്കും.

അതുപോലെ, സംഗീതം, സിനിമ, ടെലിവിഷൻ, ഇന്റർനെറ്റ്, പുസ്തകങ്ങൾ, മാസികകൾ, പത്രം, തുടങ്ങിയവയിലൊക്കെയുള്ള താല്പര്യവും എനിക്കില്ലാതായി. എപ്പോഴെങ്കിലും ഒന്ന് നോക്കിയെങ്കിലായി, അത്ര തന്നെ.

അതുപോലെ, വിചിത്രമായ സ്ഥലങ്ങളിലേക്ക് തനിയെ കാറോടിച്ചുപോകുക എന്നെ സംബന്ധിച്ചിടത്തോളം വളരെ രസകരമായ സംഗതിയായിരുന്നു. എന്നാലിപ്പോൾ ഇത്തരം പ്രവർത്തികളോട് എനിക്ക് തീരെ കമ്പമില്ലാതായി.

പരാശക്തി ഒരു വ്യക്തിയുടെ മനസ്സിൽ നിന്നും ഇത്തരത്തിലുള്ള ത്വര സ്ഥിരമായി ഇല്ലാതാക്കുന്നതെങ്ങിനെയെന്ന് വിശദീകരിക്കുന്ന ഏതാനും സംഭവങ്ങൾ കൂടി ഞാൻ പറയാം.

പഞ്ചാബിലെ ജലന്ധറിൽ താമസിച്ചുകൊണ്ടിരിക്കെ ഒരു ദിവസം പെട്ടെന്ന് പാചകം ചെയ്യാനുള്ള അതിയായ ആഗ്രഹം എന്നിലു

ണ്ടായി, എന്റെ ജീവിതത്തിൽ അന്നുവരെ ഞാൻ ചെയ്യാത്തൊരു കാര്യമായിരുന്നു അത്. പാചകത്തിനാവശ്യമായ എല്ലാ സാധനങ്ങളും ഞാൻ പോയി വാങ്ങികൊണ്ടുവന്നു. എന്നിട്ട്, വളരെ വേഗത്തിൽ വിചിത്രമായ പല ഭക്ഷണങ്ങളും ഞാൻ പാചകം ചെയ്യുന്നു. ആവശ്യ മായ അടുക്കള ഉപകരണങ്ങളും, പലചരക്കു സാധനങ്ങളും വാങ്ങുന്ന തിനായി ഞാൻ ധാരാളം പണവും സമയവും ചെലവാക്കി തുടങ്ങി.

ഏതാനും ആഴ്ചകൾക്കുള്ളിൽ സംഭവിച്ചത് അതിശയകരമാണ്. ദിവസേനയെന്നോണം നീണ്ട മണിക്കൂറുകൾ ഞാൻ പച്ചക്കറികൾ അരിയുകയും, നുറുക്കുകയുമൊക്കെ ചെയ്തു കൊണ്ടിരുന്നു. അറിയ പ്പെടാത്ത ഏതോ ഒരു പിശാച് എന്റെയുള്ളിൽ അധിവസിക്കുന്നതു പോലെ.

പെട്ടെന്ന് ഞാൻ കിടക്കയിൽ നിന്നെഴുന്നേൽക്കും, എന്നിട്ട് പച്ച ക്കറികൾ നുറുക്കാൻ തുടങ്ങും. പലതരം ഭക്ഷണപദാർത്ഥങ്ങൾ ഉണ്ടാ ക്കിക്കൊണ്ട് രാത്രി വളരെ വൈകുവോളം ഞാൻ സമയം ചെലവഴിച്ചു.

പല ആഴ്ചകളോളം ഇത്തരം പ്രവർത്തികൾ തുടർന്നു. പെട്ടെ ന്നൊരു ദിവസം ഇത്തരത്തിൽ പാചകം ചെയ്യാനുള്ള ത്വര പൂർണ്ണ മായും എന്നിൽ അവസാനിച്ചു. അടുക്കള പാത്രങ്ങൾ പാക്ക് ചെയ്ത് ഞാനവ ഒരു മരയളമാരിക്കകത്തേക്ക് തള്ളി.

എങ്കിലും, എപ്പോഴെങ്കിലുമായി ഈ ത്വര എന്നിൽ ഉണ്ടാകാറുണ്ട്, അപ്പോഴൊക്കെ ഞാൻ ധാരാളം പച്ചക്കറികൾ വാങ്ങും, എന്നിട്ടവ ഫ്രിഡ്ജിൽ സൂക്ഷിക്കും, അത്രമാത്രം. ഞാൻ പിന്നീടൊരിക്കലും പാചകം ചെയ്തിട്ടില്ല. ഏതാനും ദിവസങ്ങൾക്ക് ശേഷം ഞാൻ പച്ച ക്കറികൾ വലിച്ചെറിഞ്ഞുകളയും. വീണ്ടും കുറെ ദിവസങ്ങൾ കഴിയു മ്പോൾ ഇതേ ആഗ്രഹം വീണ്ടും ഉണ്ടാകും, ഞാൻ പച്ചക്കറികൾ വാങ്ങും, സൂക്ഷിച്ച് വെയ്ക്കും, ഏതാനും ദിവസങ്ങൾ കഴിയുമ്പോൾ വലിച്ചെറിയും.

ഒരു വ്യക്തി പാചകവുമായി ബന്ധപ്പെട്ട് എപ്പോഴെങ്കിലും ചെയ്തി ട്ടുള്ള എല്ലാ പ്രവർത്തികളുമായും ബന്ധപ്പെട്ട ലൗകീക മുദ്രകൾ മന സ്സിൽ നിന്നും മായിച്ചുകളയുന്നതായിരുന്നു ഇത്. ഈ പ്രക്രിയ ഇത്തര ത്തിൽ അനേകം വ്യത്യസ്തമായ പ്രവർത്തികളുമായി ബന്ധപ്പെട്ട സംഭവങ്ങൾ പല സന്ദർഭങ്ങളിലും എനിക്കുണ്ടായിട്ടുണ്ട്.

ഓരോ വ്യക്തിയുടെ മനസ്സിലും വ്യത്യസ്ത തരം ഫാന്റസികളും

ആഗ്രഹങ്ങളും ഉണ്ടായിരിക്കും. വ്യത്യസ്തങ്ങളായ 'ക്രിയ'കൾ അല്ലെങ്കിൽ പ്രതിപ്രവർത്തനങ്ങൾ പ്രത്യക്ഷീകരിച്ചുകൊണ്ട് ഇവയെല്ലാം മനസ്സിൽ നിന്നും കഴുകിക്കളഞ്ഞിരിക്കുമെന്ന് ആദിപരാശക്തി ഉറപ്പാക്കും. വ്യത്യസ്തങ്ങളായ സംഭവങ്ങൾ വളരെ മൃദുവായ രീതിയിൽ ദൈനംദിന ജീവിതത്തിൽ നടന്നു കൊണ്ടിരിക്കും. ഇവയിലൂടെ വ്യത്യസ്ത ത്വരകൾ മനസ്സിൽ നിന്നു മായ്ക്കപ്പെടുകയും ചെയ്യും. എല്ലാവിധ ഫാന്റസികളും ആഗ്രഹങ്ങളും വളരെ മൃദുവായ രീതിയിൽ പൂർത്തീകരിക്കപ്പെടും, അതുവഴി ജീവിതത്തിൽ പിന്നീട് അത്തരം പ്രത്യേക ആകർഷണങ്ങളോട് അഭിനിവേശം ഇല്ലാതാകും. അതുപോലെ എല്ലാ ഭയങ്ങളും ഉത്കണ്ഠകളും ദുരീകരിക്കപ്പെടുകയും അതിനുശേഷം മനസ്സിലോ നിത്യജീവിതത്തിലോ ഒന്നിനെക്കുറിച്ചും വ്യക്തിക്ക് ഭീതി ഇല്ലാതിരിക്കുകയും ചെയ്യും.

നീണ്ട കാലത്തോളം മേൽ പറഞ്ഞ മനസ്സിന്റെ നിർമ്മലീകരണം എന്ന പ്രക്രിയ നടന്നു കൊണ്ടിരിക്കുമ്പോൾ മറ്റൊരു പ്രതിഭാസം മനസ്സിൽ സംഭവിച്ചു തുടങ്ങും. മനസ്സിനെ ഉള്ളിലേക്ക് വലിച്ചടുപ്പിക്കുന്നതുപോലെ, അല്ലെങ്കിൽ ആന്തരികമായി അവസാനമില്ലാത്ത ഒരു ബിന്ദുവിലേക്ക് തകർന്നു വീഴുന്നതു പോലെയുള്ള ഒരനുഭവം മനസ്സിനകത്ത് ഉണ്ടാകും. നിരന്തരമായി രാവും പകലും ഈയൊരു ആഘാതം വളരെ സ്പഷ്ടമായി മസ്തിഷ്ക പ്രദേശത്ത് സംഭവിക്കുന്നത് അറിയാൻ കഴിയും. ഈ രൂപാന്തരീകരണത്തിന്റെ നേട്ടങ്ങളുടെ ഫലമാണ് ശക്തമായ നിദ്ര.

എന്നാൽ മനസ്സിന്റെ നിർമ്മലീകരണത്തിന്റെ ആദ്യഘട്ടത്തിൽ ഇതിനോടൊപ്പം സംഭവിക്കുന്ന ഒരു പ്രത്യേക സൈഡ് ഇഫക്ട് അല്ലെങ്കിൽ ഒരു താൽക്കാലിക പ്രതിഭാസത്തെക്കുറിച്ചു എന്റെ സഹപ്രയോക്താക്കൾക്ക് മുന്നറിയിപ്പ് നൽകാൻ ഞാനാഗ്രഹിക്കുകയാണ്.

ആദിപരാശക്തിയാൽ മനസ്സിലെ ലൗകീക മുദ്രകളുടെ ഒരു വലിയ ഭാഗം തന്നെ കഴുകിമാറ്റപ്പെടുമ്പോൾ, വിമലീകരിക്കപ്പെട്ട മനസ്സ് അതിലോലവും വികാരഭരിതവും ആയിതീരും.

എന്തുകൊണ്ടാണ് ഇപ്രകാരമൊരു പരസ്പര വിരുദ്ധമായ രീതിയിൽ ഈ പ്രക്രിയ സംഭവിക്കുന്നതെന്ന് ഞാൻ ഗുരുനാഥനോട് ചോദിച്ചിട്ടുണ്ട്. വാസ്തവത്തിൽ ഒരു ചർച്ചയിൽ ഈ വിഷയം ആദ്യം അവതരിപ്പിച്ചതും അതിനെ വിശദീകരിച്ചതും ഗുരുവായിരുന്നു.

ഇതൊരു സ്വാഭാവിക പ്രക്രിയയാണെന്നായിരുന്നു ഗുരുവിന്റെ മറുപടി. ആദ്യഘട്ടങ്ങളിൽ മനസ്സ് വിമലീകരിക്കപ്പെടുമ്പോൾ എല്ലാ തരം വികാരവിചാരങ്ങളോടും മനസ്സ് ഇമ്മ്യൂണിറ്റി നേടുന്നതിന് മുമ്പ് ഇപ്രകാരം സംഭവിക്കുക സ്വാഭാവികമാണ്.

ഈ പ്രതിഭാസത്തെക്കുറിച്ച് എല്ലാ പ്രയോക്താക്കളും അറിഞ്ഞിരിക്കേണ്ടതുണ്ടതാണ്. വളരെ സ്വാഭാവികമായ രീതിയിൽ താത്ക്കാലികമായി ഇതു സംഭവിക്കുന്നു. ഇതിനെക്കുറിച്ച് ഉത്കണ്ഠപ്പെടേണ്ട കാര്യമില്ല. വാസ്തവത്തിൽ യോഗാഭ്യാസത്തിൽ നല്ല പുരോഗതി ഉണ്ടാകുന്നുണ്ട് എന്നതിന്റെ അടയാളമാണിതെന്നും ഗുരുനാഥൻ പറഞ്ഞു. ഞാൻ മുമ്പ് സൂചിപ്പിച്ചതുപോലെ, യോഗാഭ്യാസം നടന്നുകൊണ്ടിരിക്കുമ്പോൾ പല തടസ്സങ്ങളം വന്നു ചേരുക സ്വാഭാവികമാണ്.

ഉദാഹരണത്തിന് ധ്യാനത്തിനായി ഞാനിരിക്കുമ്പോൾ അലട്ടലുകളൊന്നും ഇല്ലാതിരിക്കാനായി എല്ലാ മുൻകരുതലുകളും ഞാനെടുക്കാറുണ്ട്. ഫോൺ നിശ്ശബ്ദമാക്കി വെയ്ക്കുക, എല്ലാവിധ ഇലക്ട്രിക് ഉപകരണങ്ങളും, ലൈറ്റും, സ്വിച്ച് ഓഫ് ആക്കുക, വാതിൽ കുറ്റിയിടുക തുടങ്ങിയ കാര്യങ്ങളെല്ലാം ചെയ്തിരിക്കും.

എന്നാൽ എത്രയൊക്കെ മുൻകരുതലുകൾ ചെയ്താലും ശല്യം ഉണ്ടാകേണ്ടതാണെങ്കിൽ അത് ഉണ്ടായിരിക്കും.

ധ്യാനത്തിലിരിക്കുമ്പോഴുണ്ടാകുന്ന അലട്ടലുകൾ യഥാർത്ഥത്തിൽ മുൻകാല പ്രവർത്തികളുടെ ഫലമാണ്. ഇത് മനസ്സിലാക്കിയിരിക്കണം. ഇത്തരം അലട്ടലുകളിലൂടെ സുനിശ്ചിതമായും കടന്നുപോകണം. ക്രമേണ ഇവ നേർത്ത് നേർത്ത് വരികയും, പിന്നീട് പ്രയോക്താവിന് ശല്യം അനുഭവപ്പെടാതിരിക്കുകയും ചെയ്യും. അപ്രകാരമല്ലെങ്കിൽ വിമലീകരിക്കപ്പെടാത്ത ഈ മുദ്രകൾ ശാരീരികമായും മാനസികവുമായ വിവിധതരം തടസ്സങ്ങളായി പ്രത്യക്ഷീഭവിച്ചുകൊണ്ട് ധ്യാനത്തെ അലട്ടിക്കൊണ്ടിരിക്കും.

എന്റെ സഹപ്രയോക്താക്കൾ ഒരു കാര്യം ഓർത്തിരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അല്പമെങ്കിലും അഹംബുദ്ധി നിറംപിടിച്ചതാണെങ്കിൽ നിങ്ങളുടെ സ്വമേധയാലുള്ള ആത്മസമർപ്പണം കൊണ്ട് പോലും ആദിപരാശക്തിയെ നിങ്ങൾക്ക് കബളിപ്പിക്കാൻ സാധിക്കുകയില്ല.

ആത്മ സമർപ്പണം സ്വമനസ്സാലെ, സ്വാഭാവികമായും മനസ്സിൽ നിന്നും, ബുദ്ധിയിൽ നിന്നും, ശരീരത്തിൽ നിന്നും, ഉയർന്നു വരുന്നതായിരിക്കണം. ബോധപൂർവ്വമോ, അല്ലാതെയോ, അയഥാർത്ഥമായ ആത്മസമർപ്പണം നടത്താൻ ഒരിക്കലും ശ്രമിക്കരുത്. ഓരോ നിമിഷവും സത്യസന്ധത നിങ്ങളുടെ ജീവവായുവായിരിക്കട്ടെയെന്ന് ഗുരുവിനോട് പ്രാർത്ഥിക്കുക.

തടസ്സങ്ങൾ എല്ലാവർക്കും ഉണ്ടാകുമെന്നും അത് സ്വാഭാവികമാണെന്നും പറയാനാണ് ഞാൻ ആഗ്രഹിക്കുന്നത്. തടസ്സങ്ങളെ പ്രതിരോധിക്കരുത്. യോഗാഭ്യാസത്തിന്റെ തത്ത്വത്തിന് എതിരാണിത്.

മനസ്സിന്റെ വിമലീകരണ പ്രക്രിയ നടന്നകൊണ്ടിരിക്കുമ്പോൾ മാനസികാവസ്ഥ വഴുതിപ്പോകാൻ ഇടയുണ്ട്, എന്നാലിത് ഏവർക്കും സംഭവിക്കാവുന്ന സ്വാഭാവികമായ ഒന്നാണ്. ഇതിനെക്കുറിച്ചും ഉത്കണ്ഠപ്പെടേണ്ടതില്ല. ഇതൊരു താൽക്കാലിക പ്രതിഭാസം മാത്രമാണ്. യോഗാഭ്യാസം പുരോഗമിച്ചുകൊണ്ടിരിക്കുമ്പോൾ, ഇടയ്ക്കിടെ പ്രയോക്താക്കൾക്ക് വഴുതൽ സംഭവിക്കുക സാധാരണമാണെന്ന് എല്ലാ യോഗ ഗ്രന്ഥങ്ങളും സാക്ഷ്യം വഹിക്കുന്നുണ്ട്. എന്റെ ഗുരുനാഥനും ഇത്തരത്തിലുള്ള വ്യാഖ്യാനം തന്നെയാണ് നൽകിയിട്ടുള്ളത്. എനിക്കും പലപ്പോഴും ഇത്തരത്തിൽ ചെറുവീഴ്ച സംഭവിച്ചിട്ടുണ്ട്. ഒരിക്കൽ വലുതായും.

കുണ്ഡലിനി ആദ്യമായി ഉണർത്തപ്പെടുമ്പോൾ വ്യക്തി വളരെ വേഗത്തിൽ ഉയർന്ന തലത്തിലേക്ക് ആരോഹണം ചെയ്യപ്പെടുന്നു. പെട്ടെന്നു തന്നെ വഴുതുകയും ചെയ്യുന്നു. ഗൗരവമുള്ള അപകടമൊന്നും സംഭവിക്കുകയില്ല. പൂർവ്വ ജന്മത്തിൽ അനുശീലനം നിറുത്തിയ തലത്തിലേക്ക് വ്യക്തി ആദ്യം ഉയർത്തപ്പെടുകയാണ് ചെയ്യുക.

പൂർവ്വ ജന്മത്തിൽ ഏതൊരു ഘട്ടത്തിൽ വെച്ചാണോ ഒരു വ്യക്തി യോഗ അനുശീലനം കൈവിടുന്നത്, കൃത്യമായും ആ ഘട്ടത്തിൽ നിന്നായിരിക്കും വീണ്ടും തുടങ്ങുക. വ്യക്തി ആത്മസാക്ഷാത്കാരം നേടുന്നതിൽ പരാജയപ്പെട്ടാൽ അടുത്ത ജന്മത്തിൽ വീണ്ടും അതാരംഭിക്കും. ഈ ജന്മത്തിൽ എത്തി നിൽക്കുന്ന അതേ ഘട്ടത്തിൽ നിന്നം സർവേശ്വനിൽ നിന്നുള്ള ദാനമാണത്. യഥാർത്ഥത്തിൽ ദാനമെന്ന് വിളിക്കാവുന്ന ഒരേയൊരു ദാനം.

ലൗകീക മുദ്രകളിൽ നിന്നുള്ള മനസ്സിന്റെ വിമലീകരണ പ്രക്രിയ

നടന്നു കൊണ്ടിരിക്കുമ്പോൾ വ്യത്യസ്തങ്ങളായ മറ്റു പല സംഭവങ്ങളും നടക്കാനിടയുണ്ട്.

ഉദാഹരണത്തിന് ചെറിയ തരത്തിലുള്ള അപകടങ്ങൾ. ചെറുതായ ഒരപകടം നേരിടേണ്ടി വന്ന ഒരു യോഗാ പ്രയോക്താവിനെ കാണുകയാണെങ്കിൽ നിങ്ങൾ അദ്ദേഹത്തെ അഭിനന്ദിക്കാൻ മറക്കരുതെ! പ്രതികൂലമായ വലിയൊരു അപകടത്തിന്റെ രൂപത്തിലുള്ള ഒരു പ്രതികരണത്തിന് പകരം ചെറുതായൊരു അപകടം കൊണ്ട് ആദിപരാശക്തി ആ വ്യക്തിയിൽ അനുഗ്രഹം ചൊരിയുകയാണുണ്ടായത്.

അതുപോലെ ചെറുരൂപത്തിൽ സന്തോഷകരമായ സംഭവങ്ങളും നടന്നേക്കാം. ഇപ്പോൾ ആ വ്യക്തിയെ അഭിനന്ദിക്കേണ്ടതില്ല!

അതിവേഗത്തിൽ സന്തോഷകരവും അനിഷ്ടകരവുമായ എല്ലാ സംഭവങ്ങളം സർവ്വശക്തനാൽ ഇല്ലാതാക്കപ്പെടുമെന്ന് ഓർത്തിരിക്കണമെന്ന് വായനക്കാരോട് അഭ്യർത്ഥിക്കുന്നു.

# യോഗ അനുശീലനത്തിനിടയിൽ ഗുരുവിൽനിന്നുള്ള മാർഗനിർദ്ദേശം

യോഗാ പ്രയോക്താവിനെ ശരിയായ പാതയിൽ നില നിർത്തുന്നതിനായി അനുശീലനത്തിന്റെ ഓരോ ഘട്ടത്തിലും ഗുരുവിൽ നിന്നുള്ള മാർഗനിർദേശം അനുപേക്ഷണീയമാണ്. ഗുരുവിൽ നിന്നുള്ള ഈ മാർഗനിർദേശം ഇല്ലാതെ യോഗമുറയിൽ നീണ്ടകാലം പ്രയത്നിക്കുക ഒരു പ്രയോക്താവിനെ സംബന്ധിച്ചിടത്തോളം അസാദ്ധ്യമായിരിക്കും.

ബാഹ്യലോകത്തിന്റെ ആകർഷണങ്ങളും വികർഷണങ്ങളും പ്രയോക്താവിനെ സംബന്ധിച്ചിടത്തോളം കഠിനമായിരിക്കും. അവനോ, അവളോ, വളരെയെളുപ്പത്തിൽ 'ജീവത'ത്തിന് ഇരയായി തീരുകയും, ആത്മീയപാതയിൽ നിന്നും വഴുതി വീഴുകയും ചെയ്യും. ഗുരു സദാജാഗ്രകനായിരിക്കും. പ്രയോക്താവിനെ നിരീക്ഷിച്ചുകൊണ്ടിരിക്കുകയും ചെയ്യും.

വായനക്കാരന് എളുപ്പം ഗ്രഹിക്കാവുന്ന വിധത്തിൽ എന്റെ ജീവിതത്തിൽ നിന്നുള്ള ഏതാനും ഉദാഹരണങ്ങൾ ഞാൻ പറയാം.

എന്റെ ഗുരുവിന്റെ മാർഗനിർദേശം എനിക്ക് എത്രത്തോളം നിർണായകമായിരുന്നെന്ന് കഴിഞ്ഞ അദ്ധ്യായങ്ങളിൽ എന്റെ അനുഭവങ്ങളെ മുൻ നിർത്തി ഞാൻ വിശദീകരിച്ചിരുന്നു. ഉപനയനം നടന്നപ്പോൾ 'ക്രിയ' എന്നിൽ ആരംഭിച്ചിരുന്നില്ല. പിന്നീട് എന്റെ ശരീരത്തിൽ 'ക്രിയ' പ്രകടമാകാൻ പലപ്പോഴായ എന്റെ ഗുരുവിന് ഇടപെടേണ്ടി വന്നിട്ടുണ്ട്.

അതിനുശേഷം ഗുരു എന്റെ പല സംശയങ്ങളും വ്യക്തമാക്കി തന്ന കാര്യവും ഞാൻ എഴുതിയിട്ടുണ്ട്. പ്രത്യേകിച്ച് പാപത്തിൽ വീഴുമോ എന്ന എന്റെ പേടിയും മാറ്റേണ്ടതായിട്ടുണ്ടായിരുന്നു. അല്ലെ

ങ്കിൽ യോഗമുറയിലുള്ള എന്റെ പുരോഗതി സ്തംഭിച്ചു പോകുമായിരുന്നു. മനസ്സിലെ സംശയ ദുരീകരണത്തിനുള്ള എന്റെ റഫറൻസ് പോയിന്റ് എപ്പോഴും എന്റെ ഗുരുനാഥനായിരുന്നു.

കൂടാതെ എന്റെ ഗുരു എനിക്ക് നൽകിയ മന്ത്രത്തിന്റെ പ്രഭാവ ഫലമായി എന്റെ ജീവിതത്തിലെ സാമ്പത്തിക പ്രശ്നങ്ങളിൽ നിന്നെല്ലാം എപ്രകാരമാണ് ഞാൻ പുറത്തു കടന്നതെന്നും ഞാൻ വിശദീകരിച്ചിട്ടുണ്ട്.

ഇനി ഞാൻ പറയാൻ പോകുന്നത് മറ്റൊരു കാര്യമാണ്. ഏതൊരു പ്രയോക്താവിനെ സംബന്ധിച്ചും പ്രാധാന്യമുള്ളത്.

ഒരിക്കൽ 'ക്രിയ'യുടെ പ്രത്യക്ഷീകരണം ആരംഭിച്ചാൽ ഞാൻ മുമ്പ് പറഞ്ഞതുപോലെ അത് ഒന്നുകിൽ എല്ലാ തലങ്ങളിലും ഒരേ സമയം നടക്കും, അല്ലെങ്കിൽ ചിലപ്പോഴൊക്കെ ഒറ്റപ്പെട്ട രീതിയിലായിരിക്കും. ഒരു വ്യക്തിയുടെ നിത്യജീവിതത്തിൽ ക്രിയയുടെ പ്രത്യക്ഷീകരണം ആരംഭിച്ചതായി നമുക്ക് സങ്കല്പിച്ചുനോക്കാം.

ഇതിന്റെ ഫലമെന്തായിരിക്കുമെന്ന് വായനക്കാർക്ക് സങ്കല്പിക്കാമോ?

സംഭവങ്ങൾ അതിവേഗത്തിൽ പ്രകടമായി തുടങ്ങുന്നു. വ്യക്തിയുടെ വിധിയുടെ വേഗത വർദ്ധിച്ചുകൊണ്ട് സഞ്ചിതമായ സ്വഭാവം കഴുകപ്പെടുകയും ചെയ്യുന്നു. ചിലപ്പോൾ പ്രയോക്താവിന് ഇതിന്റെ ഭാരം താങ്ങാനാകാതെ വരും.

ഇത്തരത്തിൽ വിധിയുടെ അതിവേഗത്തിലുള്ള വെളിപ്പെടലിനെ കുറിച്ച് ഞാൻ പലപ്പോഴും എന്റെ ഗുരുവിനോട് പരാതി പറഞ്ഞിട്ടുണ്ട്. ഈ അതിവേഗം എല്ലായ്പ്പോഴും സന്തോഷകരമായിരിക്കണമെന്നില്ല. പലപ്പോഴും അഹംബുദ്ധിയുടെ "ജ്ഞാനപാളി" സംബന്ധിച്ച സംഭവങ്ങളായിരിക്കും. അസന്തുഷ്ടികരമായ അനുഭവങ്ങൾ പ്രയോക്താവിന് സഹിക്കേണ്ടി വരും. ഇപ്രകാരമാണ് ബുദ്ധിയിൽ നിന്ന് അഹങ്കാരത്തിന്റെ അവസാനത്തെ അടയാളം പോലും പരാശക്തി നീക്കിക്കളയുന്നത്.

അതിനാൽ ക്രിയയുടെ വേഗം വളരെ വർദ്ധിക്കുമ്പോൾ അല്പമൊരു ആശ്വാസത്തിനായി ഞാൻ ഗുരുവിനെ സമീപിക്കും, ഗുരു അപ്രകാരം സംഭവങ്ങളുടെ പ്രത്യക്ഷീകരണത്തിന്റെ ഗതിവേഗം നിയ

ന്ത്രിക്കുകയും ചെയ്യും.

ഇതുപോലെ ജീവിതം കുറെ കൂടെ എളുപ്പമുള്ളതാക്കി തീർക്കാൻ വ്യക്തിയുടെ ജീവിതത്തിൽ നിന്നും അസന്തോഷകരമായ അനു ഭവങ്ങൾ ഗുരു നീക്കിയേക്കാം. ചിലപ്പോൾ ഒരു വ്യക്തിയുടെ അസന്തോഷകരമായ അനുഭവങ്ങൾ, രോഗം ഉൾപ്പെടെ, തന്നിലേക്ക് എടുത്തുമാറ്റിക്കൊണ്ട് ഗുരു തന്നെ ആ ഭാരം ചുമന്നേക്കാം. വളരെ ലളിതമായ രൂപത്തിൽ അവയെ അനുഭവിച്ചുകൊണ്ട് ഗുരുവിന് എളു പ്പമായി സ്വയം രക്ഷിക്കാൻ സാധിക്കും.

ചിലപ്പോൾ ഗുരു സന്തോഷകരമായ അനുഭവങ്ങളും ഇത്തര ത്തിൽ എടുത്തു മാറ്റാറുണ്ട്. പ്രയോക്താവ് ലൗകീക ജീവിതത്തിന്റെ ആകർഷണങ്ങൾക്ക് ഇരയായി മാറിപ്പോകാതിരിക്കാനാണ് ഇത്തര ത്തിൽ ചെയ്യുന്നത്. ഇത്തരത്തിലുള്ള കാര്യങ്ങൾ സംഭവിക്കുമ്പോൾ പ്രയോക്താവുപോലും ആ ഘട്ടത്തിലത് മനസ്സിലാക്കാത്തത്ര സൂക്ഷ്മമായാണ് ഗുരു ആ കാര്യം നിർവഹിക്കുക.

ഇത്തരത്തിൽ എന്റെ ഗുരുനാഥൻ വളരെ സൂക്ഷ്മമായ രീതിയിൽ എന്റെ പല അനുഭവങ്ങള കൈകാര്യം ചെയ്തതായി എനിക്ക് ഓർമ്മി ക്കാൻ കഴിയും. ഒരു വ്യക്തിയുടെ സ്വഭാവത്തിലെ നല്ല വശങ്ങളും ചീത്ത വശങ്ങളും ഒരുപോലെ നീക്കം ചെയ്യേണ്ടതായിട്ടുണ്ട്. ഇത്ത രത്തിൽ ഒരു പ്രയോക്താവിന്റെ വിധിയെ നേരിട്ട് ഗുരു കൈകാര്യം ചെയ്യുന്ന രീതി അതിസൂക്ഷ്മമാണ്. വായനക്കാർക്ക് ഇത് ഗ്രഹിക്കാ നാകുമോ എന്ന് ഞാൻ സംശയിക്കുകയാണ്. അതുപോലെ ഫല പ്രദമായി ഈ ആശയം വായനക്കാരിലേക്ക് പകർത്താനുള്ള എന്റെ കഴിവിനെയും ഞാൻ സംശയിക്കുന്നു. എങ്ങനെയായാലും ഞാന തിന് ശ്രമിക്കുകയാണ്.

ഒരു ദിവസം എന്റെ ഗുരുവിനെ കണ്ടു മുട്ടാനായി ഞാനൊരു സ്കൂട്ടറിൽ ഹൈദരാബാദ് നഗരത്തിലൂടെ സഞ്ചരിക്കുകയായിരുന്നു. ഗുരു എനിക്ക് നൽകിയ മേൽവിലാസത്തിലേക്കാണ് ഞാൻ പോകു ന്നത്. നഗരം എനിക്കത്ര പരിചിതമായിട്ടില്ല. അതിനാൽ ഞാനൊരു മാപ്പിൽ എനിക്ക് പരിചിതമായ വഴികളിലൂടെ എന്റെ റൂട്ട് അടയാള പ്പെടുത്തി. ഞാൻ തിരഞ്ഞെടുത്ത വഴി അൽപ്പം നീണ്ടതായിരുന്നു. പ്രധാന മാർഗ്ഗത്തിൽ നിന്നുള്ള ഒരു പോയിന്റിൽ നിന്ന് അനാവശ്യ മായി ഒരു നീണ്ട വഴിയിലൂടെയാണ് ഞാൻ പോകുന്നത്. എളുപ്പ

മുള്ള വഴി എനിക്ക് പരിചിതമല്ലായിരുന്നു.

ഞാൻ വണ്ടി ഓടിച്ചു കൊണ്ടിരിക്കെ, എന്റെ മൊബൈൽ ഫോൺ റിങ്ങ് ചെയ്യാൻ തുടങ്ങി. സാധാരണ ഗതിയിൽ വണ്ടിയോടിക്കുകയാണെങ്കിൽ ഞാൻ പ്രതികരിക്കുകയില്ല. പ്രത്യേകിച്ച് ടൂവീലറിലാണെങ്കിൽ. എങ്കിലും ആരാണെന്നറിയാനായി ഞാൻ ഫോണിലേക്ക് നോക്കി. അത് എന്റെ സ്വന്തം ഗുരുവായിരുന്നു.

അതിനാൽ ഞാൻ വണ്ടി നിർത്തി ഫോൺ കോൾ അറ്റന്റ് ചെയ്തു. എന്നാൽ എന്നെ അത്ഭുതപ്പെടുത്തിക്കൊണ്ട് മറ്റൊരാളുടെ ശബ്ദമായിരുന്നു ഞാൻ കേട്ടത്. ആ ശബ്ദത്തിനുടമ ഗുരുവിന്റെ നിർദ്ദേശപ്രകാരം വിളിക്കുകയാണെന്നും ഞാൻ സഞ്ചരിച്ചുകൊണ്ടിരുന്ന റൂട്ട് ശരിയല്ലെന്നും പറഞ്ഞു. ആ സമയത്ത് ഞാൻ എവിടെയായിരുന്നെന്ന് അദ്ദേഹം ചോദിച്ചു. ഞാൻ ഉദ്ദേശിച്ച പാതയിൽ നിന്ന് ഏതാനും വളവ് തിരിഞ്ഞാൽ എനിക്ക് ലക്ഷ്യസ്ഥാനത്തെത്താൻ കഴിയുമെന്ന് അദ്ദേഹം എന്നെ ഉപദേശിച്ചു.

ആ ഫോൺ കോൾ ഏതാനും നിമിഷങ്ങൾ വൈകിയിരുന്നുവെങ്കിൽ ഞാൻ മുൻകൂട്ടി നിശ്ചയിച്ച റൂട്ടിലേക്ക് കടക്കുമായിരുന്നു. പിന്നീടത് നീണ്ട വഴിയിൽ ചെന്നവസാനിക്കുകയും ചെയ്യുമായിരുന്നു.

ആ ഫോൺ മറ്റു വല്ലവരിൽ നിന്നുമായിരുന്നെങ്കിൽ ഞാനത് അറ്റന്റ് ചെയ്യുമായിരുന്നില്ല. അതിനാൽ ഞാൻ വഴിമാറിപ്പോകാനിടയുള്ള ആ പ്രത്യേക പോയിന്റിൽ എത്തുന്നതിന് മുമ്പ് തന്നെ ഗുരു അദ്ദേഹത്തിന്റെ ഫോൺ മറ്റാരുടെയോ കൈയ്യിൽ കൊടുത്ത് എനിക്ക് ശരിയായ പാത നിർദ്ദേശിച്ച് തരുകയായിരുന്നു.

2011 ആഗസ്ത് 29-ാം തീയ്യതി ഞാൻ കാറിൽ ഒറ്റയ്ക്ക് ഒരു നീണ്ട യാത്ര പുറപ്പെട്ടു.

മൊത്തം ദൂരം ഏകദേശം മൂവ്വായിരം കിലോമീറ്റർ വരും. ചെറിയ നിരത്തുകൾ ഉൾപ്പെടെ ഇടയ്ക്കൊക്കെ നിറുത്തി കാഴ്ചകളൊക്കെ കണ്ടുകൊണ്ട് ഏകദേശം പത്തു ദിവസത്തെ യാത്രയായിരുന്നു എന്റെ പ്ലാൻ. ശ്രീനഗറിൽ നിന്നും തുടങ്ങി ഹൈദരാബാദ് വരെ. ഏതായാലും ഇതായിരുന്നില്ല ഇത്തരത്തിലുള്ള എന്റെ ആദ്യ യാത്ര. യാത്ര ആരംഭിക്കുന്നതിന് ഏതാനും ദിവസങ്ങൾക്ക് മുമ്പ് ഉദ്ദേശിച്ച യാത്രയെ കുറിച്ച് ഞാൻ ഗുരുവിനോട് പറഞ്ഞിരുന്നു.

ഗുരു എനിക്ക് ഫോണിലൂടെ ഒരു മന്ത്രം പറഞ്ഞു തരികയും അത് ഓർമ്മയിൽ സൂക്ഷിക്കാൻ ആവശ്യപ്പെടുകയും ചെയ്തു. യാത്ര ആരംഭിക്കുന്നതിന് മുമ്പ് പതിനൊന്ന് തവണ ഈ മന്ത്രം ജപിക്കാനും പിന്നീട് യാത്രയിൽ എല്ലാ ദിവസവും ആവർത്തിക്കാനും അദ്ദേഹം നിർദേശിച്ചു.

ഈ മന്ത്രം എന്റെ സുരക്ഷയ്ക്കാണെന്നാണ് അദ്ദേഹം പറഞ്ഞത്. ഞാൻ മുമ്പ് പറഞ്ഞതുപോലെ, ഇത് ഇത്തരത്തിലുള്ള എന്റെ ആദ്യയാത്രയായിരുന്നില്ല, കൂടാതെ മുമ്പൊന്നും ഇത്തരത്തിലൊരു മന്ത്രം ഗുരു എനിക്ക് നൽകുകയും ഉണ്ടായിട്ടില്ല.

എട്ടു ദിവസത്തെ യാത്രയ്ക്കു ശേഷം ഹൈദരാബാദ് നഗരത്തിലേക്കുള്ള അവസാന ഘട്ടമായി. സൗകര്യപ്രദമായ ഒരു റൂട്ടാണ് ഞാൻ തിരഞ്ഞെടുത്തത്. റൂട്ട് ചെറുതായിരുന്നില്ലെങ്കിലും ഗുരു നിർദേശിച്ചതു പോലെ ഓരോ ദിവസവും അതാത് സ്ഥലത്ത് നിന്ന് പുറപ്പെടുമ്പോൾ ഞാൻ പതിനൊന്ന് തവണ മന്ത്രം ജപിക്കാറുണ്ടായിരുന്നു.

ആ പ്രത്യേക ദിവസം സെൻട്രൽ ഇന്ത്യയുടെ ഉൾപ്രദേശങ്ങളിലൂടെയായിരുന്നു എന്റെ യാത്ര.

ഞാൻ മണിക്കൂറിൽ ഒരു നൂറ് കിലോമീറ്റർ ഓടിക്കൊണ്ടിരിക്കുന്നു. അപ്പോഴാണ് ഒരു ഇടുങ്ങിയ പാതയിൽ വെച്ച് ഞാൻ ഒരു ബസ്സിനെ ഓവർടേക്ക് ചെയ്യാൻ ശ്രമിക്കുന്നത്. ബസ് ഡ്രൈവർ ശാഠ്യക്കാരനായിരുന്നു. എന്നെ അയാൾ ഓവർടേക്ക് ചെയ്യാൻ സമ്മതിച്ചില്ല. ഞാനും വിട്ടു കൊടുക്കാവുന്ന മൂഡിലായിരുന്നില്ല, ചാൻസ് എടുക്കാൻ തന്നെ ഞാൻ തീരുമാനിച്ചു.

എനിക്കും ബസ് ഡ്രൈവർക്കുമിടയിൽ മനസ്സു കൊണ്ടൊരു മൽപ്പിടുത്തമായി. ഞാൻ വിട്ടുകൊടുക്കുമെന്നും വണ്ടിയുടെ സ്പീഡ് കുറയ്ക്കുമെന്നും ബസ് ഡ്രൈവർ കരുതിക്കാണും. എന്നാൽ ഓടിക്കൊണ്ടിരിക്കുന്ന ബസ്സിനൊപ്പം ഞാനും കാർ വശത്തു കൂടെ മുന്നോട്ട് നീക്കി. കാറിന്റെ രണ്ടു ചക്രങ്ങൾ റോഡിനു വശത്തുള്ള ചരലിൽ ആയി. അങ്ങനെ ചരലിലൂടെ ഓടിച്ച് ബസ്സിനെ ഓവർടേക്ക് ചെയ്യാൻ സാധ്യമല്ലെന്ന് ഉടനെ എനിക്ക് ബോധ്യമായി. പാതയുടെ വശത്തിട്ടിരുന്ന ചരൽ അത്ര തന്നെ നിരപ്പുള്ളതായിരുന്നില്ല.

അവസാനം റോഡിൽ മുമ്പെ നടന്നു പോയിക്കൊണ്ടിരുന്ന ആളു

കൾ കാരണം പെട്ടെന്നു തന്നെ എനിക്ക് സ്പീഡ് കുറയ്ക്കേണ്ടി വന്നു. ഞാൻ പെട്ടെന്ന് ബ്രേക്ക് ചവിട്ടി കാർ എന്റെ നിയന്ത്രണ ത്തിൽ നിന്നും പാളിപ്പോയി.

എന്റെ ജീവിതത്തിലെ അടുത്ത ഏതാനും നിമിഷങ്ങളിൽ ഉണ്ടായ കാര്യം മറക്കണമെങ്കിൽ കാലം കുറെയെടുക്കും.

വാഹനം എങ്ങനെയെനിക്ക് വീണ്ടും നിയന്ത്രിക്കാനായെന്നുള്ളത് വിശദീകരിക്കുക ദുഷ്ക്കരമാണ്. അപകടം സംഭവിച്ചു കഴിഞ്ഞുവെന്നു തന്നെ ഞാൻ തീരുമാനിച്ചു. ജീവിതത്തിനും മരണത്തിനും ഇടയി ലുള്ള ആ നേർത്ത രേഖ വ്യക്തമായി ഞാൻ കണ്ടു. ആ അനുഭവം എന്റെ ഒരു നൂറ് പാപങ്ങളെയെങ്കിലും കഴുകിക്കളഞ്ഞിരിക്കണം. യാതൊരു ക്ഷതവുമേൽക്കാതെ ഞാനാ സാഹചര്യത്തിൽ നിന്നും രക്ഷപ്പെട്ടു. എന്റെ ശരീരത്തിലോ എന്റെ കാറിനോ യാതൊരു വിധ ത്തിലുള്ള തകരാറും സ്ഭവിച്ചിരുന്നില്ല.

ഗുരു എനിക്ക് നൽകിയ മന്ത്രം എന്റെ മനസ്സിൽ പ്രതിധ്വനിച്ചു കൊണ്ടിരിക്കെ, അപകടത്തിന്റെ അനന്തരഫലമായി ഉണ്ടായേക്കാ മായിരുന്ന എല്ലാ കാര്യങ്ങളെയും ഉൾക്കൊള്ളാൻ ഞാൻ ശ്രമിച്ചു.

ഇത്തരത്തിൽ വളരെ സൂക്ഷ്മമായാണ് ഗുരു പ്രയോക്താവിന്റെ വിധിയെ കൈകാര്യം ചെയ്യുക.

ഒരു ഗുരു അദ്ദേഹത്തിന്റെ പ്രകൃത്യാതീതമായ കഴിവുകൾ നേരിട്ട് പ്രദർശിപ്പിക്കുകയില്ല.

ഈ രണ്ടു സംഭവങ്ങളിലും വിദൂരകാഴ്ചയെന്ന കഴിവായിരുന്നു എന്റെ ഗുരുനാഥൻ പ്രയോഗിച്ചത്!

ഒരു മറയ്ക്കുള്ളിൽ വെച്ചിരിക്കുന്ന പ്രകാശത്തിന്റെ തിളക്കം ചോർന്ന് പുറമേയ്ക്ക് കാണാറാകുന്നത് പോലെ. ഒരു ഗുരുനാഥന്റെ പ്രകൃത്യാതീത ശക്തികളും ഉദ്ദേശിക്കാതെ തന്നെ അദ്ദേഹത്തിന്റെ കീഴിലുള്ള പ്രയോക്താക്കളിലേക്ക് ചേരുന്നു.

ഇത്തരത്തിലുള്ള സംഭവങ്ങൾ പല പ്രാവശ്യം എന്റെ ജീവിത ത്തിൽ ഉണ്ടായിട്ടുണ്ട്. വിഷയം വായനക്കാർക്ക് പിടി കിട്ടിയിട്ടുണ്ടെ ങ്കിൽ ഇപ്പോൾ ഇത്ര മാത്രം മതി.

മൊത്തം കഥയെ ലളിതമായി നമുക്കൊന്ന് വിശകലനം ചെയ്യാം.

ചിലപ്പോഴൊക്കെ ഒരു ഗുരുവിന്റെ പ്രകൃത്യാതീത ശക്തികൾ ഉദ്ദേശിക്കാതെ തന്നെ പ്രയോക്താക്കളിലേക്ക് ചോരുമെന്ന് ഞാൻ പറഞ്ഞെങ്കിലും എന്റെ ഗുരുവിന്റെ ഭാഗത്ത് നിന്നുള്ള മനഃപൂർവ്വമായ പ്രവർത്തിയായിരുന്നിരിക്കാം അത്. ഒറ്റയടിയ്ക്ക് പല ഉദ്ദേശ്യങ്ങളും നേടാൻ ഗുരു ലക്ഷ്യമിട്ടിരിക്കാം.

ഒന്നാമതായി വിധിയുടെ രൂപത്തിൽ അനാവൃതമാകാതിരുന്ന കർമ്മം അല്ലെങ്കിൽ സഞ്ചിത ലൗകീക മുദ്രകൾ മായ്ക്കപ്പെട്ടു! വിവൃതമാകാതിരുന്ന സംഭവങ്ങളുടെ യഥാർത്ഥ സ്വഭാവം വെളിപ്പെടുത്തുന്ന അടയാളങ്ങൾ മനഃപൂർവ്വം ചോർത്തിക്കൊണ്ട് ഗുരു അദ്ദേഹത്തിന്റെ പ്രകൃതീത ശക്തികൾ പ്രകടമാക്കിയതാവാം! ഇത് നടന്നത് പ്രയോക്താവിന്റെ ഗുരുഭക്തിയെ ശക്തിപ്പെടുത്താനായിരിക്കാം. അതുകൊണ്ടാണ് ഒരു ഗുരു അദ്ദേഹത്തിന്റെ ശിഷ്യരെ കൈകാര്യം ചെയ്യുന്ന രീതി മനസ്സിലാക്കുക വളരെ പ്രയാസമാണെന്ന് ഞാൻ പറഞ്ഞത്!

ഇത്തരത്തിലുള്ള സംഭവങ്ങൾ ഉണ്ടാകുമ്പോൾ, ഒരു പ്രയോക്താവ് വീണ്ടും ശരിയായ യോഗാഭ്യാസപാതയിലേക്കു തന്നെ പ്രവേശിക്കപ്പെടുന്നു. യോഗയുടെ സാധ്യതയെ കുറിച്ച് സംശയിച്ചുകൊണ്ട് വീണ്ടും വീണ്ടും അവനോ അല്ലെങ്കിൽ അവളോ വഴുതി വീഴാതിരിക്കാനാകും ഇത്തരത്തിൽ സംഭവിക്കുന്നത്.

# അവസാന വാക്ക്

കൃത്യമായി പറഞ്ഞാൽ പരോപകാരശീലം യഥാർത്ഥത്തിൽ എന്താണ് അർത്ഥമാക്കുന്നത്?

പരമദൈവീകതയ്ക്ക് മാത്രമാണ് മനുഷ്യവർഗ്ഗത്തിനിടയിൽ അതിന്റെ ഘോഷണം ഉറപ്പുവരുത്താനാകുന്നതെന്നതിനാൽ, അത് സത്യമായും അറിയപ്പെടാത്തതാണ്.

ഞാനത് ഇങ്ങനെ വിശദീകരിക്കാം.

ഇത് യഥാർത്ഥത്തിൽ സ്വമേധയാ ചെയ്യണമെങ്കിൽ അഹംബുദ്ധി നിറം പിടിപ്പിച്ച സ്വതന്ത്രേച്ഛയുടെ പ്രയോഗം മാത്രം പോരാ. പരക്ഷേമകാംക്ഷയിലധിഷ്ഠിതമായ ഒരു പ്രവർത്തിക്കുള്ള ഇടനിലക്കാരനായി ഒരു വ്യക്തി മാറുന്നത് പരമദൈവീകതയാൽ നിയോഗിക്കപ്പെടുന്നതു കൊണ്ടു മാത്രമാണ്.

ഒരു വ്യക്തിയ്ക്കും ഒരു സഹായവും മറ്റൊരാളിൽ നിന്ന് ആവശ്യമില്ല. ഒരു വ്യക്തിയ്ക്കും മറ്റൊരു ജീവിയെ ഒരിക്കലും സഹായിക്കാനുമാവില്ല. എല്ലാ ജീവജാലങ്ങളുടെയും നിലനിൽപ് സാധ്യമാകുന്നത് പരമദൈവികതയുടെ അല്ലെങ്കിൽ അനന്തചൈതന്യം താങ്ങിനിർത്തുന്നതുകൊണ്ട് മാത്രമാണ്. ബാഹ്യസ്രോതസ്സിനെ ആശ്രയിക്കേണ്ട ഒരു ആവശ്യവും വരുന്നില്ല. ഒരു ജീവിയുടെ അതിജീവനത്തിനായുള്ള മെക്കാനിസം തന്നെ ആ രീതിയിലല്ല രൂപകൽപ്പന ചെയ്തിട്ടുള്ളത്.

അഹംബുദ്ധിയിൽ നിറംപിടിപ്പിച്ച മനുഷ്യന്റെ സ്വതന്ത്രേച്ഛ ഈ ഭൂമിയെ ഗുണാത്മകമായും നിഷേധാത്മകമായും സ്വാധീനിക്കാൻ കഴിയുന്ന പ്രവർത്തി ചെയ്യാൻ തനിക്ക് കഴിയുമെന്ന് ഒരു മനുഷ്യനെക്കൊണ്ട് ചിന്തിപ്പിക്കുകയാണ്. അതുപോലെ തന്നെയാണ് ബാഹ്യ ഉറവിടത്തിൽ നിന്ന് തനിക്ക് സഹായം വേണമെന്ന് ചിന്തി

ക്കുന്ന വ്യക്തിയുടെ കാര്യവും. രണ്ടും ശരിയല്ല.

ഇതിന്റെ ഫലമായി, ദീനദയ, പരോപകാരശീലം, സ്നേഹം, ദയ തുടങ്ങിയ വാക്കുകൾക്ക് അവയുടെ എതിർപദങ്ങളെപ്പോലെ യാതൊരു അടിസ്ഥാനവുമില്ല. ഈ ആശയങ്ങൾ, എത്ര തന്നെ മഹത്താണെന്ന് തോന്നിപ്പിച്ചാലും ബുദ്ധിയിൽ നിന്നും ഉൽപാദിപ്പിക്കപ്പെടുന്നതാണ്, ഒപ്പം തന്നെ അഹംബുദ്ധി നിറം പിടിപ്പിച്ചതും, ഒരു ആശയത്തിനും, അതെത്ര തന്നെ മഹത്താണെന്നോ, ദ്രോഹകരമാണെന്നോ തോന്നിച്ചാലും, അതിന്റെ പൂർണ്ണ അസ്തിത്വത്തിന് യാതൊരുവിധ അടിസ്ഥാനവുമില്ല. അത് തികച്ചും മായികമാണ്. അഹംബുദ്ധിയിൽ ഊർജ്ജത്താൽ എരിയിക്കപ്പെടുകയും, മനസ്സിലൂടെയും, ഇന്ദ്രിയങ്ങളിലൂടെയും ബാഹ്യലോകത്തേക്ക് പ്രക്ഷേപണം ചെയ്യപ്പെടുകയുമാണ്.

ഒരു മനുഷ്യജീവിയിൽ കുടകൊള്ളുന്ന ദൈവീകതയുടെ പ്രത്യക്ഷീകരണം ആ മനുഷ്യന്റെ ആത്മാവിൽ തന്നെ സംഭവിക്കേണ്ടതാണ്. രക്ഷയ്ക്ക് വരാൻ ബാഹ്യശക്തികളൊന്നും തന്നെയില്ല. ഗുരു എന്ന മാധ്യമത്തിലൂടെ മാത്രമാണ് ഇത് സംഭവിക്കുന്നത്. അതും അദ്ദേഹത്തിന്റെ കൃപയാൽ മാത്രം. അന്ത്യത്തിൽ സ്വന്തം ആത്മാവിന് വേണ്ടി മനുഷ്യൻ സ്വയം പൊരുതേണ്ടിയിരിക്കുന്നു. ഏകനായി തന്നെ അവനിലെ ദൈവീകതയെ പ്രത്യക്ഷീകരിക്കേണ്ടി വരുന്നു.

ഈശ്വരന്റെ സഹായമില്ലാതെ ആത്മസാക്ഷാത്കാരമോ, രക്ഷയോ ഒരു മനുഷ്യനിൽ സംഭവിക്കുന്നില്ല.

ഈ അവസ്ഥ സംജാതമാകണമെങ്കിൽ, മനസ്സ് (അനേകം പൂർവ്വജന്മങ്ങളിലൂടെ സഞ്ചയിക്കപ്പെട്ട) എല്ലാ ലൗകീകമുദ്രകളിൽ നിന്നും സ്വതന്ത്രമാകണം.

ഈ അവസ്ഥ സംജാതമാകാൻ, കുണ്ഡലിനി അല്ലെങ്കിൽ ആദി പരാശക്തി (മനുഷ്യസൃഷ്ടിക്ക് കാരണഭൂതൻ) വ്യക്തിതലത്തിലെ സൃഷ്ടിയെ അഴിക്കേണ്ടിയിരിക്കുന്നു.

ഈ അവസ്ഥയിലേക്കെത്താൻ, ഈ പ്രപഞ്ചശക്തി ഗുരുവിനാൽ സ്പർശിക്കപ്പെടേണ്ടിയിരിക്കുന്നു. സംഹാരത്തിന്റെ അല്ലെങ്കിൽ ഉൾവലിയലിന്റെ പാതയിലേക്കായി റിവേഴ്സ് രീതിയിൽ തിരിച്ചുവിടേണ്ടിയിരിക്കുന്നു.

എങ്കിലും മനുഷ്യചിത്തത്തിൽ കുമിഞ്ഞു കൂടിയിരിക്കുന്ന ലൗകീകമുദ്രകളുടെ അതിബൃഹത്തായ ശേഖരം അഴിച്ചുവിടപ്പെടണമെങ്കിൽ അനവധികാലം വേണ്ടിവരും.

ഗുരുവിന്റെ ഇച്ഛയുണ്ടെങ്കിൽ ഇതിന്റെ ഗതിവേഗം വർദ്ധിപ്പിക്കാം. എങ്കിലും ഒരു വിദ്യാർത്ഥി അല്ലെങ്കിൽ ഒരു പ്രയോക്താവിന് ഈ ഗതിവേഗം താങ്ങാൻ കഴിയണമെന്നില്ല. എന്നാൽ ഏറ്റവും കാര്യക്ഷമമായ വിധത്തിൽ ഗുരുവിന് അവരുടെ വിധിയെ കൈകാര്യം ചെയ്യാനാകും. അതിനാൽ, ഒരു പ്രയോക്താവിൽ ആവശ്യമായ പ്രയത്നം ഏറ്റവും മികച്ച രീതിയിൽ ഗുരുവിനാൽ പ്രയോഗിക്കപ്പെടുന്നു. അതിനാൽ ഗുരുവിനോടുള്ള സമ്പൂർണ്ണമായ ആത്മസമർപ്പണമാണ് ഒരു പ്രയോക്താവിൽ നിന്നും ആവശ്യമായി വരുന്നത്.

ഒരു മനുഷ്യജീവിയ്ക്ക് വേണ്ടത് ഒരു ഗുരുനാഥൻ മാത്രമാണ്. ഈ പുസ്തകം അവസാനിപ്പിക്കുന്നതിന് മുമ്പ് ഞാൻ വായനക്കാർക്ക് മുന്നിൽ ഒരു പ്രശ്നം ഉന്നയിക്കുകയാണ്.

ഈ മിഥ്യാലോകത്ത്, മനസ്സ് പ്രശാന്തമല്ലാത്തതും, ഉയർന്ന് പൊങ്ങിക്കൊണ്ടിരിക്കുന്ന വികാരങ്ങൾക്ക് നിരന്തരമായി വിധേയമായിക്കൊണ്ടിരിക്കുന്നതുമായ അവസ്ഥയിൽ, ഒരു വ്യക്തിയ്ക്ക് ഒരു സാക്ഷിയായി അല്ലെങ്കിൽ മൂകനായ കാഴ്ചക്കാരനായി എങ്ങനെ നിലകൊള്ളാനാകും?

തീരുമാനിച്ചുറപ്പിച്ചു ചെയ്യാവുന്നതല്ല ഇത്.

ഈ ഘട്ടത്തിലേക്ക് മനസ്സ് ഉയർത്തപ്പെടേണ്ടിയിരിക്കുന്നു. പരമദൈവീകതയോടുള്ള സമ്പൂർണ്ണ ആത്മസമർപ്പണം കൊണ്ടു മാത്രമേ ഇത് സംഭവിക്കുകയുള്ളൂ. കരുതിക്കൂട്ടി ചെയ്യാവുന്നതല്ല. അഹംബുദ്ധിയിൽ നിറം പിടിപ്പിച്ച ആത്മസമർപ്പണമെന്ന മിഥ്യാപ്രവർത്തിക്കൊണ്ട് സാധ്യമാകുകയില്ല.

അപ്പോൾ പിന്നെ അവസാന പരിഹാരം എന്താണ്?

ഒരു ഗുരുവിൽ നിന്നുള്ള ദൈവീകകൃപ മാത്രമാണ് ഏക പരിഹാരം.

വിനയാന്വിതനായി എന്റെ ഗുരുവിനെ, സ്വാമി സഹജാനന്ദ തീർത്ഥപാദരെ, നമസ്കരിച്ചുകൊണ്ട്, എന്റെ എല്ലാ വായനക്കാർക്കും ഞാനിതാ നേർവഴി നേരുന്നു!

# ശബ്ദ സംഗ്രഹം

ആജ്ഞാചക്രം : ഒരു മനുഷ്യശരീരത്തിൽ രണ്ട് പുരികങ്ങൾക്കിടയിലായി സ്ഥിതി ചെയ്യുന്ന ഊർജ്ജകേന്ദ്രം.

അനാഹതാ ചക്രം : നട്ടെല്ലിന്റെ ഹൃദയമേഖലയിൽ സ്ഥിതി ചെയ്യുന്ന ഊർജ്ജകേന്ദ്രം

അനാഹതാ ശബ്ദം : ഒന്നും കൂട്ടിമുട്ടാതെ ഉണ്ടാകുന്ന ശബ്ദം. എന്നാൽ ഒരു വ്യക്തിയ്ക്ക് ആന്തരികമായി കേൾക്കാൻ കഴിയും.

ആനന്ദമയകോശം : പരമാനന്ദത്തിന്റെ പാളി. പ്രപഞ്ചമായയുടെ രൂപത്തിൽ ഒരു വ്യക്തിയുടെ ആത്മാവ് അല്ലെങ്കിൽ ചൈതന്യത്തിൽ രൂപപ്പെട്ടിരിക്കുന്ന ആദ്യത്തെ പാളി.

അന്നമയ കോശം : ഭക്ഷണത്തിന്റെ പാളി. മൂർത്തമായ ശരീരത്തിന്റെ രൂപത്തിൽ വ്യക്തിയുടെ ചൈതന്യത്തിനു മേൽ പൊതിഞ്ഞിരിക്കുന്ന അഞ്ചാമത്തെതും അവസാനത്തേതുമായ പാളി.

ആശ്രമം : ഒരു ഗുരുവിന്റെ അല്ലെങ്കിൽ ആരാധ്യനായ ഒരു ആചാര്യന്റെ വാസസ്ഥലം, ഇദ്ദേഹത്തിന്റെ നേരിട്ടുള്ള മേൽനോട്ടത്തിലാണ് ആളുകൾ യോഗ പരിശീലിക്കുന്നത്.

ബ്രഹ്മം : പ്രപഞ്ചങ്ങളും അതിനപ്പുറവും വ്യാപിച്ചു കിടക്കുന്ന പരമദൈവീകത, അഥവാ

ദൈവം, സർവ്വേശ്വരൻ.

ബുദ്ധി : ഒരു വ്യക്തിയിലുള്ള പ്രപഞ്ചോർജ്ജത്തിന്റെ രൂപത്തിലുള്ള മേധാശക്തി അല്ലെങ്കിൽ വിവേചന ശക്തി, ഇത് അഹംബുദ്ധിയോടൊപ്പം സ്ഥിതി ചെയ്യുന്നു.

ചിത് : ഒരു വ്യക്തിയുടെ മനസ്സെന്ന പദാർത്ഥം, എല്ലാ ഇന്ദ്രിയങ്ങളുടെയും ഇരിപ്പിടമാണിത്. ഒരു വ്യക്തി അയാളുടെ സ്വതന്ത്ര ഇച്ഛ പ്രയോഗിക്കുന്നതും ഇവിടെയാണ്.

ചിത്ശക്തി : മനസ്സിൽ പ്രവർത്തിക്കുന്ന മാനസികമായ ഊർജ്ജം, ഇത് പ്രപഞ്ചശക്തിയുടെ ഒരു രൂപമാണ്.

ചക്രം : സെറിബ്രോസ്പൈനൽ സിസ്റ്റത്തിലെ ഒരു ഊർജ്ജകേന്ദ്രം.

ഗുരു : ആത്മത്തിൽ കുടികൊള്ളുന്ന അറിവിന്റെ വെളിച്ചം പുറത്തേക്ക് പ്രകാശിക്കാനായി വിദ്യാർത്ഥിയുടെ മനസ്സിൽ നിന്നും ഇരുട്ട് അല്ലെങ്കിൽ അജ്ഞത നീക്കിക്കളയുന്ന ആരാധ്യനായ ആചാര്യൻ.

ഗുണം : മനസ്സിന്റെ മൂന്ന് ഗുണങ്ങൾ

കാരണശരീരം : പ്രപഞ്ചമായയാൽ ചുറ്റപ്പെട്ട, അടിമയാക്കപ്പെട്ട വ്യക്തിഗത ആത്മാവ് അല്ലെങ്കിൽ ചൈതന്യം ഇതിനെ കേവലശരീരമെന്നും പറയും.

ക്രിയ : ഒരു വ്യക്തിയുടെ മനസ്സിൽ നിന്നും എല്ലാവിധ ലൗകീകമുദ്രകളും നീക്കുന്നതിനായി ശരീരം, മനസ്സ്, ബാഹ്യമായ നിത്യജീവിതം ഇവയിൽ പ്രത്യക്ഷീകരിക്കുന്ന സ്വമേധയാലല്ലാത്ത പ്രതികരണം.

കുണ്ഡലിനി : പ്രപഞ്ചത്തിന്റെ രൂപത്തിൽ പ്രത്യക്ഷീകരി

ക്കുന്ന ആദിപരാശക്തി. ഓരോ മനുഷ്യ ന്റെയും ഗുദത്തിനും ജനനേന്ദ്രിയത്തിനും ഇടയിലായി, സെറിബ്രോസ്പൈനൽ സിസ്റ്റത്തിന്റെ മൂലത്തിൽ സ്ഥിതി ചെയ്യുന്ന ഊർജ്ജം.

കുംഭമേള : ഇന്ത്യയിലെ ഗംഗാനദീതീരത്ത് ഓരോ പന്ത്രണ്ട് വർഷം കൂടുമ്പോഴും ആഘോ ഷിക്കപ്പെട്ടുവരുന്ന മേള.

മനോമയകോശം : വ്യക്തിയുടെ ആത്മാവ് അല്ലെങ്കിൽ ചൈത ന്യത്തിന് മേൽ രൂപപ്പെട്ടിട്ടുള്ള മൂന്നാമത്തെ പാളി. എല്ലാ ഇന്ദ്രിയങ്ങളുടെയും ഇരിപ്പിട മാണ്,സ്വാതന്ത്ര്യേച്ഛ പ്രയോഗിക്കപ്പെടുന്ന ഇടം.

മായ : പ്രപഞ്ചമായ അല്ലെങ്കിൽ പ്രപഞ്ചോർജ്ജം അതിന്റെ അടിസ്ഥാന രൂപത്തിൽ.

മണിപൂരകചക്രം : ഒരു മനുഷ്യശരീരത്തിലെ സെറിബ്രോ സ്പൈനൽ സിസ്റ്റത്തിലെ നാഭീപ്രദേശത്ത് സ്ഥിതി ചെയ്യുന്ന ഊർജ്ജകേന്ദ്രം.

മണിദ്വീപ് : ആദിപരാശക്തിയുടെ ഇരിപ്പിടം. ഇതിനെ മണിദ്വീപ് എന്നു വിളിക്കുന്നു, 'ആനന്ദസാ ഗര'ത്താൽ ചുറ്റപ്പെട്ടു കൊണ്ടിരിക്കുന്നത്. അനന്തകോടി ലോകവ്യവസ്ഥയിൽ നിന്നും ദൂരെ, അതി വിശാലവും അനന്തവുമായ പ്രപഞ്ചത്തിന്റെ ആഴങ്ങളിൽ സ്ഥിതി ചെയ്യുന്നതായി സംസ്കൃത ഗ്രന്ഥങ്ങൾ പറ യുന്നു.

മന്ത്രം : സംസ്കൃതത്തിലുള്ള പുണ്യശബ്ദം, പുണ്യാക്ഷരം, അല്ലെങ്കിൽ വാക്യം, ഇതെത്ര വേണമെങ്കിലും നീണ്ടു പോകാം.

മൂലാധാരചക്രം : സെറിബ്രോസ്പൈനൽ സിസ്റ്റത്തിൽ ഗുദ ത്തിനും ജനനേന്ദ്രിയത്തിനും ഇടയിലായി

സ്ഥിതി ചെയ്യുന്ന ഊർജ്ജകേന്ദ്രം.

| | |
|---|---|
| ഓം | : സംസ്കൃതത്തിൽ ആദിപരാശക്തിയെ പ്രതിനിധാനം ചെയ്യുന്ന ശബ്ദം, അല്ലെങ്കിൽ മന്ത്രം. |
| പരാശക്തി | : ആദിപരാശക്തി |
| പ്രാണമയകോശം | : വ്യക്തിയുടെ ആത്മാവിനെ അല്ലെങ്കിൽ ചൈതന്യത്തെ മറയ്ക്കുന്ന നാലാമത്തെ പാളി. ഇതിനെ 'ജീവൽശക്തിയുടെ പാളി'യെന്ന് വിളിക്കുന്നു. |
| പ്രകൃതി | : ഊർജ്ജം മൂർത്തരൂപത്തിൽ അല്ലെങ്കിൽ ഈ കാണുന്ന പ്രപഞ്ചം അല്ലെങ്കിൽ പ്രകൃതി തന്നെ. |
| പ്രാണൻ | : പ്രപഞ്ചത്തെ ആകമാനം വ്യാപിക്കുന്ന പ്രപഞ്ചോർജ്ജത്തിന്റെ അല്ലെങ്കിൽ കൈനറ്റിക് ഊർജ്ജത്തിന്റെ രൂപം. ഒരു മനുഷ്യശരീരത്തിലെ 'ജീവൽശക്തിയുടെ' പാളിയിൽ വ്യാപിച്ചിരിക്കുന്ന ജീവശക്തി. |
| രജസ്സ് | : സൃഷ്ടി എല്ലാ രൂപത്തിലും പ്രത്യക്ഷീകരിക്കുവാൻ കാരണമായ മനസ്സിന്റെ മൂന്ന് ഗുണങ്ങളിൽ ഒന്ന്. |
| സാത്വികം | : സ്ഥിതിയ്ക്ക് കാരണമാകുന്ന മനസ്സിന്റെ മൂന്ന് ഗുണങ്ങളിൽ ഒന്ന്. |
| സമാധി | : ചിന്താരഹിത അവസ്ഥ. ആത്മസാക്ഷാത്കാരം സംഭവിക്കുന്നതിന് മുമ്പ് യോഗ അനുശീലനത്തിന്റെ ആത്യന്തിക ലക്ഷ്യം. |
| ശൈവിസം | : ത്രിമൂർത്തികൾ എന്നറിയപ്പെടുന്ന ഹിന്ദു ദൈവങ്ങളിൽ ഒരാളായ പരമശിവന്റെ ഫിലോസഫി പിന്തുടരുന്നവർ. |
| ശക്തിപഥ് | : ഊർജ്ജത്തിന്റെ അവരോഹണം, സിദ്ധ മഹാ യോഗമുറയിലേക്ക്, ഒരു പ്രയോക്താ |

വിനെ ഉപനയിക്കുന്നതിനായി ശക്തിപഥ് സംഘത്തിന്റെ സന്യാസിമാർ ഉപയോഗിക്കുന്ന വിദ്യ.

സിദ്ധ മഹാ യോഗ : ഒരു വ്യക്തിയിൽ കുണ്ഡലിനി ഉണർന്ന ശേഷമുള്ള മഹത്തായ യോഗമുറ, മറ്റെല്ലാ വിധ യോഗമുറകളെയും ഉൾകൊള്ളുന്നത്. ശക്തിപഥ് സംഘം അനുശീലിക്കുന്ന യോഗ സമ്പ്രദായമാണിത്.

സ്വാധിഷ്ഠാന ചക്രം : സെറിബ്രോസ്പൈനൽ സിസ്റ്റത്തിന്റെ ജനനേന്ദ്രിയമണ്ഡലത്തിന്റെ മൂലഭാഗത്തായി സ്ഥിതി ചെയ്യുന്ന ഊർജ്ജകേന്ദ്രം.

സൂക്ഷ്മശരീരം : മൂർത്തമായ ഭൗതികശരീരമൊഴികെയുള്ള എല്ലാ പാളികളോടും കൂടിയ സൂക്ഷ്മശരീരം. മരണശേഷം ഈ സൂക്ഷ്മശരീരമാണ് പുനർജനനത്തിനായി ഭാതീകശരീരം വിട്ടുപോകുന്നത്.

തമസ്സ് : മനസ്സിന്റെ മൂന്ന് ഗുണങ്ങളിൽ ഒന്ന്, എല്ലാ രൂപത്തിലുമുള്ള സംഹാരവും പ്രകടമാക്കുന്നതിന് ഇത് കാരണമാകുന്നു.

താന്ത്രിക് : തന്ത്രത്തിന്റെ പ്രയോക്താവ്. യോഗമുറകളിൽ ഒന്ന്.

തഹസിൽ : ഒരു ജില്ലയിലെ ഭരണപരമായി വിഭജിക്കപ്പെട്ട ഒരു പ്രദേശം

വൈഷ്ണവി ദേവി : ഇന്ത്യയിലെ ജമ്മ-കാശ്മീരിർ ഹിമാലയത്തിലെ ത്രികുട പർവ്വതത്തിൽ സ്ഥിതി ചെയ്യുന്ന ദേവി. ഏറ്റവും പ്രശസ്തമായ ഊർജ്ജാരാധന കേന്ദ്രമാണിത്.

വിശോകം : ശോകം ഇല്ലാത്ത അവസ്ഥ.

വിജ്ഞാനമായ കോശം: കേവല ശരീരത്തെ പൊതിഞ്ഞിരിക്കുന്ന രണ്ടാമത്തെ പാളി, മേധാശക്തിയും അഹം

ബുദ്ധിയും ഈ പാളിയിൽ ഒരുമിച്ച് സ്ഥിതി ചെയ്യുന്നു. ബോധവും ഉപബോധവുമായ എല്ലാ ലൗകീകമുദ്രകളും കുടികൊള്ളുന്ന തിവിടെയാണ്.

യോഗ : ജീവാത്മാവിന്റെയും പരമാത്മാവിന്റെയും ലയനം.

യോഗി : ഏതെങ്കിലുമൊരു യോഗമുറ അനുശീലിക്കുന്ന വ്യക്തി.

യോഗിനി : യോഗമുറ അനുശീലിക്കുന്ന സ്ത്രീ.

## ശക്തിപഥ് സന്ന്യാസിമാരുടെ ആശ്രമങ്ങൾ

(Traceable & Autonomous)

1. നാരയൺകുടി സന്ന്യാസാശ്രമം
   ടെക്റി റോഡ്, ദേവാസ്, മദ്ധ്യപ്രദേശ്, ഇന്ത്യ
   പിൻകോഡ് – 455001, ഫോൺ – +91 0727 223891/ 31880

2. സ്വാമി വിഷ്ണു തീർത്ഥ സദൻ സേവ ന്യാസ്
   12–3, ഓൾഡ് പലാസിയ, ജോപ്പട് കോടി, ഇൻഡോർ, മദ്ധ്യപ്രദേശ്, ഇന്ത്യ, പിൻ – 452001, ടെലി – 91 0731 566386/ 564081

3. സ്വാമി ശിവോം തീർത്ഥ കുണ്ഡലിനി യോഗാശ്രമം
   ദുർഗാമന്ദിർ, കലക്ടറുടെ ബംഗ്ലാവിന് സമീപം
   ചിന്ത്വാഡാ, മദ്ധ്യപ്രദേശ്, ഇന്ത്യ–480001
   ഫോൺ – +91 0716242640

4. സ്വാമി ശിവോം തീർത്ഥ ആശ്രമം
   മുകർജി നഗർ, റൈസൻ, മദ്ധ്യപ്രദേശ്, ഇന്ത്യ – 464551
   ഫോൺ – +91 07482 22294

5. സ്വാമി ശിവോം തീർത്ഥ മഹായോഗ ആശ്രമം
   ഖരിഘട്ട്, ജബൽപ്പൂർ, മദ്ധ്യപ്രദേശ്, ഇന്ത്യ
   പിൻ – 482 008, ഫോൺ – +910761 665027

6. ദേവാത്മ ശക്തി സൊസൈറ്റി

74, നവാലി ഗ്രാമം, പോസ്റ്റ് - ദാഹിസാർ (മുമ്പ്ര വഴി)
മുമ്പ്ര പനാവൽ റോഡ്, താനെ ജില്ല
മഹാരാഷ്ട്ര ഇന്ത്യ, പിൻ - 400612 ഫോൺ - +91 0227411400

7. സിദ്ധ മഹായോഗ ട്രസ്റ്റ്
വീട്ടു നമ്പർ 8-3-952/10/3 (1167), രണ്ടാം നില
ശ്രീനഗർ കോളനി റോഡ്, ഹൈദരാബാദ്, ആന്ധ്രാപ്രദേശ്
ഇന്ത്യ-500073, ഫോൺ - +91 9848 219240

8. ശിവോം കൃപാശ്രമം ട്രസ്റ്റ്
വീട്ടു നമ്പർ : 28 - 1463/1, തെനെ ബന്ദ, ശിവഹോം നഗർ,
ചിറ്റൂർ, ആന്ധ്രപ്രദേശ്, ഇന്ത്യ - 517004
ഫോൺ +91 9440069096, 08572 490148

9. യോഗശ്രീ പീഠാശ്രമം
ശിവാനന്ദ നഗർ, മുനി - കി-രതി, ഋഷികേശ്
ഉത്തരാഖണ്ഡ്, ഇന്ത്യ - 249201
ഫോൺ - 910135 430467

10. ഓംകാർ ആശ്രമം, ചിറ്റോർ ഷശാൻഗിർ
ജുഹാഗഡ്, ഗുജറാത്ത്, ഇന്ത്യ

11. ഓംകാർ സദൻ ആശ്രമം, ആനന്ദ്, ഗുജറാത്ത്, ഇന്ത്യ

12. സ്വാമി വിഷ്ണു തീർത്ഥ ജ്ഞാനസദൻ ആശ്രമം
കുബുടു റോഡ്, കെഡി ഗുജ്ജാർ, ഗനൂർ, സോനെപട്ട് ജില്ല,
ഹരിയാന, ഇന്ത്യ, ഫോൺ : +91 0124 62150/61550

13. വിഷ്ണു തീർത്ഥ സിദ്ധ മഹാ യോഗ സംസ്ഥാപനം
ശിവോം കുടി ആശ്രമം, കലേശ്വർ മന്ദിരത്തിന് സമീപം
ബഹാദുർപൂർ റോഡ്, അമൽനെർ പോസ്റ്റ്
ജൽഗാവ് ജില്ല, മഹാരാഷ്ട്ര, ഇന്ത്യ - 425401

14. ഗുരു നികേതൻ, ശിവകോളനി
ദബ്ര, ഗോളിയർ ജില്ല, മദ്ധ്യപ്രദേശ് - 475110

ഫോൺ - +91 07524 22153

15. സ്വാമി ശിവോം തീർത്ഥ ആശ്രമം
1238.RT.97, സ്പാരോ ബുഷ്, ന്യൂയോർക്ക്, 12780, യു.എസ്.എ.

16. സ്വാമി ശിവോം തീർത്ഥ ആശ്രമം
Route No.97, Pond Eddy, Sulivan County, New York, USA

17. സ്വാമി ശിവോം തീർത്ഥ ആശ്രമം
39, Edgemere Drive, Searingtown,
New York, 11507, USA

18. ദേവാത്മാ ശക്തി സൊസൈറ്റി
P.O.Box 1432, New York, 10185, USA

# ശക്തിപഥ് സന്യാസിസഭയിലെ സന്യാസികൾ

## (നിർണ്ണയിക്കാവുന്ന ചരിത്രം)

മഹായോഗിനിലല്ലേശ്വരി

ത്രൈലോകി ബാബ — സ്വാമി പരമാനന്ദ

സ്വാമി മുകുന്ദാനന്ദ

സ്വാമി ഗംഗാദർ തീർത്ഥ

സ്വാമി നാരായൺ ദേവ് തീർത്ഥ

സ്വാമി ശങ്കര പുരുഷോത്തമ തീർത്ഥ — പൂജ്യശ്രീ യോഗാനന്ദ

സ്വാമി നാരായൺ തീർത്ഥ — സ്വാമി ലോക്നാഥ് തീർത്ഥ

സ്വാമി വിഷ്ണു തീർത്ഥ — സ്വാമി ദിലീപ് ദത്താഉപാധ്യായ — മാതാരമാബായി — സ്വാമി താക്കൂർ മൻസിംഗ്

സ്വാമി നാരായണ — യശ്വന്ത് ദെക്കെ — സ്പായിറആവു — ഗുൽവാസി മഹാരാജ്

എ.എൻ.ചാറ്റർജി ആത്മാനന്ദ തീർത്ഥ — സ്വായി ബ്രഹ്മ — ദത്താത്രേയ കവിശ്വർ

ശാന്ത്യോഗി — കുപാൽസിങ്

സ്വാമി മാധവ് തീർത്ഥ — സ്വാമി ഓംകാരാനന്ദ — രാമപ്രകാശ് ബ്രഹ്മചാരി — സ്വാമി താരകേശ്വരാനന്ദ തീർത്ഥ — സ്വാമി ശിവോം തീർത്ഥ

സ്വാമി പരമാനന്ദതീർത്ഥ — സ്വാമി കിവൽകൃഷ്ണതീർത്ഥ — സ്വാമി ഗോപാൽ തീർത്ഥ — സ്വാമി ഗോവിന്ദാനന്ദതീർത്ഥ — സ്വാമി ഭാസ്കരാനന്ദ തീർത്ഥ — സ്വാമി സഹജാനന്ദ തീർത്ഥ

സ്വാമി നിത്യബോധാനന്ദ തീർത്ഥ — സ്വാമി നിജബോധാനന്ദ തീർത്ഥ — സ്വാമി ഹരിഓം തീർത്ഥ — സ്വാമി ശിവമംഗൾ തീർത്ഥ — സ്വാമി ശങ്കര ചൈതന്യ തീർത്ഥ

സ്വാമി ആത്മബോധാനന്ദ തീർത്ഥ — സ്വാമി ചേതൻവിലാസ് തീർത്ഥ — സ്വാമി രാധാകൃഷ്ണതീർത്ഥ — സ്വാമി മുക്താനന്ദ തീർത്ഥ — സ്വാമി വിദ്യാതീർത്ഥ